# കേരളചരിത്രകഥകൾ

&

# സിവിക്സ്

(ഒന്നാം ഫാറത്തിലേക്ക്)

[APPROVED BY THE TEXT BOOK COMMITTEE]

*by*

കെ. ഇ. ജോബ് എം. ഏ. എൽ. ററി.

*Sold by*

ASSISSI BOOK HOUSE,

CHANGANACHERRY,

1952.


Price As. 14

A. Woman of beauty must also be a woman of Sympathy.




മൈസൂർ
കുടക്
മലബാർ
കോഴിക്കോട്
കോയമ്പത്തൂർ
തൃശ്ശൂർ
കൊച്ചി

1747




കേരളത്തിന്റെ ഭൂപടം.

MUNAVVIRUL ISLAM HIGH SCHOOL • ERNAKULAM •
1747.
Dat. 19.7.52



കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് അത്തച്ചമയ മഹോൽസവത്തിനു സർവ്വാലങ്കാര
വിഭൂഷിതനായി കനകപ്പല്ലക്കിൽ എഴുന്നെള്ളുന്നതു്.

1767

# കേരളചരിത്രകഥകൾ

## അദ്ധ്യായം 1

## കേരളവും അതിലെ ജനങ്ങളും.

കേരളം:—അതിരുകൾ.

നമ്മുടെ ദേശത്തിന്റെ പേരു് കേരളമെന്നാകുന്നു. അതു തെക്കു കന്യാകുമാരിമുതൽ വടക്കു ഗോകർണ്ണം വരെ നീണ്ടാണു കിടക്കുന്നതു്. പടിഞ്ഞാറു് അറബിക്കടലും കിഴക്കു് സഹ്യപർവതവുമാണു് അതിന്റെ അതിരു്. ഈ അതിർത്തിക്കുള്ളിൽ കിടക്കുന്ന ദേശം ഇൻഡ്യാമഹാരാജ്യത്തിന്റെ മററു ഭാഗങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇവിടെ താമസിക്കുന്ന ജനങ്ങളിൽ വലിയഭാഗം മലയാളഭാഷയാണു സംസാരിക്കുന്നതു്. മലയാളികളുടെ നാടായതുകൊണ്ടു് ഇതിനു മലയാദേശം എന്നു പേരുണ്ടു്.

## 2. ഭൂപ്രകൃതി

കേരളത്തിന്റെ കിഴക്കുഭാഗത്തു് സഹ്യപർവതനിര കിടക്കുന്നു ആ പർവതത്തിൽ അനേക മലകളും കൊടുമുടികളും വൻകാടുകളുമുണ്ടു്. കടൽത്തീരത്താകട്ടെ സമതലങ്ങളും കായലുകളും പാടങ്ങളും ധാരാളം കാണുന്നു. ഇവയു രണ്ടിനും മദ്ധ്യേകിടക്കുന്ന പ്രദേത്തിൽ ചെറുകുന്നുകളും താഴ്‌വരയും ഇടവിട്ടുകാണാം.

### 3 കാലവസ്ഥ.

കേരളദേശത്തിന്റെ ഫലസമൃദ്ധിക്കും ഐശ്വര്യത്തിനും പ്രധാന കാരണം അതിന്റെ പ്രത്യേക കാലാവസ്ഥയാണ്. കേരളദേശം ഉഷ്ണമേഖലയിലാണല്ലോ കിടക്കുന്നത്. ഇതിനു മദ്ധ്യരേഖയിൽനിന്നും 200 നാഴിക ദൂരമേ ഉള്ളൂ. ആ സ്ഥിതിക്ക് ഇവിടെ അതികഠിനമായ ചൂടുണ്ടായിരിക്കേണ്ടതാണ്. എന്നാ അങ്ങനെയല്ല നമ്മുടെ അനുഭവം. അതിനു കാരണം ഇവിടെ ആണ്ടുവട്ടത്തിൽ ആറുമാസവും മഴപെയ്യുന്നതാണ്. ഈ മഴപെയ്യുന്നത് കടൽക്കാററ് സഹ്യാദ്രിയിൽ ചെന്നടിക്കുന്നതുമൂലമത്രേ ഇടവമാസംമുതൽ കന്നിമാസംവരെ അറബിക്കടലിൽനിന്ന് തെക്കുപടിഞ്ഞാറേക്കൂടിക്കുന്ന കാലവർഷകാററ് സാഹ്യാദ്രിയിൽ തട്ടി ഇവിടെ സമൃദ്ധിയായി മഴയുണ്ടാകുന്നു. തുലാമാസമാകുമ്പോൾ ബങ്കാൾ ഉൾക്കടലിൽനിന്ന് വടക്കുകിഴക്കോട്ടടിക്കുന്ന തുലാവർഷകാററ് സഹ്യാദ്രിയുടെ ഉയരം കുറഞ്ഞഭാഗങ്ങളിൽകൂടി കേരളത്തിൽ പ്രവേശിക്കുമ്പോൾ അക്കാലത്തും ഇവിടെ മഴയായി. ഈ മഴമൂലം ആ കാലത്ത് ഇവിടെ വലിയ ചൂടുണ്ടാകുന്നില്ല. എന്നുതന്നെയുമല്ല, കൃഷിക്കുവേണ്ട ജലവും നനവും ലഭിക്കുന്നുണ്ട്.

### 4. ആറുകളും കായലുകളും

മഴക്കാലത്തു മലനാട്ടിൽ വീഴുന്നവെള്ളം കാട്ടാറുകളായി പടിഞ്ഞാട്ടു കുതിച്ചുപായുന്നു. ഇടനാട്ടിലെത്തുമ്പോൾ അവയുടെ വേഗത കുറയുകയും തീരഭൂമിയിലെത്തുമ്പോൾ അവ കേവലം ശാന്തമാകുകയും ചെയ്യുന്നു. കേരളദേശത്തിന്റെ വീതി തെക്കു കുറവും വടക്കോട്ടു കൂടിക്കൂടിയും ആണല്ലോ ഇരിക്കുന്നത്. ആ

കയാൽ നദികളുടെ നീളം തെക്കോട്ടു കുറവും വടക്കോട്ടു കൂടുതലുമത്രേ വാണിജ്യവും ഗതാഗതവും ഈ നദികൾമൂലമാണ് പ്രാചീനകാലം മുതൽ നടന്നുവരുന്നത് ജനങ്ങളുടെ കുടിപാർപ്പും അധികപക്ഷം ഈ നദീതീരം സംബന്ധിച്ചായിരുന്നു. ഈ നദികളിൽ പലതും സമുദ്രത്തിൽ പതിക്കുന്നത് പടിഞ്ഞാറെത്തീരത്തുള്ള കായലുകൾ വഴിയത്രേ. ഈ കായലുകളാകട്ടെ തോടുകൾമൂലം അവിടവിടെ ബന്ധിപ്പിച്ചിരിക്കുന്നു.

## 5. കടൽത്തീരം.

കേരളക്കരയ്ക്ക് പടിഞ്ഞാറാണല്ലോ കടൽത്തീരം ഈ പ്രദേശം യാതൊരു വിടവുമില്ലാതെ നെടുനീളത്തിൽ കിടക്കുന്നു. വിടവുകളുള്ള തീരങ്ങളിലാണ് കപ്പലുകൾ കരയ്ക്കടുക്കുന്നത്. കപ്പലുകൾ സൗകര്യമായി കരയ്ക്കടുക്കുന്ന ഏകനൌകാശയം (harbour) കൊച്ചി മാത്രമാണ്. മറ്റുള്ള തുറമുഖങ്ങളിൽ (Seaports) കപ്പലുകൾ കരയ്ക്കടുക്കാതെ കരയിൽനിന്നു ദൂരെ മാറിക്കിടക്കുന്നു കൊച്ചി തുറമുഖംപോലും അടുത്തകാലത്താണ് ഈ വിധം പരിഷ്കരിക്കപ്പെട്ടത്. 14-ാം നൂറ്റാണ്ടുവരെ പെരിയാറിന്റെ മുഖത്തുള്ള കൊടുങ്ങല്ലൂരായിരുന്നു കേരളത്തിലെ പ്രധാന തുറമുഖം. പിൽക്കാലത്ത് അവിടെ മണൽ കയറിയതുമൂലമത്രേ ആ തുറമുഖം നമുക്ക് നഷ്ടപ്പെട്ടത്. മുൻകാലങ്ങളിൽ ആ തുറമുഖത്തുകൂടി വിദേശികൾ ധാരാളമായി നമ്മുടെ രാജ്യത്തു വരികയും, താമസിക്കുകയും, കച്ചവടം നടത്തുകയും, മതം പ്രസംഗിക്കുകയും ചെയ്തുവന്നിരുന്നു.

നമ്മുടെ രാജ്യത്തിൽ ഇപ്പോൾ കാണുന്ന ജനങ്ങളിൽ വലിയൊരുഭാഗം സഹ്യാദ്രികടന്നും, പടിഞ്ഞാറൻ തുറമുഖങ്ങൾ വഴിയായും ഈ നാട്ടിൽ കടന്ന

വരാണ് അവരുടെ മതങ്ങളിലും ആചാരങ്ങളിലും തൊഴിലുകളിലുംമറ്റും ഈ വിദേശസമ്പർക്കത്തിന്റെ ഫലങ്ങൾ നമുക്കുകാണാം.

6. കേരളോല്പത്തി

ഈ കേരളം എങ്ങനെ ഉണ്ടായി? ഇതു വളരെ വിഷമമേറിയ ഒരു ചോദ്യമാണ്. ഇന്നത്തെ കേരളദേശം വളരെക്കാലത്തിനുമുൻപ് കടലായി കിടന്നിരുന്നുപോൽ! ക്രമേണ കടൽ പടിഞ്ഞാറോട്ടു മാറിയാണു് ഈ കര ഉണ്ടായിട്ടുള്ളതു്. ഭൂകമ്പംമൂലം ആദ്യം കടൽതന്നെ മാറിപ്പോയിരിക്കാം. പിന്നീട് മലകളിലെ മണ്ണൊഴുകിവന്നു്, കടൽത്തട്ടിൽ വളമുള്ള മണ്ണുണ്ടായി എന്നുവരാം. ഇങ്ങനെയുള്ള സംഭവങ്ങൾ വേറേയും ചിലസ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ഇപ്പോഴും അങ്ങനെ ഉണ്ടാകുന്നതായി അറിവുള്ളവർ പറയുന്നു. ഇവിടെയുള്ള ഉയർന്ന ഉൾനാട്ടുകളിൽപോലും, കടൽമണ്ണു കണ്ടുവരുന്നതു ഇക്കാരണത്താലാണു്. പടിഞ്ഞാറൻ തീരത്തു കാണുന്ന കായലുകൾ ഒരിക്കൽ കടലായിരുന്നു എന്നു് വിചാരിക്കുവാനും ന്യായമുണ്ടു്.

7. പരശുരാമൻ.

ഇങ്ങനെ കടൽവാങ്ങി കരയുണ്ടായതിനെപ്പറ്റി രസകരമായ ചില ഐതിഹ്യങ്ങളുണ്ടു്. പക്ഷേ ഈ ഐതിഹ്യങ്ങൾ ശരിയായ ചരിത്രമാണെന്നു വിചാരിക്കേണ്ടതില്ല. ആ കഥ ഇങ്ങനെയാണു്:—

പണ്ടുപണ്ടു് നർമ്മദാനദിയുടെ തീരത്തു്, ശ്രീ പരശുരാമൻ എന്നൊരു ആര്യനേതാവു ജനിച്ചു. അദ്ദേഹം ജമദഗ്നി മഹർഷിയുടെ ഇളയ പുത്രനായിരുന്നു. ചില തെറ്റിദ്ധാരണകൾ മൂലം അച്ഛൻ ആജ്ഞാപിച്ചതനുസരിച്ചു്, അദ്ദേഹം സ്വന്തം അമ്മയെ വധിക്കുവാനിടയായി. ഈ മകന്റെ അനുസരണശീലം

മഹർഷിയെ വളരെ പ്രസാദിപ്പിച്ചു. അപ്പോൾ മരിച്ചുപോയ അമ്മയെ വീണ്ടും ജീവിപ്പിച്ചു കൊടുക്കണമെന്നു പരശുരാമൻ അഛനോട് അപേക്ഷിച്ചു. ദിവ്യശക്തിയാൽ മുനി അതു സാധിച്ചുകൊടുക്കുകയും ചെയ്തു.

പക്ഷെ മാതാവിനെ കൊന്ന മഹാപാപത്തിനു പരിഹാരം ചെയ്യണമെന്നു പരശുരാമനു ബോദ്ധ്യമായി. ബ്രാഹ്മണർക്കു ദാനം ചെയ്യുവാൻ കുറെ ഭൂമി സമ്പാദിക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു. ഇതിനുവേണ്ടി അദ്ദേഹം സമുദ്രരാജാവായ വരുണനോടു പ്രാർത്ഥിച്ചു. പ്രാർത്ഥനകൊണ്ടു ഫലമുണ്ടായില്ല. അപ്പോൾ അദ്ദേഹം വരുണനെ സംഹരിക്കുവാൻ വട്ടം കൂട്ടി. അപ്പോഴാണുപോൽ കടൽ പിൻവാങ്ങിയതും, കേരളദേശം ഉണ്ടായതും. പിന്നീടു പരശുരാമൻ പോയി തപസ്സുചെയ്തു.

പരശുരാമൻ മൂലം കേരളം ഉണ്ടായതിനെപ്പററി വേറെയും പല ഐതിഹ്യങ്ങളും ഉണ്ടു്. പണ്ടു് സൂര്യവംശത്തിൽ സഗരൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പുത്രന്മാർ ഒരിക്കൽ പാതാളലോകത്തിൽ പോകുന്നതിനായി ഭൂമി കുഴിച്ചു. അതോടുകൂടി ആ പ്രദേശമെല്ലാംകടലായിത്തീർന്നു. തന്മൂലം ഗോകർണ്ണത്തിലുണ്ടായിരുന്ന മഹാക്ഷേത്രം കടലിനിരയായിപോൽ! അതു ദ്വാപരയുഗത്തിലായിരുന്നു. ത്രേതായുഗത്തിൽ ആ മഹാക്ഷേത്രത്തെ വീണ്ടെടുത്തുതരണമെന്നു ഗോകർണ്ണവാസികൾ ശ്രീ പരശുരാമനോടപേക്ഷിച്ചു. അതിൻപ്രകാരം പരശുരാമൻ തൻെറ ആയുധമായ മഴുവെടുത്തു ആഞ്ഞുവലിഞ്ഞു തെക്കോട്ടൊരേറു കൊടുത്തു .മഴു പോയിവീണതുകന്യാകുമാരിയിലായിരുന്നു. ആ സ്ഥലത്തുനിന്നെല്ലാംകടൽപിൻവാങ്ങുകയും കേരളദേശം അങ്ങനെഉണ്ടാകുകയുംചെയ്തുവത്രേ.

(ഈ ഐതിഹ്യങ്ങളുടെ എല്ലാം അടിയിൽ ചരിത്രകാരന്മാർ സമ്മതിക്കുന്ന ഒരു സത്യമുണ്ട്. ചരിത്രാരംഭം തുടങ്ങുന്നതിനു മുൻപിൽ ഈ കേരളദേശം കടൽവാങ്ങിയുണ്ടായതാണെന്നു തന്നെ.)

## 8 കേരളത്തിലെ ജനങ്ങൾ.

കേരളത്തിലെ ജനങ്ങളിൽ പല വർഗ്ഗക്കാരും മതക്കാരും ഉണ്ട്. അവരിൽ ഏററം പ്രാചീനർ സഹ്യപർവതപ്രദേശങ്ങളിലും മലനാട്ടിലും വസിക്കുന്ന മലവർഗ്ഗക്കാരാണു്. പിൽക്കാലങ്ങളിൽ ശക്തിയേറിയ വിദേശികൾ നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ ഇവർ കാടുകയറി രക്ഷപ്പെട്ടതാണു്. എന്നാൽ വേറെ ചിലർ അങ്ങനെ ചെയ്യാതെ നാട്ടിൽ വസിച്ചു ദാസ്യവേല ചെയ്തു. അവരുടെ സന്തതികളത്രെ പറയർ, പുലയർ അഥവാ ചെറുമക്കൾ എന്നറിയപ്പെടുന്നതു്. ഇങ്ങനെ കേരളത്തിൽ പ്രവേശിച്ചവർ പലരാണു്. നായന്മാരുടെ സ്വദേശമേതെന്നു് തീർച്ചയില്ല. അവർ ദ്രാവിഡവർഗ്ഗത്തിൽ പെട്ടവരായിരിക്കാം. തമിഴ്നാട്ടിലെ നായിക്കന്മാരും, തെലുങ്കുനാട്ടിലെ നായിഡുമാരും കേരളത്തിലെ നയന്മാരും ഒരേവർഗ്ഗത്തിൽപ്പെട്ടവരത്രെ. അവർ ആദ്യകാലം മുതൽ നല്ലപടയാളികളും സാമാന്യം പരിഷ്കാരമുള്ളവരും ആയിരുന്നു. അവർ മരുമക്കത്തായികളും, ഏതുജോലിയും ചെയ്യുന്നതിനു മടിയില്ലാത്തവരും ആയിരുന്നു. നമ്പൂതിരി ബ്രാഹ്മണർ ശ്രീ പരശുരാമന്റെ കീഴിൽ കേരളത്തിൽ വന്ന ആര്യന്മാരാണു്. പിന്നീടു് കേരളത്തിൽ പ്രവേശിച്ച ഇന്നത്തെ പ്രബല സമുദായക്കാരാണു് ഈഴവർ അഥവാ തീയർ. അവർ സിലോണിൽ നിന്നും ക്രിസ്തുവർഷം ഒന്നാംശതകം കഴിഞ്ഞു വന്നവരെന്നാണു് വിചാരിക്കുന്നതു്.

എന്നാൽ ക്രിസ്തുവർഷം ആരംഭിക്കുന്നതിനു മുൻപുതന്നെ യഹൂദന്മാർ കേരളത്തിൽ വന്നു. അവരുടെ സന്താനങ്ങളും ഇപ്പോഴും മട്ടാഞ്ചേരി, എറണാകുളം, മാള, ചേന്ദമംഗലം, പറവൂർ എന്നീ ദേശങ്ങളിൽ വസിക്കുന്നു. എ. ഡി. ഒന്നാം ശതകത്തിൽ തന്നെ ക്രിസ്തുമതവും ഇവിടെ ഉണ്ടായി. തോമ്മാശ്ലീഹാ എന്ന ക്രിസ്തുശിഷ്യനാണു് ക്രിസ്തുമതം ആദ്യമായി ഇവിടെ പ്രചരിപ്പിച്ചതു്. പിന്നീട് സിറിയൻ ക്രിസ്ത്യാനികളും കൊടുങ്ങല്ലൂരും, കൊല്ലത്തും കുടിയേറുകയും, യൂറോപ്യന്മാർ നാട്ടിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു. ക്രിസ്തുവർഷം 7-ാം ശതകത്തിലാണു് ഇസ്ലാംമതം ഉത്ഭവിച്ചതു്. അക്കാലം മുതൽ, അറേബ്യൻ കച്ചവടക്കാർവഴി, ഇസ്ലാം മതവും കേരളത്തിൽ പ്രവേശിച്ചു. ഇവരെക്കൂടാതെ തമിഴ്നാട്ടിൽനിന്നും, കർണ്ണാടകദേശത്തുനിന്നും, യൂറോപ്പിൽനിന്നും, വന്നു കേരളത്തിൽ വാസമുറപ്പിച്ച ആളുകളുടെ സന്തതികളെയും നമ്മുടെ ദേശത്തിൽ അപൂർവ്വമായി കാണാം. തെക്കൻ തിരുവിതാംകൂറിലും തൃശ്ശൂർ ജില്ലയിലും തമിഴ് സംസാരിക്കുന്ന ഒരു വലിയ വിഭാഗം തന്നെയുണ്ടു്.

മേൽ പറഞ്ഞ കാരണങ്ങളാൽ കേരളദേശം വിവിധജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു കൌതുകാഗാരമാണെന്നു പറയപ്പെടുന്നു.

## അഭ്യാസം.

1 കേരളദേശത്തിന്റെ ഒരു പടം വരച്ചു് അതിരുകൾ, ഭൂപ്രകൃതി ഇവ അടയാളപ്പെടുത്തുക.

2. കേരളം എങ്ങനെ ഉണ്ടായി എന്നാണു് പുരാണങ്ങളിൽ പറയുന്നതു്?

3. ഇതേപ്പററി ശാസ്ത്രകാരന്മാരുടെ അഭിപ്രായം വിവരിക്കുക.

# അദ്ധ്യായം 2.

## ഓണവും മാമാങ്കവും

### 1. തിരുവോണം

പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണം കേരളീയരുടെ ഒരു ദേശീയ മഹോത്സവമാണു്. ഇതു പ്രാചീന കാലംമുതൽ നാം ആഘോഷിക്കാറുണ്ടു്. കാലവർഷത്തിൻെറ കാറിന്ന്യം കുറഞ്ഞു്, വിളവെടുപ്പു കഴിഞ്ഞു്, നെല്ലും മററു ധാന്യങ്ങളും അറകളിൽ സംഭരിച്ചു്, നാട്ടുകാരെല്ലാം ആഹ്ളാദമായിരിക്കുന്ന കാലം, അപ്പോഴാണു് തിരുവോണം ആഘോഷിക്കുക ആദ്യം പിള്ളേരോണം. പിന്നീടാണു് വലിയവരുടെ ഓണം. അപ്പോഠം സകലരും കളികളിലും വിനോദങ്ങളിലും ഏർപ്പെടുന്നു ധനവാന്മാർക്കും പാവപ്പെട്ടവർക്കും അക്കാലത്തു മൃഷ്ടാന്ന ഭക്ഷണവും കോടിവസ്ത്രവും വേണം. ഈ ദേശീയ മഹോൽസവം സാക്ഷാൽ കേരളീയരുടെ കാർഷികോൽസവമാണു്.

ഇതിൻെറ ആരംഭത്തെപ്പററി ഐതിഹ്യമേ ഉള്ള ശരിയായ ചരിത്രമില്ല. അന്നാണു് മവേലി വീണ്ടും കേരളം സന്ദർശിക്കുന്നതെന്നു പഴവന്മാർ പറയും. ആരായിരിക്കാം ഈ മവേലി?

വളരെക്കാലം മുൻപു് നമ്മുടെ കേരളരാജ്യം ഭരിച്ചിരുന്ന ഒരു ചക്രവർത്തി ആയിരുന്നു മാവേലി. അദ്ദേത്തിൻെറ ഭരണകാലം കേരളത്തിൻെറ നല്ലകാലമായിരുന്നു.

"മാവേലി നാടുവാണീടും കാലം
മാലോകരെല്ലാരുമൊന്നുപോലെ"

എന്നാണു് കാണപ്പാട്ടിൽ പറയുന്നതു്. അദ്ദേഹം സത്യവാനും പ്രബലനും ധർമ്മിഷ്ഠനുമായിരുന്നു. തെക്കേ ഇൻഡ്യയെ മാത്രമല്ല, ആര്യന്മാർ വസിച്ചിരുന്ന വടക്കേ ഇൻഡ്യയെയും, അദ്ദേഹം ഭരിച്ചിരുന്നു. അദ്ദേഹത്തിൻെറ തലസ്ഥാനം എറണാകുളത്തടുത്തുള്ള തൃക്കാക്കരയായിരുന്നു.

അദ്ദേഹത്തെ തോല്പിക്കുന്നതിനു് ആര്യന്മാർക്കു സാധ്യമായില്ല. അവർ ചതിപ്രയോഗങ്ങളും ഉപായങ്ങളും മൂലമത്രേ അതു സാധിച്ചതു്: അദ്ദേഹത്തെപ്പറ്റിയുള്ള ഐതിഹ്യം ഇങ്ങനെയാണു്.—

മാവേലി അഥവാ മഹാബലി, ധർമ്മിഷ്ഠനായ ഒരു അസുര ചക്രവർത്തി ആയിരുന്നു. മഹാവിഷ്ണു, വാമനൻ എന്ന അവതാരം എടുത്തു്, അദ്ദേഹത്തിൽ നിന്നും രാജ്യം അപഹരിച്ചശേഷം, അദ്ദേഹത്തെ നാഗലോകത്തേക്കു് അയച്ചു. അദ്ദേഹം അവിടെ എത്തി ഒരു രാജധാനി ഏർപ്പെടുത്തി, ജനങ്ങളെ നല്ലവണ്ണം ഭരിച്ചുപോന്നു. ആ പ്രദേശമത്രേ കേരളം.

മഹാബലി ചക്രവർത്തിയുടെ വംശം വളരെക്കാലം നമ്മുടെ നാടു ഭരിച്ചിരുന്നു. ആ വംശത്തിൽ ചേരൻ’ എന്നൊരു പ്രസിദ്ധ രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കീർത്തിമൂലം അദ്ദേഹം ഭരിച്ച നാടിനു് ചേരരാജ്യമെന്നും, അദ്ദേഹത്തിൻെറ പ്രജാവലിക്കു് ചേരലന്മാർ എന്നും പേരുണ്ടായി. ബി. സി. 3000-ാമാണ്ടിനു മുമ്പു് വടക്കേ ഇൻഡ്യയിൽ ആര്യന്മാർ തമ്മിൽ മഹാഭാരതയുദ്ധം നടന്നു. അതിൽ രണ്ടു ഭാഗത്തുള്ള ആളുകൾക്കും ഭക്ഷണം പാകപ്പെടുത്തിക്കൊടുത്തതു്, ഈ വംശത്തിൽപ്പെട്ട ഒരു ചക്രവർത്തി ആയിരുന്നു. അദ്ദേഹത്തിനു് പെരും ചോററുദയൻ എന്നാണു പുരാണത്തിൽ പേരു പറയുന്നതു്.

ചേരരാജാക്കന്മാരുടെ തലസ്ഥാനം, പെരിയാറിന്റെ മുഖത്തുള്ള തിരുവഞ്ചിക്കുളമായിരുന്നു. കാലാന്തരത്തിൽ ആദിചേരന്മാരുടെ ഭരണം അവസാനിച്ചു. അതു് രാജകുടുംബം അന്യം നിന്നുപോയതുകൊണ്ടോ, രാജവംശം ബലഹീനമായതുകൊണ്ടോ എന്നു തീർച്ചയില്ല. ഏതായാലും ആ രാജവംശത്തിന്റെ മാഹാത്മ്യവും കീർത്തിയും കേരളീയർക്കു് ഒരിക്കലും മറക്കുവാനോ മറയ്ക്കുവാനോ കഴിഞ്ഞില്ല. മാവേലിയുടെ കാലത്തെ അവർ തങ്ങളുടെ സുവർണ്ണകാലമായി പുകഴ്ത്തിവന്നു. അദ്ദേഹം ആണ്ടിലൊരിക്കൽ— പൊന്നിൻചിങ്ങമാസത്തിലെ തിരുവോണ ദിനത്തിൽ—തന്റെ രാജ്യം സന്ദർശിക്കാൻ വരുമെന്നാണു് ഒരു സങ്കല്പം. അതുകൊണ്ടാണു് സകല കേരളീയരും അന്നു തേച്ചുകുളിച്ചു്, കോടി ഉടുത്തും 'മൃഷ്ടാന്നമായി ആഹാരം കഴിച്ചും, ആടിയും പാടിയും, ഊഞ്ഞാലാടിയും, പന്തുകളിച്ചും, ആനന്ദഭരിതരായി കഴിഞ്ഞുകൂടുന്നതു്.

എന്നാൽ തിരുവോണത്തിനു മതത്തിന്റെ ഒരു ഛായ കൂടിയുണ്ടു്. അന്നാണു മഹാബലിചക്രവർത്തിയുടെ തലസ്ഥാനനഗരി ആയിരുന്നതൃക്കാക്കര ക്ഷേത്രത്തിലെ പ്രധാന ഉൽസവം. ആ ക്ഷേത്രത്തിലെ കൊടിയേററം കർക്കടകമാസത്തിലെ തിരുവോണത്തിൻനാളാണു് എന്നാൽ ഒടുവിലത്തെ പത്തു ദിവസങ്ങളിലാണു് ഉൽസവത്തിനു പ്രാധാന്യം അതിൽ സംബന്ധിക്കുവാൻ കേരളത്തിലെ രാജാക്കന്മാരെല്ലാം വന്നുകൊള്ളണമെന്നും, അതിനു സാധിക്കാത്തവർ അവരവരുടെ ഗൃഹങ്ങളിൽ തൃക്കാക്കരയപ്പനെ വച്ചു പൂജിച്ചുകൊള്ളണമെന്നുമായിരുന്നു വഴക്കം. കോഴിക്കോട്ടു സാമൂതിരിയും കൊച്ചി മഹാരാജാവും ഇന്നും അത്തച്ചമയം

കൊണ്ടാടുന്നുണ്ടല്ലോ. അതു തൃക്കാക്കരെയ്യു പുറപ്പെടുന്ന ദിവസത്തിന്റെ കാർമ്മയെ നിലനിറുത്തുന്നു. അതു തിരുവോണത്തിനു പത്തുദിവസംമുമ്പു വരുന്ന ദിനമാണല്ലോ. അഹിന്ദുക്കൾക്കു ഈ മതാചാരത്തിൽ പങ്കില്ല; ഇതു് ഒരു ദേശീയ ഉൽസവം മാത്രമാണു്.

2. മാമാങ്കം

തിരുവോണം ആദി ചേര ചക്രവൎത്തിയുടെ സൽഭരണത്തിന്റെ ഓർമ്മയെ കൊണ്ടാടുന്ന ഒരു കാർഷിക മഹോൽസവമാണെന്നു നാം കണ്ടു. ചേര ചക്രവൎത്തികളുടെ ഭരണം ക്രമേണ നിലച്ചശേഷം, കേരളീയർ ആഘോഷിച്ചുവന്ന മറെറാരുൽസവമാണു് മാമാങ്കമെന്നു പറയുന്നതു്. അതിനു് മതത്തിന്റെ ഛായയേ ഇല്ല. അതു കേവലം ഒരു രാഷ്ട്രീയ സമ്മേളനമത്രെ. അതു പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ മാഘമാസത്തിലെ മകംനാളിൽ തിരുനാവായ എന്ന സ്ഥലത്തു് ആണു് കൂടിവന്നതു്. (മാഘമാസം വരുന്നതു് കൊല്ലവർഷക്കണക്കിലുള്ള കുംഭത്തിനും മീനത്തിനും ഇടക്കാകയാൽ അപ്പോൾ മഞ്ഞും മഴയും കുറവുണ്ടു്. ആകയാൽ ജനങ്ങൾക്കു് പല സ്ഥലങ്ങളിൽനിന്നും അവിടേക്കു് യാത്ര ചെയ്യുന്നതിനും അവിടെ ഏതാനും ദിവസം സമ്മേളിച്ചുല്ലസിക്കുന്നതിനും, നല്ല സൗകര്യമുണ്ടു്. പോരെങ്കിൽ ഭാരതപ്പുഴയിലെ ശുദ്ധജലത്തിൽ കുളിച്ചു താമസിക്കുന്നതു് ആരോഗ്യപ്രദവുമാണല്ലോ.) ഇതിന്റെ ഉൽപത്തിയേപ്പററിയുള്ള കഥ താഴെപ്പറയുന്നു:—

പരശുരാമന്റെ നേതൃത്വത്തിൽ ഏതാനും ആര്യബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തു എന്നു് നാം മുമ്പു പറഞ്ഞുവല്ലോ. അവർ അക്കാലത്തെ ചേരരാജനെ ചെന്നു കാണുകയും, തിരുത്തങ്കമുടി എന്നു

പേരുള്ള ഒരു കിരീടം അദ്ദേഹത്തിനു കാഴ്ചവയ്ക്കുകയും ചെയ്തു. അങ്ങനെ അവർ ദ്രാവിഡരാജാവിനെ പ്രസാദിപ്പിച്ചശേഷമാണ് ഇവിടെ താമസമുറപ്പിച്ചത്. ഏറെത്താമസിയാതെ ആ രാജവംശം നശിച്ച അവസരത്തിൽ രാജ്യത്തിൽ ഒരു വക സമുദായഭരണമാണ് ആരംഭിച്ചത് ഈ സമുദായഭരണത്തിൽ ദ്രാവിഡരായ നായന്മാർക്കും ആര്യന്മാരായബ്രാഹ്മണർക്കും പങ്കുണ്ടായിരുന്നു. കൈയൂക്കും എണ്ണവും ദ്രാവിഡരുടെ വശത്തും ബുദ്ധിശക്തിയും നയതന്ത്രവും ആര്യന്മാരുടെ വശത്തും പ്രത്യക്ഷപ്പെട്ട ഒടുവിൽ അവർ തമ്മിൽ കലഹിക്കാതെ, സൗഹാർദ്ദമായി കൂടിക്കഴിയുവാൻ സംഗതിയായി. എങ്കിലും, ബ്രാഹ്മണരായിരുന്നു മതത്തിന്റെ അധികാരികൾ. അതുമൂലം ഭരണകാര്യത്തിലും അവർക്കായിരുന്നു മുൻകൈ.

ഈ ഭരണക്രമത്തിൽ ഒരു രാജാവോ ചക്രവർത്തിയോ ഇല്ലായിരുന്നു അതിനു പകരം പൊതുഭരണം നടത്തിവന്നത് നാലു ബ്രാഹ്മണമന്ത്രിമാരും, ഒരു നായർപ്രഭുവും ആയിരുന്നു. നാലു ബ്രാഹ്മണമന്ത്രിമാരെ തളിയാതിരിമാരെന്നും, ഭരണം നടത്തിവന്ന നായർപ്രഭുവിനെ രക്ഷാപുരുഷനെന്നും വിളിച്ചുവന്നു. മന്ത്രിമാരുടെ കാലാവധി മുമ്മൂന്നു സംവത്സരവും, രക്ഷാപുരുഷന്റേതു് പന്ത്രണ്ടു കൊല്ലവും ആയിരുന്നു. ജനങ്ങൾ കൂട്ടംചേർന്നാണ് മന്ത്രിമാരെയും മററും തെരഞ്ഞെടുത്തുവന്നത്. ഭരണസൗകര്യത്തിനായി അവർ രാജ്യത്തെ ദേശങ്ങളായും, ദേശങ്ങളെ നാടുകളായും, നാടുകളെ തറ (കര)കളായും വിഭജിച്ചിരുന്നു. ഈ ഓരോ വിഭാഗങ്ങളിലും ഓരോ പ്രമാണിയും അയാളുടെ കീഴിൽ ഓരോ കൂട്ടവും ഉണ്ടായിരുന്നു.

ഇങ്ങനെ രണ്ടു നൂററാണ്ടുകാലത്തെ സമുദായ ഭര

ണ്ണം കഴിഞ്ഞപ്പോറം, രക്ഷാപുരുഷന്മാരും മന്ത്രിമാരും രാജ്യകാൎയ്യം ശരിയായി അന്വേഷിക്കാതെ, വെറും തൻകാൎയ്യക്കാരായി പ്രവർത്തിച്ചുതുടങ്ങി. അതോടുകൂടി രാജ്യത്തിൽ അന്തഃഛിദ്രങ്ങളും കുഴപ്പങ്ങളും വർദ്ധിച്ചു. ആകയാൽ കേരളമൊട്ടുക്കുള്ള ജനങ്ങളുടെ പ്രതിനിധികറം, ഭാരതപ്പുഴയിൽ തിരുനാവായ എന്ന മണപ്പുറത്തു യോഗം ചേൎന്നു ആലോചനകറം നടത്തി. വെളിക്കു നിന്നും ഒരു രാജാവിനെ വിളിച്ചുവരുത്തി, ഇവിടെ അവരോധിപ്പാൻതന്നെ അവർ തീരുമാനിച്ചു. അതിന്റെ ഫലമായി തുളുനാട്ടിലെ കൊങ്ങനാട്ടു രാജാവായ ബാണവർമ്മൻ ഉദയൻ എന്ന രാജാവിനെ അവർ ഐകകണ്ഠ്യേന കേരളസിംഹാസനത്തിൽഅവരോധിച്ചു. കൊങ്ങനാട്ടുവംശം പണ്ടത്തെ ചേരവംശത്തിന്റെ ഒരു ശാഖ ആയിരുന്നു. ഈ തെരഞ്ഞെടുപ്പു ബി സി. 116—ാമാണ്ടിലായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായി ഒട്ടധികം പെരുമാക്കന്മാർ അന്നുമുതൽ ഏ. ഡി. 7—ാം ശതകംവരെ കേരളം ഭരിച്ചിട്ടുണ്ടു.

ഈ പെരുമാറം ഭരണകാലത്തു, ഭരണകാൎയ്യത്തിൽ കേരളമാസകലം ഐകരൂപ്യം വരുത്തേണ്ട ആവശ്യം പ്രത്യക്ഷപ്പെട്ടു. അതിനുവേണ്ടിയാണു, മേൽവിവരിച്ചതുപോലെ, പന്ത്രണ്ടുകൊല്ലത്തിൽ തിരുനാവായ മണൽപ്പുറത്തുവച്ചു മാമാങ്കമഹോത്സവം നടത്തിവന്നതു. അതിൽ 'നിലപാടു നിൽക്കുക' എന്നൊരു ചടങ്ങുണ്ടു. ആ ചടങ്ങു നിർവഹിച്ചിരുന്നതു, കേരളചക്രവർത്തിയായ പെരുമാളായിരുന്നു. പെരുമാക്കന്മാരുടെ ഔദ്യോഗിക കാലാവധി സാധാരണ പന്ത്രണ്ടു സംവൽസരമായിരുന്നു. ഈ കാലഘട്ടത്തിലൊരിക്കലാണു മാമാങ്കം നടത്തിയിരുന്നതു. ആകയാൽ പെ

രുമാക്കന്മാരെ തെരഞ്ഞെടുത്തവരോധിച്ചിരുന്നതു്, സാധാരണ ആ അവസരത്തിലായിരുന്നു എന്നാണു് വിചാരിക്കേണ്ടതു്.

പെരുമാക്കന്മാരുടെ ഭരണം എ. ഡി. 7—ാംനൂററാണ്ടോടുകൂടി അവസാനിച്ചു. അതിനുശേഷവും കേരളഭരണത്തിൽ ഐകരൂപ്യം നിലനിറുത്തുവാനായി മലയാളികഠം പന്ത്രണ്ടാംകൊല്ലത്തിൽ, മാമാങ്കം ആഘോഷിക്കുക പതിവായിരുന്നു. അപ്പോഴേക്കു തിരുനാവായ മണൽപ്പുറം, വള്ളുവനാടു ഭരിച്ചിരുന്ന കോലത്തിരിയുടെ ഭാഗത്തിൽ ഉഠംപ്പെട്ടുപോയി. അന്നു മുതൽ നിലപാടു നിൽക്കുവാനുള്ള അധികാരവും അദ്ദേഹത്തിനു ലഭിച്ചു. കോഴിക്കോട്ടു സാമൂതിരി ഇതു സഹിച്ചില്ല. അതിനാൽ അദ്ദേഹം കോലത്തിരിയെ ജയിച്ചു് തിരുനാവായ പ്രദേശം കൈവശമാക്കി നിലപാടു നിന്നുവന്നു. ഈ മഹോൽസവം നിന്നുപോയതു്. 18—ാംനൂററാണ്ടിൽ, ടിപ്പു, മലബാർ ആക്രമിച്ചതു മുതലാണു്.

## ചോദ്യങ്ങഠം

1. തിരുവോണത്തിന്റെ ഉല്പത്തിയെപ്പററിയുള്ള ഐതിഹ്യം വിവരിക്കുക.
2. മാമാങ്കം എന്നാലെന്തു്? അതിനു് ആ പേരു് എങ്ങനെ കിട്ടി?
3. നിലപാടു നിൽക്കുക എന്നാൽ എന്തു്? ആരാണു് മാമാങ്കത്തിൽ നിലപാടു നിന്നിരുന്നതു്?
4. മാമാങ്കം എങ്ങനെ എന്നു് അവസാനിച്ചു?

—oOo—

# അദ്ധ്യായം 3.

## പെരുമാക്കന്മാർ

ബി. സി. 113 മുതൽ എ. ഡി. 7-ാം നൂറ്റാണ്ടുവരെ ഒട്ടനേകം പെരുമാക്കന്മാർ കേരളസിംഹാസനത്തിൽ ഭരണം നടത്തിയിരുന്നു എന്നു കാണുന്നു. ആദ്യത്തെ പെരുമാൾ, കൊങ്ങനാട്ടു വംശത്തിലെ രാജാവായ ബാണവർമ്മ ഉദയൻ ആയിരുന്നു. അദ്ദേഹത്തിൻെറ വംശത്തിനു് ആതവംശം, എന്നാണു പേരു്. 'കൊങ്ങനാട്ടിലെ ആതവംശം' ആദിചേരവംശത്തിലെ ഒരു ശാഖ മൂലകുടുംബത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചിരുന്നതാണു്. ആതവംശത്തിൽപ്പെട്ട പതിനഞ്ചു പെരുമാക്കന്മാർ കേരളം വാണിട്ടുണ്ടു്. അവരുടെ ഭരണകാലം കേരളത്തിൻെറ നല്ലകാലം ആയിരുന്നു.

അവരിൽ ഒരാളായ ഇമയവർമ്മൻ നെടുഞ്ചേരൻ ആതൻ തെക്കേ ഇൻഡ്യയിലെ ദ്രാവിഡരാജാക്കന്മാരെ എല്ലാം തോല്പിച്ചശേഷം, വടക്കു ഹിമാലയം വരെയുള്ള രാജ്യങ്ങളും പിടിച്ചടക്കി. പിന്നീടദ്ദേഹം കാശ്മീരത്തു പോയി അവിടത്തെ യവനരാജാക്കന്മാരേയും തോല്പിച്ചു. ഇമയവർമ്മൻെറ കാലത്തു് ലങ്കയിൽനിന്നും ഒരു ബുദ്ധസന്യാസി തിരുവഞ്ചിക്കുളത്തു വന്നു രാജസദസ്സിൽ ബുദ്ധമതം പ്രസംഗിച്ചു. അതു കേട്ടു്, രാജധാനിയിൽ, കോവിലൻ എന്ന രാജസേവകൻ ബുദ്ധമതം സ്വീകരിക്കുകയും, അദ്ദേഹം ഒരു വലിയ ബൌദ്ധചൈത്യം അവിടെ നിർമ്മിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ അനുജൻ കുട്ടവൻ ആതൻ, തൻെറ അഭിഷേകത്തിനു വേണ്ട കടൽ

വെള്ളമത്രയും ഒററ ദിവസംകൊണ്ടു് അറബിക്കടലിനും ബങ്കാൾ ഉൾക്കടലിനും മദ്ധ്യേ അടുത്തടുത്തു് നിറുത്തിയിരുന്ന അനേകം ആനകൾ മൂലമാണു് വരുത്തിയതു്. അതിനാൽ അദ്ദേഹത്തിനു ഗജപതി എന്ന പദവി ലഭിച്ചു. ഗജപതി കുട്ടവൻ ഒരു കവിക്കു കണക്കില്ലാതെ ധനം ഒൻപതു തവണ കൊടുക്കുകയും, അതെല്ലാം അദ്ദേഹം ധർമ്മകാര്യങ്ങൾക്കായി ചെലവു ചെയ്കയും, ചെയ്തുപോൽ. പത്താമത്തും രാജാവു് പതിവുപോലെ, കവിക്കു ദാനം ചെയ്തപ്പോൾ, കവി അതുപേക്ഷിച്ചു തപസ്സിനുപോകയാണു ചെയ്തതു്. ഇതു കണ്ടു പെരുമാളും രാജപദവി ജ്യേഷ്ഠൻെറ പുത്രനെ ഏൽപിച്ചുശേഷം സന്യസിക്കുകയുണ്ടായി. 7—ാമത്തെ പെരുമാളായ മാന്തരൻ ചേരൻ ആതൻ, മഹാവിക്രമിയും, വിദ്വാനും ധർമ്മിഷ്ഠനും ആയിരുന്നു. അദ്ദേഹം അരചിൽ കീഴാർ എന്ന തമിഴ് കവിക്കു് രാജഗൃഹത്തിലുള്ള സ്വർണ്ണവും രത്നവുമെല്ലാം ദാനം ചെയ്തുപോൽ! എങ്കിലും മഹാനായ കവിയാകട്ടെ ഏതാനും 'കാണം, എന്ന നാണ്യംമാത്രമേ അവിടെനിന്നും സ്വീകരിച്ചുള്ളു. ഏ. ഡി. 46_നും 68_നും ഇടയ്ക്കു രാജ്യം വാണിരുന്ന ഈ പെരുമാളുടെ കാലത്തായിരിക്കണം തോമ്മാശ്ലീഹാ എന്ന ക്രിസ്തുശിഷ്യൻ തിരുവഞ്ചിക്കുളത്തുവന്നു് ക്രിസ്തുമതം പ്രസംഗിച്ചതു് തിരുവഞ്ചിക്കുളത്തരചൻ തോമ്മാശ്ലീഹായിൽ നിന്നും ക്രിസ്തുവേദം സ്വീകരിച്ചുവെന്നു് ഈ നാട്ടിലെ നസ്രാണികളുടെ ഇടയിൽ ഒരു പാരമ്പര്യമുണ്ടു്

പിന്നീടു പെരുമാക്കന്മാരിൽ പ്രധാനി ആയിക്കാണുന്നതു്, 18—ാമത്തെ പെരുമാളായ ഇമയവർമ്മൻ ചെങ്കുട്ടവനാണു്. അദ്ദേഹം ഏ. ഡി 2—ാം നൂററാണ്ടിൽ രാജ്യഭാരം നടത്തി. ഇദ്ദേഹത്തിൻെറ

അനുജനായ ഇളങ്കോ അടികൾ ഒരു മഹാ പണ്ഡിതനും ചിലപ്പതികാരം എന്ന തമിഴ് കൃതിയുടെ കർത്താവും ആയിരുന്നു. തിരുവഞ്ചിക്കുളം രാജധാനിയിൽ തൃക്കണാമതിലകം എന്ന സ്ഥലത്തായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അവിടെ ഒരു വിദ്വൽസഭയുണ്ടായിരുന്നു. അതിൻെറ പരിശോധകൻ ആയിരുന്നു ഇദ്ദേഹം ഒരു ജൈനസന്യാസിയും കൂടി ആയിരുന്നു.

പക്ഷെ, എ ഡി. 6—ാം ശതകം മുതൽ പെരുമാക്കന്മാരുടെ ഭരണം അധഃപതിച്ചു. തുടങ്ങി. ഇക്കാലം മുതൽക്കാണ് ജാതിവ്യത്യാസവും തീണ്ടൽ തൊടീലും കേരളത്തിൽ പ്രബലപ്പെട്ടത്. ഈ ഘട്ടത്തിൽ കേരളം ഭരിച്ചവരിൽ ഒരാൾ പാണ്ഡ്യദേശികനായ കുലശേഖരപ്പെരുമാൾ ആയിരുന്നു. അദ്ദേഹം പരദേശത്തുനിന്നു ക്ഷത്രിയരെയും ബ്രാഹ്മണാചാര്യന്മാരെയും ക്ഷണിച്ചുവരുത്തി, മലയാളബ്രാഹ്മണരെ ഹൈന്ദവശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുകയും, സംസ്കൃത സാഹിത്യത്തിനു നാട്ടിൽ പ്രചാരം വർദ്ധിപ്പിക്കുകയും ചെയ്തു. ഇദ്ദേഹം കുലശേഖരാൾവാർ എന്നപേരിൽ ഒരു വൈഷ്ണവ സന്യാസി ആയിട്ടാണ് മരണം പ്രാപിച്ചത്.

## 2. ചേരമാൻ പെരുമാൾ

അവസാനത്തെ പെരുമാൾ ഭാസ്കരവർമ്മൻ എന്നു പേരുള്ള ചേരമാൻ പെരുമാളായിരുന്നു. അദ്ദേഹത്തിൻെറ ഭരണം പ്രജകൾക്കും സാമന്തരാജാക്കന്മാർക്കും മൊത്തത്തിൽ വളരെ തൃപ്തികരമായി തോന്നി. തന്മൂലം അദ്ദേഹത്തിൻെറ കാലാവധി അവർ രണ്ടുതവണ നീട്ടിക്കൊടുക്കുവാനിടയായി. അങ്ങനെ അദ്ദേഹം മുപ്പത്താറു കൊല്ലത്തേക്കു കേരളരാജ്യം ഭരി

ച്ചു. ആചാരത്തിനു വിപരീതമായി ഇങ്ങനെ സ്ഥാനം ഗ്രഹിച്ചതുമൂലം, രാജ്യത്തിനു വെളിയിൽനിന്നും അദ്ദേഹത്തിനു ശത്രുക്കളുടെ ഉപദ്രവമുണ്ടായി. ഇങ്ങനെയുള്ള യുദ്ധങ്ങൾ ജയിപ്പാൻ, തന്നെ സഹായിച്ച സകലർക്കും അദ്ദേഹം സമ്മാനങ്ങളും സ്ഥാനമാനങ്ങളും അനുവദിച്ചുകൊടുത്തു.

മുപ്പത്താറു കൊല്ലം പ്രശസ്തമായി ഭരിച്ചശേഷം, അദ്ദേഹം തന്റെ രാജ്യം മക്കൾക്കും മരുമക്കൾക്കും ആശ്രിതന്മാർക്കും ആയി വിഭജിച്ചുകൊടുത്തതായി പറയപ്പെടുന്നു. അതിനുശേഷം രാജ്യഭരണമൊഴിഞ്ഞു് സന്ന്യാസം സ്വീകരിച്ചതായിട്ടാണു് ഐതിഹ്യം. അദ്ദേഹം മുസ്‌ലീമായെന്നും ക്രിസ്ത്യാനിയായെന്നും ബൗദ്ധനായെന്നും, ജൈനനായെന്നും, മതംമാറിയതേയില്ലെന്നും ഓരോ മതക്കാർ അവകാശപ്പെടുന്നുണ്ടു്. അദ്ദേഹം സർവസമ്മതനായ ഒരു രാജർഷിയായിരുന്നു, എന്നുവേണം ഇതിൽനിന്നെല്ലാം ഗ്രഹിക്കുവാൻ. ഏതായാലും പെരുമാക്കന്മാരുടെ കേരളഭരണം ഇതോടുകൂടി അവസാനിച്ചു.

## 3. ചേരമാൻ പെരുമാളുടെ കാലം

### രാജധാനി

കേരള ചക്രവർത്തികളായ പെരുമാക്കന്മാരുടെ തലസ്ഥാനം, പെരിയാർ തുറമുഖമായ കൊടുങ്ങല്ലൂരിൽ തിരുവഞ്ചിക്കുളം എന്ന സ്ഥാനത്തായിരുന്നു. പട്ടണത്തിനു ചുററും ബലമേറിയ ഒരു കോട്ടയും അതിനെ ചുററി ആഴമേറിയ ഒരു കിടങ്ങും ഉണ്ടായിരുന്നു. കോട്ടവാതിക്കൽ ഗോപുരങ്ങളും കൊടിമരങ്ങളും ഉയർന്നുനിന്നിരുന്നു. കോട്ടയ്ക്കകത്തു രാജമന്ദിരം കൂടാതെ

ഒരു വിഷ്ണുക്ഷേത്രവും ഒരു ബൌദ്ധചൈത്യവും ഉണ്ടായിരുന്നു. ഈ രണ്ടു മതത്തിലും ചേർന്നവർ അന്നു ധാരാളമുണ്ടായിരുന്നു. രാജധാനിയുടെ ഒരു ഭാഗത്തായി തൃക്കണാമതിലകം സ്ഥിതിചെയ്തിരുന്നു. അവിടെയായിരുന്നു പെരുമാക്കന്മാർ തങ്ങളുടെ വിദ്വൽ സദസ്സ് നടത്തിയിരുന്നതു്. വിവിധ മതങ്ങളെയും ശാസ്ത്രങ്ങളെയും കലകളെയും പററിയുള്ള നിഷ്പക്ഷ ചർച്ചകൾ നടന്നിരുന്നതവിടെയാണു്. ഇളങ്കോ അടികളെപ്പോലെ പണ്ഡിതന്മാരെയത്രേ പെരുമാക്കന്മാർ അതിന്റെ പരിശോധകന്മാരായി നിയമിച്ചിരുന്നതു്. ഈ രാജധാനിയിൽതന്നെ വിദേശികളും സ്വദേശികളുമായ വണിക്പ്രഭുക്കൾ, പണ്ഡിതന്മാർ, സന്യാസികൾ, ഉദ്യോഗസ്ഥന്മാർ, കവികൾ, വ്യവസായികൾ ഇവരും വസിച്ചിരുന്നു.

## 2 പഞ്ചമഹാസഭ

പെരുമാക്കന്മാർ സാക്ഷാൽ കേരളചക്രവർത്തികളായിരുന്നു. തെക്കു് കന്നേററി തൊട്ടു, വടക്കു് ഗോകർണ്ണംവരെയുള്ള വിസ്തൃതഭൂഭാഗം അദ്ദേഹത്തിന്റെ മേൽക്കോയ്മയെ ആദരിച്ചിരുന്നു. ഈ അതിർത്തികളിൽ ഒട്ടുവളരെ സാമന്തരാജാക്കന്മാരും നാട്ടുവാഴികളും ഉണ്ടായിരുന്നു. അവർക്കു് ഏറെക്കുറെ സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിലും പെരുമാക്കന്മാരെ അവരെല്ലാവരും അവരുടെ പരമാധികാരികളായി ഗണിച്ചിരുന്നു. എന്നാൽ പെരുമാൾ കേവലം സ്വേച്ഛാധികാരി അല്ലായിരുന്നു. അഞ്ചുവിദ്വൽ സഭകളുടെ ആലോചനയോടുകൂടിയത്രേ അദ്ദേഹം ഭരിച്ചുവന്നതു്. വൈദികസഭ, വൈദ്യസഭ, ജോതിഷസഭ, മന്ത്രിസഭ, പൊതുജനപ്രതിനിധി സഭ ഇങ്ങനെയായിരുന്നു അവ

യുടെ പേരുകൾ ഇവയ്ക്കു മൊത്തത്തിൽ ഉള്ള പേരു് പഞ്ചമഹാസഭ എന്നായിരുന്നു. അവയിലെ പ്രധാനന്മാരായിരുന്നു രാജ്യത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാർ. അവരെല്ലാവരും രാജധാനിയിൽ സ്ഥിരവാസംചെയ്തു ഭരണവിഷയത്തിൽ പെരുമാളിനെ സഹായിച്ചുകൊണ്ടിരുന്നു.

### 8. വിദേശവാണിജ്യം

കേരളതീരത്തിൽ ഇപ്പോൾ കൊച്ചി ഒഴികെ വലിയ തുറമുഖങ്ങൾ നാം കാണുന്നില്ല. പക്ഷെ ഇന്നുള്ള തുറമുഖങ്ങളിൽ പലതും പെരുമാക്കന്മാരുടെ കാലത്തില്ലായിരുന്നു. അക്കാലത്തെ പ്രധാന തുറമുഖം, പെരിയാററിന്റെ മുഖത്തുള്ള കൊടുങ്ങല്ലൂർ അഥവാ, മുചിരിപട്ടണമായിരുന്നു. കേരളത്തിലെ കുരുമുളകും കോലരക്കും തേക്കുതടിയും എല്ലാം പണ്ടേക്കുപണ്ടേ വിദേശികൾക്കു് അത്യാവശ്യപ്പെട്ട സാധനങ്ങളായിരുന്നു. അവയെ വാങ്ങിക്കണമെങ്കിൽ ചേരനാട്ടിന്റെ തലസ്ഥാനമായ മുചിരിപ്പട്ടണത്തിൽ വരാതെ അവർക്കു തരമില്ലായിരുന്നു. ബി. സി. 3000—ാമാണ്ടിനു മുൻപുപോലും ഈ വിദേശവ്യാപാരം നിലവിലിരുന്നു. ബാബിലോണിയായിലും സുമേറിയായിലും കാർത്തേജിലും ഉണ്ടായിരുന്ന പട്ടണങ്ങൾ കുഴിച്ചുചെന്നപ്പോൾ അവിടെ നിന്നും കേരളവനവിഭവങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടു്. പിന്നീടു് ഫിനിഷ്യന്മാർ, യൂദന്മാർ, യവനന്മാർ, സിറിയന്മാർ, റോമാക്കാർ, ഈജിപ്തുകാർ, അറബികൾ ഇവരൊക്കെയും തങ്ങളുടെ മരക്കപ്പലുകൾ അറബിക്കടൽവഴി പെരിയാർ മുഖത്തടുപ്പിച്ചു വ്യാപാരം നടത്തിപ്പോന്നു. അവർ വിലയേറിയ മുത്തും, പവിഴവും, മാണിക്യവും മരതകവും, പൊന്നും മററു പൂർവ്വസാധനങ്ങളും പെരുമാക്കന്മാർക്കു കാഴ്ചവച്ചാ

ണു് കച്ചവടത്തിനു് അനുവാദം വാങ്ങിയതു്. എ. ഡി. 345—ാം മാണ്ടിൽ ക്നായിത്തൊമ്മൻ എന്ന നേതാവിൻെറ കീഴിൽ നാനൂറിൽപരം ക്രിസ്ത്യൻ കുടുംബങ്ങൾ ഇങ്ങനെ വന്നു് മഹോദയർ പട്ടണത്തിൽ കുടിയേറുകയുണ്ടായി. നമ്മുടെ വിഭവങ്ങൾക്കു പകരം അവർ സ്വർണ്ണം, പിത്തള, കാരിയം, തകരം മുതലായവ തരികയും ചെയ്തിരുന്നു. ഈ വിദേശവാണിജ്യം മൂലം രാജ്യത്തിനു മൊത്തത്തിൽ സമ്പൽ സമൃദ്ധിയും രാജഭണ്ഡാരത്തിനു വളരെ പോഷണവും ലഭിച്ചിരുന്നു. അതിനാൽ പെരുമാക്കന്മാർ വിദേശത്തുനിന്നു വന്ന യൂദന്മാർ ക്രിസ്ത്യാനികൾ അറബികൾ ഇവരെ പലവിധത്തിൽ പ്രീണിപ്പിക്കുകയും മതസ്വാതന്ത്ര്യവും മററു സൗജന്യങ്ങളും കുടിപാർപ്പു സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു.

### 4. പെരുമാക്കന്മാരുടെ അധഃപതനം

ബി. സി. രണ്ടാംശതകാരംഭം മുതൽ എ. ഡി. 7—ാം ശതകംവരെ വാണ പെരുമാക്കന്മാരെക്കുറിച്ചു നാം ഏതാനും കാര്യങ്ങൾ അറിയുന്നുണ്ടു്. അതിൽ ആദ്യത്തെ പെരുമാക്കന്മാരുടെ കാലത്തു് രാജ്യത്തിൽ ജാതിവ്യത്യാസവും വർണ്ണാശ്രമധർമ്മവും, തീണ്ടൽ തൊടീലും, ഇല്ലായിരുന്നു. അന്നത്തെ പെരുമാക്കന്മാർ വിദ്വാന്മാരും, ധർമ്മിഷ്ഠരും സാത്വികന്മാരും ആയിരുന്നു. അന്നു് ആര്യന്മാർ കേരളത്തിൽ കുടിയേറിയിട്ടു് അധികനൂററാണ്ടുകളായിരുന്നില്ല. അവരുടെ മതം, നാലുവേദങ്ങളിലടങ്ങിയ വൈദികമതമായിരുന്നു. ബുദ്ധമതത്തിനും യൂദമതത്തിനും ക്രിസ്തുമതത്തിനും ആദ്യം പെരുമാക്കന്മാർ സ്വാഗതം നല്കി ഈ മതങ്ങൾ സ്വീകരിക്കുന്നതുമൂലം കുടുംബബന്ധങ്ങൾക്കും അവകാശങ്ങൾക്കും തടസ്സമുണ്ടായിരുന്നില്ല.

കാലാന്തരത്തിൽ ആര്യബ്രാഹ്മണരുടെ പിടി കേരളത്തിൽ മുറുകി വശായി. മതകാര്യങ്ങളിലാണു് ആദ്യം ബ്രാഹ്മണർ ഇങ്ങനെ പിടിമുറുക്കിയതു്. തൽഫലമായി ജാതിമതഭേദമില്ലാതിരുന്ന കേരളസമുദായത്തിൽ തൊഴിലിന്റെ അടിസ്ഥാനത്തിൽ, പല ജാതികളുണ്ടായി. തന്മൂലം ജനസമുദായത്തിലുണ്ടായിരുന്ന യോജിപ്പു നഷ്ടപ്പെട്ടു. പെരുമാക്കന്മാർ നായർസ്ത്രീകളെ സംബന്ധം ചെയ്യുവാനും, അവരുടെ സഹോദരികളെ ബ്രാഹ്മണരെക്കൊണ്ടു് സംബന്ധം ചെയ്യിക്കുവാനും തുടങ്ങി. ഇങ്ങനെ ഒടുവിലത്തെ ചേരമാൻ പെരുമാളിന്റെ കാലത്തേക്കു രാജകുടുംബത്തിൽ മരുമക്കത്തായം ബലപ്പെട്ടു. ഈ സമ്പ്രദായം രാജകുടുംബത്തിൽ സ്വീകരിക്കപ്പെട്ടതു നായർ പ്രഭുക്കന്മാർക്കും നമ്പൂതിരിമാർക്കും വളരെ സന്തോഷവുമായി. പെരുമാൾ തന്റെ മക്കൾക്കും മരുമക്കൾക്കും ആശ്രിതന്മാർക്കുമായി രാജ്യം പങ്കിട്ടുകൊടുക്കുവാനും ഇതു കാരണമായി. അങ്ങനെ കേരളം വിഭജിക്കപ്പെട്ടുപോയതുകൊണ്ടാണു്, ഈ രാജ്യം പിൽക്കാലങ്ങളിൽ വിദേശികളുടെ കയ്യിലേക്കു നിഷ്പ്രയാസം വീണുപോകുവാനിടയായതു്.

## ചോദ്യങ്ങൾ

1. പെരുമാക്കന്മാർ ആര്? അവസാനത്തെ പെരുമാളിന്റെ പേര്, തലസ്ഥാനം, ഭരണരീതി. അക്കാലത്തു കേരളത്തിലുണ്ടായിരുന്ന ജനങ്ങൾ, ഇവയെപ്പററി നോട്ടു കുറിക്കുക.
2. അവർക്കു മുൻപത്തെ സമുദായ ഭരണസമ്പ്രദായം വിവരിക്കുക.

# അദ്ധ്യായം, 4.

## കൊച്ചി രാജവംശം

MUNAVIRUL ISLAM HIGH SCHOOL • ERNAKULAM • Date 17-4-47.

### കേരളവിഭജനം

ആധുനികകേരളത്തിൽ തിരുവിതാംകൂർ കൊച്ചി സംസ്ഥാനവും, മദ്രാസ് സംസ്ഥാനത്തിൻെറ മലബാർ ജില്ലയും ഉൾപ്പെടുന്നുണ്ടു്. ഒടുവിലത്തെ പെരുമാൾ സ്ഥാനമൊഴിഞ്ഞതോടുകൂടി കേരളത്തിൻെറ യോജിപ്പും നഷ്ടപ്പെട്ടു. പെരുമാൾഭരണമായിരുന്നു കേരളത്തിൻെറ ഐക്യബന്ധം. ഈ ബന്ധം നശിച്ചതോടുകൂടി കേരളദേശം ഒരു കെട്ടഴിഞ്ഞ പുസ്തകംപോലെ ഛിന്നഭിന്നമായി.

പെരുമാൾ നേരിട്ടു ഭരിച്ചുവന്ന മദ്ധ്യപ്രദേശവും കിരീടവും, അധികാരവും അദ്ദേഹം തൻെറ സഹോദരീപുത്രനായ വീരകേരളവർമ്മനാണു കൊടുത്തതു്. പെരുമ്പടപ്പു് സ്വരൂപത്തിൽ പെട്ട ഒരു നമ്പൂതിരി ബ്രാഹ്മണനായിരുന്നു അദ്ദേഹത്തിൻെറ പിതാവു്. വീരകേരളനെയും അദ്ദേഹത്തിൻെറ വംശക്കാരായ പെരുമ്പടപ്പു സ്വരൂപക്കാരെയും പെരുമാളെപ്പോലെ കരുതിക്കൊള്ളാമെന്നു പെരുമാൾ അവിടുത്തെ പൗരപ്രമാണികളെക്കൊണ്ടു സത്യം ചെയ്യിക്കുകയും ചെയ്തു. ആകയാൽ 'തിരുവഞ്ചിക്കുളം രാജധാനിയും' കിരീടവും. മെയ്യാഭരണങ്ങളും, ആ വംശത്തിനു സിദ്ധിച്ചു. കൂടാതെ വീരകേരളവർമ്മനു് തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ മേൽക്കോയ്മ സ്ഥാനവും കിട്ടി. ഇങ്ങനെ ആ രാജകുടുംബത്തിലെ മൂപ്പ

ന് പെരുമാളുടെ അനന്തിരവൻ എന്ന നിലയും, ചക്രവർത്തി എന്ന പദവിയും ലഭിച്ചു.

അതിനാൽ മുന്നൂററിഅൻപതു കൊല്ലത്തോളം മാമാങ്കത്തിൽ നിലപാടുനിന്നതു് ഈ വംശക്കാരാണു്. ഇത്രയുംകാലം അവർ നാമമാത്രമായിട്ടെങ്കിലും കേരളചക്രവർത്തി എന്ന രീതിയിൽ കഴിച്ചുകൂട്ടുകയുണ്ടായി. അവർക്കു നേരിട്ടുള്ള ഭരണം മദ്ധ്യകേരളത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. രാജ്യത്തിന്റെ മററുഭാഗങ്ങളെ ഭരിച്ചുവന്നതു് അവിടവിടെ പ്രാബല്യമുള്ള സാമന്തരാജാക്കന്മാരും, പ്രഭുക്കളും, മാടമ്പികളും ആയിരുന്നു. ഇവരിൽചിലരാണു് വേണാട്ടു്, തിലപ്പാപ്പൂർ ദേശിംഗനാട്ടു്, ഓണാട്ടു്, തിരുവിതാംകോട്ടു്, പെരുമ്പടപ്പു്, വടക്കുംകൂർ പൂഞ്ഞാറു് തെക്കുംകൂർ കോഴിക്കോട്ടു് വള്ളുവനാട്ടു്, പാലക്കാട്ടു് കോലത്തുനാട്ടു് നീലിശ്വരം കോട്ടയം കടത്തനാട്ടു് എന്നിവയിലെ ഭരണാധികാരികൾ. ഇങ്ങനെ കേരളദേശത്തിന്റെ ഐക്യം നഷ്ടീഭവിച്ചുഎന്നുവരികിലും തിരുവോണവും മാമാങ്കവും മലയാളസാഹിത്യവും മതാചാരങ്ങളും കേരളദേശത്തിന്റെ ഐക്യബന്ധങ്ങളായി വീണ്ടും പരിലസിച്ചു. വീരകേരളന്റെ വംശം 350 കൊല്ലത്തേക്കു് തിരുവഞ്ചിക്കുളത്തു ഭരണം നടത്തി. അവരിൽ പ്രധാനികളെപ്പററി ചില കാര്യങ്ങൾ പ്രത്യേകം പഠിക്കേണ്ടതുണ്ടു്.

## 2. വീരരാഘവ ചക്രവർത്തി

(എ. ഡി 700-നും 780-നും ഇടയ്ക്കു തിരുവഞ്ചിക്കുളത്തു് രാജ്യഭാരം നടത്തുകയുണ്ടായി. അദ്ദേഹം തെങ്ങുകൃഷി വളരെ അഭിവൃദ്ധിപ്പെടുത്തുകയും തന്മൂലം രാജ്യത്തിലെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. രണ്ടാമതായി അദ്ദേഹം യൂദന്മാർക്കും

ക്രിസ്ത്യാനികൾക്കും വിദേശവ്യാപാരത്തിനു പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു. അവർക്കു അദ്ദേഹം പല സാമുദായികപദവികളും കല്പിച്ചുകൊടുക്കുകയുമുണ്ടായി. അതിന്റെയൊക്കെ ഫലമായി നാട്ടിലെ കുരുമുളക്, ചുക്ക്, ഏലം, ഒന്തം, തേക്ക് മുതലായവ അവർമൂലം വിദേശവിപണികളിലേക്കയയ്ക്കുകയും, വിദേശത്തുനിന്നും നമുക്കാവശ്യമുള്ള പിത്തള, കാരീയം തകരം ചെമ്പ് സ്വർണ്ണം. മാണിക്യം മരതകം പവിഴം മുതലായവ വരുത്തുകയും ചെയ്തു. തൻമൂലം രാജ്യത്തിലെ മുതലെടുപ്പും സുഖസൌകര്യാദികളും വർദ്ധിച്ചു. ഈ വീരരാഘവചക്രവർത്തി ഇരവികേത്തൻ എന്ന 'ചേരമാൻ ലോകപെരുഞ്ചെട്ടിക്കു മണിഗ്രാമപ്പട്ടം' കല്പിച്ചുകൊടുത്ത ഒരു ചെപ്പേട് ഇപ്പോഴും കേരളത്തിലെ നസ്രാണിസമുദായം അഭിമാനപൂർവ്വം സൂക്ഷിച്ചുവരുന്നു. ഈ ഇരവികോത്തൻ ഒരു നസ്രാണി തലവനായിരുന്നു എന്നാണ് പാരമ്പര്യം. അദ്ദേഹം ഈ ചെപ്പേട് കൊടുത്തതു് വേണാട്, ഓടനാട്, ഏറനാട് വള്ളുവനാട് ഈ രാജാക്കന്മാരുടെയും പന്നിയൂർ ചൊവ്വര എന്നീ ബ്രാഹ്മണഗ്രാമക്കാരുടെയും അറിവോടുകൂടിയാണെന്നു് ആ പട്ടയത്തിൽ വിവരിച്ചിട്ടുണ്ട്.

ഏ. ഡി. 780 മുതൽ 827 വരെ തിരുവഞ്ചിക്കുളത്ത് വാണതു രാജശേഖര ചക്രവർത്തി ആയിരുന്നു. ഒരു ഹിന്ദുസന്യാസിയും ആദിശങ്കരാചാര്യരുടെ സമകാലികനും ആയിരുന്നു ഇദ്ദേഹം. ആചാര്യസ്വാമികളുടെ വേദാന്തതത്വങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കുവാൻ ഈ രാജശേഖരചക്രവർത്തി വളരെ പ്രയത്നിച്ചിട്ടുണ്ട്. വേണാട്ടുരാജാവ് കൊല്ലം പട്ടണം പുതുക്കിപ്പണിത കാലമായിരുന്നു അത്.

കേരളത്തിലെ രാജാക്കന്മാരെയും വിദ്വാന്മാരെയും വേണാട്ടിലെ ഉദയമാർത്താണ്ഡവർമ്മൻ കൊല്ലത്തു ക്ഷണിച്ചുവരുത്തി ഈ വിദ്വൽസദസ്സിൽ തിരുവഞ്ചിക്കുളത്തെ രാജശേഖരവർമ്മൻ ഒരു പ്രധാന ചുമതല വഹിച്ചതായി കാണുന്നു. അതോടുകൂടിയാണു് കൊല്ലവർഷക്കണക്കു് കേരളമാസകലം നടപ്പിലായതു്.

ഇദ്ദേഹത്തിന്റെ പിൻഗാമികളിലൊരാളായ ഭാസ്കരവർമ്മൻ പ്രസിദ്ധനായ ഒരു രാജാവായിരുന്നു. തിരുവഞ്ചിക്കുളം രാജഗൃഹത്തിനു സമീപം, മുയിരക്കോട്ട എന്ന പ്രദേശത്താണു് വെളുത്ത യൂദന്മാർ അന്നു വസിച്ചിരുന്നതു്. അവിടത്തെ ജോസഫ് റബ്ബാൻ എന്ന യഹൂദപ്രധാനിക്കു് അദ്ദേഹം ചില അധികാരങ്ങളും അവകാശങ്ങളും ഒരു ചെപ്പേട്ടിൽ രേഖപ്പെടുത്തിക്കൊടുക്കുകയുണ്ടായി. വിദേശവാണിജ്യം മൂലം രാജ്യത്തെ മുതലെടുപ്പു് വർദ്ധിപ്പിച്ചുകൊണ്ടിരുന്നവരും, സമ്പൽസമൃദ്ധരും, ആയ ഈ യൂദന്മാരെ അദ്ദേഹം ഇങ്ങനെ പ്രോത്സാഹിപ്പിച്ചു. ഒരേ തരത്തിലുള്ള അളവുകളും തൂക്കങ്ങളും അദ്ദേഹം ഏർപ്പെടുത്തുകയുണ്ടായി. ഇതെല്ലാം മൂലം രാജ്യത്തിൽ വ്യാപാരം അഭിവൃദ്ധിപ്പെട്ടു.

അദ്ദേഹത്തെ അനുഗമിച്ചതു് ഗോദരവിവർമ്മൻ എന്ന ഒരു വീരപരാക്രമി ആയിരുന്നു. അക്കാലത്തു വടക്കു് ‘കൊങ്ങൻപട’ എന്ന ഒരു വിദേശസൈന്യം പാലക്കാട്ടു തുറയിൽക്കൂടി കേരളം ആക്രമിച്ചു. കൊങ്ങൻനാടു് കേരളത്തിനു വടക്കായിട്ടാണു് കിടന്നിരുന്നതു്. അതിലെ രാജാക്കന്മാരുടെ ‘വംശനാമമായ ഗംഗൻ’ എന്ന പദം ലോപിച്ചാണു് കൊങ്ങൻ എന്ന പദം നടപ്പിലായതു്. ഈ കൊങ്ങൻ പടയെ തോല്പി

ക്കുന്നതിന് പാലക്കാട്ടു രാജാവ് കേരളചക്രവർത്തിപദത്തിലിരുന്ന ഗോദരവിവർമ്മ രാജാവിനെ ക്ഷണിച്ചു. അദ്ദേഹം ഈ ക്ഷണം സ്വീകരിക്കുകയും ചെയ്തു. പക്ഷെ കേരളരാജ്യം ഛിന്നഭിന്നമായിപ്പോയതിനാൽ തിരുവഞ്ചിക്കുളത്തെ സൈന്യം ശത്രുക്കളെ തോൽപ്പിക്കുവാൻ മതിയാകയില്ലെന്നു ഗോദരവിവർമ്മനു നല്ല ബോദ്ധ്യമുണ്ടായിയിരുന്നു. ആകയാൽ അദ്ദേഹം തന്റെ മേൽക്കോയ്മസ്ഥാനം പ്രയോഗിച്ച്, ഏറനാട്ടു രാജാക്കന്മാരുടെയും കോഴിക്കോട്ടു സാമൂതിരിയുടെയും സൈന്യത്തെക്കൂടി വരുത്തി, പാലക്കാട്ടേക്കു പോയി. കൊങ്ങൻപടയെ ഒററദിവസംകൊണ്ടു തോൽപിച്ചോടിച്ചു. ചിററൂർ താലൂക്കിൽ ഇപ്പോഴും കാണുന്ന ഭഗവതിക്ഷേത്രം ഈ വിജയലക്ഷ്യമായി ഗോദരവിവർമ്മരാജാവു പണികഴിച്ചിട്ടുള്ളതാണ്. ഈ ക്ഷേത്രത്തിൽ ഇപ്പോഴും 'കൊങ്ങൻപട' എന്നപേരിൽ ഒരു ഉൽസവം നടന്നുവരുന്നുണ്ട്. അതും ഈ വിജയത്തിന്റെ സ്മാരകമായിട്ടാണ്.

ഗോദരവിവർമ്മ രാജാവിന്റെ സഹായംമൂലമാണ്, പാലക്കാട്ടുരാജാവ് ശത്രുവിന്റെ ആക്രമണത്തിൽനിന്നും രക്ഷ പ്രാപിച്ചത്. ആകയാൽ പാലക്കാട്ടു രാജാവ്, തന്റെ കീഴിലായിരുന്ന ചിററൂർ താലൂക്ക് ഗോദരവിവർമ്മനു കൊടുത്തു. ഇങ്ങനെയത്രെ ചിററൂർ താലൂക്കിന്റെ അവകാശം കൊച്ചി രാജകുടുംബത്തിനു സിദ്ധിച്ചത്.

പിന്നീടു തിരുവഞ്ചിക്കുളത്തു വാണ രാജാവിന്റെ പേര് സ്ഥാണുരവിവർമ്മ ചക്രവർത്തി എന്നാണ്. ഇദ്ദേഹത്തിന്റെ കാലത്തു വേണാട്ടു ഭരിച്ചിരുന്നത്, അയ്യൻ അടികൾ തിരുവടികൾ എന്ന രാജാവായിരുന്നു. കൊല്ലവർഷക്കണക്കു നടപ്പിലാ

കിയ ഉദയമാർത്താണ്ഡവർമ്മയുടെ അനന്തരഗാമിയായിരുന്നു ഇദ്ദേഹം. അക്കാലത്തു ഏകദേശം എണ്ണൂറോളം പേർഷ്യൻ ക്രിസ്ത്യൻ വ്യാപാരികൾ കൊല്ലത്തു കുടിയേറിപ്പാർത്തു. നാട്ടിലെ വിദേശവ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിൽ കേരളത്തിലെ രാജാക്കന്മാർ എപ്പോഴും ശ്രദ്ധ പതിച്ചിരുന്നു. തിരുവഞ്ചിക്കുളത്തിന്റെ മാഹാത്മ്യത്തിനുള്ള പ്രധാന കാരണം അവിടെ നടന്നിരുന്ന വിദേശവാണിജ്യം ആയിരുന്നു എന്നു് വേണാട്ടിലെ അയ്യൻ അടികൾ തിരുവടികൾ വേണ്ടവിധം ഗ്രഹിച്ചിരുന്നു. ആകയാൽ അദ്ദേഹം ഈ വിദേശവ്യാപാരികളുടെ സഹകരണത്തോടുകൂടി കൊല്ലം തുറമുഖത്തു് കപ്പൽ വന്നടുക്കത്തക്കവണ്ണം ഒരു കുളം കുഴിപ്പിച്ചു് ആ ഭാഗത്തിനു് കരക്കേണി കൊല്ലം എന്നു പേരുണ്ടായി ഇങ്ങനെ കൊല്ലത്തു കുടിയേറിയ പേർഷ്യൻ ക്രിസ്ത്യാനികളുടെ സന്തതികൾ ഇന്നും മുതലാളികൾ എന്നറിയപ്പെടുന്നു ഈ പേർഷ്യൻ ക്രിസ്ത്യാനികളുടെ വക കൊല്ലം തരിസ്സാ പള്ളിക്കുവേണ്ടി മരുവാൻസബീർ ഈശോ എന്ന ജാതിത്തലവനു്, വേണാട്ട് അയ്യനടികൾ തിരുവടി, സ്ഥാണുരവിവർമ്മന്റെ അറിവും സമ്മതവും വാങ്ങി വളരെ സ്ഥാനമാനങ്ങളും അവകാശങ്ങളും നൽകിയതായിക്കാണുന്നു.

ഇങ്ങനെ വീരകേരളവംശത്തിലെ രാജാക്കന്മാർ വിദേശവ്യാപാരം വർദ്ധിപ്പിക്കുകയും, കൃഷി പ്രോത്സാഹപ്പിക്കുകയും, അളവുകൾ, തൂക്കങ്ങൾ ഇവ പരിഷ്കരിക്കുകയും ചെയ്തതായി നാം കണ്ടു. ഹിന്ദുമതത്തെ പോഷിപ്പിക്കുന്നതിലും ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിലും സംസ്കൃതഭാഷയും വേദശാസ്ത്രാദികളും പ്രചരിപ്പിക്കുന്ന വിഷയത്തിലും, അവർ മുന്നിട്ടു നിന്നിരുന്നു.

പക്ഷെ, എ. ഡി. 11—ാംശതകത്തിന്റെ ആരംഭത്തോടുകൂടി വീരകേരളവംശത്തിനു വലുതായ ഒരധഃപതനം സംഭവിച്ചു. അക്കാലത്തു രാജേന്ദ്രചോളൻ എന്ന ചോളരാജാവു് തെക്കേ ഇൻഡ്യ മുഴുവനും സിലോൺ ദ്വീപും പിടിച്ചടക്കിയ ശേഷം 1012—ൽ ഒരു വലിയ സേനയുമായി കേരളം ആക്രമിച്ചു. രവികേരളവർമ്മൻ എന്നായിരുന്നു അന്നത്തെ തിരുവഞ്ചിക്കുളം രാജാവിന്റെ നാമം. അദ്ദേഹം തന്റെ ഭാഗിനേയിയും ഏകാവകാശിനിയുമായ രാജ്ഞിയെ ഭർത്താവായ പെരുമ്പടപ്പു നമ്പൂരിയോടുകൂടി ഭർത്തൃഗൃഹത്തിലയച്ചശേഷം, രാജേന്ദ്ര ചോളനോടു യുദ്ധംചെയ്തു്, വീരസ്വർഗ്ഗം പ്രാപിച്ചു. ചോളസൈന്യം തിരുവഞ്ചിക്കുളം പട്ടണം കൊള്ളയിടുകയും, ശ്രീപരശുരാമൻ കൊടുത്ത 'തിരുത്തങ്കമുടി' തന്നെയും രാജേന്ദ്രചോളൻ അപഹരിച്ചുകൊണ്ടുപോകുകയും ചെയ്തു.

ഇങ്ങനെ വീരകേരളവംശം അവസാനിച്ചു എന്നു പറയാം. യഥാർത്ഥത്തിൽ അതു പെരുമ്പടപ്പു സ്വരൂപമായി രൂപാന്തരപ്പെടുകയാണുണ്ടായതു്.

## 3. പെരുമ്പടപ്പു സ്വരൂപം

ഇങ്ങനെ പ്രതാപവും അധികാരവും നഷ്ടപ്പെട്ട സ്ഥിതിയിൽ 75 കൊല്ലത്തോളം പെരുമ്പടപ്പു രാജകുടുംബം നിലനിന്നു. പിന്നീടു അവിടെ രവിവർമ്മയെന്നും കേരളവർമ്മയെന്നും പേരായി പ്രാപ്തരായ രണ്ടു രാജകുമാരന്മാരുണ്ടായി അവർ പഴയ വീരകേരളവംശത്തിന്റെ മിക്ക രാജ്യങ്ങളും വീണ്ടും പിടിച്ചെടുത്തു. വടക്കു് വള്ളുവനാട്ടുതാലൂക്കിന്റെ ഏതാനും ഭാഗങ്ങളും, തെക്കു് അമ്പലപ്പുഴ, കോട്ടയം, മീനച്ചിൽ എന്നീ താലൂക്കുകൾക്കു വടക്കോട്ടുള്ള പ്രദേശങ്ങളും, അങ്ങനെ പെരുമ്പടപ്പു സ്വരൂപത്തിലമർന്നു. ഇവ

രിൽ ജ്യേഷ്ഠനായ രവിവർമ്മൻ തിരുവഞ്ചിക്കുളം രാജധാനിയുടെ കേടുപാടുകൾ തീർത്തു് അവിടെ രാജാവായി വാണു. അദ്ദേഹത്തിന്റെ കാലശേഷം പെരുമ്പടപ്പു സ്വരൂപത്തിൽ ഗോദരവിവർമ്മൻ എന്നൊരു രാജാവു് 38 സംവത്സരം പ്രാബല്യത്തോടുകൂടി നാടുവാണു. രാജേന്ദ്രചോളൻ കേരളം കൊള്ള നടത്തിക്കഴിഞ്ഞ ശേഷം മാമാങ്കത്തിൽ നിലപാടു നിൽക്കുവാൻ മുതിർന്ന ആദ്യത്തെ തിരുവഞ്ചിക്കുളത്തരചനായിരുന്നു ഇദ്ദേഹം.

എ. ഡി. 1341—ൽ പെരിയാററിൽ അസാധാരണമായ ഒരു വെള്ളപ്പൊക്കമുണ്ടായി. ഒഴുക്കിന്റെ ശക്തികൊണ്ടു് കൊടുങ്ങല്ലൂർ തുറമുഖത്തു് മണ്ണു കയറുകയും, കൊടുങ്ങല്ലൂരഴിക്കു തെക്കുവച്ചു് കായൽക്കര പൊളിഞ്ഞു്, കൊച്ചഴി അഥവാ ഇന്നത്തെ കൊച്ചി ഉണ്ടാകുകയും ചെയ്തു. അതോടുകൂടി തിരുവഞ്ചിക്കുളത്തിന്റെ പ്രാധാന്യം കുറയുകയും കൊച്ചിയുടെ പ്രാധാന്യം നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്തു. അതിനാൽ രാജ്യത്തിന്റെ തലസ്ഥാനം തിരുവഞ്ചിക്കുളത്തു നിന്നു കൊച്ചിയിലേക്കു മാററുകയുണ്ടായി. അന്നുമുതൽക്കാണു് കൊച്ചിരാജ്യമെന്നും കൊച്ചിരാജാവെന്നും ഉള്ള പേരുകൾ പ്രചരിച്ചതു്.

## ചോദ്യങ്ങൾ

1. കേരളം വിഭജിച്ചശേഷമുണ്ടായ ചെറുരാജ്യങ്ങളുടെ പേരു പറയുക.
2. വീരരാഘവചക്രവത്തി, ഗോദരവിവർമ്മ, രാജേന്ദ്രചോളൻ എന്നിവരെപ്പററി [illegible]
3. കൊച്ചി രാജകുടുംബത്തിനു പെരുമ്പടപ്പുസ്വരൂപം എന്നു പേരുകിട്ടിയതു് എങ്ങനെ? എപ്പോൾമുതൽ?
4. കൊച്ചി എന്ന പദത്തിന്റെ ഉൽപ്പത്തി വിവരിക്കുക.

# അദ്ധ്യായം 5

## തിരുവിതാംകൂർ രാജവംശം

### ഉൽപ്പത്തി

തിരുവിതാംകൂർ രാജവംശത്തിന്റെ ഉൽപ്പത്തി ആദിചേരവംശത്തിൽനിന്നാണെന്നു വിശ്വസിക്കപ്പെടുന്നു. ആദ്യകാലങ്ങളിൽ ചേരരാജ്യം സഹ്യപർവ്വതത്തിനു കിഴക്കും പടിഞ്ഞാറും കിടന്നിരുന്നു ആദിചേരന്മാരുടെ ശക്തി ക്ഷയിച്ച അവസരത്തിൽ ചേരവംശത്തിലെ ഒരു ശാഖ കൽക്കുളത്തുണ്ടായിരുന്നു. അതാണു വേണാട്ടിലെ രാജവംശം.

വേണാട്ടിലെ ആദ്യത്തെ രാജാവിന്റെ പേരു് ഭാനുവിക്രമൻ എന്നായിരുന്നു എന്നും, അദ്ദേഹത്തെ അഭിഷേകം ചെയ്തതു പരശുരാമൻതന്നെ ആയിരുന്നു എന്നും ഐതിഹ്യമുണ്ടു്. കുലശേഖരന്മാർ ഈ വംശത്തിൽ പെട്ടവരായിരുന്നു എന്നാണു് വിശ്വസിക്കപ്പെടുന്നതു്. കേരളദേശം മുഴുവനിലും പാണ്ഡ്യചോളദേശങ്ങളിലും ഇദ്ദേഹത്തിന്റെ ശക്തി വ്യാപിച്ചിരുന്നു എന്നു കാണാം.

### 2. ഉദയമാർത്താണ്ഡവർമ്മ

കൊല്ലവർഷം സ്ഥാപിച്ചതായി നാം വിവരിച്ചിട്ടുള്ള ഉദയമാർത്താണ്ഡവർമ്മ, വേണാട്ടു വംശത്തിലെ പ്രബലനായ ഒരു രാജാവായിരുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ മററു നാടുവാഴികളെല്ലാം അദ്ദേഹവുമായി സഹകരിച്ചിട്ടുണ്ടു്. കൂടാതെ മധുര തിരുനൽവേലി മുതലായ സ്ഥലങ്ങളിലും കൊല്ലവർഷം സ്വീകരിക്കപ്പെട്ടുപോന്നു. പേർഷ്യൻ വ്യാപാരികൾ കൊല്ലം

പട്ടണത്തിൽ കുടിയേറിയതും, കൊല്ലം തുറമുഖം പരിഷ്കരിച്ചതും ഈ കാലത്തായിരുന്നു. ഇതിൽനിന്നെല്ലാം ഉദയമാർത്താണ്ഡവർമ്മയുടെ സ്വാധീനശക്തി നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. അതുവരെ കേരളത്തിൽ നിലവിലിരുന്നതു് കലിദിനസംഖ്യ ആയിരുന്നു. എ. ഡി. 825 ആഗസ്റ്റ് 15—ാംതീയതിയാണ് കൊല്ലവർഷം ആരംഭിച്ചതു്. അതു് കലി 3926—ാമാണ്ടിലായിരുന്നു. നാട്ടിൽ വിദേശവ്യാപാരം വർദ്ധിച്ചുവന്ന ഒരു കാലമായിരുന്നു അതു്. കച്ചവടക്കണക്കുകൾ എഴുതുന്നതിനു കലിദിനസംഖ്യയേക്കാൾ ലഘുവായ ഒരു കണക്കാവശ്യമായിരുന്നു ആകയാൽ കേരളത്തിലെ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഉപദേശമനുസരിച്ചു്, പ്രതാപവാനായ ഈ വേണാട്ടരചൻ, ഇങ്ങനെ മലയാം കൊല്ലവർഷം ആരംഭിച്ചതാണ്. അക്കാലത്തു കൊല്ലം പട്ടണമായിരുന്നു വേണാട്ട രാജ്യത്തിന്റെ തലസ്ഥാനമെന്നും ദക്ഷിണകേരളത്തിന്റെ വ്യാപാരകേന്ദ്രം എന്നും ഇവിടെ നാം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

## ൩. രവിവർമ്മകുലശേഖരൻ.

വേണാട്ടു വംശത്തിലെ പ്രഖ്യാതനായ മറ്റൊരു രാജാവാണ് 1266—നും 1313—നും ഇടയ്ക്കു് ജീവിച്ചിരുന്ന രവിവർമ്മ കുലശേഖരൻ. അദ്ദേഹത്തിന്റെ മാതാവു് വേണാട്ടുവംശത്തിലെ ഉമാദേവിയും, പിതാവു് ജയസിംഹൻ എന്ന വീരയോദ്ധാവും ആയിരുന്നു. രവിവർമ്മകുലശേഖരൻ പാണ്ഡ്യരാജ്യത്തെ ആക്രമിച്ചശേഷം പാണ്ഡ്യരാജാവിന്റെ പുത്രിയെ വിവാഹം ചെയ്തു. പിന്നീടു് അദ്ദേഹം തെക്കേ ഇൻഡ്യ മുഴുവൻ പിടിച്ചടക്കുകയും കാഞ്ചീപുരത്തു വച്ചു ചക്രവർത്തിയായി കിരീടധാരണം ചെയ്യുക

യും ചെയ്തു. തെക്കേഇൻഡ്യയിൽ മഹമ്മദീയരുടെ ശക്തി വർദ്ധിച്ചുവന്നിരുന്ന ഒരു കാലമായിരുന്നു അതു്. ഈ അവസരത്തിൽ രവിവർമ്മകുലശേഖരൻ മഹമ്മദീയരുടെ ആക്രമണങ്ങളിൽ നിന്നും ഹിന്ദുക്കളെ ധൈര്യപൂർവ്വം സംരക്ഷിച്ചു. അതിനാൽ അദ്ദേഹത്തിനു സംഗ്രാമധീരൻ എന്ന പേരു സിദ്ധിച്ചു. അദ്ദേഹം വലിയൊരു സംസ്കൃത പണ്ഡിതനും ഹിന്ദുമതഭക്തനുമായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഒരു സ്വർണ്ണ വാർപ്പു് നടയ്ക്കുവച്ചിട്ടുണ്ടു്. അതിലാണു് ഇന്നും ശ്രീപത്മനാഭനു പാൽപ്പായസം നിവേദിക്കുന്നതു്. പക്ഷേ രവിവർമ്മ കുലശേഖരനു ദീർഘായുസ്സില്ലായിരുന്നു. അദ്ദേഹം 1313—ൽ ചരമമടഞ്ഞു.

അനന്തരഗാമികൾ ബലഹീനന്മാരായിരുന്നതിനാൽ അദ്ദേഹത്തിന്റെ സാമ്രാജ്യം വേഗം ഛിന്നഭിന്നമായിപ്പോയി എന്നു മാത്രമല്ല പിൽക്കാലങ്ങളിൽ വിദേശികൾ വേണാടിനെ ആക്രമിക്കുന്നതിനും ഇടയായി. അക്കാലത്തു തെക്കേ ഇൻഡ്യയിൽ ഉദിച്ചുയർന്ന ഒരു പ്രബല ഹൈന്ദവ സാമ്രാജ്യമായിരുന്നു വിജയനഗരം. ആ രാജ്യത്തിലെ ചക്രവർത്തികൾ വേണാടിനെ പലതവണ ആക്രമിച്ചുവെങ്കിലും അവർക്കു വലിയ വിജയമൊന്നും ലഭിച്ചില്ല. അതിനുശേഷം മധുരയിൽ തിരുമല നായിക്കൻ എന്നൊരു ഭരണാധിപൻ ശക്തിപ്രാപിച്ചു. അയാൾ ഒരു വലിയ സേനയുമായി നാഞ്ചനാടു് ആക്രമിക്കുകയും വേണാട്ടിലെ സേനാനായകനായ ഇരവിക്കുട്ടിപ്പിള്ളയെ കണിയാപുരം യുദ്ധത്തിൽ വധിക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ ഇരവിക്കുട്ടിപ്പിള്ളയുടെ വിശ്വസ്തഭൃത്യനായ ഒരു കാളിനായർ, സ്വന്ത യജമാനന്റെ ശിരസ്സു ലഭിക്കുന്നതിനായി മധുര

പ്പാളയത്തിൽ ഏകാകിയായി പ്രവേശിച്ചു വീരകൃത്യങ്ങൾ ഇന്നും നാഞ്ചിനാട്ടിൽ പുകഴ്ത്തപ്പെടുന്നുണ്ട്.

## 4. ഉമയമ്മറാണി.

വേണാടിന്റെ ചരിത്രത്തിൽ പ്രഖ്യാപിതയായ ഒരു തമ്പുരാട്ടിയാണ് 1677-മുതൽ 1684- വരെനാടു വാണ ഉമയമ്മറാണി. അവരുടെ തലസ്ഥാനം പത്മനാഭപുരമായിരുന്നു. ഈ റാണി നാടുവാഴാനിടയായതു കിരീടാവകാശിയായ രവിവർമ്മരാജകുമാരൻ മൈനറായിരുന്നതുമൂലമാണ്. ഈ റാണിയുടെ വാഴ്ച വേണാടു രാജവംശത്തിൽ പെട്ട വേറെ ചില ശാഖക്കാർക്കു തൃപ്തിപ്പെട്ടില്ല. എന്നാൽ അവരുടെ എതിർപ്പുകളെ റാണി ധൈര്യപൂർവ്വം അമർച്ചചെയ്തു. രാജ്യത്തിൽ സമാധാനം പാലിച്ചു. പക്ഷെ അക്കാലത്തു വേറൊരാപത്തുകൂടി വേണാടിനെ തുറിച്ചുനോക്കി. മുകിലൻ എന്നറിയപ്പെടുന്ന ഒരു പരദേശമഹമ്മദീയയോദ്ധാവു തന്റെ അനുചരന്മാരോടുകൂടി വേണാടാക്രമിക്കുവാൻ ആരുവാമൊഴിപ്പുഴയിൽ കൂടി പാഞ്ഞെത്തു. തിരുവനന്തപുരത്തുള്ള ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ വിലതീരാത്ത രത്നങ്ങളും ദ്രവ്യങ്ങളും നിഷ്പ്രയാസം തട്ടിക്കൊണ്ടുപോകാമെന്നായിരുന്നു അയാളുടെ മോഹം പക്ഷെ അയാളുടെ അനുഭവം മറിച്ചായിരുന്നു ഉമയമ്മറാണിയുടെ സേനാനായകൻ വടക്കൻ കോട്ടയത്തുനിന്നും വന്ന കേരളവർമ്മരാജാവായിരുന്നു. ധീരനായ ഇദ്ദേഹം ഒരു സൈന്യവുമായി മുകിലനെ എതിർത്തു. തിരുവട്ടാററുവച്ചു രണ്ടു സൈന്യങ്ങളും കൂട്ടിമുട്ടി. മുകിലന്റെ സൈന്യം തോറേറാടുകയും അയാൾ യുദ്ധക്കളത്തിൽവച്ചു മരിക്കുകയും ചെയ്തു. ഈ അവസരത്തിൽ തിരുവനന്തപുരത്തു മണക്കാട്

എന്ന സ്ഥലത്തു വസിച്ചിരുന്ന സ്വദേശമഹമ്മദീയർ വേണാട്ടിലെ റാണിയുടെ പക്ഷത്തുതന്നെ നിന്നു ധീരമായി പോരാട്ടുകയാണു ചെയ്തതു്. ഇതു് അവരുടെ ദേശഭക്തിക്കും രാജഭക്തിക്കും മതിയായ തെളിവത്രേ. ഈ സംഭവം കഴിഞ്ഞശേഷമാണു് വേണാടിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേക്കു മാററിയതു്.

കിരീടാവകാശിയായ രവിവർമ്മയ്ക്കു പ്രായപൂർത്തിയായപ്പോഴും ഉമയമ്മറാണി ഭരണമൊഴിഞ്ഞു. അദ്ദേഹത്തിന്റെ മരണശേഷം വേണാട്ടിൽ സന്തതിയില്ലാതെ വന്നിരുന്നതുകൊണ്ടു കോലത്തുനാട്ടിൽ നിന്നും രണ്ടു രാജകുമാരന്മാരെ വേണാട്ടിലേക്കു ദത്തെടുത്തു. അവരുടെ അനന്തിരവനാണു പ്രസിദ്ധനായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു്. അദ്ദേഹമാണു വേണാട്ടു രാജവംശത്തിന്റെ ശക്തിയും പ്രതാപവും വർദ്ധിപ്പിച്ചു വടക്കൻ പറവൂരുവരെയുള്ള ദേശങ്ങൾ തിരുവിതാംകൂറിൽ ചേർത്തതും. ആധുനിക തിരുവിതാംകൂറിന്റെ നിർമ്മാതാവത്രേ അദ്ദേഹം.

## ചോദ്യങ്ങൾ.

1. ഉദയമാർത്താണ്ഡവർമ്മ, രവിവർമ്മകുലശേഖരൻ, ഉമയമ്മറാണി, ഇവരുടെ കാലത്തെ പ്രധാന സംഭവങ്ങൾ വിവരിക്കുക.

# അദ്ധ്യായം 6

## സാമൂതിരി വംശം

### 1. കോഴിക്കോടിന്റെ ഉൽഭവം.

(ഏ. ഡി. 674_ൽ ചേരമാൻ പെരുമാൾ സ്ഥാനത്യാഗം ചെയ്തതായി നാം മുൻപു വിവരിച്ചിട്ടുണ്ടു്. ആ അവസരത്തിൽ പെരുമാൾ തന്റെ സാമന്തന്മാർക്കും, ആശ്രിതന്മാർക്കും, മക്കൾക്കും, മരുമക്കൾക്കും അവരവർക്കു ചേർന്ന രാജ്യങ്ങൾ വിതിച്ചു കൊടുക്കുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ സേനാധിപന്മാരായ മാനിച്ചനും വിക്രമനും പാലക്കാട്ടു താഴ്വരയിൽ ശത്രുക്കളോടു പടവെട്ടിക്കൊണ്ടിരിക്കയായിരുന്നു. അവരുടെ കാര്യം വൃദ്ധനായ പെരുമാൾ മറന്നുപോയി. ശത്രുക്കളെ ജയിച്ചു മടങ്ങിവന്നപ്പോൾ മാത്രമാണു പെരുമാൾ രാജ്യം പങ്കിട്ട കാര്യം അവർ ഗ്രഹിച്ചതു്. അവരെ കണ്ടപ്പോഴാണു് പെരുമാളിനും തന്റെ മറവിയെപ്പററി ബോദ്ധ്യമുണ്ടായതു്.

അപ്പോൾ പെരുമാളിനു ബാക്കി ശേഷിച്ചിരുന്നതു "ചുള്ളിക്കാടും, കോഴിക്കോടും, സമുദ്രവിഥിയിൽ കോഴി കൂകിയാൽ കേൾക്കുന്നിടത്തോളം പ്രദേശവും" മാത്രമായിരുന്നു. ഇത്രയും സ്ഥലവും പെരുമാളിന്റെ വാളും "കുന്നലക്കോനാതിരി" എന്ന സ്ഥാനവും പെരുമാൾ തന്റെ സേനാധിപന്മാരായ സഹോദരന്മാർക്കു കൊടുത്തു. "ചത്തും കൊന്നും അടക്കിക്കൊള്ളുക" എന്നുള്ള ആശിസ്സും അദ്ദേഹം നൽകി. മദ്ധ്യകേരളത്തിന്റെ വടക്കേ അതിരായ ഏറനാടു താലൂക്കു് ഇങ്ങനെ

അവർക്കു ലഭിച്ചു. ഇങ്ങനെയാണു് കോഴിക്കോട്ട രാജ്യത്തിന്റെ ആരംഭം.

## 2. കുന്നലക്കോനാതിരിയുടെ രാജ്യസമ്പാദനങ്ങൾ

കോഴിക്കോട്ട രാജാവിന്റെ അടുത്ത പരിശ്രമം അയൽദേശങ്ങൾ പിടിച്ചടക്കണമെന്നായിരുന്നു. ആദ്യമായി അദ്ദേഹം പോലനാട്ട പൊർളാതിരിയുടെ രാജ്യം പിടിച്ചു. യുദ്ധത്തിൽ വിജയം സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ, പൊർളാതിരിയുടെ കാര്യക്കാരെ കോഴകൊടുത്തു വശത്താക്കിയത്രേ.സാമൂതിരി തന്റെ ഉദ്ദേശ്യം സാധിച്ചതു്.പിന്നീടു് അദ്ദേഹം വള്ളുവനാട്ട രാജ്യം പിടിച്ചടക്കി (ഈ രാജ്യം പിടിച്ചടക്കുന്നതിൽ സാമൂതിരിക്കു് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. മാമാങ്കം നടത്തിയിരുന്ന തിരുനാവായ എന്ന സ്ഥലം വള്ളുവനാട്ടിലായിരുന്നതുകൊണ്ടു് നിലപാട നിൽക്കുന്നതിനുള്ള അവകാശം വള്ളുവനാട്ട രാജാവിനു വന്നുചേർന്നു. പണ്ടുകാലം മുതൽ പെരുമാക്കന്മാർക്കുണ്ടായിരുന്ന ഈ അവകാശം തനിക്കു ലഭിക്കണമെന്നുള്ള മോഹം മൂലമാണു സാമൂതിരി ഇങ്ങനെ ആ രാജ്യം പിടിച്ചെടുത്തതു്). അദ്ദേഹം പല നയങ്ങളും തന്ത്രങ്ങളും പ്രയോഗിച്ചാണു മാമാങ്കത്തിൽ നിലപാടു നിൽക്കുവാനുള്ള അവകാശം സമ്പാദിച്ചതു്. അതിനു ശേഷം, അദ്ദേഹം മഡഗാസ്കറിൽനിന്നു വന്ന, ബാവായുടെ മകൻ കോയ എന്ന ഒരു മുസ്ലിം വണിക്പ്രഭുവിന്റെ സഹായത്തോടുകൂടി പന്ത്രണ്ടുകൊല്ലംകൊണ്ടു വള്ളുവനാട്ട രാജ്യം മുഴുവൻ കരസ്ഥമാക്കി.

അക്കാലത്തു വടക്കൻ കേരളത്തിൽ ബലഹീനരായ പല രാജാക്കന്മാരുമുണ്ടായിരുന്നു. അവരുടെ രാജ്യ

ങ്ങാം മങ്ങാട്ട്, വെട്ടത്തുനാട്ട് കുറുമ്പ്രനാട്, വടക്കൻ കോട്ടയം എന്നിവയായിരുന്നു. അവയിൽതന്നെ ഇട പ്രഭുക്കന്മാർ തമ്മിൽ അന്തഃഛിദ്രങ്ങളും ധാരാളവുമായിരുന്നു. ഈ സാഹചര്യങ്ങളും മൂലം അവയിൽ പലതിനെയും കൗശലത്തിൽ സ്വാധീനമാക്കുന്നതിനും പിടിച്ചടക്കുന്നതിനും കോഴിക്കോടിനു സാധിച്ചു. പക്ഷേ കോട്ടയത്തു രാജാവിനെ മാത്രം അമർച്ചചെയ്യുവാൻ സാമൂതിരിക്കു സാധിച്ചില്ല. 1495—ൽ സാമൂതിരി കൊച്ചിരാജ്യത്തിന്റെ വടക്കു കിടന്നിരുന്ന ഭാഗങ്ങളും പിടിച്ചടക്കി, തന്റെ രാജ്യത്തോടു ചേർത്തു.

## 3. കൊച്ചിയുടെ നേരേ.

അതിനുശേഷം 1698—ൽ കൊച്ചിയെ ഒന്നാകെ പിടിച്ചടക്കണമെന്നായിരുന്നു അന്നത്തെ സാമൂതിരിയുടെ ലക്ഷ്യം അക്കാലത്തു് കൊച്ചിരാജകുടുംബത്തിലെ പല തായ്‌വഴികൾ തമ്മിൽ അന്തഃഛിദ്രമുണ്ടായിരുന്നതുമൂലമാണു് സാമൂതിരിക്കു് ഇങ്ങനെ ഒരാശയം ഉണ്ടായതുതന്നെ. ഈ ഉദ്ദേശ്യം സാധിക്കുന്നതിനു വേണ്ടി സാമൂതിരി കൊച്ചിയുടെ അതിർത്തിയിൽ കോട്ടകൊത്തളങ്ങൾ പണിയിക്കുകയും, കൊച്ചിയുടെ സാമന്തരാജാക്കന്മാരെ പുറക്കാട്ട്, പറവൂർ, വടക്കുംകൂർ എന്നി തമ്പുരാക്കന്മാരെ വശീകരിക്കുകയും ചെയ്തു തുടങ്ങി. ഇതെല്ലാം കണ്ടപ്പോൾ കൊച്ചിരാജാവിനു വലിയ ഭയമായി. അക്കാലത്തു കൊച്ചിയിൽ കച്ചവടം നടത്തിയിരുന്ന ലന്തക്കമ്പനിക്കാരുടെ സഹായം കൊച്ചിക്കുണ്ടായിരുന്നു. അവരുടെ വലിയ തോക്കിനെ സാമൂതിരിക്കു വലിയ ഭയമായിരുന്നു ആകയാൽ അദ്ദേഹം യുദ്ധത്തിൽ നിന്നു പിൻവാങ്ങുകയാണു ചെയ്തതു്

പക്ഷെ സാമൂതിരിക്കു കൊച്ചിയോടും ലന്തക്കമ്പനിക്കാരോടും ഉള്ള പക വർദ്ധിച്ചു വന്നതേയുള്ളു. 1755-6 എന്നീ കൊല്ലങ്ങളിൽ സാമൂതിരിയുടെ ഭടന്മാർ കൊച്ചിരാജ്യത്തിൽ പ്രവേശിച്ചു. ആലങ്ങാട്ട് പറവൂർ, കൊടുങ്ങല്ലൂർ, ആലുവാ വരാപ്പുഴ, മഞ്ഞുമ്മൽ തുടങ്ങിയ സ്ഥലങ്ങളിൽ സാമൂതിരി തന്റെ സൈന്യങ്ങളെ പാർപ്പിക്കുകയും, കരം പിരിച്ചു ഭരണം നടത്തുവാൻ കാര്യക്കാരെ നിയമിക്കുകയും ചെയ്തു.

ഈ മൽപിടുത്തത്തിൽ തോൽവി ഭവിച്ച കൊച്ചിമഹാരാജാവു തിരുവിതാംകൂറുമായി അപ്പോൾ സഖ്യം ചെയ്തു. അക്കാലത്തു തിരുവിതാംകൂർ ഭരിച്ചിരുന്നതു വീരപരാക്രമിയായ അനിഴം തിരുനാൾ മാർത്താണ്ഡ വർമ്മമഹാരാജാവായിരുന്നു. അദ്ദേഹത്തിന്റെ മനഃപൂർവ്വമായ സഹായത്തോടുകൂടി കൊച്ചിരാജാവു് സാമൂതിരിയെ കൊച്ചിയതിർത്തികളിൽ നിന്നും ആട്ടിഓടിക്കുകയുണ്ടായി.

## 4. പാലക്കാട്ട് ആക്രമണം.

ഇനിയും തെക്കോട്ടുള്ള രാജ്യം പിടിച്ചടക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ സാമൂതിരിയുടെ ദൃഷ്ടി വടക്കോട്ടായി. 1756-7ൽ സാമൂതിരി പാലക്കാട്ട രാജ്യത്തിലേക്കു പ്രവേശിച്ചു് ഏതാനും പ്രദേശങ്ങൾ പിടിച്ചടക്കുകയുണ്ടായി. ഭയം പൂണ്ട പാലക്കാട്ട രാജാവു് അപ്പോൾ, 'മൈസൂർ കടുവാ' എന്നു പ്രസിദ്ധനായിരുന്ന ഹൈദരാലി സുൽത്താനെ സഹായത്തിനു വിളിച്ചു ഹൈദരാലിയാകട്ടെ വലുതായ ഒരു സൈന്യവുമായി പാലക്കാട്ടേക്കു വരികയും യുദ്ധത്തിൽ സാമൂതിരിയെ പരിപൂർണ്ണമായി തോൽപ്പിക്കുകയും ചെയ്തു

പന്ത്രണ്ടു ലക്ഷം രൂപാ ഹൈദരുടെ യുദ്ധച്ചെലവിനായി കൊടുക്കാമെന്നു് സാമൂതിരി സമ്മതിക്കേണ്ടതായും വന്നു.

## 5. കോഴിക്കോടിന്റെ വീഴ്ച

പക്ഷെ മൂന്നു കൊല്ലം കഴിഞ്ഞിട്ടും ഈ തുക ഹൈദരെ ഏല്പിക്കുവാൻ സാമൂതിരിക്കു കഴിഞ്ഞില്ല. ആകയാൽ ഹൈദർ കോഴിക്കോട്ടേക്കു വലിയ ഒരു സൈന്യവുമായി വന്നുചേർന്നു. യാതൊരു പ്രയാസവും കൂടാതെ സാമൂതിരിയുടെ തലസ്ഥാനം ഹൈദർ പൂർണ്ണമായി കീഴടക്കി. ഒരു കോടി പവൻ വരാഹൻ കൊടുത്താൽ രാജ്യം സാമൂതിരിക്കുതന്നെ തിരികെ കൊടുക്കാമെന്നു ഹൈദർ പറഞ്ഞു. പക്ഷേ, സാമൂതിരിക്കു് അതിനു വേണ്ട കഴിവില്ലായിരുന്നു. പോരെങ്കിൽ ഹൈദർ അദ്ദേഹത്തിനു യാതൊരു സ്വാതന്ത്ര്യവും തന്റെ കോവിലകത്തുതന്നെ കൊടുത്തിരുന്നതുമില്ല. അതിനാൽ സാമൂതിരി തുലോം നിരാശനായി, കോവിലകത്തുള്ള സ്വന്തം വെടിമരുന്നു പുരയിൽ കടന്നു മരുന്നിനു തീ കൊളുത്തി, ആ അഗ്നിജ്വാലയിൽ തീപ്പെടുകയാണു ചെയ്തതു്.

### ചോദ്യങ്ങൾ

1. കോഴിക്കോട്ടു രാജകുടുംബത്തിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള ചരിത്രകഥ വിവരിക്കുക.
2. 17-ാം നൂറ്റാണ്ടുവരെ ഏതെല്ലാം രാജ്യങ്ങളാണു് സാമൂതിരിമാർ പിടിച്ചടക്കിയതു്.
3. കോഴിക്കോടിന്റെ വീഴ്ച വിവരിക്കുക.

# അദ്ധ്യായം 7.

## പോർട്ടുഗീസുകാരും ഡച്ചുകാരും.

പണ്ടേക്കുപണ്ടേ കേരളത്തിൽ വിളഞ്ഞിരുന്ന കുരുമുളക്, ഇഞ്ചി, ഏലം, കറുവാ, മുതലായ ഉൽപ്പന്നങ്ങൾ യൂറോപ്യന്മാരുടെ മത്സ്യമാംസാദി ആഹാരങ്ങൾ പാകപ്പെടുത്തുന്നതിനും ഔഷധങ്ങൾ ഉണ്ടാക്കുന്നതിനും അത്യാവശ്യസാധനങ്ങളായിരുന്നു. ആദിമകാലങ്ങളിൽ ഗ്രീക്കുകാരും റോമാക്കാരും ഈ സാധനങ്ങൾ ഇവിടെ നിന്നും നേരിട്ടു വാങ്ങിയിരുന്നു. പക്ഷേ ഇടക്കാലത്ത് ഇസ്ലാം മതക്കാരായ അറബികളുടെ കൈവശം ആ കച്ചവടം വന്നുചേർന്നു. അവർ അമിതമായ വില ചുമത്തിയാണ് യൂറോപ്പിൽ ഈ സാധനങ്ങൾ വിററുവന്നത്. ആകയാൽ ഇൻഡ്യയുമായി നേരിട്ടു കടൽ വ്യാപാരം തുടങ്ങുന്നതിനു യൂറോപ്പിലെ ക്രിസ്ത്യൻ രാജ്യക്കാർ പതിനഞ്ചാം നൂററാണ്ടിന്റെ അവസാനം മുതൽ പല ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിൽ ആദ്യമായി വിജയം പ്രാപിച്ചതു പോർട്ടുഗീസുകാരായിരുന്നു അവരുടെ മാതൃകയിൽ പിന്നീട് ഇൻഡ്യയിൽ കച്ചവടം നടത്തിയതു ഡച്ചുകാരായിരുന്നു. അതിനെ തുടർന്നാണ് ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ഇൻഡ്യയിൽ വന്നു കച്ചവടം തുടങ്ങിയത്.

ഈ യൂറോപ്യൻ വ്യാപാരികൾ വലിയ കമ്പനികൾ ചേർന്നാണു കച്ചവടം നടത്തിയത്. അവരുടെ കച്ചവടം സമുദ്രതീരം സംബന്ധിച്ചുള്ള പട്ടണങ്ങളിലാണ് ആരംഭിച്ചത്. കേരളക്കരയിൽ അന്നു ശക്തി

യേറിയ രാജാക്കന്മാരില്ലായിരുന്നു. കേരളചക്രവൎത്തിമാരായ പെരുമാക്കന്മാരുടെ ഭരണം ഏഴാം നൂററാണ്ടോടുകൂടി കഴിഞ്ഞിരുന്നു. അതിനുശേഷം തിരുവഞ്ചിക്കുളം ഭരിച്ചിരുന്ന വീരകേരളവംശത്തിന്റെ പ്രാബല്യം 13—ാം നൂററാണ്ടിൽ അസ്തമിച്ചുപോയി. പതിന്നാലാം നൂററാണ്ടിൽ സുപ്രസിദ്ധമായ കൊടുങ്ങല്ലൂർ തുറമുഖം മണൽ കയറി നിരുപയോഗമായിത്തീരുകയും, 15—ാം നൂററാണ്ടിൽ കേരളത്തിലെ രാജാക്കന്മാരെല്ലാം പരസ്പരം ഭിന്നിച്ചും ശത്രുതയിലും കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. ഇങ്ങനെയിരിക്കുന്ന കാലഘട്ടത്തിലാണ് പോർട്ടുഗീസു രാജാവു തന്റെ വിശ്വസ്തകപ്പിത്താനായ വാസ്കോഡിഗാമായെ ഏതാനും കച്ചവടക്കപ്പലുകളുമായി ഇൻഡ്യയിലേക്ക് അയച്ചതു്. അദ്ദേഹം 1498_ൽ കോഴിക്കോട്ടിനു 8 നാഴികവടക്ക് നങ്കൂരമുറപ്പിച്ചു. അദ്ദേഹം കോഴിക്കോട്ടു പട്ടണത്തിൽ ഒരു വ്യാപാരശാല സ്ഥാപിക്കുവാനുള്ള രാജാനുമതി വാങ്ങിച്ചു. അതിനെ തുടർന്നു 1500_ാമാണ്ടിൽ കേബ്രാൾ എന്ന കപ്പിത്താൻ പോർട്ടുഗലിൽ നിന്നും കോഴിക്കോട്ടെത്തി. എങ്കിലും അറബികളുടെ സ്വാധീനക്കൂടുതൽ കൊണ്ടു് പോർട്ടുഗീസുകാർക്ക് അവിടെ നിന്നും കുരുമുളകു ലഭിച്ചില്ല.

അതിനാൽ പോർട്ടുഗീസുകാർ തെക്കോട്ടു തിരിച്ചു് കൊച്ചി തുറമുഖത്തെത്തി ഗോദവർമ്മരാജാവിനെ സന്ദർശിച്ചു. അവിടെനിന്നു പതിനഞ്ചു ദിവസംകൊണ്ടു് തങ്ങളുടെ കപ്പലുകൾ നിറയെ ചരക്കുകൾ കയററി സ്വദേശത്തേക്കു പോകുവാൻ കേബ്രാളിനു കഴിഞ്ഞു. ഇങ്ങനെ പോർത്തുഗീസുകാർക്കു കൊച്ചിരാജ്യവുമായി മൈത്രിയും, കോഴിക്കോടുമായി വിരോധവും ഉൽഭവിച്ചു. 1502—ാമാണ്ടു വാസ്കോഡിഗാമാ രണ്ടാമ

ത്തും ഇൻഡ്യൻ തീരത്തേക്കു വന്നപ്പോൾ അദ്ദേഹം കോഴിക്കോട്ടിനു സമീപം അനേകം അറബിക്കപ്പലുകളെ നശിപ്പിക്കുകയുണ്ടായി. പിന്നീട് അദ്ദേഹം കൊച്ചിയിൽ അടുത്തു. നസ്രാണികളുടെ പ്രതിനിധികളെ അദ്ദേഹം കപ്പലിൽ വച്ചു പരസ്യമായി സ്വീകരിക്കുകയും കുരുമുളകു വ്യാപാരത്തിലും മതപരമായ കാര്യങ്ങളിലും പരസ്പരം സഹകരിക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. ഇങ്ങനെ അറബി വ്യാപാരികളും സാമൂതിരിയും ഒരുപക്ഷത്തും, നസ്രാണി വ്യാപാരികളും കൊച്ചി രാജാവും മറുപക്ഷത്തും അണിനിരന്നു. അനന്തരം ഭയങ്കരമായ പല യുദ്ധവും കൊച്ചിയും കോഴിക്കോടും തമ്മിലുണ്ടായിട്ടുണ്ട്. ഈ യുദ്ധങ്ങളിൽ ഇരുപക്ഷത്തേക്കും വലുതായ നഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ പോർട്ടുഗീസുകപ്പൽ സമൂഹങ്ങളുടെ സഹായം മൂലം കൊച്ചിക്കാണു വിജയമുണ്ടായത്. ഒടുവിൽ കോഴിക്കോട്ടു സാമൂതിരിയുടെ മിത്രങ്ങളായിരുന്ന അറബികൾ കേരളം വിട്ടു മക്കത്തേക്കു കടക്കേണ്ടതായിവന്നു. പക്ഷേ, പോർട്ടുഗീസുകാർ അവരെ വഴിക്കുവച്ചു തടയുകയും അനേകം പേരെ വധിക്കുകയും അവരുടെ വക കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു.

പോർട്ടുഗീസുകാരുടെ ശക്തി ഇതിനകം വളരെ വർദ്ധിച്ചു. കണ്ണൂർ തുറമുഖത്തിൽ ഒരു പണ്ടകശാലയും കോട്ടയും കെട്ടുന്നതിനു അവർ കോലത്തിരി രാജാവിനോട് അനുവാദം വാങ്ങി. സാമൂതിരിയുടെ രാജ്യത്തിനടുത്തു പറങ്കികൾ സ്ഥിരവാസം തുടങ്ങിയപ്പോൾ അദ്ദേഹത്തിനു കണക്കില്ലാത്ത ഭയം വർദ്ധിച്ചു. പറങ്കികളുടെകപ്പൽപ്പടയെ ജയിക്കുന്നതിനായി സാമൂതിരി നൂറോളം കപ്പലുകൾ ശേഖരിച്ചു തുടങ്ങി.

പക്ഷെ 1506—ാമാണ്ടിൽ പറങ്കികൾ ഈ കപ്പൽപ്പടയെ നിഷ്പ്രയാസം തോല്പിച്ചുകളഞ്ഞു. അപ്പോൾ സാമൂതിരി ഈജിപ്തുകാരുമായി യോജിച്ചു് 1508—ൽ പറങ്കികളെ ഒരു നാവികയുദ്ധത്തിൽ തോല്പിച്ചു. ഇതിന്നു പകരം ചോദിക്കാതെ പറങ്കികൾ അടങ്ങുകയില്ലെന്നായി. 1509_ൽ അവർ ഗുജറാത്തിന്നു സമീപം വച്ചു ഈജിപ്തുകാരുടെ കപ്പൽപ്പടയെ നിശ്ശേഷം തോല്പിക്കുകയുണ്ടായി.

ഇതിനോടുകൂടി ഒരു പണ്ടകശാല കൊല്ലത്തു തങ്കശ്ശേരിഭാഗത്തു പറങ്കികളുടെ വകയായി സ്ഥാപിക്കപ്പെട്ടു. പോർട്ടുഗീസുകാർ കൊല്ലത്തു വ്യാപാരം നടത്തുന്ന പക്ഷം അതുമൂലം നാട്ടിന്നു കൂടുതൽ ഐശ്വര്യമുണ്ടാകുമെന്നുകണ്ടു് ദേശിംഗനാട്ടു റാണി അവരെ അങ്ങോട്ടു ക്ഷണിച്ചതാണു്. ആദ്യം അവർ ആ ക്ഷണത്തെ നിരസിച്ചു. എങ്കിലും കൊച്ചിമഹാരാജാവു മുഖേന റാണി വീണ്ടും ക്ഷണിച്ചപ്പോൾ അവർ രണ്ടു കപ്പലുകൾ കൊല്ലത്തേക്കയച്ചുകൊടുത്തു. ആ കപ്പലുകളിൽ രണ്ടിലും കുരുമുളകും മററുസാധനങ്ങളും കയററി അയപ്പിക്കുവാൻ റാണി പ്രത്യേകം ശ്രദ്ധിച്ചതായി കാണുന്നു. താമസിയാതെ കൊല്ലത്തെ റാണിയും പോർട്ടുഗീസുകാരും തമ്മിൽ ഒരു വ്യാപാരഉടമ്പടി ഉണ്ടാകുകയും തങ്കശ്ശേരിയിൽ ഒരു പണ്ടകശാല പണിയിക്കുകയുമാണുണ്ടായതു്. പക്ഷേ കുറേനാൾ കഴിഞ്ഞപ്പോൾ അറബികൾ പോർട്ടുഗീസുകാരുടെ പണ്ടകശാലയും പള്ളിയും ചുട്ടുനശിപ്പിച്ചുകളഞ്ഞു. അകത്തുണ്ടായിരുന്ന പറങ്കികളും വെന്തുവെണ്ണീറായി. അതുമൂലം കുറേക്കാലത്തേക്കു പറങ്കികൾ കൊല്ലത്തുനിന്നും വിട്ടുമാറേണ്ടതായിവന്നു. പിന്നീടു വേണാടു ഭരിച്ച ആററിങ്ങൽ റാണി പോർട്ടുഗീസു ഗവർണ്ണരുമായി

1516 —ൽ വേറൊരു കച്ചവടഉടമ്പടി നടത്തി. 500കണ്ടി കുരുമുളക് പോർട്ടുഗീസുകാർക്കു കൊടുക്കാമെന്ന് റാണി വാഗ്ദാനം ചെയ്തു ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുള്ള അനുമതിയും അവർക്കു ലഭിച്ചു. പക്ഷെ താമസിയാതെ പോർട്ടുഗീസുകാർക്കു കൊല്ലത്തുതന്നെ ശത്രുക്കളുണ്ടായി. സ്ഥലവാസികളായ ആയിരത്തഞ്ഞൂറു നായന്മാർ അങ്കോട്ടരിക്കോട്ട വളഞ്ഞു. അപ്പോൾ കൊച്ചിയിൽ നിന്നും സമയത്തിനു സഹായം ലഭിച്ചതിനാൽ കൊല്ലത്തെ നായന്മാരുടെ ആക്രമണം വിഫലമായതേയുള്ളു.

1516—ൽ ആററുങ്ങൽ റാണിയും പോർട്ടുഗീസുകാരും തമ്മിലുണ്ടായ വ്യാപാരഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ച് വേണാട്ടിലെ കടൽത്തീരത്ത് ക്രിസ് തുമതം പ്രചരിപ്പിച്ച പോർട്ടുഗീസു മിഷ്യനറിമാരിൽ പ്രധാനിയത്രേ വിശുദ്ധഫ്രാൻസിസ്സ് സേവ്യർ അഥവാ ശവരിയാർ പുണ്യവാളൻ. ഇദ്ദേഹം കുറേക്കാലം കേരളതീരത്തിലും സമീപപ്രദേശങ്ങളിലുംഅനേകം ജനങ്ങളെ ക്രിസ്തുമതത്തിൽ ചേർക്കുകയുണ്ടായി. അദ്ദേഹം കന്യാകുമാരിക്കു വടക്കുകിഴക്ക് തിരുനൽവേലിയിലെ തീരപ്രദേശത്തുള്ള പരവർ ജാതിക്കാരെയും ക്രിസ്തുമതത്തിൽ ചേർത്തിരുന്നു. ആ ഭാഗങ്ങൾ അന്നു വിജയനഗരരാജ്യത്തിൽ ചേർന്നതായിരുന്നു. അന്നു വിജയനഗരം ഭരിച്ചിരുന്ന പ്രബലനായ ചക്രവർത്തിക്കു പോർട്ടുഗീസുകാരുടെ ഈ നയം ഇഷ്ടപ്പെട്ടില്ല. പരവർ ക്രിസ്ത്യാനികളെയും പോർട്ടുഗീസുകാരെയും വിജയനഗരസൈന്യം വല്ലാതെ ഉപദ്രവിച്ചു. അപ്പോൾ പരവർക്രിസ്ത്യാനികളിൽ കുറേപ്പേർ കടൽത്തീരത്തുകൂടി വേണാടിൽ അഭയം പ്രാപിച്ചു. അക്കാരണത്താൽ വിജയനഗരസേനാനായകനായ

വിത്തലൻ ഒരു വമ്പിച്ച സൈന്യത്തോടുകൂടി തിരുവിതാംകൂറിലേക്കു കടന്നു. കോട്ടാറിനു സമീപം വേണാട്ടു സൈന്യവും വിജയനഗരസൈന്യവുമായി ഏററുമുട്ടി. വിത്തലന്റെ സൈന്യം തോൽക്കുകയും വേണാട്ടു സൈന്യം ജയിക്കുകയും ചെയ്തു. ശവരിയാർ പുണ്യവാളൻ യുദ്ധാവസരത്തിൽ തിരുവിതാംകൂർസൈന്യത്തിന്റെ മുൻപിൽ കുരിശുരൂപം കയ്യിലേന്തി, ഭടന്മാരെ പ്രോൽസാഹിപ്പിക്കുകയും, വിജയനഗരസൈന്യത്തെ തന്റെ സാത്വികതേജസ്സുകൊണ്ടു ഭയവിഹ്വലരാക്കുകയും ചെയ്തുവെന്നു് ആ സിദ്ധന്റെ പാശ്ചാത്യജീവചരിത്രങ്ങളിൽ വിവരിച്ചുകാണുന്നു. അന്നു വേണാടുഭരിച്ചിരുന്ന ഉണ്ണിക്കേരളവർമ്മ, ഈ മിഷ്യനറിയെ "വലിയ പാതിരി" എന്നു വിളിച്ചുവന്നിരുന്നു. ഈ വിശുദ്ധനാണു കേരളത്തിൽ ലത്തീൻക്രിസ്ത്യാനികളിൽ മഹാഭൂരിപക്ഷത്തെ മതപരിവർത്തനം ചെയ്തതു്.

പറങ്കികളുടെ ആധിപത്യം വളരെക്കാലം നീണ്ടുനിന്നില്ല. 1664-ൽ അവരുടെ വകയായി കൊച്ചിയിലുണ്ടായിരുന്ന കോട്ട ഡച്ചുകാർ പിടിച്ചെടുത്തു. 1500-ൽ ആരംഭിച്ച പോർത്തുഗീസു പ്രാബല്യം അങ്ങനെ അസ്തമിച്ചു. ആരംഭകാലത്തു് ഇൻഡ്യയിൽ വന്ന പോർത്തുഗീസുകാരിൽ, ധീരന്മാരും, ശക്തന്മാരും, സത്യവാന്മാരും, ഈശ്വരഭക്തന്മാരും ധാരാളം ഉണ്ടായിരുന്നു. പക്ഷേ അവരിൽ പലരും ക്രമേണ അലസന്മാരും ദുർമ്മാർഗ്ഗികളും കൈക്കൂലിക്കാരുമായിത്തീരുകയത്രേ ചെയ്തതു്. ആകയാൽ നാട്ടുകാർ അവരെ വെറുത്തു. നസ്രാണികൾ മട്ടാഞ്ചേരിയിൽ ഇന്നും കാണുന്ന കൂനൻകുരിശിൽ തൊട്ടു സത്യംചെയ്തു പോർത്തുഗീസു വൈദികഭരണത്തിൽനിന്നു മാറി. താമസിയാതെ പറങ്കികളുടെ കച്ചവടവും ക്ഷയിച്ചു. അവരുടെ ഉത്തമ

മിത്രങ്ങളായിരുന്ന കൊച്ചി രാജകുടുംബംപോലും അവരെ ഉപേക്ഷിച്ചു, ഡച്ചുപക്ഷത്തു ചേർന്നു. കൊച്ചി രാജാവിന്റെ അപേക്ഷപ്രകാരം ഡച്ചുകാർ ആദ്യം പറങ്കികളുടെ വക പള്ളിപ്പുറം കോട്ടയും, പിന്നീടു കൊടുങ്ങല്ലൂർകോട്ടയും, ഒടുവിൽ കൊച്ചിക്കോട്ടയും പിടിച്ചടക്കി).

ഇതോടുകൂടി കേരളത്തിലെ വിദേശവ്യാപാരമെല്ലാം ഡച്ചുകാരുടെ കൈവശത്തിൽ വന്നുചേർന്നു. തങ്കശ്ശേരി, കൊച്ചി, കൊടുങ്ങല്ലൂർ ചേററുവായി' കണ്ണൂർ ഇവയായിരുന്നു അന്നു കപ്പൽക്കച്ചവടത്തിനു പാറ്റിയ കേരളത്തിലെ തുറമുഖങ്ങൾ. അവയെല്ലാം ഡച്ചുകാർക്കു കിട്ടി. ഇങ്ങനെ ലന്തക്കാർക്കു കിട്ടിയ പ്രാബല്യം, 1664 മുതൽ 1766 വരെ ഒരു നൂററാണ്ടുകാലം നിലനിന്നു.

പക്ഷേ കാലാന്തരത്തിൽ ഡച്ചുകാരുടെ ശക്തിയും അസ്തമിച്ചു. (തിരുവിതാംകൂറിലെ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ, അവരെ 1740-ൽ കുളച്ചൽ യുദ്ധത്തിൽ തോൽപ്പിച്ചു് അവരുടെ വലിയതോക്കുകൾ അദ്ദേഹം കരസ്ഥമാക്കുകയും, അവരുടെ സേനാനായകനായിരുന്ന ഡിലനായിയെ തിരുവിതാംകൂറിലെ വലിയ കപ്പിത്താനായി നിയമിക്കുകയും ചെയ്തു. ഇതോടുകൂടി ഡച്ചുകാർക്കു കേരളം മുഴുവൻ പിടിച്ചടക്കാമെന്നുണ്ടായിരുന്ന വ്യാമോഹവും നഷ്ടിഭവിച്ചു. യുദ്ധസംബന്ധമായ ചെലവുകൾ വർദ്ധിച്ചപ്പോൾ അവരുടെ ഖജനാവിൽ പണമില്ലാതായി. ചെലവു കുറവു ചെയ്യാതെ തരമില്ലാതായി അതോടുകൂടി അവർക്കു രാജ്യത്തിലുണ്ടായിരുന്ന ശക്തിയും പ്രാബല്യവും കുറഞ്ഞു. ഒടുവിൽ ഡച്ചുകാർ തങ്ങളുടെ പണ്ടകശാലകളിൽ നിന്നും പിൻവാങ്ങുന്നതിന് കാരണമായി).

### ചോദ്യങ്ങൾ

1. പോർത്തുഗീസുകാർ കേരളത്തിൽ വന്നശേഷം പണ്ടകശാലകൾ സ്ഥാപിച്ചതു് എവിടെയെല്ലാം? ഏതെല്ലാം രാജാക്കന്മാരുമായി അവർ സഖ്യം ചെയ്തു.
2. ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചടക്കുവാൻ കാരണമെന്തു്? അവരും തിരുവിതാംകൂറുകാരും തമ്മിൽ എങ്ങനെ വർത്തിച്ചു. അതിന്റെ ഫലമെന്തായിരുന്നു.

# അദ്ധ്യായം 8

## മാർത്താണ്ഡവർമ്മ

## (1730 മുതൽ 1758 വരെ)

**അദ്ദേഹത്തിന്റെ ഭരണമാഹാത്മ്യം**

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ 1730—ൽ വേണാട്ടിൽ സിംഹാസനാരോഹണം ചെയ്തു. ഇരുപത്തെട്ടുകൊല്ലം അദ്ദേഹം അവിടെ രാജ്യഭരണം നടത്തി. അദ്ദേഹമത്രേ ആധുനികതിരുവിതാംകൂറിന്റെ നിർമ്മാതാവു്.

അദ്ദേഹം രാജ്യഭാരമേററ അവസരത്തിൽ വേണാട്ടുരാജ്യത്തിന്റെ അതിരു്, തെക്കു്, കന്യാകുമാരിമുനമ്പു മുതൽ, വടക്ക കരുനാഗപ്പള്ളി താലൂക്കിലുള്ള കന്നേററിവരെമാത്രമേ ആയിരുന്നുള്ളു. ഈ അതിർത്തികളിൽ പോലും ധാരാളം അന്തഃഛിദ്രങ്ങളുമുണ്ടായിരുന്നു. കന്നേററിമുതൽ ആലങ്ങാടു വരെയുള്ളഭാഗങ്ങളിൽ




തിരുവിതാംകൂറിലെ അനിഴംതിരുനാൾ
മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട്



കൊച്ചി
ഇടപ്പള്ളി
കൊല്ലം
വിഴിഞ്ഞം
തിരുനെൽവേലി
തിരുവിതാംകൂർ
രാജ്യത്തിന്റെ വളർച്ച
1729-ലെ തിരുവിതാംകൂർ.
മാർത്താണ്ഡവർമ്മ ചേർത്ത പ്രദേശങ്ങൾ.

അനേകം രാജാക്കന്മാരും ഇടപ്രഭുക്കളും ഭരിച്ചിരുന്നു. അവരെല്ലാം ബലഹീനരും അപ്രാപ്തരുമായിരുന്നതിനാൽ രാജ്യത്തിൽ ഒരിടത്തും സമാധാനവും ക്രമവും ഇല്ലായിരുന്നു. അക്രമികളായ മാടമ്പിമാരും, പിള്ളമാരും ഇഷ്ടംപോലെ സാധുജനങ്ങളെ മർദ്ദിച്ചുവന്നു. ആകയാൽ ബഹുജനങ്ങൾ വളരെ കഷ്ടപ്പെട്ടിരുന്നു. കൃഷിയും കച്ചവടവും വ്യവസായവും വിദ്യാഭ്യാസവും രാജ്യത്തിൽ വേണ്ടതുപോലെ പുലരാൻ സാദ്ധ്യമായിരുന്നില്ല. കൊള്ളും കൊലയും അക്രമവും പിടിച്ചുപറിയും ധാരാളം വർദ്ധിച്ചിരുന്നു. വിദേശികളായ പോർത്തുഗീസു കമ്പനിക്കാരുടെ ശക്തി അസ്തമിച്ചുപോയെങ്കിലും ഡച്ചുകാർ കേരളതീരം സ്വന്തമാക്കുവാൻ തരം നോക്കിക്കൊണ്ടിരുന്ന കാലവുമായിരുന്നു അതു്.

മാർത്താണ്ഡവർമ്മ മഹാരാജാവു കേരളരാജ്യത്തിനുവേണ്ടി ചെയ്ത ഒരു മഹാസേവനം സ്വതന്ത്രരാജ്യമായ വേണാട്ടിലെ അന്തഃഛിദ്രം മുഴുവൻ അമർച്ചചെയ്തതായിരുന്നു. അനന്തരം അദ്ദേഹം വടക്കു കൊച്ചിരാജ്യം വരെ തന്റെ രാജ്യത്തിന്റെ അതിർത്തി വികസിപ്പിച്ചു. അദ്ദേഹം ഇങ്ങനെ പിടിച്ചടക്കിയ രാജ്യങ്ങളുടെ പേരുകൾ ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭൂപടത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. തെക്കുനിന്നു വടക്കോട്ടു് അവയുടെ പേരുകൾ ഇളയിടത്തു സ്വരൂപം, ദേശിംഗനാടു്, കരുനാഗപ്പള്ളി, കായംകുളം, അമ്പലപ്പുഴ, തെക്കുംകൂർ, പൂഞ്ഞാർ, കരപ്പുറം, വടക്കുംകൂർ, ഇടപ്പള്ളി, ആലങ്ങാടു്, പറവൂർ ഇവയത്രേ. അവയിൽ ഓരോന്നിനേയും അദ്ദേഹം പടവെട്ടിയും തന്ത്രം പ്രയോഗിച്ചും പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തു. അതിനുശേഷം അവിടെയെല്ലാം അ

ദ്ദേഹം ശക്തിമത്തായ ഭരണവും ഏർപ്പെട്ടത്തി. രാജ്യത്തിൽ സമാധാനവും ശരിയായ ഭരണക്രമവും ഉണ്ടാക്കിയതോടുകൂടി സാധുക്കളായ ബഹുജനങ്ങൾക്കു് അക്രമികളിൽ നിന്നുണ്ടായിരുന്ന ഉപദ്രവങ്ങളും ശമിച്ചു. അവർ കൃഷിയും കച്ചവടവും വ്യവസായവും നടത്തി ധനം സമ്പാദിച്ചു. അതോടുകൂടി ദേവാലയങ്ങളും വിദ്യാലയങ്ങളും രാജ്യത്തിൽ ധാരാളം വർദ്ധിച്ചു. ജനങ്ങൾക്കു വിദ്യാഭ്യാസവും സന്മാർഗ്ഗബോധവും വളൎന്നു. ഇങ്ങനെ കൊച്ചിരാജ്യത്തിനു തെക്കായി ബലിഷ്ഠമായ ഒരു രാഷ്ട്രം രൂപവൽക്കരിച്ച മഹാനാണു് അനിഴം തിരുനാൾ മാൎത്താണ്ഡവർമ്മ.

## 2. വേണാട്ടിൽ സമാധാനം സ്ഥാപിച്ചതു്.

അനിഴം തിരുനാൾ മാൎത്താണ്ഡവർമ്മ കാഴ്ചയിൽ വളരെ ഗംഭീരനായിരുന്നു. വിസ്താരമേറിയ നെററിത്തടം, നീണ്ടുവളഞ്ഞ മൂക്കു്, വിരിഞ്ഞ മാറിടം, മുട്ടുവരെ എത്തുന്ന കൈകൾ ഇവയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷണങ്ങൾ.

രാജ്യഭാരം ഏറെറടുത്ത അവസരത്തിൽ അദ്ദേഹത്തിനു വളരെ ശത്രുക്കളുണ്ടായിരുന്നു. അവരിൽ പ്രധാനികൾ നാടുനീങ്ങിയ രാമവർമ്മമഹാരാജാവിൻെറ രണ്ടു പുത്രന്മാരായിരുന്നു. അവൎക്കാണു ന്യായമായി രാജ്യാവകാശമെന്നായിരുന്നു അവർ വാദിച്ചതു്. ഇക്കാൎയ്യം സാധിച്ചുകിട്ടുവാൻ അവർ തൃശ്ശിനാപ്പള്ളി ഗവർണ്ണരുടെ സൈന്യസഹായവും സമ്പാദിച്ചു. പക്ഷേ കേരളരാജാക്കന്മാർ മരുമക്കത്തായികളാണെന്നു മനസ്സിലായതോടുകൂടി, തൃശ്ശിനാപ്പള്ളിഗവർണ്ണർ തൻെറ സൈന്യത്തെ പിൻവലിക്കുകയുണ്ടായി. അപ്പോൾ, കോപഭാവം പൂണ്ട തമ്പിമാർ മാർത്താണ്ഡവർമ്മ മഹാരാജാവി

നെ വെട്ടിക്കൊല്ലുവാൻ ഒരു ശ്രമംനടത്തി. അതു വി ഫലമായതും തമ്പിമാർ വധിക്കപ്പെട്ടതും ഒരുമിച്ചു കഴി ഞ്ഞു.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ മററു ശത്രുക്കൾ എട്ടുവീട്ടിൽ പിള്ളമാർ എന്നറിയപ്പെടുന്ന നായർ പ്രഭുക്കന്മാരും മാടമ്പികളും ആയിരുന്നു. തിരുവനന്തപുരത്തെ ആറാട്ടവസരത്തിൽ മാർത്താണ്ഡവർമ്മയെ വധിക്കണമെന്നു് അവർ ഗൂഢാലോചന നടത്തി. ദൈവഗത്യാ അതും വിഫലമായി. രാജ്യദ്രോഹികളെ അദ്ദേഹം കണ്ടുപിടിക്കുകയും, അവരിൽ ചിലരെ വധിക്കുകയും, മററുചിലരെ നാടുകടത്തുകയും അവരുടെ വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തു. അദ്ദേഹം അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയും സമർത്ഥന്മാരെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഈവിധത്തിൽ ആണു് അദ്ദേഹം വേണാട്ടു രാജ്യത്തിൽ ക്രമവും സമാധാനവും കൈവരുത്തിയതു്.

## മാർത്താണ്ഡവർമ്മ ഡച്ചുകാരെ തോല്പിച്ചതു്.

മാർത്താണ്ഡവർമ്മ രാജ്യഭാരം ഏറെറടുത്ത അവസരത്തിൽ കൊല്ലത്തെ തങ്കശ്ശേരിക്കോട്ട ഡച്ചുകാരുടെ കൈവശമായിരുന്നു. അവരുടെ ഉദ്ദേശം ഛിന്നഭിന്നമായിക്കിടന്നിരുന്ന മലയാളദേശം മുഴുവൻ പിടിച്ചടക്കി ഭരിക്കണമെന്നായിരുന്നു. അങ്ങനെയിരിക്കവെ, മാർത്താണ്ഡവർമ്മമഹാരാജാവു വേണാടിന്റെ ഒരു ശാഖയായിരുന്ന, കൊട്ടാരക്കര ഇളയിടത്തു സ്വരൂപം പിടിച്ചടക്കി വേണാടിനോടു ചേർത്തു. ഇതു ഡച്ചുകാർക്കു തീരെ രസിച്ചില്ല. അവർ മാർത്താണ്ഡവർമ്മയെ ഭീഷണിപ്പെടുത്തി. അദ്ദേഹം അതുതെ

ല്ലം കൂട്ടാക്കിയില്ല. **1471**—ൽ ഒരു വമ്പിച്ച ഡച്ചു സൈന്യം, തെക്കൻ തിരുവിതാംകൂറിലുള്ള കുളച്ചൽ എന്ന സ്ഥലത്തു വന്നുചേർന്നു. മഹാരാജാവുതന്നെ ഇവർക്കെതിരായി തിരുവിതാംകൂർ സേനയെ നയിച്ചു. ഒടുവിൽ ഡച്ചുകാർ തോറേറാടുകയും അവരിൽ പലരെയും മാർത്താണ്ഡവർമ്മ തടവുകാരായി പിടിക്കുകയും ചെയ്തു. ഈ മഹാവിജയം ഡച്ചുകാരുടെ ദുർമ്മോഹങ്ങളെ അസ്തമിപ്പിച്ചു. തടവുകാരായി പിടിക്കപ്പെട്ട ഡച്ചുകാരിൽ രണ്ടു വീരപുരുഷന്മാരായിരുന്നു ഡിലനോയിയും ഡോണാഡിയും. അവർ, തിരുവിതാംകൂർ സൈന്യത്തെ യൂറോപ്യൻ രീതിയിൽ യുദ്ധമുറകൾ പഠിപ്പിച്ചു. ഡിലനായിയെ, മാർത്താണ്ഡവർമ്മ തിരുവിതാംകൂറിലെ വലിയ കപ്പിത്താനാക്കി. ഡച്ചുകാരുടെ കൈയിൽ നിന്നും കിട്ടിയ പീരങ്കികൾ ഉപയോഗിച്ചാണു് മാത്താണ്ഡവർമ്മ വടക്കോട്ടുണ്ടായിരുന്ന ശത്രുരാജ്യങ്ങളിലെ ബലമേറിയ കോട്ടകൾ തകർത്തതു്. കുളച്ചൽ യുദ്ധം തിരുവിതാംകൂർ ചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സംഭവമാണു് എന്നു മേൽ വിവരിച്ച സംഗതികളിൽ നിന്നു മനസ്സിലാക്കാവുന്നതാണു്.

### 4. കായംകുളവും കൊല്ലവും പിടിച്ചടക്കിയതു്

മാർത്താണ്ഡവമ്മയുടെ അടുത്ത പരിശ്രമം ജയസിംഹനാടു്, ദേശിംഗനാടു് എന്നൊക്കെ അറിയപ്പെട്ടിരുന്ന കൊല്ലം പിടിച്ചടക്കണമെന്നായിരുന്നു. കൊല്ലത്തെ രാജകുടുംബവും തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഒരുശാഖയായിരുന്നു. ആവംശത്തിലെ മൂത്ത രാജാവായിരുന്ന ഉണ്ണിക്കേരളവർമ്മ വേണാടുസിം

ഹാസനത്തിന്ന് അവകാശം പുറപ്പെടുവിച്ചു. ഈ വാദത്തിന്നു കായംകുളം രാജാവു സഹായ വാഗ്ദാനം ചെയ്യുകയും തന്റെ സഹോദരനെ കൊല്ലത്തേക്കു ദത്തു കൊടുക്കുകയും ചെയ്തു. അപ്പോൾ മാർത്താണ്ഡവർമ്മയ്ക്കു വല്ലാതെ കോപം മൂത്തു. അദ്ദേഹം സൈന്യത്തെ അയച്ചു, കൊല്ലം രാജാവിനെ തോല്പിച്ചു തടവുകാരനാക്കി, തിരുവനന്തപുരത്തേക്കു കൊണ്ടുവന്നു. പക്ഷേ, അദ്ദേഹം തടവു ചാടി രക്ഷപ്പെട്ടു. കായംകുളത്തെയും കൊച്ചിയുടെയും ഡച്ചുകാരുടെയും സഹായത്തോടുകൂടി അദ്ദേഹം പടയ്ക്കൊരുങ്ങി. അപ്പോൾ കായംകുളത്തേക്കും കൊല്ലത്തേക്കും ഓരോ സൈന്യങ്ങളെ മാർത്താണ്ഡവർമ്മ അയച്ചു. കായംകുളം രാജാവ് ആ യുദ്ധത്തിൽ മൃതിയടഞ്ഞുപോയി. പിന്നീടു കൊല്ലത്തേക്കു ദത്തുവന്ന കായംകുളം രാജസഹോദരൻ കുറേക്കാലം രണ്ടു രാജ്യങ്ങളും കൂടി വാണു. അങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ ഡച്ചുകാരുടെ സഹായത്തോടുകൂടി കായംകുളം രാജാവു വീണ്ടും യുദ്ധത്തിനൊരുങ്ങി. അപ്പോൾ മാർത്താണ്ഡവർമ്മ, രണ്ടാമതും ഒരു യുദ്ധംകൂടി നടത്തി, കായംകുളം രാജാവിനെ നിശ്ശേഷം തോൽപ്പിച്ചു. അതിന്റെ ഫലമായി മാന്നാർ എന്ന സ്ഥലത്തുവച്ച് തിരുവിതാംകൂറും കായംകുളവുമായി ഒരുടമ്പടി ഉണ്ടാക്കി. അതനുസരിച്ചു കായംകുളം തിരുവിതാംകൂറിന്നു കപ്പം കൊടുക്കാമെന്നു സമ്മതിക്കുകയും, ഉടൻ കൊല്ലം അഥവാ ദേശിംഗനാടു തിരുവിതാംകൂറിന്നു വിട്ടുകൊടുക്കുകയും ചെയ്തു.

മാന്നാർ ഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ച് കായംകുളം രാജാവ് മാർത്താണ്ഡവർമ്മയ്ക്കു കപ്പം കൊടുക്കാതെയിരുന്നതുകൊണ്ടു മൂന്നാമതും ഒരു കായംകുളം

യുദ്ധത്തിന്നായി തിരുവിതാംകൂർ സൈന്യം പുറപ്പെട്ടു. പക്ഷെ, കായംകുളം രാജാവു് ഇത്തവണ യുദ്ധത്തിനല്ല ഒരുങ്ങിയതു്. ഇപ്പോഠം കായംകുളം കായലായിക്കിടക്കുന്ന ആ വിസ്താരമേറിയ പ്രദേശം അന്നു ധാരാളം നെൽകൃഷി ചെയ്തിരുന്ന പുഞ്ചപ്പാടങ്ങളായിരുന്നു. അതിൽ അദ്ദേഹം സമുദ്രജലം കയററി അവിടം ആഴമില്ലാത്ത ഒരു കായലാക്കിത്തീർത്തു. അങ്ങനെ രാജ്യത്തിൻെറ ഐശ്വര്യം നശിപ്പിച്ചശേഷം, തൻെറ വിലപിടിച്ച ആഭരണങ്ങളുംമററും മൂടിക്കെട്ടിയ വള്ളങ്ങഠം വഴി, എവിടേയ്ക്കോ അയച്ചു. ഒടുവിൽ രാജാവുതന്നെയും നാടുവിട്ടുപോയി. ഇങ്ങനെ മാർത്താണ്ഡവർമ്മയ്ക്കു, കായംകുളവും തിരുവിതാംകൂറിനോടു ചേർക്കുവാൻ സാധിച്ചു.

## 5. ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ ഇവ പിടിച്ചതു്.

കായംകുളം രാജാവിൻെറ അയൽ നാട്ടുകാരനായിരുന്നു ചെമ്പകശ്ശേരി, അഥവാ അമ്പലപ്പുഴയിലെ രാജാവു്. മാർത്താണ്ഡ വർമ്മ കായംകുളം പിടിച്ചടക്കിയശേഷം അവിടുത്തെ ആയുധപ്പുര പരിശോധിച്ചപ്പോഠം അവിടെ അമ്പലപ്പുഴ രാജാവിൻെറ പേരുകൊത്തിയ ആയുധങ്ങഠം കണ്ടു അതിനാൽ തിരുവിതാംകൂർ സൈന്യം ചെമ്പകശ്ശേരിയെ തോൽപ്പിച്ചു് ആ രാജ്യവും തിരുവിതാംകൂറിനോടു ചേർത്തു.

അമ്പലപ്പുഴ രാജ്യത്തോടു തൊട്ടു കിഴക്കു കിടന്നിരുന്ന രാജ്യം തെക്കുംകൂറായിരുന്നു. അതിൻെറ തലസ്ഥാനമായിരുന്നു ചങ്ങനാശേരി. തെക്കുംകൂറിൻെറവടക്കായിട്ടാണു വടക്കുംകൂർ രാജ്യം കിടന്നിരുന്നതു്. ഈ രണ്ടു രാജ്യങ്ങളും കായംകുളം രാജാവിൻെറ ഭാഗ

ത്തുചേൻ്റ് തിരുവിതാംകൂറിനോട്ട യുദ്ധം ചെയ്തിരുന്നു എന്ന കാരണം പറഞ്ഞു്, അവയും മൎത്താണ്ഡവൎമ്മ പടവെട്ടി തൻെറ രാജ്യത്തോട്ട ചേൎത്തു.

## 6. ചേർത്തല താലൂക്ക് ലഭിച്ചതു്.

തെക്കുംകൂറും വടക്കുംകൂറും കൊച്ചിരാജാവിൻെറ മിത്രങ്ങളും ആശ്രിതരും ആയിരുന്നു. ആകയാൽ അവർ ഈ അവസരത്തിൽ കൊച്ചിയിൽ അഭയം തേടി. അഭയം അപേക്ഷിക്കുന്നവരെ സഹായിക്കേണ്ടതാണെന്നു് കൊച്ചിരാജാവിനും തോന്നി. ആകയാൽ അദ്ദേഹം ഒരു സേനയോടുകൂടി തിരുവിതാംകൂറിലേക്കു പുറപ്പെട്ടു. അമ്പലപ്പുഴയ്ക്കു സമീപമുള്ള പുറക്കാട്ടു വച്ചു്, തിരുവിതാംകൂറിലേയും കൊച്ചിയിലേയും സൈന്യങ്ങൾ ഏററുമുട്ടി. ആ യുദ്ധത്തിൽ കൊച്ചി സൈന്യം പരാജയപ്പെടുകയാണു ചെയ്തതു്. അതിനുശേഷം തിരുവിതാംകൂറും കൊച്ചിയും തമ്മിൽ ഒരുടമ്പടി നടന്നു. അതിൻെറ ഫലമായിട്ടു്, മുൻപു് കൊച്ചിസംസ്ഥാനത്തിൻെറ ഭാഗമായിരുന്ന കരപ്പുറം അഥവാ ചേൎത്തലത്താലൂക്കു്, തിരുവിതാംകൂറിലേക്കു ചേരുകയുണ്ടായി.

## ആലങ്ങാട്ടും പറവൂരും ലഭിച്ചതു്

കൊച്ചിയിൽനിന്നും തങ്ങൾക്കു്, യാതൊരു രക്ഷയും കിട്ടുകയില്ലെന്നു കണ്ടപ്പോൾ, മാർത്താണ്ഡവർമ്മയാൽ തോല്പിക്കപ്പെട്ട രാജക്കന്മാർ, കോഴിക്കോട്ടു സാമൂതിരിയെ അഭയംപ്രാപിച്ചു. സാമൂതിരിപ്പാട്ടു് ഈ അവസരം ഉപയോഗിച്ചു്, കൊച്ചിരാജ്യം പിടിക്കാമെന്നും തിരുവിതാംകൂറിനെ കീഴടക്കാമെന്നും വ്യാ

മോഹിച്ചു. അതു സാധിച്ചാൽ പെരുമാക്കന്മാരെക്കാറം പ്രതാപവാനായ കേരള ചക്രവർത്തി ആയിത്തീരാമെന്നായിരുന്നു സമൂതിരിയുടെ സങ്കല്പം. ആകയാൽ 1775—ാമണ്ടിൽ അദ്ദേഹം തെക്കേദിക്കുകളിലേക്കു തന്റെ സേനയെ നയിച്ചു. സാമൂതിരിയുടെ സേനയെ എതിർക്കുന്നതിനുവേണ്ടി, പുറക്കാട്ടും അരൂക്കുററിയിലും, തിരുവിതാംകൂർസൈന്യം നേരത്തെ പാളയമടിച്ചു കിടന്നിരുന്നു. കടൽവഴി സാമൂതിരിയുടെ സൈന്യം പുറക്കാട്ടു വന്നുചേർന്നപ്പോറം, തിരുവിതാംകൂർ സൈന്യം സാമൂതിരിയുടെ സൈന്യത്തെ നിശ്ശേഷം തോല്പിച്ചയച്ചു. അതിനുശേഷം സാമൂതിരി, കൊച്ചിയുടെ വകയായിരുന്ന ആലങ്ങാട്ടും പറവൂരും കീഴടക്കി. നിസ്സഹായനായ കൊച്ചിരാജാവു്, ഈ അവസരത്തിൽ തിരുവിതാംകൂറുമായി ഒരുടമ്പടിചെയ്തു. അതിലെ വ്യവസ്ഥ അനുസരിച്ചു്, സാമൂതിരിയുടെ ആക്രമണങ്ങളിൽനിന്നു് കൊച്ചിയെ സംരക്ഷിച്ചുകൊള്ളാമെന്നു മാർത്താണ്ഡവർമ്മ സമ്മതിച്ചു. ആലങ്ങാട്ടും പറവൂരും തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കുന്നതിനും കൊച്ചിരാജാവു് സമ്മതം നൽകി.

## 8. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണപരിഷ്ക്കാരങ്ങറം

1. മാർത്താണ്ഡവർമ്മ മഹാരാജാവു് മേൽപ്പറഞ്ഞവിധം അനേക രാജ്യങ്ങറം പിടിച്ചടക്കിയ ശേഷം, അവയിലെല്ലാം സമാധാനം പാലിക്കുന്നതിനുവേണ്ടി, പല പരിപാടികറം സ്വീകരിച്ചു. പഴയ കോട്ടകറം പുതുക്കുകയും, പുതിയ കോട്ടകറം പണിയിക്കുകയും ചെയ്തു. അൻപതിനായിരം പേരുള്ള ഒരു

സ്ഥിരം പട്ടാളത്തെ അദ്ദേഹം ശേഖരിച്ചു. പാശ്ചാത്യരീതിയിലുള്ള യുദ്ധാഭ്യാസങ്ങറം കൊടുക്കുന്നതിനു വേണ്ടി അദ്ദേഹം ഡിലനായിയെ വലിയ കപ്പിത്താനായി നിയമിച്ചു. തിരുവനന്തപുരം, പത്മനാഭപുരം എന്നീ സ്ഥലങ്ങളിൽ പട്ടാളത്താവളങ്ങറം ഏർപ്പെടുത്തി. കൂടാതെ ഉദയഗിരിക്കോട്ടയിൽ തോക്കുകളും വെടിമരുന്നുകളുമുണ്ടാക്കുന്നതിനുവേണ്ട ശട്ടംകെട്ടുകളും അദ്ദേഹം നടത്തി.

2. പുതുതായി പിടിച്ചടക്കിയ പല പ്രദേശങ്ങളിൽ ജനങ്ങറംക്കുണ്ടായിരുന്ന അവശതകറം നേരിട്ടറിയുന്നതിനുവേണ്ടി, മഹാരാജാവു് സ്വയം ചുററി സഞ്ചരിക്കുകയും ജനങ്ങളുടെ സങ്കടങ്ങറം മുഖദാവിൽ കേറംക്കുകയും പതിവായിരുന്നു.

3. രാജ്യത്തിൽ കൃഷി വർദ്ധിപ്പിച്ചു്, ജനങ്ങളുടെ ഇടയിൽ സുഭിക്ഷിതയുണ്ടാക്കണമെന്നു്, മഹാരാജാവിനു വലിയ ആഗ്രഹമുണ്ടായിരുന്നു. ആയതിനുവേണ്ടി അദ്ദേഹം മഴക്കുറവുള്ള തെക്കൻതിരുവിതാംകൂറിൽ പൊന്മനത്തോടും, പുത്തനണയും പണികഴിപ്പിച്ചു.

4. രാജ്യത്തിലെ മുതലെടുപ്പും ജനങ്ങളുടെ ഐശ്വര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി, അദ്ദേഹം ഒരു വാണിജ്യവകുപ്പു് ഏർപ്പെടുത്തി. കുരുമുളകും അടയ്ക്കായും നമ്മുടെ രാജ്യത്തുമാത്രം വിളയുന്ന രണ്ടു സാധനങ്ങളാണല്ലോ അവയെ വിദേശങ്ങളിലേക്കു കയററി അയച്ചു് നല്ല വില ഈടാക്കേണ്ടതു നമ്മുടെ ആവശ്യമാണു്. പുകയില വിദേശത്തുനിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്നതും, സർക്കാർ നിയന്ത്രണം ആവശ്യമുള്ളതുമായ ഒരു ചരക്കാണു്. ആക

യാൽ ഇവയുടെ കുത്തക സർക്കാരിൽ നിന്നും ഏറെറടു
ത്തുനടത്തുകയുണ്ടായി, ഈ വാണിജ്യവകുപ്പിനു് കുരു
മുളകു് മടിശീല എന്നായിരുന്നു അന്നത്തെപേരു്. ഈ
വകുപ്പിൽ നിന്നും സർക്കാരിനു വലിയ ആദായം
ലഭിച്ചു.

5. രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതി
നുവേണ്ടി അദ്ദേഹം ഒരുകണ്ടെഴുത്തു നടത്തിച്ചു. ഈ
വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിനു വേണ്ടി
മല്ലൻ ശങ്കരൻ എന്ന സമർത്ഥനായ ഉദ്യോഗസ്ഥനെയാ
ണു നിയമിച്ചതു്. അദ്ദേഹം ഭൂമിയുടെ തരവും ഗുണ
വും അനുസരിച്ചു് മിതമായ കരം ചുമത്തുകയും റവന്യൂ
റിക്കാർഡുകൾ നിർമ്മിക്കുകയും ചെയ്തു. കൂടാതെ,
തെക്കൻ തിരുവിതാംകൂറിൽ ഉപ്പളങ്ങൾ നിർമ്മിക്കു
കയും അതിന്റെ വില്പനയ്ക്കായി പണ്ടകശാലകൾ
പ്രധാനസ്ഥലങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തു.

6. സമർത്ഥരും വിശ്വസ്തരുമായ ഉദ്യോഗസ്ഥ
ന്മാർക്കു 'തമ്പിചെമ്പകരാമൻ' എന്നു തുടങ്ങിയുള്ള
സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുക പതിവായി. അതു
മൂലം നല്ല ഉദ്യോഗസ്ഥന്മാർക്കു പ്രോത്സാഹനം ലഭി
ച്ചു. കൂടാതെ നാട്ടിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്ന
തിനുവേണ്ടി ധനികന്മാരായ പലരോടും ഗണ്യമായ
തിരുമുൽക്കാഴ്ചകൾ വാങ്ങി, അവർക്കും കൈമൾ,
പണിക്കർ മുതലായ പദവികൾ കൊടുത്തതായി കാണു
ന്നുണ്ടു്.

7. മാർത്താണ്ഡവർമ്മ മഹാരാജാവു് വിദ്വാ
ന്മാരെയും കവികളെയും പ്രോത്സാഹിപ്പിക്കുന്ന
കാര്യത്തിലും വളരെ ശ്രദ്ധപതിച്ചിരുന്നു. രസകരമാ
യ അനേകം തുള്ളൽക്കഥകൾ രചിച്ചിട്ടുള്ള മഹാകവി
കുഞ്ചൻനമ്പ്യാരും, ഭംഗിയേറിയ പല വഞ്ചിപ്പാട്ടുക

ളൂടെ കർത്താവായ രാമപുരത്തു വാര്യരും മാർത്താണ്ഡ വർമ്മ മഹാരാജാവിൻെറ ആശ്രിതന്മാരായിരുന്നു. തിരു മനസ്സുകൊണ്ടു് ആ മഹാകവികളെ വളരെയധികം ബഹുമാനിക്കുകയും അവർക്കു ധാരാളം സമ്മാനങ്ങൾ നൽകുകയും ചെയ്തുപോന്നിരുന്നു. ഈ രണ്ടു മഹാക വികളും തങ്ങളുടെ രാജകീയസംരക്ഷകനെപ്പററി വളരെ പ്രശംസിച്ചിട്ടുണ്ടു്.

8. മേൽവിവരിച്ചവയെല്ലാം ഉപരിയായി അദ്ദേഹം ഒരു പരമഭക്തനും ഹിന്ദുമതസംരക്ഷകനുമാ യിരുന്നു. അദ്ദേഹം തിരുവനന്തപുരത്തുള്ള ശ്രീപത്മ നാഭസ്വാമി ക്ഷേത്രം പുതുക്കിപ്പണിയുകയുണ്ടായി, പതിനായിരം സാളഗ്രാമം വരുത്തിയാണു് ശ്രീപത്മ നാഭസ്വാമിയുടെ വിഗ്രഹം വാർപ്പിച്ചതു്. ഇന്നു നാം പ്രസ്തുത ക്ഷേത്രത്തിൽ കാണുന്ന ഒററക്കൽ മണ്ഡപം, ശീവേലിപ്പുര, സ്വർണ്ണക്കൊടിമരം ഇവയെല്ലാം ഉണ്ടാക്കിയതു് അദ്ദേഹമത്രേ. ഭദ്രദീപമെന്നും മുറ ജപമെന്നും, രണ്ടടിയന്തിരങ്ങളും. ഹിരണ്യഗർഭം തുലാപുരുഷദാനം മുതലായ ദാനങ്ങളും അദ്ദേഹം നട പ്പിലാക്കി. അതു കൂടാതെ രാജ്യമാസകലം ബ്രാഹ്മ ണർക്കുവേണ്ടി ഊട്ടുപുരകളും സ്ഥാപിച്ചു. ഇതിനെല്ലാം മകുടം ചാർത്തുന്ന വിധത്തിൽ, 1750—മാണ്ടിലെ ഒരു ശുഭമുഹൂർത്തത്തിൽ അദ്ദേഹം തൻെറ രാജത്വ ത്തിൻെറ ചിഹ്നമായ ഉടവാൾ തിരുവനന്തപുരത്തു ശ്രീപത്മനാഭൻെറ മുൻപിൽ സമർപ്പിച്ചു. പിന്നീ ടദ്ദേഹം അതു ഭക്തിപൂർവ്വം തിരിച്ചെടുക്കുകയും, ശ്രീപത്മനാഭദാസൻ എന്നപേരു് സ്വയം സ്വീകരി ക്കുകയും ചെയ്തു. അങ്ങനെയാണു തിരുവിതാംകൂർ മഹാ രാജാക്കന്മാർക്കു് ശ്രീപത്മനാഭദാസൻ എന്ന സ്ഥാന പ്പേരുണ്ടായതു്. ഈ മഹൽകൃത്യങ്ങൾ ആ മഹാരാജ

വിന്റെ ഈശ്വരഭക്തിയേയും ധർമ്മനിഷ്ഠയേയും പ്രഖ്യാപനം ചെയ്യുന്നതാണു്.

ഭരണാവസാനം

ഭരണകാര്യങ്ങളിൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയെ സഹായിച്ചുകൊണ്ടിരുന്നതു്, അനന്തരവനായ കാർത്തികതിരുനാൾ മഹാരാജാവും, ദളവാ ആയ രാമയ്യനും ആയിരുന്നു. രാമയ്യന്റെ നിര്യാണവാർത്ത മാർത്താണ്ഡവർമ്മയുടെ വാർദ്ധക്യത്തെ സന്താപത്തിൽ ആറാടിച്ചു. 'അയ്യോ എന്റെ വലത്തു കൈപോയ്പ്പോയേ എന്നു പറഞ്ഞ് ആമഹാധീരൻ വാവിട്ടുകരഞ്ഞുപോയി.

രാമയ്യൻദളവാ

രാമയ്യന്റെ മാതാപിതാക്കൾ തിരുനൽവേലിയിലുള്ള എർവാടി ഗ്രാമത്തിൽനിന്നും തിരുനന്തപുരത്തു വന്ന ഒരു ബ്രാഹ്മണകുടുംബക്കാരായിരുന്നു. രാമയ്യൻ ബാല്യത്തിൽ തിരുവട്ടാററും, പിന്നീട്ട തിരുവനന്തപുരത്തു വഞ്ചിയൂർ ഭാഗത്തുള്ള അത്തിയറ പോററിയുടെ ഇല്ലത്തും, വസിച്ചിരുന്നു. ഒരു ദിവസം രാജാവു് അമൃതേത്തുകഴിച്ചതു് അത്തിയറ പോററിയുടെ ഇല്ലത്തായിരുന്നു. ആ അവസരത്തിൽ പോററിയുടെ കുട്ടിപ്പട്ടരായിരുന്ന രാമയ്യൻ, വളരെ ബുദ്ധിപൂർവ്വം അക്കാലത്തെ വെളിച്ചെണ്ണവിളക്കിലെ ദീപം തെളിച്ചതുമൂലം മാർത്താണ്ഡവർമ്മയ്ക്കു രാമയ്യനോട്ടു് ഒരു പ്രത്യേകമതിപ്പുതോന്നി. അടുത്ത ദിവസം മുതൽ രാമയ്യന്റെ ജോലി കൊട്ടാരത്തിലായിരുന്നു, രാമയ്യൻ ഉദ്യോഗങ്ങളിൽ കയറിക്കയറി ഒടുവിൽ തിരുവിതാംകൂർ ദളവാ ആയിത്തീർന്നു.

ദളവാസ്ഥാനം ഇപ്പോഴില്ല. ആ ഉദ്യോഗം വഹിക്കുന്ന ആറം ഒരു സേനാനായകൻെറയും പ്രധാനമന്ത്രിയുടെയും ചുമതലയാണു് നിർവഹിക്കേണ്ടിയിരുന്നതു്. മാർത്താണ്ഡവർമ്മമഹാരാജാവു് നടത്തിയിട്ടുള്ള എല്ലാ യുദ്ധങ്ങളിലും സേനാനായകത്വം വഹിച്ചിട്ടുള്ളതു് രാമയ്യൻ ദളവാ ആണു്. യുദ്ധതന്ത്രങ്ങളിൽ മാത്രമല്ല, അദ്ദേഹത്തിനു പരിചയം ഉണ്ടായിരുന്നതു്. ചിലപ്പോറം കൗശലം കൊണ്ടും, പണംകൊടുത്തും, ശത്രുക്കളെ വശത്താക്കാനുള്ള വിദ്യയും അദ്ദേഹം വിജയകരമായി പ്രയോഗിച്ചിരുന്നു. അദ്ദേഹത്തിൻെറ ആജ്ഞാനുസരണം സേനാനികങ്ങളും പീരങ്കിപ്രയോഗങ്ങളും നടത്തുകയായിരുന്നു . ഡിലനായിയുടെ ചുമതല.

കൊല്ലം കായംകുളം യുദ്ധങ്ങറം കുളച്ചൽയുദ്ധം, ചെമ്പകശ്ശേരിയുദ്ധം, തെക്കുംകൂർ വടക്കുംകൂർ യുദ്ധങ്ങറം; ഇവയിലാക്കെയും രാമയ്യൻ ദളവാ മാർത്താണ്ഡവർമ്മയുടെ സാക്ഷാൽ വലത്തുകൈതന്നെയായിരുന്നു. പുറക്കാട്ടുയുദ്ധത്തിനുശേഷം കരപ്പുറം പിടിച്ചെടുത്തതും രാമയ്യൻ തന്നെയായിരുന്നു ഈ അവസരത്തിൽ മാണ്ഡാവർമ്മമഹാരാജാവു് അദ്ദേഹത്തെ തിരിച്ചു വിളിച്ചതുമൂലമാണു് അദ്ദേഹം കൊച്ചിയിലേക്കു കടക്കാതിരുന്നതു്.

യുദ്ധം നടത്തുന്നതിലെന്നതുപോലെ ഭരണപരിഷ്ക്കാരങ്ങറം നടപ്പിലാക്കുന്ന വിഷയങ്ങളിലും മാർത്താണ്ഡവർമ്മയെ മനഃപൂർവ്വം സഹായിച്ചതു രാമയ്യനായിരുന്നു. രാജ്യത്തിൽ തോടുകളും മററും വെട്ടിച്ചു വിളവു വർദ്ധിപ്പിച്ചതും, വാണിജ്യവകുപ്പു് ഏർപ്പെടുത്തിയതും. ഉപ്പളങ്ങറം തുറന്നതും എല്ലാം രാമയ്യനും കൂടിയായിരുന്നു. എന്നാൽ ഈ സേവനങ്ങ

ൾക്കു രാമയ്യൻ പററിയിരുന്ന ശമ്പളം കേവലം നിസ്സാരമായിരുന്നു. സ്വാമിഭക്തിയും കർത്തവ്യബോധവും മൂലമാണ് അദ്ദേഹം ഈ കൃത്യങ്ങളെല്ലാം അനുഷ്ഠിച്ചതു്. അതുകൊണ്ടാകെയാണ് അദ്ദേഹം മാവേലിക്കരവച്ചു മസൂരിരോഗത്തിൽ മരിച്ചു എന്നു കേട്ടപ്പോൾ ധീരനായ മഹാരാജാവു് വാവിട്ടു കേണുപോയതു്.

**കോലത്തുനാട്ടിൽനിന്നുള്ള ദത്തു്**

തൻെറയും യുവരാജാവിൻെറയും കാലശേഷം രാജ്യത്തിൽ അവകാശികൾ കുറവായിരുന്നു. ആകയാൽ മഹാരാജാവു തൻെറകുടുംബത്തിലെ അംഗങ്ങളോടും, ക്ഷേത്രത്തിലെ യോഗക്കാരോടും ആലോചിച്ചശേഷം കോലത്തുനാട്ടിൽനിന്നു രണ്ടു കുമാരികളെ ദത്തെടുത്തു. ഇതു 1750—ാമാണ്ടാണു് നടന്നതു്.

**ഇംഗ്ലീഷുകാരുമായുള്ള ബന്ധം**

മാർത്താണ്ഡവർമ്മ ഡച്ചുകാരുടെജന്മശത്രുവായിരുന്നു. എങ്കിലും അദ്ദേഹത്തിനു ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാകമ്പനിക്കാരോടു വളരെ മതിപ്പും ബഹുമാനവുമുണ്ടായിരുന്നു. അക്കാലത്തു് അവർക്ക് അഞ്ചുതെങ്ങിലും തങ്കശേരിലും വ്യാപാരശാലകളുണ്ടായിരുന്നു. ആകയാൽ മരണം സമീപിച്ച അവസരത്തിൽ മഹാരാജാവു് യുവരാജാവിനെ വിളിച്ചു ബ്രിട്ടീഷുകാരുമായി ബന്ധം പുലർത്തണമെന്നും അദ്ദേഹം ആരംഭിച്ച ധർമ്മകാര്യങ്ങൾ തുടർന്നു നടത്തണമെന്നും പ്രത്യേകം ഉപദേശിക്കുകയുണ്ടായി. ഇതെല്ലാം അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയുടെ ലക്ഷ്യങ്ങളാണു്.

**ചോദ്യങ്ങൾ**

1. മാർത്താണ്ഡവർമ്മയുടെ ഭരണം തുടങ്ങുമ്പോൾ രാജ്യത്തിലെ സ്ഥിതി എന്തായിരുന്നു.

2. ഒരു പടം വരച്ച് അതിൽ അദ്ദേഹം പിടിച്ചടക്കിയ രാജ്യങ്ങൾ അടയാളപ്പെടുത്തുക.
3. രാമയ്യൻ ദളവാ, ഡില്ലനായി ഇവർ രാജ്യത്തിനു ചെയ്ത സേവനങ്ങളെ വിവരിക്കുക.
4. ഇംഗ്ലീഷുകാർ ഡച്ചുകാർ ഇവരും മാർത്താണ്ഡവർമ്മയുമായി ഉണ്ടായ ബന്ധങ്ങൾ വിവരിക്കുക.

---

# അദ്ധ്യായം 9.

---

## തിരുവിതാംകൂറിലെ ധർമ്മരാജാ

### 1. ബാല്യവും യൗവനവും

കൂത്തഴിഞ്ഞ പുസ്തകം പോലെ ഛിന്നഭിന്നമായി കിടന്നിരുന്ന ഒട്ടധികം തെക്കൻ കേരളരാജ്യങ്ങളെ പടവെട്ടിപ്പിടിച്ചശേഷം 53—ാമത്തെ വയസ്സിൽ നാടു നീങ്ങിയ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ അനന്തിരവനാണു ധർമ്മരാജാവ് എന്നു പ്രസിദ്ധനായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ്. ഇദ്ദേഹം ചെറുപ്പം മുതൽ രാജ്യം ഭരിക്കുന്നതിലും സേനയെ നയിക്കുന്നതിലും മാർത്താണ്ഡവർമ്മയെ സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനു സംസ്കൃതം, മലയാളം, ഹിന്ദുസ്ഥാനി, പേർഷ്യൻ ഇംഗ്ലീഷ് എന്നീഭാഷകൾ നല്ലവണ്ണം പരിചയമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും ധൈര്യവും യുദ്ധസാമത്ഥ്യവും അസാധാരണമായിരുന്നു. തിരുവിതാംകൂറും കായംകുളവുമായി യുദ്ധം നടക്കുന്ന വേളയിൽ ശത്രുവിന്റെ രഹസ്യമറിയുന്നതിനായി അന്നു കേവലം പതിനെട്ടു വയസ്സുമാത്രം പ്രായ

യമുണ്ടായിരുന്ന ഇദ്ദേഹം, പട്ടാണിവേഷം കെട്ടി, ഹിന്ദുസ്ഥാനിയും സംസാരിച്ചു് കായംകുളം രാജധാനിയിൽ പ്രവേശിച്ചു. ഈ വിവരം എങ്ങനെയോ ഗ്രഹിച്ച കായംകുളംരാജാവു് ഉർജ്ജിതമായ പല അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. ആ അവസരത്തിൽ, ആ കൊട്ടാരത്തിലെ തേവാരക്കാരൻ നമ്പൂതിരിയുടെ വേലക്കാരനെന്ന നിലയിൽ സന്ധ്യാവേളയിൽ ചങ്ങല വട്ടകയും കൊളുത്തിപ്പിടിച്ചു് അദ്ദേഹം അവിടെ നിന്നും രക്ഷപെടുകയുണ്ടായി. പിന്നീടു കായംകുളം യുദ്ധത്തിലും കൊച്ചിയുമായുള്ള പുറക്കാട്ട യുദ്ധത്തിലും തിരുവിതാംകൂർ സൈന്യത്തെ നയിച്ചിരുന്നതു് ഇദ്ദേഹമാണു്.

## 2. ഭരണപ്രാധാന്യം.

കിരീടധാരണം ചെയ്യുന്ന അവസരത്തിൽ ഇദ്ദേഹത്തിനു മുപ്പത്തിനാലു വയസ്സായിരുന്നു പ്രായം. അദ്ദേഹം 40 കൊല്ലം രാജ്യം ഭരിച്ചു തിരുവിതാംകൂർ രാജ്യത്തിനു് ഇന്നത്തെ രൂപവും വിസ്തീർണ്ണതയും ലഭിച്ചതും ഈ ധർമ്മരാജാവിൻെറ കാലത്താണു്. കരപ്പുറവും ആലങ്ങാടും പറവൂരും സംബന്ധിച്ചുള്ള സർവ്വ അവകാശങ്ങളും കൊച്ചിരാജാവു് ഈ മഹാരാജാവിനു പൂർണ്ണമായി സമ്മതിച്ചുകൊടുത്തു. കോഴിക്കോട്ട സാമൂതിരിയുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്രാപിക്കുന്നതിനുവേണ്ടി തിരുവിതാംകൂറും കൊച്ചിയും തമ്മിൽ നടത്തിയ ഒരുടമ്പടിപ്രകാരമാണു് ഈ കാര്യം സാധിച്ചതു്. അതുപോലെതന്നെ കന്യാകുമാരി മുതലും ചെങ്കോട്ടത്താലൂക്കും മുൻപു് കർണ്ണാറ്റിക്ക നവാബിൻെറ വക ആയിരുന്നു. ഈ ഭാഗങ്ങൾ തിരുവിതാംകൂറിലേയ്ക്കു വാങ്ങിയതും ഇദ്ദേഹമത്രെ. ഇതിനുപകരം

അതിർത്തി വിട്ടു കിടന്ന കുളക്കോട്ട് എന്ന പ്രദേശം ഇദ്ദേഹം നവാബിനു വിട്ടുകൊടുക്കുകയും ചെയ്തു.

മാർത്താണ്ഡവർമ്മ മഹാരാജാവ് ഛിന്നഭിന്നമായി കിടന്നിരുന്ന പല ചെറുരാജ്യങ്ങളെ പിടിച്ചടക്കി സംയോജിപ്പിച്ചു. അതു മഹത്തായ ഒരു വലിയ വിജയമായിരുന്നു. പക്ഷെ അതിനുശേഷം പല കാര്യങ്ങൾ നിർവഹിക്കാനുണ്ടായിരുന്നു. ആദ്യമായി ഒരു ഭരണകൂടം സംഘടിപ്പിക്കേണ്ടിയിരുന്നു രണ്ടാമതായി ശത്രുക്കളിൽനിന്നും രക്ഷ പ്രാപിക്കുവാൻവേണ്ടി, പുത്തൻ പുത്തൻ കോട്ടകൊത്തളങ്ങൾ പണിയിക്കയും, ശക്തിയേറിയ ഒരു സൈന്യത്തെ പരിശീലിപ്പിച്ചു നിറുത്തുകയും ചെയ്യേണ്ടിയിരുന്നു. മൂന്നാമതായി കോഴിക്കോട്ടു സാമൂതിരിയോടും മൈസൂർ സുൽത്താനോടും ചെറുത്തു നിൽക്കേണ്ട ആവശ്യമുണ്ടായിരുന്നു നാലാമതായി രാജ്യത്തിലെ, കൃഷി, വാണിജ്യം ഗതാഗതം വ്യവസായം ഇവയെ പരിപോഷിപ്പിച്ചു. ജനങ്ങളുടെ സാമ്പത്തിക നിലയെ ഉയർത്തേണ്ടിയിരുന്നു. കൂടാതെ രാജ്യത്തിലെ വിവിധ മതങ്ങളേയും പുരോഹിതന്മാരെയും, പ്രത്യേകിച്ച് ഹിന്ദുമതത്തെയും ഹൈന്ദവ പുരോഹിതന്മാരേയും, അദ്ദേഹം ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്തുപോന്നു. സാഹിത്യവും ശാസ്ത്രങ്ങളും പരിപോഷിപ്പിക്കുന്ന കാര്യങ്ങളിൽ എപ്പോഴും അദ്ദേഹം ശ്രദ്ധാലുആയിരുന്നു. പോരെങ്കിൽ അദ്ദേഹത്തിന്റെ ഈശ്വരഭക്തിയും ദാനശീലവും പ്രസിദ്ധവുമായിരുന്നു. ഇതെല്ലാംമൂലം കാർത്തികതിരുനാൾ രാമവർമ്മ, കേരളചരിത്രത്തിൽ ബഹുമാന്യമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്.

## 3. പ്രധാന ഉദ്യോഗസ്ഥന്മാർ

മേൽപ്പറഞ്ഞ മഹാകാര്യങ്ങൾ സാധിക്കുന്നതിനു സമർത്ഥന്മാരായ ചില ഉദ്യോഗസ്ഥന്മാരെ അദ്ദേഹം ബുദ്ധിപൂർവ്വം തെരഞ്ഞെടുക്കുകയുണ്ടായി അദ്ദേഹം രാജ്യഭാരം തുടങ്ങുന്ന അവസരത്തിൽ ദളവാ ആയിരുന്നതു്, അയ്യപ്പൻമാർത്താണ്ഡപിള്ള ആയിരുന്നു. അദ്ദേഹത്തെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തുകയുമുണ്ടായി. അതിനുശേഷം ദളവാസ്ഥാനം വഹിച്ചതു സുബ്ബയ്യൻ എന്നൊരാളും അദ്ദേഹത്തെ പിൻതുടർന്നതു രാജാകേശവദാസൻ എന്നു പ്രസിദ്ധനായ ആദ്യത്തെ ദിവാനുമാണു്. യുദ്ധകാര്യങ്ങളിൽ ഇദ്ദേഹത്തിന്റെ വലതുകൈ ആയി പ്രവർത്തിച്ചതു്, യുസ്റ്റേഷ്യസ് ബെനഡിക്ടസ് ഡിലനായി എന്ന ഡച്ചു കപ്പിത്താനും ആയിരുന്നു. സമർത്ഥന്മാരും സ്വാമിഭക്തരും സ്വാർത്ഥവിചാരമില്ലാത്തവരുമായ ഈ ആശ്രിതന്മാരുടെ സേവനം കേരളത്തിനാകപ്പാടെ അത്യന്തം പ്രയോജനകരമായിരുന്നു.

## 4. സൈനികപരിഷ്ക്കാരങ്ങൾ

അക്കാലത്തു തെക്കേ ഇൻഡ്യയിലാകപ്പാടെ യുദ്ധങ്ങളും കാലാപങ്ങളും ധാരാളമുണ്ടായിരുന്നു. മൈസൂർ രാജ്യത്തിലെ ഹിന്ദുരാജാവിനെ സ്ഥാനഭ്രഷ്ടനാക്കിയശേഷം, അദ്ദേഹത്തിന്റെ സേനാനായകനായിരുന്ന ഹൈദർആലി, മൈസൂർരാജ്യത്തിലെ സുൽത്താനായി ഭരണം നടത്തിയിരുന്നു. അദ്ദേഹത്തിനു തിരുവിതാംകൂർ ആക്രമിക്കുവാൻ മോഹമുണ്ടായിരുന്നു. കോഴിക്കോട്ട സാമൂതിരിയും, അയൽരാജ്യങ്ങളായ കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളെ കൈവശപ്പെടുത്തുവാൻ തയാറെടുത്തുകൊണ്ടിരുന്നു. ആയതിനാൽ ശത്രുക്കളുടെ

ആക്രമണത്തെ തടയുന്നതിനുള്ള സകല മാർഗ്ഗങ്ങളേയും ധർമ്മരാജാവു വേണ്ടവിധം ഉപയോഗിക്കുകയുണ്ടായി. ആദ്യമായി അദ്ദേഹം വടക്കുനിന്നും തിരുവിതാംകൂറിലേക്കു ശത്രുക്കൾ കയറാതിരിക്കുന്നതിനു വേണ്ടി വടക്കൻ പള്ളിപ്പുറത്തിനും കിഴക്കൻ മലകൾക്കും ഇടയ്ക്കു്, കിഴക്കുപടിഞ്ഞാറു നെടുനീളത്തിൽ ഒരു കോട്ട പണികഴിച്ചു. ഇതിനു നെടുങ്കോട്ട എന്ന പേരിട്ടു. ഇതുപോലെതന്നെ രാജ്യരക്ഷയ്ക്കത്യാവശ്യമായ രണ്ടു സ്ഥാനങ്ങളായിരുന്നു, ഡച്ചുകാരുടെ കൈവശമിരുന്ന കൊടുങ്ങല്ലൂരും ആയക്കോട്ടയും. ഇത്രയും സ്ഥലങ്ങൾ കോട്ട കെട്ടി രക്ഷിച്ചതുകൊണ്ടുമാത്രം മതിയാകാതെ, തിരുവിതാംകൂർ പട്ടാളത്തെ പൂർവാധികം വർദ്ധിപ്പിക്കുകയും, ഊർജ്ജിതമായി യുദ്ധപരിശീലനം നടത്തുകയും ചെയ്തു. തിരുവിതാംകൂർ സൈന്യത്തിൽ സ്വദേശികൾ ധാരാളമുണ്ടായിരുന്നെങ്കിലും കാര്യക്ഷമതയ്ക്കുവേണ്ടി ഏതാനും രാജപുത്രവംശക്കാരെയും പട്ടാണികളെയുംകൂടി അദ്ദേഹം നിയമിക്കുകയുണ്ടായി.

### ഭരണഘടനാപരിഷ്ക്കാരം

ഭരണസൌകര്യത്തിനായി അദ്ദേഹം രാജ്യത്തെ മൂന്നായി ഭാഗിച്ചു. തെക്കേമുഖം, പടിഞ്ഞാറേമുഖം, വടക്കേമുഖം എന്നിങ്ങനെ അവയ്ക്കു പേരിട്ടു. ഓരോ മുഖത്തിന്റെ ഭരണം ഓരോ വലിയ സർവാധികാര്യക്കാരനായിരുന്നു. ഓരോ മുഖത്തിനും പല വിഭാഗങ്ങളും ഉപ വിഭാഗങ്ങളും ഉണ്ടായിരുന്നു. അവയുടെ ഭരണം നടത്തുന്നതിനും, കരം പിരിക്കുന്നതിനും, മററുമായി പല ഉദ്യോഗസ്ഥന്മാരെയും കീഴ്സിൽബന്ധികളെയും അദ്ദേഹം നിയമിച്ചു. അവർക്കു യഥാക്രമം സർവാധികാര്യക്കാർ,

മണിയക്കാർ, കോൽവിക്കാർ, അധികാരികൾ എന്നിങ്ങനെയുള്ള പേരുകളാണു കൊടുത്തിരുന്നതു്. ഇതു കാർത്തികതിരുനാൾ മഹാരാജാവിൻെറ ഭരണഘടനാപരമായ പരിഷ്കാരമായിരുന്നു.

## 6 കോഴിക്കോട്ടു സാമൂതിരിയോടുള്ള യുദ്ധം

ധർമ്മരാജാവിൻെറ ഭരണം പ്രാബല്യത്തിലിരുന്ന കാലത്തു കോഴിക്കോട്ടു സാമൂതിരി, കൊച്ചിരാജ്യത്തിൻെറ ഏതാനും ഭാഗങ്ങൾ പിടിച്ചടക്കുകയുണ്ടായി. ഈ നാണക്കേടു പരിഹരിക്കുന്നതിനു വേണ്ടി, കൊച്ചി രാജാവു ശുചീന്ദ്രത്തു വരികയും അവിടെവച്ചു് ഒരുടമ്പടി ചെയ്കയും ചെയ്തു. ഈ ഉടമ്പടി അനുസരിച്ചു സാമൂതിരിയോടു യുദ്ധം ചെയ്യുവാനായി രണ്ടു വകുപ്പു് തിരുവിതാംകൂർസൈന്യത്തെ വടക്കോട്ടു വച്ചു. അവയെ നയിച്ചതു് അയ്യപ്പൻമാർത്താണ്ഡപ്പിള്ളയും ഡിലനായിയും ആയിരുന്നു. അവർ ചേലക്കര യുദ്ധത്തിൽ സാമൂതിരിയുടെ സൈന്യത്തെ നിശ്ശേഷം തോല്പിച്ചു. ഗത്യന്തരമില്ലാതെ സാമൂതിരി തിരുവിതാംകൂർസേനയോടു സമാധാനമപേക്ഷിച്ചു. അതിൻ പ്രകാരം സാമൂതിരിയും തിരുവിതാംകൂറുമായി പത്മനാഭപുരത്തുവച്ചു്. ഒരുടമ്പടിയുണ്ടായി കൊച്ചിരാജാവിൽനിന്നും സാമൂതിരി പിടിച്ചടക്കിയ രാജ്യങ്ങൾ ഉടൻ തിരികെ കൊടുക്കാമെന്നും മേലാൽ തിരുവിതാംകൂറുമായി ഇഷ്ടമായിരുന്നുകൊള്ളാമെന്നും, സാമൂതിരി സമ്മതിച്ചു. കൊച്ചിരാജാവിനു് അയ്യപ്പൻമാർത്താണ്ഡപ്പിള്ളയോടുണ്ടായ സന്തോഷം മൂലം അദ്ദേഹം തൻെറ വക പുത്തൻചിറ എന്ന പ്രദേശം അദ്ദേഹത്തിനു ദാനം ചെയ്തു പക്ഷേ രാജ്യസ്നേഹിയായ ദളവായാകട്ടെ അതു സ്വന്തമായി എടുക്കാതെ തിരുവിതാംകൂറിനോടു ചേർത്തതേയുള്ളു.

## 7. ടിപ്പുവിന്റെ ആക്രമണം

ഈ കാലത്തു കേരളദേശത്തിനു മൊത്തത്തിലും, തിരുവിതാംകൂറിനും കൊച്ചിക്കും പ്രത്യേകിച്ചും നേരിട്ടമൊറൊരു വിപത്താണു്, മൈസൂർ സുൽത്താന്റെ ആക്രമണം ഈ ആക്രമണം ആരംഭിച്ചതു് ഹൈദർ ആലിയും, അവസാനിപ്പിച്ചതു് ഹൈദരാലിയുടെ പുത്രൻ ടിപ്പുവും ആയിരുന്നു. അവർ രണ്ടുപേരും നല്ല ചങ്കുറപ്പും തന്റേടവും, ധാരാളം സേനാബലവും ഉള്ള സുൽത്താന്മാരായിരുന്നു. ഹൈദരാലി കോഴിക്കോട്ട പിടിച്ചടക്കിയതും, സാമൂതിരിയെ സ്വന്തം കോവിലകത്തു തടവിലടച്ചതും, അവമാനഭാരം മൂലം അദ്ദേഹം വെടിമരുന്നു ശാലയ്ക്കു തീവച്ചു ആത്മഹത്യ ചെയ്തതും, അടുത്ത കാലത്തു നടന്ന സംഭവമായിരുന്നു. ടിപ്പുവിന്റെ ഉദ്ദേശ്യം പിതാവിന്റെ മാതൃകയനുസരിച്ചു കേരളത്തിന്റെ ബാക്കിഭാഗങ്ങളും പടവെട്ടിപ്പിടിച്ചു ജനങ്ങളെയെല്ലാം ഇസ്ലാം മതത്തിൽ ചേർക്കണമെന്നായിരുന്നു. ഇതുകേട്ടപ്പോൾ കോലത്തിരി രാജാവു സർവസ്വവും ഉപേക്ഷിച്ചു തിരുവനന്തപുരത്തെത്തി അഭയം പ്രാപിച്ചു കൊച്ചി രാജാവാകട്ടെ ധാരാളം പണവും ആനകളും സമ്മാനിച്ചു മൈസൂറിന്റെ മൈത്രി സമ്പാദിക്കുകയാണുണ്ടായതു് പക്ഷേ ശക്തനും ധീരനുമായ ധർമ്മരാജാവു; ശാന്തമായി ഉറച്ചുനിന്നതേയുള്ളു.

അദ്ദേഹം വിവരങ്ങളെല്ലാം അപ്പഴപ്പോൾ തിരുവിതാംകൂറിന്റെ ഉററ മിത്രങ്ങളായിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിനെ അറിയിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ ഹൈദർ തിരുവിതാംകൂറിന്റെ വടക്കുഭാഗത്തു പ്രവേശിച്ചു്, ആക്രമണങ്ങൾ തുടങ്ങി. അപ്പോൾ ബ്രിട്ടീഷ് പട്ടാളം മൈസൂറിൽ പ്രവേശിച്ചു് അവരുടെ

തലസ്ഥാനത്തിൽ യുദ്ധം തുടങ്ങി. ആകയാൽ ഹൈദരാലിക്ക തിരുവിതാംകൂർ വിടാതെ ഗത്യന്തരമില്ലെന്ന നില വന്നു. താമസിയാതെ അദ്ദേഹം മൃതിയടയുകയും തൽസ്ഥാനത്ത്ു ടിപ്പുസുൽത്താൻ ആരോഹണം ചെയ്യുകയും ചെയ്തു. അധികം താമസിയാതെ അദ്ദേഹം തിരുവിതാംകൂറു പിടിച്ചടക്കുവാനായി തെക്കോട്ട തിരിച്ചു.

തിരുവിതാംകൂർ ആക്രമണത്തിനു വന്ന മൈസൂർ സേന തിരുവിതാംകൂർ സേനയേക്കാറ് വളരെ വലുതായിരുന്നു. കേശവപിള്ള ദിവാനായിരുന്നു തിരുവിതാംകൂർ സേനയെ നയിച്ചതു്. ആദ്യമായി ടിപ്പു നെടുങ്കോട്ടയുടെ വടക്കുകിഴക്കേ ഭാഗങ്ങറ് പിടിച്ചു. അപ്പോറ് തിരുവിതാംകൂർ സൈന്യം ശത്രുസൈന്യത്തിൻെറ നേരെ അവരുടെ വൻതോക്കുകറ് നിറയൊഴിച്ചു. അപ്പോറ് സുൽത്താൻെറ സൈന്യത്തിൽ വല്ലാത്ത കശപിശയുണ്ടായി. ടിപ്പു തന്നെയും കിടങ്ങിൽ വീണു കാലൊടിഞ്ഞു. അയാറ് ജീവനും കൊണ്ടു് ഒരു പ്രകാരം രക്ഷപ്പെട്ട എന്നേയുള്ളു. സുൽത്താൻെറ പല്ലക്കും വാളും മുദ്രയും മോതിരവുമെല്ലാം തിരുവിതാംകൂർ സൈന്യത്തിൻെറ അധീനത്തിലായി. ഇന്നും തിരുവനന്തപുരത്തു് ആറാട്ടൽസവത്തിനു് ഇവയൊക്കെയും വിജയചിഹ്നമായി ആനപ്പുറത്തു വച്ചു് പട്ടണപ്രദക്ഷിണം നടത്തിവരുന്നുണ്ടു്.

പക്ഷെ ഇതുകൊണ്ടും ടിപ്പു അടങ്ങിയില്ല അയാറ് രണ്ടാമതും തിരുവിതാംകൂർ ആക്രമണത്തിനു വന്നു. നെടുങ്കോട്ട വെട്ടിനിരത്തുന്നതിനുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു് അയാറ് ഇത്തവണ തിരിച്ചതു്. അയാറ് കോട്ട ഭേദിച്ചു് തെക്കോട്ടുതിരിച്ചു് ആലുവായിലെത്തി

മണപ്പുറത്തു് പാളയമടിച്ചു് വിശ്രമിക്കുകയായിരുന്നു. അതിനൽപ്പം മുകളിൽ കൃഷിക്കാർ ഒരണയിട്ടു ധാരാളം വെള്ളം കെട്ടിനിറുത്തിയിരുന്നു. കൗശലക്കാരായ ചില തിരുവിതാംകൂർ ഭടന്മാർ രഹസ്യത്തിൽ ഈ അണ വെട്ടിമുറിച്ചുവിട്ടു. അങ്ങനെയുണ്ടായ വെള്ളപ്പൊക്കത്തിൽ സുൽത്താന്റെ ആയുധങ്ങളിൽ ഒരു വലിയഭാഗം ഒഴുകിപ്പോകുകയും അസംഖ്യം ഭടന്മാർ മരിച്ചുപോകുകയും ചെയ്തു.

ഇതിനിടയിൽ ഇംഗ്ലീഷുകാർ ധർമ്മരാജാവിന്റെ താൽപ്പര്യമനുസരിച്ചു ടിപ്പുവിന്റെതലസ്ഥാനം. ആക്രമിച്ചു അപ്പോൾ സ്വന്തരക്ഷയെ ഓർത്തു് ടിപ്പു തിരുവിതാംകൂർ ആക്രമണം ഉപേക്ഷിച്ചു മൈസൂരിലേക്കു ഓടിപ്പോയി.

യുദ്ധം അവസാനിച്ചപ്പോൾ ടിപ്പു ആക്രമിച്ചു കൈവശപ്പെടുത്തിയിരുന്ന കുന്നത്തുനാടു്, ആലങ്ങാടു പറവൂർ എന്നീ മൂന്നു താലൂക്കുകളും തിരുവിതാംകൂറിലേക്കു തിരിയെ കിട്ടി. ഈ യുദ്ധം സംബന്ധിച്ചു കേശവപിള്ള ദിവാൻജി പ്രദർശിപ്പിച്ച സാമത്ഥ്യം മൂലം ബ്രിട്ടീഷ് ഗവമ്മെന്റിനു് അദ്ദേഹത്തോടു വളരെ മതിപ്പുണ്ടായി. അതിന്റെ ഫലമായി അദ്ദേഹത്തിനു് 'രാജാ' എന്നസ്ഥാനം അവർ കൊടുക്കുകയും ചെയ്തു.

### 8. സാമ്പത്തികപരിഷ്കാരങ്ങൾ.

യുദ്ധങ്ങൾ അവസാനിച്ചതോടുകൂടി ധർമ്മരാജാവിന്റെ ശ്രദ്ധ, രാജ്യത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കുന്നതിലേക്കായിരുന്നു. അദ്ദേഹം ആലപ്പുഴയും വിഴിഞ്ഞത്തും ഓരോ തുറമുഖങ്ങളുണ്ടാക്കി. കൂടാതെ കുളച്ചലും പൂന്തുറയും ഉണ്ടായിരുന്നവ പരിഷ്കരിക്കു

കയ്യും ചെയ്തു. അന്നു കാടുപിടിച്ചു കിടന്നിരുന്ന ഒരു കടൽത്തീരമായിരുന്നു ആലപ്പുഴ. ഇപ്പോൾ അതു തിരുവിതാംകൂർ വിഭാഗത്തിലെ ഏററവും വലിയ വ്യാപാരകേന്ദ്രമായി രൂപാന്തരപ്പെട്ടിട്ടുണ്ടു്. മലനാട്ടിലെ കുരുമുളകും, ചുക്കും, കൊപ്രായും, ഏലവും മററും ആറുകളും തോടുകളും വഴിയായി ഇവിടെ കൊണ്ടുവന്നു, കപ്പൽ കയററി അയയ്ക്കുന്നു. വിദേശത്തുനിന്നും സംസ്കൃതസാധനങ്ങളും, ഭക്ഷ്യസാധനങ്ങളും ഈ വഴി ഇറക്കുകയും ചെയ്യുന്നു അതുമൂലം ജനങ്ങളുടെ സാമ്പത്തികസ്ഥിതി ഇപ്പോൾ വളരെയധികം ഉയർന്നിട്ടുണ്ടു്. വിദേശവാണിജ്യത്തെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി മൂന്നു കപ്പലുകൾ സർക്കാരിൽ നിന്നും തന്നെ പണികഴിപ്പിക്കുകയുണ്ടായി.

രാജ്യത്തിനുള്ളിൽ ഗതാഗതവും വ്യാപാരവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം അനവധി റോഡുകളും തോടുകളും വെട്ടിച്ചു.

സാധാരണ ജനങ്ങൾക്കു ചെയ്യാവുന്ന കുടിൽ വ്യവസായങ്ങൾ പോഷിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, രാജനിർദ്ദേശപ്രകാരം, കേശവപിള്ള ദിവാൻ, മധുര തിരുനൽവേലിയിൽ നിന്നും സമർത്ഥരായ നെയ്ത്തുകാരെ വരുത്തി. അവരുടെ സന്താനങ്ങൾ ഇപ്പോൾ കോട്ടാററുള്ള ചാലിയക്കുടികളിൽ വസിക്കുന്നു.

കച്ചവടത്തിനു പ്രോൽസാഹനം നൽകുന്നതിനു വേണ്ടി അദ്ദേഹം ശരിയായതൂക്കത്തിലും തനിമയിലും പൊൻവെള്ളി നാണയങ്ങൾ അടിപ്പിച്ചു നീതിന്യായക്കോടതികൾ സ്ഥാപിക്കുകയും ചെയ്തു.

കായൽത്തീരങ്ങളിൽ തരിശായി കിടന്ന ഭൂമികളിൽ തെങ്ങുകൃഷി പോഷിപ്പിക്കുന്നതിലും ധർമ്മരാജാവു ശ്രദ്ധിക്കാതിരുന്നില്ല.

## 9. സാഹിത്യപ്രോൽസാഹനം

കാർത്തികതിരുനാൾ തമ്പുരാൻ വലിയ ഒരു വിദ്വാനും വിദ്വാന്മാരുടെ സംരക്ഷകനുമായിരുന്നു. അനേകം ആട്ടക്കഥകളും തുള്ളൽ കൃതികളും നിർമ്മിച്ച് ജനങ്ങളെ ആനന്ദിപ്പിക്കുകയും അവർക്ക് അറിവു വർദ്ധിപ്പിക്കുകയും ചെയ്തിരുന്ന ഉണ്ണായിവാര്യരും കുഞ്ചൻ നമ്പ്യാരും തിരുമനസ്സിലെ ആശ്രിതന്മാരും സുഹൃത്തുക്കളുമായിരുന്നു. സംസ്കൃത വിദ്വാനായ പൗലീനോസ് പാദ്രി എന്ന വിദേശമിഷ്യനറിയിൽ നിന്നാണ് ധർമ്മരാജാവ് ഇംഗ്ലീഷ് ഭാഷയും ക്രിസ്തുമത സിദ്ധാന്തങ്ങളും അഭ്യസിച്ചത്. നീതിബോധം കൊണ്ടും പ്രജാവാത്സല്യം കൊണ്ടും ഈ മഹാരാജാവ് ഇൻഡ്യയിലെ രാജാക്കന്മാരിൽ ഏറ്റവും ഉത്തമനാണെന്ന് ഈ പാദ്രി രേഖപ്പെടുത്തിയിരിക്കുന്നു.

## 10 മതഭക്തി

കാർത്തികതിരുനാൾ മഹാരാജാവിൽ അനേകം സൽഗുണങ്ങൾ വിളങ്ങിയിരുന്നു. അദ്ദേഹം തികഞ്ഞ ഒരു ഈശ്വരഭക്തനായിരുന്നു. ഹിന്ദുമതാചാരങ്ങളിൽ അദ്ദേഹം സ്ഥിരനിഷ്ഠ പ്രദർശിപ്പിച്ചിരുന്നു. മുറജപം, ഭദ്രദീപം, ഹിരണ്യഗർഭം, തുലാപുരുഷദാനം മുതലായ പൂർവിക നടപടികളെല്ലാം അദ്ദേഹം യഥാവിധി ആചരിച്ചുപോന്നിരുന്നു. നാട്ടിലുണ്ടായ ആപൽസന്ധികളിലെല്ലാം അദ്ദേഹം യജ്ഞങ്ങളും തീർത്ഥാടനവും നടത്തിയിരുന്നു. അദ്ദേഹം വിവിധ മതസ്ഥരെ ആദരിക്കുകയും അന്യ മതങ്ങൾ അഭ്യസിക്കുകയും ചെയ്തിരുന്നു. കത്തോലിക്കരുടെ നേരെ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന കാരുണ്യത്തെ അഭിനന്ദിച്ചുകൊണ്ട് റോമിൽ വാണിരുന്ന മാർപ്പാപ്പാ ഇദ്ദേഹത്തിന് സ

ന്തം കൈപ്പടയിൽ ഒരു പ്രശംസാലേഖനം അയച്ചു കൊടുക്കുകയുണ്ടായി.

## 11. ബ്രിട്ടീഷുകാരുമായുള്ള ഉടമ്പടി (1796)

സംഭവബഹുലമായ തിരുമനസ്സിലെ ജീവിതം അവസാനിക്കുന്നതിനു് ഒരു കൊല്ലം മുൻപാണു് ഇംഗ്ലീഷ് കമ്പനിയും തിരുവിതാംകൂറുമായുള്ള ശാശ്വത ഉടമ്പടിക്കു തിരുമേനി തുല്യം ചാർത്തിയതു്. ഈ ഉടമ്പടി അനുസരിച്ചു പുറമെ നിന്നുണ്ടാകുന്ന ആക്രമണങ്ങളിൽ നിന്നും തിരുവിതാംകൂറിനെ രക്ഷിച്ചുകൊള്ളാമെന്നു ബ്രിട്ടീഷുകാർ ഏറ്റു. അതിലേക്കു മൂന്നു കമ്പിനി ബ്രിട്ടീഷ് പട്ടാളത്തെ തലസ്ഥാനത്തു താമസിപ്പിച്ചുകൊള്ളാമെന്നു ബ്രിട്ടീഷുകാരും അതിന്റെ ചെലവു് കമ്പനിക്കു കൊടുത്തു കൊള്ളാമെന്നു് ധർമ്മ രാജാവും സമ്മതിച്ചു. ഇംഗ്ലീഷ്കാരല്ലാത്ത വിദേശിയരുമായി സഖ്യം ചെയ്യുന്നതല്ലെന്നു വേറൊരു വ്യവസ്ഥയും അതിലുണ്ടായിരുന്നു. ഇങ്ങനെ തന്റെ നാട്ടിലും രാജവംശത്തിലും വളരെക്കാലത്തേക്കു സമാധാനവും ശ്രേയസ്സും ഉണ്ടായിരിക്കുമെന്നു മനസ്സിലാക്കിക്കൊണ്ടാണു് 1797—ൽ ഈ മഹാരാജാവു നാടുനീങ്ങിയതു്.

### ചോദ്യങ്ങൾ

1. കാർത്തികതിരുനാൾ മഹാരാജാവിനെ ധർമ്മരാജാവെന്നു വിളിക്കുന്നതിനു ചില കാരണങ്ങൾ പറയുക.
2. അദ്ദേഹം ഏർപ്പെടുത്തിയ ചില പരിഷ്കാരങ്ങൾ വിവരിക്കുക
3. കോഴിക്കോട്ടു സാമൂതിരിയും തിരുവിതാംകൂറുമായുണ്ടായിട്ടുള്ള ബന്ധങ്ങൾ വിവരിക്കുക.

# അദ്ധ്യായം 10.

---

## കൊച്ചീ ശക്തൻ തമ്പുരാൻ

(1769—1805)

**രാജ്യസ്ഥിതി**

ടിപ്പുവിന്റെ പടയോട്ടക്കാലത്തു കൊച്ചീ രാജ്യത്തെ ഭരിച്ചുകൊണ്ടിരുന്നതു്. രാമവർമ്മ എന്നുപേരായി പ്രബലനായ ഒരു തമ്പുരാനായിരുന്നു. ഇദ്ദേഹം 1790-മുതൽ 1805-വരെ കൊച്ചീരാജ്യം ഭരിച്ചു. അന്നു കൊച്ചീരാജ്യത്തിന്റെ സ്ഥിതി വളരെ അപകടത്തിലായിരുന്നു. ടിപ്പുവിനെ ബ്രിട്ടിഷുകാർ 1792 ൽ വധിക്കുകയും അയാൾ പിടിച്ചടക്കിയിരുന്ന വടക്കൻ കേരളം മുഴുവനും കരസ്ഥമാക്കുകയും ചെയ്തിരുന്നു. ബ്രിട്ടിഷുകാരോടു് എതിരിടുന്നതിനുള്ള ശക്തി കൊച്ചിക്കു് ഉണ്ടായിരുന്നില്ല. തെക്കാണെങ്കിൽ തിരുവിതാംകൂറിന്റെ ശക്തിയും പ്രതാപവും അടിക്കടി വർദ്ധിച്ചു കൊണ്ടാണിരുന്നതു്. കൊച്ചി ഒന്നുകിൽ ബ്രിട്ടിഷ് മലയാളത്തിന്റെ ഭാഗമാകും, അല്ലെങ്കിൽ തിരുവിതാംകൂറിൽ ലയിക്കും അതായിരുന്നു. അപ്പോഴത്തെ കൊച്ചിയുടെ സ്ഥിതി. ഈ ദുർഘടത്തിൽ നിന്നും കൊച്ചിയെ രക്ഷിച്ചതു് പ്രതാപവാനായ ഈ രാമവർമ്മതമ്പുരാനായിരുന്നു. ആകയാൽ അദ്ദേഹത്തെ ശക്തൻ തമ്പുരാൻ എന്നു ചരിത്രത്തിൽ വ്യവഹരിച്ചുവരുന്നു.

**ബാല്യം**

അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പററി രസകരമായ ചില ഐതിഹ്യങ്ങളുണ്ടു്. ഇദ്ദേഹം 1751-ാ



കൊച്ചി ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്

മാണ്ടു് വെള്ളാരപ്പള്ളി കോവിലകത്തു ജനിച്ചു. ഈ ശിശുവിന്റെ ജനനം ഒരു ദുർദ്ദിനത്തിലായിരുന്നു എന്ന കാരണത്താൽ അദ്ദേഹത്തിന്റെ അമ്മയ്ക്കു വളരെ വ്യസനമുണ്ടായി. അന്നു സ്ഥലത്തുവന്ന ഒരു യോഗി ഈ വിവരമറിഞ്ഞു്, കറെ പൂക്കഠം ജപിച്ചു് രാജകുമാരന്റെ പള്ളിമെത്തയുടെ അടിയിൽ വയ്ക്കുവാനായി കൊടുക്കുകയും അദ്ദേഹം ശൗര്യപരാക്രമങ്ങളോടുകൂടി രാജ്യംഭരിക്കുമെന്നു് അനുഗ്രഹിക്കുകയും ചെയ്തു പോൽ! ഏതായാലും ചെറുപ്പത്തിൽത്തന്നെ അദ്ദേഹം അടവു, തടവു്, ഓട്ടം, ചാട്ടം ആകാശപ്പയററു്, പരിചയെറിപ്പ്, വായുസ്തംഭനം മുതലായ കായികാഭ്യാസങ്ങളിലും, സകലവിധത്തിലുള്ള ആയുധാഭ്യാസങ്ങളിലും കുതിരസവാരിയിലും സമർത്ഥനായിത്തീർന്നു. പ്രകൃത്യാ വളരെ ധീരനും ശക്തനുമായിരുന്നു അദ്ദേഹം. 1769—ാമാണ്ടു മുതൽ അദ്ദേഹം രാജ്യകാര്യങ്ങളിൽ ഏർപ്പെടുകയും അന്നു നാടു വാണുകൊണ്ടിരുന്ന വീരകേരളവർമ്മ മഹാരാജാവിനെ കാര്യമായി സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. 17[illegible]—ാമാണ്ടു് ആഗസ്റ്റു് മാസത്തിൽ വീരകേരളവർമ്മ മഹാരാജാവു് തീപ്പെട്ടഅവസരത്തിൽ ശക്തൻ തമ്പുരാൻനേരിട്ടു രാജ്യഭാരം ഏററു.

1 സൈനികപരിഷ്ക്കാരങ്ങഠം

ശത്രുക്കളുടെ ആക്രമണത്തിൽനിന്നും രാജ്യത്തെ രക്ഷിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാനമായമുൻകരുതൽ, അതിനുവേണ്ടി അദ്ദേഹം തപ്പുണിത്തുറയും തശിവപേരൂരും ഓരോ കോട്ടയും കിടങ്ങും പണിയിച്ചു. അദ്ദേഹം കൊച്ചിയിൽവലിയ ഒരു സൈന്യത്തെ ശേഖരിക്കുകയും, അതിനെ നാലു സൈന്യാധിപന്മാരുടെ കീഴിൽ പരിശീലനം

നടത്തിക്കുകയും ചെയ്തു. ഇവയുടെ മൊത്തം മേൽനോട്ടത്തിനുവേണ്ടി വലിയകപ്പിത്താൻ എന്നപേരിൽ ഒരു ഉദ്യോഗസ്ഥനെയും നിയമിച്ചു. കടൽക്കള്ളന്മാരെ ഒതുക്കുവാൻ അദ്ദേഹം പ്രബലമായ ഒരു വാല സൈന്യത്തെ രൂപവൽക്കരിച്ചു.

## 2. നീതിന്യായപരിഷ്കാരങ്ങൾ

രാജ്യത്തിന്റെ നില വലിയ അപകടത്തിലായിരുന്നതുകൊണ്ട് ഏററവും ചെറിയ അച്ചടക്കമില്ലായ്മയ്ക്കുപോലും ഗുരുതരമായ ശിക്ഷകൾ അദ്ദേഹം, കൊടുത്തുവന്നു. പലപ്പോഴും അദ്ദേഹം രാത്രിയിൽ യൂദനായും, ജോനകനായും, പട്ടാണിയായും, ബ്രാഹ്മണനായും, ലാടനായും വേടനായും സ്ത്രീയായും വേഷംമാറി, പുറമെ സഞ്ചരിച്ചിരുന്നു. വിശ്വസ്തരായ ചില ആളുകളെക്കൂടി അദ്ദേഹം സ്വന്തരക്ഷയ്ക്കായികൂട്ടിക്കൊണ്ടുപോകുകയും പതിവായിരുന്നു. എപ്പോഴും ആയുധം ധരിച്ചുകൊണ്ട് മാത്രമേ അദ്ദേഹം സഞ്ചരിച്ചിരുന്നുള്ളു. രാജ്യത്തിൽ എവിടെയെങ്കിലും അനീതി നടക്കുന്നുണ്ടോ എന്നറിയുന്നതിനായിരുന്നു ഈ സഞ്ചാരങ്ങൾ ഇടയ്ക്കിടയ്ക്കു പലപ്പോഴും അദ്ദേഹം അക്രമികളെ കണ്ടുപിടിച്ചു ശിക്ഷിക്കുകയും സാധുക്കളെ ധർമ്മസങ്കടത്തിൽനിന്നും വിസ്മയകരമായി രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ചാരന്മാർ അദ്ദേഹത്തിന്റെ കണ്ണും ദൂതന്മാർ അദ്ദേഹത്തിന്റെ നാവുമായിരുന്നു എന്നാണു ചൊല്ല്.

## 3. ക്രൂരശിക്ഷകൾ

രാജ്യഭരണത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ധാരാളം പണം ആവശ്യമായിരുന്നു. അതിനാവശ്യമായ പണം അദ്ദേഹം ധനികരായ കച്ചവടക്കാരിൽ

നിന്നും ധാരാളം സ്വത്തുള്ള ക്ഷേത്രങ്ങളിൽ നിന്നും പിരിച്ചെടുത്തിരുന്നു. സർക്കാരിലേക്കു് ക്രമപ്രകാരം വരേണ്ട ദ്രവ്യം കൊടുക്കാൻ മടികാണിച്ച ചില കച്ചവടക്കാരുടെ സ്വത്തുമുഴുവൻ അദ്ദേഹം പിടിച്ചെടുത്തതായി കാണുന്നു. കൈക്കൂലിവാങ്ങിയിരുന്ന ഉദ്യോഗസ്ഥന്മാരെ അദ്ദേഹം മുക്കാലിയിൽകെട്ടി ചമ്മട്ടികൊണ്ടു് അടിപ്പിക്കുകയും അവരുടെ വസ്തുവകകൾ സർക്കാരിലേക്കു കണ്ടുകെട്ടുകയും പതിവായിരുന്നു. ഒരിക്കൽ മര്യാദകേടായി പ്രവർത്തിച്ച ഒരു കപ്പിത്താനെ അദ്ദേഹം ഒരു ഇരുമ്പുകൂററിയിൽ കെട്ടി തുണിചുററി എണ്ണയൊഴിച്ചു ദഹിപ്പിച്ചുപോൽ. ആകപ്പാടെ ശക്തൻ തമ്പുരാൻ എന്ന പേരു കേട്ടാൽ പേടിച്ചു വിറയ്ക്കാത്ത ആളുകൾ അന്നു കൊച്ചിയിൽ ചുരുക്കമായിരുന്നു.

## 4. സാമ്പത്തികപരിഷ്കാരങ്ങൾ

കച്ചവടമാണു് രാജ്യത്തിനു ശ്രേയസ്സുണ്ടാക്കുന്നതു് എന്നുള്ള കാര്യം അദ്ദേഹത്തിനു നല്ലബോദ്ധ്യമായിരുന്നു. അതിനുവേണ്ടി അദ്ദേഹം പല സ്ഥലങ്ങളിലും ചന്തകൾസ്ഥാപിച്ചു. അവിടവിടെ പണ്ടകശാലകൾ പണിയിച്ചു് കച്ചവടക്കാർക്കു വാടകയ്ക്കു കൊടുത്തു. അവിടുത്തെ സ്വന്തം വകയായി ഒട്ടുവളരെ കച്ചവടകപ്പലുകൾ തന്നെയുണ്ടായിരുന്നു. കച്ചവടത്തിന്റെയും ഗതാഗതത്തിന്റെയും അഭിവൃദ്ധിക്കായി വഴികൾവെട്ടിക്കുക, പാലങ്ങൾ പണിയിക്കുക, ഇവയെല്ലാം അദ്ദേഹം ലോഭമില്ലാതെ ചെയ്തു.

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിത്തോളും അണകളും ചിറകളും അദ്ദേഹം കെട്ടിച്ചു. പണം കടംകൊടുത്തും കേടുപിഴകൾ നോക്കിക്കണ്ടു് നികുതി

പാട്ടങ്ങളും ഇളവു ചെയ്തും അദ്ദേഹം കർഷകരെ സഹായിച്ചിരുന്നു.

### 5. ബ്രിട്ടീഷുകാരുമായുള്ള ബന്ധം

മൈസൂറിൻെറ ആക്രമണത്തിൽനിന്നു രക്ഷ പ്രാപിക്കുന്നതിനുവേണ്ടികൊച്ചിരാജ്യം ടിപ്പുവിൻെറ മേലധികാരത്തെ സ്വീകരിച്ചിരുന്നതായി മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ടിപ്പു രാജ്യം വിട്ടു പോയ ഉടനെ 1791 ജനുവരിമാസത്തിൽ ശക്തൻ തമ്പുരാൻ ബ്രിട്ടീഷുകാരുമായി ഒരു സഹായസന്ധി ചെയ്തു. ആ ഉടമ്പടിപ്രകാരം അദ്ദേഹം ബ്രിട്ടീഷുകാരുടെ മേൽക്കോയ്മയെ സ്വീകരിക്കുകയും, കൊല്ലംതോറും ഒരുലക്ഷം രൂപാവീതം കപ്പം കൊടുത്തുകൊള്ളണമെന്നു സമ്മതിക്കുകയും ചെയ്തു. അതിനു പകരമായി കൊച്ചിരാജ്യത്തെ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിച്ചുകൊള്ളാമെന്നു് ബ്രിട്ടീഷുകാർ സമ്മതിക്കുകയും ചെയ്തു. ഇതുകൂടാതെ ശത്രുക്കൾ കീഴടക്കിയ കൊച്ചി രാജ്യവിഭാഗങ്ങൾ ബ്രിട്ടീഷുകാരുടെ സഹായത്തോടുകൂടി തിരിച്ചെടുക്കുന്നതിനും ശക്തൻതമ്പുരാൻ പരിശ്രമിക്കാതിരുന്നില്ല. അങ്ങനെ ആലങ്ങാടും പറൂരും തിരുവിതാംകൂറിൽ നിന്നു തിരിയെ കിട്ടുവാൻ ശക്തൻതമ്പുരാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. വടക്കൻമലബാറിലുള്ള കവളപ്പാറ, തെന്മലപുരം, വടമലപ്പുറം എന്നീ പ്രദേശങ്ങൾ തനിക്കു കിട്ടേണ്ടതാണെന്നു് ശക്തൻതമ്പുരൻ ബ്രിട്ടീഷുകാരുമായി വാദം നടത്തിയെങ്കിലും ബ്രിട്ടീഷുകാർ അതുവകവയ്ക്കാതെ ശരിയായ ഉടമസ്ഥനായ പാലക്കാട്ടു രാജാവിനാണു കൊടുത്തതു്. ഇക്കാലത്തു കൊടുങ്ങല്ലൂർ രാജാവു് കൊച്ചിക്കു കീഴടങ്ങിയിരുന്നുകൊള്ളാമെന്നു സമ്മതിച്ചതിനാൽ ആ പ്രദേശം മാത്രമേ കൊ

ച്ചിയിലേക്കു കിട്ടിയുള്ളു. ചേററുവായ് മണപ്പുറം അക്കാലത്തു കൊച്ചിക്കു പാട്ടമുണ്ടായിരുന്നതു് വിടുത്തി ബ്രിട്ടീഷ് മലബാറിനോടു ചേർക്കുകയും ചെയ്തു. ഇക്കാരണങ്ങളാൽ ശക്തൻ തമ്പുരാനു് ബ്രിട്ടീഷ്കാരോടു തീരെ രസമുണ്ടായിരുന്നില്ല.

## ബ്രിട്ടീഷുകാർ കൊച്ചിക്കോട്ട പിടിച്ചതു്.

അങ്ങനെയിരിക്കെ 1796-ൽ ഡച്ചുകാരുടെ വകയായിരുന്ന കൊച്ചിക്കോട്ട ഇംഗ്ലീഷുകാർ പിടിച്ചെടുത്തു. അതിനു കൊച്ചിരാജാവു വഴിപ്പെട്ടതല്ലാതെ ഡച്ചുകാർക്കു യാതൊരു സഹായവും ചെയ്തുകൊടുത്തില്ല. 1800-ൽ കർണ്ണൽ മെക്കാളെ എന്ന ഇംഗ്ലീഷുകാരനെ തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡണ്ടായി നിയമിച്ചു. അദ്ദേഹത്തിനു കൊച്ചി സംസ്ഥാനത്തിന്റെ മേലന്വേഷണവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകുത്തുകളിൽ ശക്തൻ തമ്പുരാനെ വേണ്ടതുപോലെ ബഹുമാനിച്ചിരുന്നില്ല. പോരെങ്കിൽ അദ്ദേഹത്തിന്റെ അതിരുകടന്ന അധികാരപ്രയോഗങ്ങളെ മെക്കോളെ അപലപിക്കുകയും വിരോധിക്കുകയും ചെയ്തിരുന്നു.

ഇങ്ങനെയിരിക്കെ മുപ്പത്തിഅഞ്ചു കൊല്ലത്തെ ഭരണശേഷം 1805—ൽ ശക്തൻ തമ്പുരാൻ നാടുനീങ്ങുകയുണ്ടായി. തൃശ്ശിവപേരൂരിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന പൂരമഹോത്സവം ഏർപ്പെടുത്തിയതു് ഇദ്ദേഹമത്രെ. അദ്ദേഹത്തിന്റെ കാലത്തു് കൊച്ചിരാജ്യം എല്ലാകാര്യങ്ങളിലും വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. കൊച്ചിരാജ്യത്തിന്റെ അസ്ഥിവാരമുറപ്പിച്ച ഈ രാമവർമ്മ ശക്തൻ തമ്പുരാൻ വാസ്തവത്തിൽ കേരളദേശത്തിന്റെ അഭിമാനസ്തംഭങ്ങളിൽ ഒന്നാണു്.

### ചോദ്യങ്ങൾ

1. ശക്തൻ തമ്പുരാൻ ഏർപ്പെടുത്തിയ ചില പരിഷ്കാരങ്ങൾ വിവരിക്കുക.
2. ആ രാജാവ് [illegible] രക്ഷിച്ചതെങ്ങനെയെന്നു കാണിക്കുക.

---

# അദ്ധ്യായം 11.

## സൗഭാഗ്യവതികളായ രണ്ടു റാണിമാർ

(1811 മുതൽ 1829 വരെ)

### പ്രാരംഭം

ധർമ്മരാജാവിന്റെ മരണം മുതൽ 1811 വരെയുള്ള കാലഘട്ടം തിരുവിതാംകൂർ രാജ്യചരിത്രത്തിലെ ഇരുളടഞ്ഞ ഒരു അദ്ധ്യായമാണു്. അക്കാലത്തു നാടുവാണിരുന്ന ബാലരാമവർമ്മ മഹാരാജാവു് ഉൽസവപ്രിയനും, വൻ ചെലവുകാരനും, രാജ്യം ഭരിപ്പാൻ അപ്രാപ്തനുമായിരുന്നു. സ്തുതിപാഠകന്മാർക്കും വഞ്ചകന്മാർക്കും ആയിരുന്നു അന്നു് ഉന്നതസ്ഥാനങ്ങൾ ലഭിച്ചതു്. രാജ്യത്തെ മുതലെടുപ്പു് തുലോം ചുരുങ്ങിവന്നു. പുതിയ ആദായമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ തക്ക ബുദ്ധിശക്തിയും പ്രാപ്തിയും ഉള്ളവർ രാജ്യത്തിൽ വളരെ ചുരുക്കമായിരുന്നു. വല്ലവരുമുണ്ടായിരുന്നാൽ തന്നെ അവർക്കു രാജ്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. അക്കാലത്തു ബ്രിട്ടീഷ് ഗവൺമെന്റിലേക്കു ചെല്ലേണ്ട കപ്പം, എട്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെ

ശ്ശ. കപ്പം മുടങ്ങിയ അവസരത്തിൽ മഹാരാജാവിനെ യും അദ്ദേഹത്തിൻെറ ദളവായെയും ബ്രിട്ടീഷുകാർ ശല്യപ്പെടുത്തിത്തുടങ്ങി. ഇതു മൂലം ബ്രിട്ടീഷ് ഗവർണ്മെൻറിൻെറ നേരെ വേലുത്തമ്പിദളവാ മൽസരിക്കുന്നതിനും എതിർക്കുന്നതിനുമിടയായി. ഈ എതിർപ്പിൽ കൊച്ചിയിലെ മന്ത്രിയായിരുന്ന പാലിയത്തച്ഛനും സഹകരിച്ചിരുന്നു. ഇതു മൂത്തപ്പോൾ ബ്രിട്ടീഷ് പട്ടാളം രാജ്യത്തിൽ പ്രവേശിക്കുന്നതിനും എതിർപ്പുകാരെ അതിനിചമായ വിധത്തിൽ ശിക്ഷിക്കുന്നതിനും ഇടവന്നു. ഈ കറുകറുത്ത അദ്ധ്യായം അങ്ങനെ പോകട്ടെ.

1811 മുതൽ 1829 വരെയുള്ളകാലത്തു് തിരുവിതാംകൂർ രാജ്യത്തിൽ ഭരണം നടത്തിയിരുന്നതു് സൗഭാഗ്യവതികളായ രണ്ടു റാണിമാരാണു് അവരിൽ മൂത്ത റാണിയായ ഗൗരി ലക്ഷ്മിഭായിയുടെ ഭരണം നാലു കൊല്ലക്കാലത്തേക്കു മാത്രമേ ദീർഘിച്ചുള്ളൂ. ആ മഹതി ഇരുപതാമത്തെ വയസ്സിലാണു് രാജ്യഭാരം ആരംഭിച്ചതു് അവർക്കു രാജ്യഭരണത്തിൽ യാതൊരു പരിചയത്തിനും വഴിയുണ്ടായിരുന്നില്ല. എങ്കിലും അവർക്കു ഭരണവിഷയത്തിൽ രണ്ടു മഹാനുഭാവന്മാരുടെ സഹായ സഹകരണങ്ങൾ ലഭിച്ചിരുന്നു. മഹാ പണ്ഡിതനും മഹാമനസ്കനുമായിരുന്ന ചങ്ങനാശേരി രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു ആ മഹതിയുടെ ഭർത്താവു്. അക്കാലത്തു ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കർണ്ണൽ മൺറോയും സഹോദരതുല്യം അവർക്കു രാജ്യ കാര്യങ്ങളിൽ ഉപദേശം നൽകിയിരുന്നു.

ബാലരാമവർമ്മ മഹാരാജാവിൻെറ ദുർഭരണം പാടേ നീക്കുകയും, ആ സ്ഥാനത്തു കാര്യക്ഷമവും നവീനവുമായ ഒരു ഭരണക്രമം സ്ഥാപിക്കുകയുംചെയ്യേണ്ടതു് അത്യാവശ്യമാണെന്നു റാണിക്കു ബോദ്ധ്യമായി. അ

തിനാൽ റാണി പഴയ ദളവായായിരുന്ന ഉമ്മിണി ത്തമ്പിയെ ഉദ്യോഗത്തിൽ നിന്നു നീക്കം ചെയ്തു. അ ക്കാലത്തു ലക്ഷ്മിഭായിയുടെ ഭരണത്തെ തകിടം മറി ക്കുവാൻ പ്രബലമായ ചില ഗൂഢശക്തികൾ പ്രവർത്തി ച്ചുകൊണ്ടിരുന്നു. കക്ഷിവഴക്കുകളും അസൂയയും നട മാടിയുമിരുന്നു. അതിനാൽ ശക്തിയേറിയ ഒരു ഭരണ കൂടം രാജ്യത്തിൽ സ്ഥാപിക്കേണ്ടതു അത്യാവശ്യമായി ത്തീർന്നു. ആകയാൽ ബ്രിട്ടീഷ് റസിഡണ്ടിന്റെ ഉ ദ്യോഗം വഹിച്ചിരുന്ന മൺറോ സായിപ്പ് തന്നെ ദി വാൻ പദവും സ്വീകരിക്കേണ്ടിവന്നു. അക്കാലത്തു കൊച്ചി സംസ്ഥാനത്തിലെ ദിവാൻ പദവും അദ്ദേഹം തന്നെയാണ് ഏറ്റു നടത്തിയിരുന്നതു്. ഇതു കേവലം താൽക്കാലികമായ ഒരു വ്യവസ്ഥ മാത്രമായിരുന്നു എ ങ്കിലും ഇങ്ങനെയുള്ള ഒരു ഇടക്കാല ഭരണം മൂലം തിരു വിതാംകൂറിലെയും കൊച്ചിയിലെയും ഭരണകൂടം യൂ റോപ്പിലെ പരിഷ്കൃത ഭരണകൂടങ്ങളോടു തുല്യമായി ത്തീരുകയുണ്ടായി. അതു സാക്ഷാൽ ഐക്യകേരളത്തി നു മൊത്തത്തിൽ വലുതായ ഒരു നേട്ടമായിരുന്നു.

## മൺറോ സായിപ്പിന്റെ ഭരണപരിഷ്കാരങ്ങൾ

1) ഇന്നത്തെ രീതിയിൽ താലൂക്കുകൾ ഭരിക്കു വാൻ തഹശീൽദാരന്മാരെ നിയമിച്ചു തുടങ്ങിയതു അ ദ്ദേഹമാണ്. മുമ്പ് ആ സ്ഥാനത്തു ഭരണം നടത്തിയി രുന്ന ഉദ്യോഗസ്ഥന്റെ പേരു് കാര്യക്കാർ എന്നായിരു ന്നു. ആ ഉദ്യോഗസ്ഥൻ കരം പിരിക്കുന്ന ചുമതലയ്ക്കു പുറമെ നീതിന്യായം നടത്തുകയും ചെയ്തിരുന്നു. അതു മൂലം ജനങ്ങൾക്കു് അവരെ വലിയ ഭയമായിരുന്നു ആ കാരണത്താൽ നീതിന്യായം നടത്തുന്ന ജോലി ആ ഉ ദ്യോഗസ്ഥന്മാരിൽ നിന്നു് അദ്ദേഹം എടുത്തുകളഞ്ഞു.

2) ഇങ്ങനെ മാററിയ നീതിന്യായവകുപ്പ് ഭരിക്കുന്നതിനു വേണ്ടി തിരുവിതാംകൂറിൽ അഞ്ചു ജില്ലാക്കോടതികളും തിരുവനന്തപുരത്ത് ഒരപ്പീൽ കോടതിയും അദ്ദേഹം ഏർപ്പെടുത്തി. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മുസ്ലിങ്ങൾക്കും അവരവരുടെ പ്രത്യേക നിയമങ്ങൾ അനുവദിച്ചുകൊടുത്തു.

3) രാജ്യത്തെ ചെലവു കുറയ്ക്കുന്നതിനുവേണ്ടി അദ്ദേഹം സൈന്യത്തിൽ ഗണ്യമായ കുറവു വരുത്തി മുമ്പുരാജ്യത്തിൽ സമാധാനം പാലിക്കുന്ന ജോലി സൈനികവകുപ്പിനുള്ളതായിരുന്നു. ആ ജോലി നിർവഹിക്കുന്നതിനു വേണ്ടി അദ്ദേഹം പോലീസിനെ നിയമിക്കുകയുണ്ടായി. പോലീസ് സൈന്യത്തെ പരിഷ്കരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തതോടുകൂടിയാണ് പട്ടാളത്തെ ഇങ്ങനെ കുറവു ചെയ്തത്.

4) രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിന് ആയിരുന്നു മൺറോ സായിപ്പിന്റെ പിന്നത്തെ ശ്രമം. കരക്കുടിശ്ശികകൾ അദ്ദേഹം കർശനമായി പിരിച്ചു. പിരിക്കുവാൻ സൗകര്യമില്ലാത്ത പല നികുതികൾ നിറുത്തൽ ചെയ്യുകയും ചെയ്തു. വ്യാജച്ചരക്കുവ്യാപാരം തടയുന്നതിനു വേണ്ടി അദ്ദേഹം അതിർത്തിസ്ഥാനങ്ങളിൽ കാവൽപ്പുരകൾ സ്ഥാപിച്ചു.

പുകയില, ഉപ്പ്, കുരുമുളക് ഈവക സാധനങ്ങൾക്ക സർക്കാർ കുത്തക ഏർപ്പെടുത്തി ഉദ്യോഗസ്ഥന്മാർ സർക്കാർ പണം അപഹരിക്കുന്ന മുൻപതിവിനെ അദ്ദേഹം കർശനമായി തടഞ്ഞു. വലിയ മേലെഴുത്തുപിള്ളയുടെയും ദിവാൻജിയുടെയും കൈയൊപ്പു കൂടാതെ യാതൊരു തുകയും ചെലവു ചെയ്യരുതെന്നു അദ്ദേഹം ശട്ടം കെട്ടി.

5) ദേവസ്വം ഭരണം സർക്കാർ ഏറ്റെടുത്തു. അക്കാലത്തു തിരുവിതാംകൂറിൽ 348 വലിയ ക്ഷേത്രങ്ങളും ആയിരത്തിൽ പരം ചെറിയ ക്ഷേത്രങ്ങളും ഉണ്ടായിരുന്നു. അവയ്ക്കു നല്ല ഭൂസ്വത്തും വരവും ഉണ്ടായിരുന്നു. എങ്കിലും ക്ഷേത്രകാൎയ്യങ്ങൾ ശരിയായി നടന്നിരുന്നില്ല. അതിനാൽ മൺറോ, ദേവസ്വം ഭരണം സർക്കാരിലേക്കു് ഏറ്റെടുക്കുകയും ക്ഷേത്രകാൎയ്യങ്ങൾ സർക്കാരിൽ നിന്നു നടത്തുകയും ചെയ്തു. നാലു ലക്ഷത്തിൽപരം രൂപായുടെ ആദായം ഇങ്ങനെ സർക്കാരിനു ലഭിച്ചു.

6) അടിമക്കച്ചവടം നിറുത്തൽ ചെയ്തതാണു് മൺറോയുടെ വേറൊരു പരിഷ്കാരം. ആ കാലത്തു പറയർ, പുലയർ, വേടന്മാർ, ഉള്ളാടന്മാർ എന്നിവർ ധനവാന്മാരുടെ അടിമകളായിരുന്നു. കന്നുകാലികളെപ്പോലെ അവരെ വിൽക്കുകയും വാങ്ങുകയും ചെയ്തുപോന്നു. ആ പതിവിനെ 1812-ലെ ഒരു തിരുവെഴുത്തു വിളംബരം മൂലം നിറുത്തലാക്കി.

മൂന്നു വർഷത്തെ ദിവാൻ ഭരണത്തിനു ശേഷം മൺറോ ആ ജോലിയിൽ നിന്നു വിരമിച്ചു. പിന്നീടു കുറേ കാലം കൂടി അദ്ദേഹം തിരുവിതാംകൂർ-കൊച്ചി ബ്രിട്ടീഷ് റസിഡണ്ടായി ജോലി നോക്കിയിട്ടുണ്ടു്. അപ്പോഴാണു് ലക്ഷ്മീഭായിയുടെ സഹോദരിയായ ഗൗരി പാർവ്വതീഭായിയുടെ ഭരണം നടന്നതു്. ആ മഹതിയുടെ ഭരണകാലത്തു രണ്ടു മഹാരാഷ്ട്ര ബ്രാഹ്മണരാണു ദിവാൻജി ഉദ്യോഗം വഹിച്ചിരുന്നതു്. റസിഡണ്ടു മൺറോ അവർക്കു പല നിർദ്ദേശങ്ങളും കൊടുത്തു സഹായിച്ചിരുന്നു. അക്കാലത്തും പല നല്ല പരിഷ്കാരങ്ങൾ നാട്ടിൽ നടപ്പിൽ വന്നു. അവയിൽ പ്രധാനപ്പെട്ടവയെ താഴെച്ചേർക്കുന്നു.

1) അവളുടെ നാട്ടിന്റെ പല ഭാഗങ്ങളിലും പ്രാഥമിക പാഠശാലകൾ ഏർപ്പെടുത്തുകയും, എല്ലാ ജനങ്ങളുടെ ഇടയിലും എഴുത്തും വായനയും പ്രചരിപ്പിക്കുകയും ചെയ്തു. ഇന്നു തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളാണ് ഇൻഡ്യയിൽ അക്ഷരാഭ്യാസത്തിൽ മുന്നിട്ടു നില്ക്കുന്നതു്. അതിനു കാരണക്കാർ ഇതുപോലെയുള്ള കേരളത്തിലെ ഭരണകർത്താക്കളത്രേ.

2) ഉയർന്ന ജാതിക്കാർക്കു മാത്രമേ സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള ആഭരണങ്ങൾ അണിയാവു എന്നായിരുന്നു അന്നുവരെയുള്ള മാമൂൽ. ഗൗരി പാർവ്വതിഭായി ഈ മാമൂൽ നിർത്തലാക്കി.

3) ഹിന്ദു ക്ഷേത്രത്തിലെ ഉത്സവാദികൾക്കു വേണ്ടി നാട്ടിലെ ക്രിസ്ത്യാനികൾ നെല്ലു കുത്തികൊടുക്കുക മുതലായ ഊഴിയവേലകൾ ചെയ്യണമെന്നു അക്കാലംവരെ ഒരു നിബന്ധനയുണ്ടായിരുന്നു. ഇതും ഈ റാണിയുടെ കാലത്തു നിവൃത്തൽ ചെയ്തു.

ഗൗരി ലക്ഷ്മീഭായിയും ഗൗരി പാർവ്വതീഭായിയും തിരുവിതാംകൂർ ഭരിച്ചകാലത്താണ്. ഇംഗ്ലണ്ടിൽ നിന്നു പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ ഇൻഡ്യയിൽ വന്നതു്. മൺറോ സായിപ്പ് അവരുടെ ഒരു മിത്രവുമായിരുന്നു. ആകയാൽ മിഷ്യനറിമാരുടെ പ്രവർത്തനങ്ങൾക്കു വേണ്ട സഹായ സഹകരണങ്ങൾ കൊടുക്കണമെന്നു മൺറോ സായ്പ് ഈ മഹാറാണിമാരോടു ശുപാർശ ചെയ്തു. അപ്രകാരം അവർക്കു മഹാറാണി ചില സൌജന്യങ്ങൾ അനുവദിച്ചു കൊടുക്കുകയും ചെയ്തു. അതിലൊന്നായിരുന്നു ക്രിസ്ത്യാനികളെ, ഹിന്ദുക്ഷേത്രങ്ങളിലെ ഊഴിയവേലകളിൽനിന്നു

വിടുതൽചെയ്തതു്. വേറൊന്നു ഞായറാഴ്ച ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപംനം ചെയ്തതാണു്. ഇക്കാലത്തു തെക്കൻ തിരുവിതാംകൂറിൽ ലണ്ടൻമിഷ്യൻ എന്നും വടക്കൻ തിരുവിതാംകൂറിൽ ചർച്ചുമിഷ്യൻ എന്നും രണ്ടു ക്രൈസ്തവ സംഘക്കാർ വന്നു പ്രവൎത്തനം ആരംഭിച്ചു. അവർ താണവർഗ്ഗക്കാരുടെ ഇടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും നാനാജാതിമതക്കാരുടെയും ഇടയിൽ ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചരിപ്പിക്കുകയും. ചെയ്തു അവരുടെ വകയായി നാഗർകോവിലിൽ ഒരു ലണ്ടൻമിഷ്യൻ കോളേജും കോട്ടയത്തു് ഒരു സി. എം. എസ്സ്. കോളേജും പണികഴിപ്പിക്കുന്നതിനു് സർക്കാരിൽ നിന്നു തടിയും പണവും ദാനം ചെയ്യുകയുണ്ടായി. ഇതു കൂടാതെ നാഞ്ചിനാട്ടിൽ എൽ. എം. എസ്. മിഷ്യനറിമാർക്കു ധാരാളം സ്ഥലവു , സി. എം. എസ്. കാർക്കു കല്ലടയാററിൽ മൺ:റോത്തുരുത്തും സർക്കാരിൽ നിന്നും ദാനമായി കൊടുക്കുകയുണ്ടായി

1829—ൽ ഗൗരിലക്ഷ്മീഭായിത്തമ്പുരാട്ടിയുടെ മൂത്തപുത്രനായ സ്വാതിതിരുനാൾ രാജകുമാരനു് പതിനാറു വയസ്സു പൂർത്തിയാകയാൽ ഗൗരി പാർവ്വതീഭായി രാജ്യഭാരം അദ്ദേഹത്തെ ഏല്പിച്ചു

## അദ്ധ്യായം 12.

---

## സ്വാതിതിരുനാൾ മഹാരാജവ്
## കേരളകലാസംരക്ഷകൻ
(1829മുതൽ 1897 വരെ)

### 1. ബാല്യകാലം,

ചെറുപ്പത്തിലേ നാടുനീങ്ങിയ ഗൗരിലക്ഷ്മിഭായിത്തമ്പുരാട്ടിയുടെ മൂത്തപുത്രനായിരുന്നു സ്വാതി (ചോതി)തിരുനാൾ മഹാരാജാവു്. അദ്ദേഹത്തിൻെറ അഛൻ മഹാവിദ്വാനും കവിയുമായിരുന്ന ചങ്ങനാശേരി രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു. അദ്ദേഹത്തിൻെറയും, ഇളയമ്മയായ പാർവ്വതിഭായിയുടെയും,മേൽനോട്ടത്തിലാണു് സ്വാതിതിരുനാളിൻെറ ബാല്യവും വിദ്യാഭ്യാസവും കഴിഞ്ഞുകൂടിയതു്. പതിനാറാമത്തെ വയസ്സിൽ അദ്ദേഹം സ്ഥാനാരോഹണം ചെയ്തു. അപ്പോഴേക്കും അദ്ദേഹത്തിനു് ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, തമിഴ് തെലുങ്കു് ഹിന്ദുസ്ഥാനിമുതലായ ഭാഷകളൊക്കെ വശമായിരുന്നു. അതുപോലെ തന്നെ സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്, ആലയനിർമ്മാണം, കൊത്തുപണി എന്നീ കലാവിദ്യകളിലും അദ്ദേഹം വളരെ കൗതുകവും വാസനയും പ്രദർശിപ്പിച്ചു തുടങ്ങി. അദ്ദേഹം വലിയ ഒരു ഈശ്വരഭക്തനുംകൂടി ആയിരുന്നു.

### 2 ഭരണപരിഷ്കാരങ്ങൾ.

ഇന്നു തിരുവനന്തപുരത്തു കാണുന്നപല സ്ഥാപനങ്ങളും ഈ മഹാരാജാവാണു് അവിടെസ്ഥാപിച്ചതു്.

അദ്ദേഹം ഭരണമേൽക്കുന്നതിനു മുമ്പ് തിരുവിതാംകൂറിലെ ഹജൂർ കച്ചേരിയും പബ്ളിക്ക് ആഫീസുകളും കൊല്ലത്തായിരുന്നു. സ്വാതിതിരുനാളാണ് അവയെ തിരുവനന്തപുരത്തേക്കു മാററിയതു്. ഇംഗ്ളീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു വേണ്ടി 1834—ൽ ഇദ്ദേഹം ഒരു പള്ളിക്കൂടം തിരുവനന്തപുരത്തു സ്ഥാപിച്ചു. ഇപ്പോൾ തിരുവനന്തപുരത്തു കാണുന്ന വിവിധ കോളജ്ജുകളും സർവകലാശാലയും ഇതിന്റെ വികാസമത്രേ. തിരുവനന്തപുരത്തു ഇപ്പോൾ കാണുന്ന നക്ഷത്രബംഗ്ളാവു സ്ഥാപിച്ചതു് ജ്യോതിശാസ്ത്രജ്ഞനായ ഈ മഹാരാജാവായിരുന്നു. അദ്ദേഹം സ്ഥാപിച്ച ധർമ്മാശുപത്രിയത്രേ ഇന്നു നാം കാണുന്ന ജനറൽ ഹോസ്പിററൽ. സർക്കാർ വക അച്ചുകൂടവും അദ്ദേഹം സ്ഥാപിച്ചതാണ്. സർക്കാർ മരാമത്തുകൾക്കായി അദ്ദേഹം സ്ഥാപിച്ച ഭരണവകുപ്പാണ് ഇന്നത്തെ എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറ്.

അദ്ദേഹം നീതിന്യായവകുപ്പിലും കാലോചിതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. ജില്ലാക്കോടതികൾ ചുരുക്കമായിരുന്നതിനാൽ സിവിൽ കേസുകൾ വിചാരണ ചെയ്യുന്നതിനായി അദ്ദേഹം മുൻസിഫ് കോടതികൾ ഏർപ്പെടുത്തി അതുപോലെതന്നെ ബ്രിട്ടീഷ് ഇൻഡ്യയിലെപ്പോലെ ഇവിടെ നിയമങ്ങൾ എഴുതിയുണ്ടാക്കുകയും ചെയ്തു.

## 3. അദ്ദേഹത്തിന്റെ കലാവാസന

ഇത്ര സമർത്ഥനും പരിഷ്കൃതാശയനുമായ സ്വാതിതിരുനാൾ മഹാരാജാവും ബ്രിട്ടീഷ് റസിഡണ്ടുമായി കാര്യവശാൽ വിരോധമുൽഭവിച്ചു. അതിനു കാരണം റസിഡണ്ടിന്റെ ആശ്രിതനായ കൃഷ്ണരായർ എ

ന്ന കരാളുടെ ഏഷണിയായിരുന്നു. റസിഡണ്ടിന്റെ റിപ്പോർട്ടുകളെ ആശ്രയിച്ചു ബ്രിട്ടീഷ് ഗവണ്മെന്റു തീരുമാനങ്ങൾ ചെയ്തുതുടങ്ങിയപ്പോൾ മഹാരാജാവിനു വലുതായ ഹൃദയവേദനയുണ്ടായി. അതുമൂലം അദ്ദേഹം രാജ്യകാര്യങ്ങളിൽ അശ്രദ്ധനാകുകയും, ഈശ്വര ഭജനത്തിലും, വ്രതങ്ങൾ അനുഷ്ഠിക്കുന്നതിലും ആസക്തി പ്രകടിപ്പിക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ഈശ്വരഭക്തി പ്രകാശിച്ചു കാണുന്നതു് അദ്ദേഹം രചിച്ചിട്ടുള്ള അനേകം കീർത്തനങ്ങളിലാണു്.

സ്വാതി തിരുനാളിന്റെ സംസ്കൃത കീർത്തനങ്ങളാണു് കേരളത്തിലെ ക്ഷേത്രങ്ങളിൽ ഇന്നും നാഗസ്വരക്കാർ വായിക്കുന്നതു്. കേരളത്തിനു വെളിക്കും അദ്ദേഹം രചിച്ച വർണ്ണങ്ങളും കീർത്തനങ്ങളും പാടിവരുന്നുണ്ടു്. തെലുങ്കു സംഗീതചക്രവർത്തിയായ ത്യാഗരാജ കവിയും അദ്ദേഹവും ആത്മാർത്ഥ സ്നേഹിതന്മാരായിരുന്നു. ഇരയിമ്മൻ തമ്പിയും കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാനും രാജസദസ്സിലെ രണ്ടു ഭാഷാ കവികളായിരുന്നു. അവരെയെല്ലാം അദ്ദേഹം സ്വന്തം സഹോദരന്മാരെപ്പോലെ പരിഗണിച്ചും പ്രോൽസാഹിപ്പിച്ചും വന്നു.

അദ്ദേഹം പണിയിച്ചിട്ടുള്ള രംഗവിലാസം കൊട്ടാരം ആലയനിർമ്മാണത്തിൽ അദ്ദേഹത്തിനുള്ള വാസനയ്ക്കു തെളിവാണു്. അദ്ദേഹം കലാഭംഗിയുള്ള അനേകം കൊത്തുപണികൾ ചെയ്യിച്ചിട്ടുണ്ടു് വളരെ വിശിഷ്ടമായ ഒരു സ്വർണ്ണരഥവും ഒരു ദന്തരഥവും ഇദ്ദേഹം പണിയിച്ചു. ഇതിൽ ദന്തരഥം ലണ്ടൻ പട്ടണത്തിൽ നടന്ന ഒരു പ്രദർശനത്തിനു് അയച്ചുകൊടുക്കുകയുണ്ടായി. അനേകരുടെ പ്രശംസകൾക്കു പാത്രമായ

ഈ രഥം പിന്നീടു് ഇംഗ്ളണ്ടിലെ റാണിക്കു് സമ്മാനിക്കപ്പെട്ടു.

അദ്ദേഹം ഹൈദ്രബാദിൽ നിന്നും ചില പയൽവാന്മാരെ വരുത്തി ഗുസ്തിപ്രദർശനങ്ങളും നടത്തിച്ചുവന്നു. ഞാണിന്മേൽ കളി, ജാലവിദ്യ ഇവയിൽ സമർത്ഥന്മാരേയും അദ്ദേഹം രാജധാനിയിൽ വരുത്തി താമസിപ്പിച്ചുവന്നു.

ഇദ്ദേഹം, സംഗീതം സാഹിത്യം, നാട്യവിദ്യ, ശില്പവിദ്യ മുതലായവയിലെല്ലാം അത്യന്തം സമർത്ഥനും ഭരണകുശലനും സ്വാതന്ത്ര്യബുദ്ധിയും ആയിരുന്നു. ഈ മഹാരാജാവിൻെറ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി ഇപ്പോഴത്തെ രാജപ്രമുഖൻ തിരുമേനി തലസ്ഥാനനഗരിയിൽ ഒരുസംഗീത വിദ്യാലയം സ്ഥാപിച്ചു നടത്തിവരുന്നുണ്ടു്.

---

# അദ്ധ്യായം 13.

---

## പ്രശസ്തരായ രണ്ടു മലയാളി ദിവാൻജിമാർ
## കൊച്ചിയിലെ ശങ്കരവാര്യരും ശങ്കുണ്ണിമേനോനും

19-ാംനൂററാണ്ടിലെ കൊച്ചിരാജ്യചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട രണ്ടു ഭരണകർത്താക്കളാണു് ദിവാന്മാരായ ശങ്കരവാര്യരും ശങ്കുണ്ണിമേനോനും. അവരുടെ ഭരണമാഹാത്മ്യത്തെപ്പററി ശരിയായി ഗ്രഹിക്കണമെങ്കിൽ അവരുടെ ഭരണം തുടങ്ങുന്ന അവസരത്തെപ്പററി ചിലതെല്ലാം അറിയേണ്ടതുണ്ടു്.

ശക്തൻ തമ്പുരാൻെറ അവകാശികളായ കൊച്ചിത്തമ്പുരാക്കന്മാർ തുലോം അശക്തരായിരുന്നു. ആകയാൽ രാജ്യത്തിൽ അക്രമപ്രവൃത്തികൾ നടമാടി. വേലുത്തമ്പിയുടെ കാലത്തുണ്ടായ രാജ്യകലഹത്തിൻെറ ശല്യം കൊച്ചിയിലേക്കും വ്യാപിച്ചിരുന്നു. ആകയാൽ ബ്രിട്ടീഷ് ഗവണ്മെൻറിൻെറ ആജ്ഞപ്രകാരം റസിഡണ്ടായിരുന്ന മൺറോ സായ്പ് 1812—ൽ ദിവാനായി രാജ്യഭാരം നേരിട്ടു കയ്യേററു നടത്തിവന്നു. അക്കാലത്തു അദ്ദേഹം തന്നെയായിരുന്നല്ലോ തിരുവിതാംകൂറിലെയും ദിവാൻ. രണ്ടുരാജ്യങ്ങളിലെയും സ്ഥിതിഗതികൾ ഏകദേശം ഒരുപോലെ ആയിരുന്നതുകൊണ്ടു മിക്കവാറും ഒരേവിധത്തിൽ അദ്ദേഹം ഭരണംനടത്തി. അദ്ദേഹം കൊള്ളക്കാരെയും കൂട്ടായ്മക്കവർച്ചക്കാരെയും കണ്ടുപിടിച്ചു കഠിനമായി ശിക്ഷിച്ചു. രാജ്യരക്ഷയ്ക്കുവേണ്ടി പോലീസ് സൈന്യത്തെ പരിഷ്കരിച്ചു. പല ഭരണവകുപ്പുകളും പാശ്ചാത്യരീതിയിൽ പരിഷ്കരിച്ചു. പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും വിദ്യാഭ്യാസം പ്രചരിപ്പിക്കയും ചെയ്തു. മുതലെടുപ്പു അഞ്ചുലക്ഷത്തിൽനിന്നും ഏഴരലക്ഷമായി വർദ്ധിപ്പിച്ചു. കപ്പത്തിൻെറ തുക രണ്ടുലക്ഷമായി കുറവുചെയ്യിച്ചു ക്രിസ്ത്യാനികൾ, യഹൂദന്മാർ, കൊങ്ങിണികൾ ഇവരുടെ ഭരണം മുൻപ് ബ്രിട്ടീഷ് കോയ്മയിലിരുന്നതു്, കൊച്ചി അധികാരത്തിലേക്ക മാറിയതു് മൺറോയുടെ ശുപാർശപ്രകാരമാണ്. കുഴപ്പങ്ങളെല്ലാം തീൎന്നു രാജ്യഭരണം നല്ല നിലയിലെത്തിയപ്പോൾ മൺറോ, ദിവാൻ പദം ഉപേക്ഷിക്കുകയുണ്ടായി. അതിനുശേഷം 22 സംവത്സരങ്ങൾ കഴിഞ്ഞാണ് ശങ്കരവാര്യർ ദിവാൻപദമേററതു്. ശങ്കരവാര്യരുടെയും അദ്ദേഹത്തിൻെറ മൂത്തപുത്രൻെറയും ഭരണത്തിൻെറ വിജയം അടങ്ങിയിരി

ക്കുന്നതു്, അവർ കർണ്ണൽ മൺറോയുടെ അടിസ്ഥാനത്തിൽ ഭരണം തുടർന്നതിലാണു്.

---

# ദിവാൻ ശങ്കരവാര്യർ

(1840—1856)

ശങ്കരവാര്യർ തൃശ്ശിവപേരൂരിനടുത്തുള്ള ഒരു ദരിദ്രകുടുംബത്തിലാണു ജനിച്ചതു്. പതിനേഴാമത്തെ വയസ്സിൽ അദ്ദേഹം കൊച്ചിൻ സർവ്വീസിൽ പ്രവേശിച്ചു 20 കൊല്ലത്തെ പരിചയം സിദ്ധിച്ചശേഷമാണു് അദ്ദേഹം ദിവാനായി നിയമിക്കപ്പെട്ടതു്. ഇദ്ദേഹത്തെപ്പോലെ "സത്യനിഷ്ഠനും ബുദ്ധിമാനും അനന്യാധീനനും കാര്യജ്ഞനുമായിട്ടു് ഇതേവരെയും ഒരു മന്ത്രിയുണ്ടായിട്ടില്ല" എന്നു് അക്കാലത്തെ റസിഡണ്ടായിരുന്ന ജനറൽ കല്ലൻ രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹം 1840 മുതൽ 1856 വരെ കൊച്ചി ദിവാനായി ഭരണം നടത്തി.

അദ്ദേഹം നടപ്പിലാക്കിയ പരിഷ്കാരങ്ങളെ താഴെച്ചേർക്കുന്നു:—

## 1. മുതലെടുപ്പു വർദ്ധിപ്പിച്ചു

അദ്ദേഹം ഭരണമേറ്റപ്പോഴേക്കും മൺറോ വരുത്തിയിരുന്ന കൂടുതൽ വരുമാനങ്ങൾക്കു തുലോം ഭംഗം വന്നിരുന്നു. ഖജനാവിൽ ഒരിക്കലും പണം കെട്ടിവയ്പ്പുണ്ടായിരുന്നില്ല. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാർക്കു വേണ്ട ശമ്പളം ക്രമപ്രകാരം കൊടുക്കുവാൻ പോലും സാദ്ധ്യമല്ലായിരുന്നു. ആകയാൽ മുതലെടുപ്പു വർദ്ധി

പ്പിക്കുന്നതിനും അനാവശ്യച്ചെലവുകൾ ചുരുക്കുന്നതിനും അദ്ദേഹം തന്റെ സകല കഴിവുകളും വിനിയോഗിച്ചു. അതിന്റെ ഫലമായി സകല ചെലവുകളും കഴിച്ച് 11 ലക്ഷം രൂപാ കെട്ടിയിരിപ്പുണ്ടാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

2. മരാമത്തുവേലകൾ നടത്തി.

അദ്ദേഹത്തിന്റെ കാലത്തിനു മുൻപ് വഴിയാത്രയ്ക്കുവേണ്ട യാതൊരു സൌകര്യവുമില്ലായിരുന്നു. അതിനാൽ അദ്ദേഹം രാജ്യത്തിലെങ്ങും നല്ല നിരത്തുവഴികളുംപ ാലങ്ങളും പണിയിച്ചു. കൊച്ചിയിൽഇപ്പോഴുള്ളമിക്ക നിരത്തുകളും പാലങ്ങളും മുസ്സാവരി ബംഗ്ലാവുകളും പണിയിച്ചതു് ശങ്കരവാര്യരാണു്. കൃഷിയുടെആവശ്യത്തിലേക്കായി അനേകം തോടുകളും ചിറകളും കുത്തിച്ചു ഇവ മൂലം കൃഷിക്കും കച്ചവടത്തിനും ഗതാഗതത്തിനും വളരെ അഭിവൃദ്ധി ഉണ്ടായി.

3. ഇതു കൂടാതെ പൊതുജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ച് അദ്ദേഹം അനേകം ചുങ്കങ്ങൾ നിറുത്തുകയും, പുകയിലയുടെയും ഉപ്പിന്റെയും വില വളരെ കുറയ്ക്കുകയും ചെയ്തു.

4. അടിമക്കച്ചവടം നിറുത്തിയതു്

അന്നു നിലവിലിരുന്ന അടിമക്കച്ചവടത്തെ 1854—ൽ അദ്ദേഹം നിറുത്തൽ ചെയ്തു. ഇതിന്റെ ഫലമായി കൊച്ചിയിലെ 58,000 അടിമകൾക്കു സ്വാതന്ത്ര്യം ലഭിച്ചു.

5. മററു പരിഷ്കാരങ്ങൾ

ഇതു കൂടാതെ അദ്ദേഹം എറണാകുളത്തു് ഒരു ഇംഗ്ലീഷ് പള്ളിക്കൂടം ഏർപ്പെടുത്തുകയും, അതു കൂട

ക്കുടെ പരിശോധിക്കകയും ചെയ്യുവന്നു. അതാണു് ഇപ്പോഴത്തെ മഹാരാജാസ് കോളേജായി പരിണമിച്ചിട്ടുള്ളതു്. ഇതു കൂടാതെ അദ്ദേഹം ഇന്നു് എറണാകുളത്തു് പ്രശസ്തമായി നടന്നുവരുന്ന ധർമ്മാസ്പത്രി സ്ഥാപിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ കാലത്തു് കൊച്ചിയിൽ രാജ്യഭാരം നടത്തിയിരുന്ന രണ്ടു മഹാരാജാക്കന്മാർക്കും ഇദ്ദേഹത്തോടു വളരെ വിശ്വാസവും സ്നേഹബഹുമാനങ്ങളും ഉണ്ടായിരുന്നു. അതുപോലെതന്നെയായിരുന്നു ബ്രിട്ടീഷ് മേൽക്കോയ്മയുടെയും സ്ഥിതി ആകയാൽ 1856_ാ മാണ്ടിൽ ശങ്കരവാര്യർ ദിവാൻജി മരണം പ്രാപിച്ചപ്പോഠം രാജ്യത്തിലാകപ്പാടെ വലുതായ ഖേദപ്രകടനങ്ങളുണ്ടായി.

---

## ദിവാൻ ശങ്കുണ്ണിമേനോൻ

(1860—1879)

ദിവാൻ ശങ്കരവാര്യരുടെ നിര്യാണ ശേഷം വീണ്ടും കൊച്ചിരാജ്യഭരണം അത്ര തൃപ്തികരമല്ലാതെയാണു് നടക്കുവാനിടയായതു്. അദ്ദേഹത്തെത്തുടർന്നു ദിവാൻപദത്തിൽ വന്നതു് വെങ്കിട്ടരായർ എന്നൊരു മഹാരാഷ്ട്രബ്രാഹ്മണൻ ആയിരുന്നു. അദ്ദേഹം 1860—ൽ ദിവാൻ പദത്തിൽ നിന്നും പിരിഞ്ഞു. അപ്പോഠം ശങ്കരവാര്യർ ദിവാൻജിയുടെ മൂത്ത പുത്രനായ തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോനെ കൊച്ചി ദിവാൻജിയായി നിശ്ചയിച്ചു.

കൊച്ചിയിൽ ദിവാൻജിയായി വരുന്നതിനു മുൻപിൽ അദ്ദേഹത്തിനു ബ്രിട്ടീഷ് സർവീസിൽ നല്ല ത

ഴക്കവും പരിചയവും സിദ്ധിച്ചിരുന്നു. 1860 മുതൽ 1879 വരെ അദ്ദേഹം കൊച്ചിയിലെ ദിവാനായി കഴിഞ്ഞുകൂടി. ഇത്ര വളരെക്കാലം കൊച്ചിയിൽ ദിവാനായിട്ടിരുന്ന മററാളുകളില്ലത്രേ.

ആദ്യത്തെ നാലു കൊല്ലത്തേക്കു മഹാരാജാവിനു അദ്ദേഹത്തോടു നല്ല തൃപ്തിയില്ലായിരുന്നു. കൊട്ടാരം സർവാധികാര്യക്കാരായിരുന്ന പരമേശ്വരപട്ടർ എന്നൊരാളുടെ മത്സരംകൊണ്ടാണു് ഇങ്ങനെ സംഭവിക്കുവാനിടയായതു്. പക്ഷേ 1864—ൽ അന്നത്തെ രാജാവു തീപ്പെട്ടതോടുകൂടി, രാജ്യഭാരം കയ്യേററ രാമവർമ്മതമ്പുരാൻ ദിവാൻജിയെ പൂർണ്ണമായി വിശ്വസിക്കുകയും ഭരണഭാരം മുഴുവൻ അദ്ദേഹത്തിനു വിട്ടുകൊടുക്കുകയും ചെയ്തു.

അനന്തരം ശങ്കുണ്ണിമേനോൻ ദിവാൻജി ചെയ്ത പരിഷ്ക്കാരങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

### 1. നീതിന്യായപരിഷ്ക്കാരം.

അദ്ദേഹം താലൂക്കുതോറും മുൻസിഫ്കോടതികൾ സ്ഥാപിക്കയും, നല്ല യോഗ്യതയും പ്രാപ്തിയും ഉള്ള അഭിഭാഷകന്മാരെ മുൻസിഫ്മാരായി നിയമിക്കുകയും ചെയ്തു. കൈക്കൂലി വാങ്ങാതെ മാന്യമായി ജീവിക്കത്തക്ക ശമ്പളവും അവർക്കു കൊടുത്തുവന്നു.

### 2 മരാമത്തുവകുപ്പ്

അദ്ദേഹം രാജ്യത്തിൽ ആദ്യമായി ഒരു മരാമത്തുവകുപ്പേർപ്പെടുത്തുകയും അതിൻെറ തലവനായി ഒരു യൂറോപ്യനെ വരുത്തുകയും ചെയ്തു. അദ്ദേഹം അനവധി റോഡുകളും തോടുകളും പാലങ്ങളും കെട്ടിടങ്ങളും പണികഴിപ്പിച്ചു. ചെറുവണ്ണൂർ പാലവും എറ

ണാകുളം ഹജൂർ കച്ചേരിയും മഹാരാജസ് കോളജും അദ്ദേഹത്തിൻെറ കാലത്തു പണിയിച്ചതാണ്. രാജ്യത്തിൽ തീവണ്ടി നടപ്പാക്കുന്നതിനും ഇദ്ദേഹം വളരെ ശ്രമിച്ചു. അദ്ദേഹം റോഡുകൾ കല്ലിട്ടുറപ്പിക്കുകയും ചിററൂർ താലൂക്കിൽ അണകൾ കെട്ടിക്കുകയും കടൽ വെള്ളം അടിച്ചു കയറാതിരിക്കുവാൻ വയിപിൻ ദ്വീപിൽ ചിറയിട്ടുറപ്പിക്കുകയും ചെയ്തു.

3. വിദ്യാഭ്യാസ പുരോഗതി.

ഇദ്ദേഹം രാജ്യത്തിൽ പല വിദ്യാലയങ്ങൾ പണിയിച്ചതു കൂടാതെ മഹാരാജാസ് കോളജ് ഭരണത്തിനു എ. എഫ്. സീലി എന്നു പേരായ ഒരു യൂറോപ്യനെ പ്രിൻസിപ്പലായി നിയമിക്കുകയും ചെയ്തു.

4. അദ്ദേഹത്തിൻെറ കാലത്തു് രാജ്യത്തിലെ മുതലെടുപ്പ് 35 ശതമാനം വർദ്ധിച്ചു. ഭൂനികുതി അൽപമായി കൂട്ടുകയും, കാപ്പികൃഷിക്ക് കാടുകൾ പതിച്ചുകൊടുക്കയും, കോർട്ടുഫീസു വർദ്ധിപ്പിക്കുകയും ചെയ്തതുമൂലമാണ് മുതലെടുപ്പു വർദ്ധിച്ചതു്. 1860—ൽ കൊച്ചിയുടെ മുതലെടുപ്പ് 9 ലക്ഷമാക്കിയതു് ഇദ്ദേഹത്തിൻെറ ഭരണസാമർത്ഥ്യം മൂലമാണ്.

5 എറണാകുളത്തെ ധർമ്മാസ്പത്രിയും സർക്കാർ അച്ചടിശാലയും അദ്ദേഹം യഥാവിധി പരിഷ്കരിക്കയുണ്ടായി.

6. ഗോവസൂരിപ്രയോഗം അദ്ദേഹം രാജ്യത്തിൽ പൂർവാധികം പ്രചരിപ്പിക്കുകയും തൃശ്ശിവപേരൂരും മററുസ്ഥലങ്ങളിലും ധർമ്മാസ്പത്രികൾ സ്ഥാപിക്കുകയും ചെയ്തു.

പത്തൊൻപതു കൊല്ലത്തെ പ്രശസ്തമായ ഭരണത്തിനുശേഷം ശംകുണ്ണിമേനോൻ ദിവാനുദ്യോഗ

ത്തിൽ നിന്നും വിരമിച്ചു. അദ്ദേഹത്തിൻെറ രാജ്യസേവനത്തെ അഭിനന്ദിച്ചുകൊണ്ടു്, ബ്രിട്ടീഷ് ചക്രവർത്തി അദ്ദേഹത്തിനു സി. എസ്. ഐ. എന്ന ബിരുദം കല്പിച്ചുകൊടുത്തതു് പ്രത്യേകം പ്രസ്താവ്യമാണു്.

ശങ്കരവാര്യരും, ശങ്കുണ്ണിമേനവനും കേരളീയരുടെ ഭരണസാമർത്ഥ്യത്തിനു് സാക്ഷ്യം വഹിക്കുന്ന രണ്ടു ദിവാൻജിമാരാണു്. അവരുടെ മാഹാത്മ്യം അടങ്ങിയിരിക്കുന്നതു് കർണ്ണൽ മൺട്രോ നാട്ടിൽ സ്ഥാപിച്ച പാശ്ചാത്യ ഭരണക്രമത്തെ അഭംഗമായി പരിപാലിക്കുകയും മകുടം ചാർത്തുകയും ചെയ്തതിലാണു്.

---

# അദ്ധ്യായം 14

---

## ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ തിരുമനസ്സുകൊണ്ടു് നമ്മുടെ രാജപ്രമുഖൻ

---

ഇപ്പോൾ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ രാജപ്രമുഖനായിരിക്കുന്ന ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവു നേരിട്ടു രാജ്യഭാരം കൈയേററതു് 1931—ാമാണ്ടിലാണു്. അദ്ദേഹത്തിൻെറ ഭരണാരംഭവും സ്വാതിതിരുനാൾ മഹാരാജാവിൻെറ നാടുനീങ്ങലും തമ്മിൽ എൺപത്തിഞ്ചു് കൊല്ലത്തെ അന്തരമുണ്ടു്. ഈ കാലഘട്ടത്തിൽ തിരുവിതാംകൂർ രാജസിംഹാസനത്തിൽ ഉത്രം തിരുനാൾ, ആയില്യം

തിരുനാൾ, വിശാഖംതിരുനാൾ, ശ്രീമൂലംതിരുനാൾ എന്നീ മഹാരാജാക്കന്മാർ വാണിട്ടുണ്ട്. അവരെല്ലാവരും തന്നെ രാജ്യഭരണത്തിൽ വളരെ മികച്ചു നിന്നവരായിരുന്നു. തെക്കൻ കേരളം ഇന്നു ഇൻഡ്യാമഹാരാജ്യത്തിൽ ഒന്നാം സ്ഥാനം പ്രാപിച്ചിട്ടുള്ളതു ഇങ്ങനെയുള്ള. മഹാരാജാക്കന്മാർ കൊച്ചിയിലും തിരുവിതാംകൂറിലും ഒരേകാലത്തു ഭരണം നടത്തിയിരുന്നതുകൊണ്ടാണു.

## 2. റീജൻസിഭരണം (1924—1931)

ശ്രീചിത്തിരതിരുനാൾ സിംഹാസനത്തിൽ ആരോഹണം ചെയ്തതു 1924—ാമാണ്ടാണു. അപ്പോൾ അദ്ദേഹത്തിനു 12 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ആകയാൽ അടുത്ത ഏഴു കൊല്ലത്തേക്കു രാജ്യഭാരം നടത്തിയതു റീജൻറു മഹാറാണി എന്നറിയപ്പെട്ടുന്ന ശ്രീ സേതു ലക്ഷ്മീഭായി തമ്പുരാട്ടിയായിരുന്നു. ഈ മഹാറാണിയുടെ ഭരണകാലത്തിൽ പുരോഗമനപരമായ പല പരിഷ്കാരങ്ങൾ ആരംഭിച്ചു. ഈവക കാര്യങ്ങളിൽ മഹാറാണിയുടെ വലത്തുകൈയായി പ്രവർത്തിച്ചതു മി. എം. ഇ. വാട്സ് എന്ന ആംഗ്ലോ ഇൻഡ്യൻ ദിവാനായിരുന്നു. കർണ്ണൽ മൺറോ കഴിഞ്ഞശേഷം ഇദ്ദേഹം മാത്രമായിരുന്നു തിരുവിതാംകൂർ ഭരിച്ച അഹിന്ദുവായ ഒരു ദിവാൻ.

ദേവികുളം സമീപിച്ചു പള്ളിവാസൽ എന്ന സ്ഥലത്തു ഒരു വമ്പിച്ച വെള്ളച്ചാട്ടമുണ്ടാക്കി, അവിടെനിന്നും വിദ്യുച്ഛക്തി സംഭരിച്ചു; രാജ്യത്തിൻെറ വിവിധഭാഗങ്ങളിലേക്കയച്ചു, ദീപം തെളിക്കുകയും, വ്യവസായം നടത്തുകയും ചെയ്യാമെന്നു മിസ്റ്റർ വാട്ട്സ് തീരുമാനിച്ചു. തിരുവനന്തപുരത്തു കുഴൽവഴി ശുദ്ധജലം വിതരണം ചെയ്തുതുടങ്ങിയതും ഇദ്ദേഹത്തി

ൻെറ കാലത്താണു് വിദ്യാലയങ്ങളിൽ സ്കൗട്ട് പ്രസ്ഥാനം ആരംഭിച്ചതും, തിരുവനന്തപുരത്തു സ്ത്രീകൾക്കുവേണ്ടി ഒരു ഒന്നാംഗ്രേഡ് കോളേജ് സ്ഥാപിച്ചതും, റീജൻസികാലത്തത്രേ. കൂടാതെ റീജൻസി ഭരണത്തിൽ സ്ത്രീകൾക്കു നിയമസഭയിൽ പ്രവേശനം ലഭിക്കുകയും, അവർക്കു സർക്കാർ സർവീസിൽ ഉയർന്ന ഉദ്യോഗങ്ങൾ ലഭിച്ചുതുടങ്ങുകയും ചെയ്തു. ക്ഷേത്രങ്ങളിലെ മൃഗബലിയും, വേറെ ചില പഴയ അനാചാരങ്ങളും അക്കാലത്തു നിറുത്തലാക്കുകയുണ്ടായി.

## 3. നേരിട്ടുള്ള ഭരണം

1931-ാമാണ്ടിൽ ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു് നേരിട്ടു ഭരണമാരംഭിച്ചു. തിരുമനസ്സിലെ ഭരണം പലതുകൊണ്ടും, ഒരു പുതിയ യുഗത്തിൻെറ മുന്നോടി ആയിരുന്നു. അദ്ദേഹത്തിൻെറ ദിവാൻജിമാരായി ശ്രീമാന്മാരായ വി. എസ്സ്. സുബ്രഹ്മണ്യയ്യർ, തോമസ് ഓസ്റ്റിൻ, മഹമ്മദ് ഹബീബുള്ളാ, സി. പി. രാമസ്വാമി അയ്യർ, നാരായണൻ ഉണ്ണിത്താൻ എന്നിവർ ഭരണം നടത്തുകയുണ്ടായി. ഈ കാലഘട്ടത്തിൽ രാജ്യത്തിൽ സാമുദായികസമത്വം സ്ഥാപിക്കുന്നതിനു വേണ്ടിയും മററുംപല പരിഷ്കാരങ്ങൾ ഏർപ്പെടുത്തി, അവയെ താഴെ വിവരിക്കുന്നു.

### 1. നിയമസഭാപരിഷ്കാരം

1933-ലെതിരുവെഴുത്തു വിളംബരപ്രകാരം തിരുവിതാംകൂറിലെ പഴയ നിയമസഭ പരിഷ്കരിച്ചു. പുതിയനിയമസഭയിൽ രണ്ടു മണ്ഡലങ്ങളുണ്ടായിരുന്നു. അവയ്ക്കു ശ്രീമൂലം അസംബ്ളി എന്നും, ശ്രീചിത്തിര സ്റ്റേററുകൗൺസിൽ എന്നും പേരു നൽകി. വോട്ടവ

കാശം വളരെ വിപുലമാക്കുകയും അനുദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുകയും അസംബ്ളിക്കും കൗൺസിലിനും കൂടുതലായ പല അധികാരങ്ങൾ കൊടുക്കുകയും ചെയ്തു. സഭകളുടെ കാലാവധി 4 സംവത്സരമാക്കി. ഈ പരിഷ്ക്കാരംമൂലം എല്ലാ സമുദായക്കാർക്കും ജനസംഖ്യയനുസരിച്ചുള്ള സ്ഥാനങ്ങൾ ലഭിക്കുകയില്ലെന്നു നിവേദനമുണ്ടായി. അപ്പോൾ ഈഴവർക്കും, ലാററിൻ ക്രിസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കും നിയമസഭയിൽ പ്രത്യേക സ്ഥാനങ്ങൾ സംവരണം ചെയ്തുകൊടുത്തു. ഇപ്രകാരം നിയമസഭയിൽ എല്ലാ സമുദായക്കാർക്കും ന്യായമായ സ്ഥാനങ്ങൾ ലഭിച്ചു.

## 2. പബ്ളിക്കസർവ്വീസ് പരിഷ്ക്കാരം.

സർക്കാരിൽ പല ഉദ്യോഗങ്ങളുണ്ടല്ലോ. അവയിൽ എല്ലാ വർഗ്ഗക്കാർക്കും ന്യായമായ ഭാഗങ്ങൾ ലഭിക്കേണ്ടതു് ആവശ്യമാണു്. അതിനുവേണ്ടി ഇക്കാലത്തു പബ്ളിക്കസർവീസ് കമ്മീഷണർ എന്നൊരുദ്യോഗസ്ഥനെ നിയമിച്ചു. അദ്ദേഹം ന്യായമായ ഒരു തത്വം അനുസരിച്ചു് പല തരം ഉദ്യോഗങ്ങളിലേക്കു് ആളുകളെ നിയമിച്ചുവരുന്നു. മുൻപു നായന്മാരെ മാത്രം എടുത്തിരുന്ന പട്ടാളത്തിൽ മേലാൽ എല്ലാ വർഗ്ഗക്കാരെയും എടുക്കാവുന്നതാണെന്നും തീരുമാനിച്ചു.

## 3. ക്ഷേത്രപ്രവേശനവിളംബരം

ഇതുകൂടാതെ ഹിന്ദുക്കളുടെ ക്ഷേത്രപ്രവേശനകാര്യത്തിലും തിരുമനസ്സുകൊണ്ടു് സമത്വം പ്രഖ്യാപനം ചെയ്തു. 1936—ാമാണ്ടു് നവംബർമാസത്തിൽ തിരുമനസ്സിലെ 24—ാമത്തെ ആട്ടത്തിരുനാളിൽ ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്യപ്പെട്ടു. ഈ

പ്രഖ്യാപനം അനുസരിച്ച്, പുലയർ, പറയർ തുടങ്ങിയവർക്കും ഈഴവർക്കും, നായന്മാർക്കും, ബ്രാഹ്മണർക്കും എല്ലാം ഒന്നുപോലെ ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധനനടത്തുന്നതിനു സ്വാതന്ത്ര്യം ലഭിച്ചു. മുൻപ് നിലവിലിരുന്ന തീണ്ടൽ, തൊടീൽമുതലായ അസമത്വലക്ഷണങ്ങൾ പാടെ നശിച്ചു. ഇങ്ങനെ മതകാര്യങ്ങളിലും തിരുമനസ്സുകൊണ്ട് സാമുദായികസമത്വം സ്ഥാപിക്കുകയുണ്ടായി.

## ശ്രീനാരായണഗുരുവിന്റെ ഉപദേശങ്ങൾ.

ഇപ്രകാരം ഹിന്ദുമതത്തിൽ സമത്വം സ്ഥാപിക്കത്തക്ക സ്ഥിതിഗതികൾ കേരളത്തിലുളവാക്കിയത് പ്രധാനമായി ഒരു ഹൈന്ദവസന്യാസിയായ ശ്രീനാരായണഗുരുവിന്റെ ഉപദേശങ്ങളായിരുന്നു. അദ്ദേഹം ഒരു മതഭക്തനും പണ്ഡിതനുമായിരുന്നു. ആലുവായിൽ ഒരു സംസ്കൃത കോളജും, വർക്കല ശിവഗിരിയിൽ ഒരു വലിയ ക്ഷേത്രവും, ഇദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഇവ കൂടാതെ മററനേകം വിദ്യാലയങ്ങളും ചെറു ക്ഷേത്രങ്ങളും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാന തത്വം "ഏകദൈവം, ഏകജാതി, ഏകമതം" എന്നായിരുന്നു. കേരളത്തിലെ ഈഴവജാതിയിലായിരുന്നു സ്വാമികളുടെ ജനനം. ഹിന്ദുമതത്തിൽ അന്നുനിലവിലിരുന്ന തീണ്ടൽ, തൊടീൽ, മുതലായ ആചാരങ്ങളെ ദൂരീകരിക്കുന്നതിനും, ഈഴവസമുദായത്തെയും അവർണ്ണരെന്നറിയപ്പെട്ടിരുന്ന മററ ജനങ്ങളെയും ഉദ്ധരിക്കുന്നതിനുമായി, അദ്ദേഹം നിസ്തുലമായ പ്രവർത്തനങ്ങൾ ശക്തിയായ ചെയ്തുകൊണ്ടിരുന്നു. വർക്കല മുതലായ ഏതാനും സ്ഥലങ്ങളിൽ അദ്ദേഹം സന്യാസമഠങ്ങൾ സ്ഥാപിച്ചു. കൂടാതെ ശ്രീനാരായണധർമ്മപരിപാലനസംഘം എന്ന പേരിൽ ഈഴവ



ശ്രീ നാരായണഗുരുസ്വാമികൾ

സമുദായത്തിന്റെ സംഘടനകൾ രാജ്യമാസകലം സ്ഥാപിക്കപ്പെട്ടു. മഹാകവി കുമാരനാശാൻ ആയിരുന്നു ഈ പ്രസ്ഥാനങ്ങൾക്കു സാഹിത്യപരമായ നേതൃത്വം കൊടുത്തതു്. ശ്രീനാരായണഗുരുവിന്റെ പ്രസ്ഥാനത്തിൽ സവർണ്ണഹിന്ദുക്കളുടെ സഹകരണവും ഉണ്ടായിരുന്നു.

### 5. സമുദായോദ്ധാരണം

ഇങ്ങനെയുണ്ടായ സമത്വബോധത്തെ ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ ഗവണ്മെന്റു വളരെയധികം പ്രോത്സാഹിപ്പിച്ചു. താണവർഗ്ഗക്കാർക്കു് ഉയന്ന ക്ലാസ്സുകളിൽ വിദ്യാഭ്യാസം ചെയ്യുന്നതിനു ഫീസ്സൗജന്യവും മററു പ്രോൽസാഹനങ്ങളും തിരുമനസ്സുകൊണ്ടു നൽകി. കുടിപാർക്കുവാൻ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്കുവേണ്ടി ചില കോളനികൾ ഏർപ്പെടുത്തുകയും, ഉച്ചപ്പട്ടിണിക്കാരായ വിദ്യാർത്ഥികൾക്കും സാധുക്കൾക്കും വേണ്ടി വഞ്ചിപൂവർഫണ്ടു് എന്നൊരു ധനനിക്ഷേപം രൂപവൽക്കരിക്കുകയും ചെയ്തു. ശ്രീചിത്രാ അനാഥമന്ദിരം മുതലായ ധർമ്മസ്ഥാപനങ്ങൾ തിരുവനന്തപുരത്തു സ്ഥാപിച്ചു. തൊഴിലാളികളും, മുതലാളികളും തമ്മിലുള്ള തർക്കങ്ങൾ കേട്ടു തീർക്കുന്നതിനു് ലേബർഡിപ്പാർട്ടുമെന്റു സ്ഥാപിച്ചു.

സമുദായോദ്ധാരണത്തിനുവേണ്ടി ശ്രീ ചിത്തിര തിരുനാൾ മഹാരാജാവു തിരുമേനി ചെയ്ത വേറൊരു പ്രോൽസാഹനമാണു് പ്രായപൂർത്തി വോട്ടവകാശം. കൊടുത്തതു്. ഈ രാഷ്ട്രീയാവകാശംമൂലം, ചെറാക്കുടിൽതൊട്ടു് രാജകൊട്ടാരംവരെയുള്ള പൗരന്മാർക്കു ഭരണത്തിൽ തുല്യാവകാശം കിട്ടി നിർബന്ധവും

സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം കൂടി നടപ്പിലാക്കിയപ്പോൾ അതു സാമാന്യം പരിപൂർത്തിയാകുകയും ചെയ്തു

## 6. തിരുവിതാംകൂർ സർവ്വകലാശാലയുടെ സ്ഥാപനം

വിദ്യാഭ്യാസ കാര്യങ്ങളിൽ തിരുവിതാംകൂറും കൊച്ചിയുമാണ് ഇൻഡ്യയിൽ ഒന്നാം സ്ഥാനം വഹിക്കുന്നതു്. ആകയാൽ ഈ സംസ്ഥാനങ്ങളുടെ വകയായി ഒരു സർവകലശാല അത്യാവശ്യമാണ്. അന്നു കൊച്ചിയും തിരുവിതാംകൂറും രണ്ടു പ്രത്യേക സംസ്ഥാനങ്ങളായിരുന്നതുകൊണ്ടു് ഈ വിഷയത്തിൽ യോജിച്ചു പ്രവർത്തിക്കുക സാദ്ധ്യമല്ലായിരുന്നു. അതിനാൽ തിരുവിതാംകൂർ സംസ്ഥാനം തന്നെ 1938—ൽ സർവകലാശാല ഏർപ്പെടുത്തി. അതുമൂലം വിദ്യാഭ്യാസത്തിൽ ഏറെക്കുറെ സ്വാതന്ത്ര്യം ലഭിച്ചു.

## 7. വ്യവസായ പുരോഗമനം

ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ കാലത്തു നാട്ടിൽ പല പുതിയ വ്യവസായശാലകൾ സ്ഥാപിക്കപ്പെട്ടു. പള്ളിവാസലിൽ ഏർപ്പെടുത്തപ്പെട്ട വൈദ്യുതപദ്ധതിയാണു, ഇതിൽ പലതിനും ഉണർവുണ്ടാക്കിയതു്. ഈ പുതിയ വ്യവസായങ്ങളിൽ പലതും ആലുവായിലാണ് സ്ഥിതിചെയ്യുന്നതു്. അവിടെ ശ്രീചിത്തിരാ മിൽസ്, അലുമിനിയം കമ്പനി, ഗ്ലാസ് ഫാക്ടറി, വളനിർമ്മാണശാലമുതലായി പലതും സർക്കാരിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു. പള്ളത്തെ സിമന്റു ഫാക്ടറി, കുണ്ടറയിലെ കളിമൺ ഫാക്ടറി തിരുവനന്തപുരത്തെ റബർ ഫാക്ടറി, തക്കലെയിലെ പഞ്ചസാ

ര ഫാക്ടറി, തിരുവനന്തപുരത്തെ പ്ളൈവുഡ്ഫാക്ട റി,മുതലായവയെല്ലാം ഈഭരണകാലത്തുണ്ടായിട്ടുള്ളതാണ്. ഇവയുടെ പ്രവർത്തനം മൂലം രാജ്യത്തിലെ ധനം വർദ്ധിക്കുകയും ജനങ്ങൾക്കു തൊഴിൽ സൌകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തുവരുന്നു.

## 8 സ്വയംഭരണസ്ഥാപനം

ശ്രീചിത്തിരതിരുനാൾ മഹാരാജാവു് ഇങ്ങനെ തിരുവിതാംകൂർ ഭരിച്ചു കൊണ്ടുവരവെ, 1947_ആഗസ്റ്റ 15_ാം തിയതി, ബ്രിട്ടീഷ്കാർ ഇൻഡ്യയുടെ ഭരണം ഇൻഡ്യാക്കാരെത്തന്നെ ഏൽപ്പിക്കുകയുണ്ടായി. പക്ഷെ ഇതിനിടയിൽ ഇൻഡ്യാ മഹാരാജ്യത്തെ രണ്ടായി വിഭജിക്കേണ്ടിവന്നു. മുസ്ലീം ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങൾ പാക്കിസ്ഥാൻ എന്നപേരിൽ വേറെ നിന്നു. മററു ഭാഗങ്ങൾ ഇൻഡ്യായൂണിയൻഎന്നറിയപ്പെടുന്നു. ആ ഭാഗത്തിലെ ഓരോ പ്രത്യേക അംഗങ്ങളായിരുന്നു, അന്നത്തെ തിരുവിതാംകൂറും കൊച്ചിയും. 1947—ൽ തന്നെ ഉത്തരവാദഭരണം ഏർപ്പെടുത്തപ്പെട്ടു. 1949 ജൂലൈ 1—ാംതിയതി തിരുവിതാംകൂറും കൊച്ചിയും കൂടി ഏകസംസ്ഥാനമായി സംയോജിപ്പിക്കപ്പെട്ടു. അപ്പോൾ തിരുവിതാംകൂർ മഹാരാജാവായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു സംയുക്തരാജ്യത്തിലെ രാജപ്രമുഖനായി നിയമിക്കപ്പെട്ടു.

തിരുവിതാംകൂർ രാജകുടുംബം ആദിചേരരാജവംശത്തിൽനിന്നും ഉൽഭവിച്ചിട്ടുള്ളതാണെന്നു നാം പഠിച്ചു. കൊച്ചി രാജകുടുംബം പെരുമാക്കന്മാരുടെ സന്താനപരമ്പരയിൽ ഉൾപ്പെട്ടതും അത്രേ. ഈ രാജ്യത്തിലെ ജനങ്ങൾ അധികപങ്കും ചേരമർ, സാംബവർ തുടങ്ങിയ ആദിമ നിവാസികളും, നായന്മാർ, ക

മ്മാളന്മാർ തുടങ്ങിയ ദ്രാവിഡരും, ബ്രാഹ്മണർ ക്ഷത്രിയർ തുടങ്ങിയ ആര്യന്മാരും, ഈഴത്തുനാട്ടിൽനിന്നും വളരെ മുൻപ് വന്നിട്ടുള്ള ഈഴവാദികളും ഈ വിവിധവർഗ്ഗങ്ങളിൽനിന്നും ക്രിസ്തുമതവും ഇസ്ലാംമതവും സ്വീകരിച്ചവരുമത്രേ. കാലാന്തരത്തിൽ ഇവിടെ കുടിയേറിപ്പാർത്തവരുമുണ്ട്. അവരെല്ലാം കേരളദേശമാകുന്ന പൂന്തോപ്പിൽ വിടർന്നിട്ടുള്ള പുഷ്പങ്ങളാണ്. ഈ പൂക്കളെയെല്ലാം ഒരു ചരടിൽ ഇണക്കി കോർത്ത്, മനോഹരമായ ഒരു മാല നിർമ്മിക്കുന്ന ഭാരം, സാത്വികചക്രവർത്തിയായ കൊച്ചി മഹാരാജാവുതിരുമനസ്സിലെ സമ്മതപ്രകാരം, വന്നുചേർന്നിരിക്കുന്നത്. ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ തിരുമനസ്സിലേക്കാകുന്നു. സർവ്വവല്ലഭനായ ജഗദീശ്വരൻ ആ തിരുമേനിയെ അനുഗ്രഹിക്കുമാറാകട്ടെ!

# അദ്ധ്യായം 15.

## കേരളത്തിലെ പ്രധാന കവികൾ

### എഴുത്തച്ഛൻ—കുഞ്ചൻ നമ്പ്യാർ

### ചെറുശ്ശേരി—കേരളകാളിദാസൻ

കേരളത്തിലെ പ്രധാന ഭാഷ, മലയാളമാണ്. ഈ ഭാഷയിലെ പല നല്ല കവിതകൾ നാം നിത്യവും വായിക്കുകയും കേട്ടു രസിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഈ കവിതകൾ എല്ലാ മലയാളികളുടെയും പൊതുസ്വത്താണ്. ഈ പൊതുസ്വത്ത് ഒരുകാലത്തും നശിച്ചുപോകുന്നതല്ല. ഇങ്ങനെയുള്ള കവികൾ സാക്ഷാൽ

രാജ്യങ്ങഠം വെട്ടിപ്പിടിച്ചിട്ടുള്ള ധീരന്മാരെക്കാഠം പ്രബലന്മാരാണ്. കേരളത്തിലെ പ്രധാനകവികഠം എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ചെറുശ്ശേരിയും കേരളവർമ്മ വലിയ കോയിത്തമ്പുരാനുമാണ്. അവരെ കേരളത്തിലെ സാഹിത്യ ചക്രവൎത്തികളെന്നു വിളിച്ചാൽ തെററില്ല.

## എഴുത്തച്ഛൻ

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിനു വടക്ക്, മലബാർ ജില്ലയിൽ, പൊന്നാനി താലൂക്കിൽ തിരൂർ തീവണ്ടി ആഫീസിനു ഒരു നാഴിക തെക്കുപടിഞ്ഞാറുമാറി, തുഞ്ചൻ പറമ്പ് എന്നൊരു സ്ഥലം ഇന്നും കാണാം. അവിടെയാണ് എഴുത്തച്ഛന്റെ ജനനം. ആ പറമ്പിലെ മണൽ വാരിയെടുത്ത്, അതിലാണ് അവിടെയുള്ള കുട്ടികഠം ഇന്നും നിലത്തെഴുത്ത് പഠിക്കുന്നത്. എ. ഡി. 16—ാം നൂററാണ്ടിന്റെ അവസാനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം അദ്ദേഹം ജനിച്ചത് ഒരു ചക്കാല നായർ കുടുംബത്തിലായിരുന്നു, അച്ഛൻ ഒരു നമ്പൂതിരി ബ്രാഹ്മണനായിരുന്നു, എന്നാണുകാണുന്നത്.

അദ്ദേഹം ബാല്യത്തിൽത്തന്നെ മലയാളഭാഷ പഠിച്ചശേഷം, തെക്കേ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും പോയി, സംസ്കൃതം, തമിഴ് തെലുങ്ക്, മുതലായ ഭാഷകഠം അഭ്യസിച്ചു. സംസ്കൃതഭാഷയും അതിലുള്ള ഉത്തമഗ്രന്ഥങ്ങളും അദ്ദേഹം നല്ലതുപോലെ പഠിച്ചു. അതിനുശേഷം അദ്ദേഹം സംസ്കൃതവാക്കുകളും മലയാളവാക്കുകളും ചേരുമ്പടി ചേർത്ത്, ഏതാനും നല്ല മലയാള കൃതികഠം എഴുതുകയുണ്ടായി. ആ രീതിക്കു മണിപ്രവാളരീതി എന്നാണു പേര്. അദ്ദേ

ഹം എഴുതിയ പ്രധാനകൃതികൾ, അദ്ധ്യാത്മരാമായണം, മഹാഭാരതം, ഭാഗവതം എന്നിവയാണ്. അവയൊക്കെയും എഴുതിയിരിക്കുന്നതു് കിളിപ്പാട്ടിലാണു്.

ഈ കൃതികൾ മലയാളഭാഷ സംസാരിക്കുന്ന എല്ലാവരും ഇന്നു പഠിച്ചു വരുന്നു. ഹിന്ദുക്കൾ ആ കൃതികളെ തങ്ങളുടെമതഗ്രന്ഥങ്ങൾ എന്ന രീതിയിൽ പ്രത്യേകിച്ചും മാനിച്ചുവരുന്നുണ്ടു്.

ഇന്നത്തെ മലയാളഭാഷയുടെ ജനകൻ ഇദ്ദേഹമത്രേ. ഇദ്ദേഹത്തിന്റെ കാലംമുതൽക്കാണു് കേരളത്തിലെ കവിതകളെ ആര്യന്മാർ ബഹുമാനിച്ചുതുടങ്ങിയതു് ആര്യന്മാരുടെയും ദ്രാവിഡന്മാരുടെയും സംസ്കാരങ്ങൾ എഴുത്തച്ഛന്റെ കൃതികളിൽ തെളിഞ്ഞു കാണുണ്ടു്.

## കുഞ്ചൻനമ്പ്യാർ

കുഞ്ചൻനമ്പ്യാർ മലബാർജില്ലയിലുള്ള കിള്ളിക്കുറിശിമംഗലം എന്നഗ്രാമത്തിലാണ് ജനിച്ചതു്. ബാല്യത്തിൽ അദ്ദേഹം മലയാളഭാഷയ്ക്കു പുറമെ, സംസ്കൃതഭാഷ നല്ലതിൻവണ്ണം അഭ്യസിച്ചു. യൌവനത്തിൽ ഇദ്ദേഹം ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി അമ്പലപ്പുഴെ, ജീവിച്ചിരുന്നു. അക്കാലത്താണ്. വേണാട്ടിലെ രാജാവായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ, ചെമ്പകശേരി രാജ്യം പിടിച്ചടക്കിയതു്. അക്കാലങ്ങളിലാണു് കുഞ്ചൻ നമ്പ്യാർ തന്റെ തുള്ളൽ കൃതികളിൽ പ്രധാനപ്പെട്ടവ രചിച്ചതു്. പിന്നീടദ്ദേഹം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായി തിരുവനന്തപുരത്തിനുപോയി. ധർമ്മരാജാ

വിന്റെ കാലത്തും അദ്ദേഹം രാജസദസ്സിലുണ്ടായിരു ന്നു. അവിടെ വളരെ നാറം കഴിച്ചുകൂട്ടിയ ശേഷം വാർദ്ധക്യത്തിൽ, അദ്ദേഹം സ്വദേശത്തിനു പോയി. അവിടെവച്ചു പേപ്പട്ടിവിഷം ബാധിച്ചു ചരമം പ്രാപിക്കുകയുണ്ടായി.

തുള്ളൽ കഥകറം കൂടാതെ പല കിളിപ്പാട്ടു കൃതി കളും മണിപ്രവാളകാവ്യങ്ങളും, തിരുവാതിരപ്പാട്ടുക ളും; കീർത്തനങ്ങളും വഞ്ചിപ്പാട്ടുകളും അദ്ദേഹം എഴു തിയിട്ടുണ്ടു്. എഴുത്തച്ഛന്റെ കൃതികറം വായിച്ചാൽ ആർക്കും ഭക്തിരസമാണുണ്ടാകുന്നതു്. എന്നാൽ കുഞ്ചന്റെകൃതികറം കേട്ടാൽ ആർക്കും ചിരിയും സന്തോഷമാണു് ഉണ്ടാകുക. നമ്പ്യാരുടെ തുള്ളലുകറം വളരെക്കാലമായി ക്ഷേത്രസങ്കേതങ്ങളിൽ പാടിയും അഭിനയിച്ചുംവന്നു. അവ പല തലമുറകളായി കേരളജനങ്ങളെ ആനന്ദിപ്പിച്ചും പഠിപ്പിച്ചും വരുന്നു. ഇപ്പോറം നമ്പ്യാരുടെ കൃതികറം പ്രൈമറിസ്കൂറം തൊട്ടു കോളേജുകറംവരെ പഠിപ്പിച്ചുവരുന്നുണ്ടു്. ജന ങ്ങളുടെ സംസാരത്തിൽപോലും നമ്പ്യാരാശാന്റെ പദങ്ങറം ധാരാളം ഉപയോഗിച്ചുവരുന്നു.

കുഞ്ചൻ നമ്പ്യാർ ബഹുജനങ്ങളുടെ കവിയാണു്: മലയാള ഭാഷയുള്ളിടത്തോളം കാലം കുഞ്ചൻനമ്പ്യാ രുടെ പേരു് ആരും മറക്കുകയില്ല.

## ചെറുശേരി

ചെറുശ്ശേരി നമ്പൂതിരിയുടെ കാലം എ. ഡി 16—ാംനൂററാണ്ടാണു്. അദ്ദേഹത്തിന്റെ ജനനം, വടക്കൻകേരളത്തിൽ ഇപ്പോഴത്തെ കുറുമ്പ്രനാട്ടു താലൂ ക്കിൽ വടകര എന്ന സ്ഥലത്തുള്ള ചെറുശേരി

ഇല്ലത്തായിരുന്നു. ബാല്യകാലം കഴിഞ്ഞ ശേഷം അദ്ദേഹം കോലത്തു നാട്ടിലെ രാജാക്കന്മാരെ ആശ്രയിച്ചു പാർത്തുവന്നു. അദ്ദേഹം ആശ്രയിച്ചുവന്ന രാജാവിൻെറ നാമധേയം, ഉദയവർമ്മ എന്നായിരുന്നു. ഉദയവർമ്മ രാജാവും ചെറുശേരി നമ്പൂതിരിയും കൂടി ഒരുദിവസം ചതുരംഗം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ചതുരംഗപ്പോരിൽ രാജാവു തോൽക്കുവാൻ പോകുന്നതു രാജാവിൻെറ ഭാര്യ കണ്ടു. അവർ അപ്പോഠം കുട്ടിയെ തൊട്ടിലിലിട്ടു താരാട്ടു പാടാൻ തുടങ്ങി. രാജാവിനു കളിയിൽ പോരുപറഞ്ഞുകൊടുക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. അപ്പോഠം താരാട്ടു രീതിയിൽത്തന്നെ 'ഉന്തുന്തു്' എന്നു തുടങ്ങി ആളെയുന്തു്' എന്നവസാനിക്കുന്ന ഒരു പാട്ടു് അവർ പാടി. കാര്യം മനസ്സിലാക്കിയ രാജാവു് ആളെയുന്തി കളിയിൽ ജയിക്കുകയും ചെയ്തു. ഭാര്യ പാടിയ ആ രീതിയിൽത്തന്നെ ഭാഗവത കഥ നിർമ്മിക്കുവാൻ ഉദയവർമ്മ രാജാവു ചെറുശ്ശേരിയോടു കൽപ്പിച്ചു. അതാണു് കൃഷ്ണഗാഥ എന്ന കൃതി. ഇന്നു കൃഷ്ണഗാഥയിലെ പല ഭാഗങ്ങളും കേരളീയർ ആബാലവൃദ്ധം പാടി രസിച്ചുവരുന്നു.

കേരളത്തിലെ ഹിന്ദുക്കളിൽ മതഭക്തി വളർത്തുന്നതിനു് ഈ കവി വളരെ സഹായിച്ചിട്ടുണ്ടു്. അതു കൂടാതെ ഉത്തമമായ ആശയങ്ങളും മനോഹരമായ പാട്ടുകളും മൂലം അദ്ദേഹം മലയാളികളെ ഇന്നും അനുഗ്രഹിച്ചു വരുന്നു.

**കേരളകാളിദാസൻ**

തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന ആയില്യം തിരുനാഠം മഹാരാജാവിൻെറ ഭാഗിനേയിയുടെ ഭർത്താവായിരുന്നു കേരളവർമ്മ വലിയകോയിത്തമ്പു



ശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ

രാൻ. ഇദ്ദേഹം ജീവിച്ചിരുന്നതു 19—ാംനൂററാണ്ടിനും 20—ാംനൂററാണ്ടിനും മദ്ധ്യേയായിരുന്നു. ഇദ്ദേഹത്തിന്നു സംസ്കൃതത്തിലും മലയാളത്തിലും ഇംഗ്ലീഷിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നു. കാളിദാസൻ എന്ന സംസ്കൃതകവിയുടെ ശാകുന്തളം നാടകം ഇദ്ദേഹം മലയാളഭാഷയിൽ ആദ്യമായി വിവൎത്തനം ചെയ്തു. അതുകൊണ്ടാണു് ഇദ്ദേഹത്തിനു കേരളകാളിദാസൻ എന്ന പേരുണ്ടായതു്. അദ്ദേഹം കാര്യവശാൽ ആയില്യം തിരുനാൾ മഹാരാജാവിൻെറ അപ്രീതിക്കു കാരണമായി. ആകയാൽ അദ്ദേഹത്തെ രാജകല്പനപ്രകാരം ഹരിപ്പാട്ടു കൊട്ടാരത്തിൽ തടവുകാരനായി പാൎപ്പിച്ചു. ആ അവസരത്തിൽ മഹാനായ കവി ഒരു സന്ദേശകാവ്യം നിൎമ്മിച്ചു. അതിൻെറ പേരു മയൂര സന്ദേശം എന്നാണു്.

പദ്യത്തിലെന്നതുപോലെ ഗദ്യത്തിലും കേരളവൎമ്മ പല കൃതികൾ നിൎമ്മിച്ചിട്ടുണ്ടു്. അക്കാലത്തു വിദ്യാലയങ്ങളിൽ പഠിപ്പിക്കുവാൻ ഗദ്യത്തിലുള്ള ലളിതഗ്രന്ഥങ്ങൾ ചുരുക്കമായിരുന്നു. ഈ കുറവിനെ പരിഹരിക്കുവാൻ ഗവണ്മെൻറിൽ നിന്നും ഒരു പാഠ്യപുസ്തകക്കമ്മിററിയെ നിയമിച്ചു. അതിലെ പ്രസിഡണ്ടും പ്രധാന അംഗവുമായിരുന്നു കേരളവൎമ്മ. ഈ നിലയിൽ അദ്ദേഹം അനേകം ഗദ്യഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്.

ഇതു കൂടാതെ ഇദ്ദേഹം അദ്ധ്യക്ഷനായി ഭാഷാപോഷിണി എന്നൊരു സഭ നടത്തിയിരുന്നു. കേരളത്തിലെ അടുത്ത കാലം വരെയുണ്ടായിരുന്ന കവികളും സാഹിത്യകാരന്മാരുമെല്ലാം ഇദ്ദേഹത്തിൻെറ കീഴിൽ പരിശീലിച്ചവരായിരുന്നു. അദ്ദേഹത്തെ കേരളസാഹിത്യചക്രവൎത്തി എന്നാണു് സാധാരണ വിളിച്ചുവന്നി

ങ്ങുന്നതു്. യാത്രാമദ്ധ്യേ സ്വന്തം മോട്ടോർകാറിനു അപകടമുണ്ടായി, അങ്ങനെയാണു് അദ്ദേഹത്തിൻെറ മരണം.

അദ്ദേഹത്തിൻെറ പ്രയത്നം മൂലമാണു് ഭാഷാഗദ്യം ഇന്നത്തെ രീതിയിലെത്തിയിട്ടുള്ളതു്. പത്രപ്രവൎത്തനത്തിനും ശാസ്ത്രീയ ഗ്രന്ഥരചനയ്ക്കും ആവശ്യമായ ലളിതഭാഷാരീതി ഇദ്ദേഹമാണു് മലയാള ഗദ്യത്തിനു നൽകിയതു്. രാജകുടുംബത്തോടുള്ള ബന്ധവും അങ്ങനെയുണ്ടായ സ്വാധീനശക്തിയും മൂലം ഇദ്ദേഹം മലയാളഭാഷയ്ക്കു വളരെ സഹായം ചെയ്തിട്ടുണ്ടു്.

## അദ്ധ്യായം 16.

## കേരളത്തിലെ ചില സാമുദായിക ചടങ്ങുകൾ

### ചാക്യാർക്കൂത്തു്

പെരുമാക്കന്മാരുടെ കാലം തുടങ്ങി, കേരളത്തിൽ പ്രചരിച്ചിരുന്ന ഒരു സാഹിത്യവിനോദമത്രേ ചാക്യാർകൂത്തു്. ഹിന്ദുക്ഷേത്രങ്ങളിൽ ഉൽസവം നടക്കുന്ന അവസരത്തിൽ ധാരാളം ആളുകൾ തടിച്ചുകൂടുക പതിവാണല്ലോ. അങ്ങനെയുള്ള അവസരങ്ങളിൽ ജനങ്ങളെ പുരാണകഥ പറഞ്ഞു രസിപ്പിക്കുന്നതിനാണു് ചാക്യാരന്മാർ കൂത്തു പറയുന്നതു്. കഥ പറയുന്നതിനോടുകൂടി അഭിനയങ്ങളും ഫലിതം പറച്ചിലും ഉണ്ടായിരിക്കും. ഫലിതം പറയുന്നതോടുകൂടി ആരെയും സന്ദർഭം പോലെ കളിയാക്കുന്നതിനും ചാക്യാരന്മാർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. അങ്ങനെ അവർ

കേരവിക്കാരെ പുരാണകഥകരം പഠിപ്പിക്കുകയും, അനാവശ്യം പ്രവർത്തിക്കുന്നവരെ സന്ദർഭം നോക്കി നല്ല പാഠം പഠിപ്പിക്കുകയും ചെയ്തുവന്നു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ പണ്ടേക്കാലം മുതൽ പെരുമാക്കന്മാർ ചാക്യാർ കൂത്തിനെ പ്രോൽസാഹിപ്പിച്ചു വന്നു.

എ ഡി. ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്ന കുലശേഖര ചക്രവർത്തി സംസ്കൃതഭാഷയിൽ അനേകം നാടകങ്ങരം എഴുതിയിട്ടുണ്ട്. അവയിലെ കഥകരം ചാക്യാരന്മാർ കൂത്തു പറയുവാൻ ധാരാളമായി ഉപയോഗിച്ചു വന്നു. അദ്ദേഹത്തിൻെറ ആശ്രിതനായിരുന്ന തോലൻ എന്ന ബ്രാഹ്മണകവി, ആട്ടപ്രകാരം എന്നും ക്രമദീപിക എന്നും രണ്ടു ഗ്രന്ഥങ്ങരം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ സഹായത്തോടു കൂടി കുലശേഖര ചക്രവർത്തി ചാക്യാർകൂത്തിനെ പരിഷ്കരിച്ചതായി കാണുന്നു.

ആദികാലങ്ങളിൽ ഒരൊററ ചാക്യാർ മാത്രമായിരുന്നു പുരാണകഥ പറഞ്ഞിരുന്നതും അഭിനയിച്ചു വന്നിരുന്നതും. പിന്നീട് ആൺവേഷങ്ങളൊക്കെ ചാക്യാരും പെൺവേഷങ്ങളൊക്കെ അയാളുടെ കളത്രമായ നങ്ങ്യാരും അഭിനയിച്ചു തുടങ്ങി. ഇതോടുകൂടി നമ്പ്യാരുടെ മിഴാവുകൊട്ടലും കൂടിയായപ്പോരം അതിൻെറ പേരു 'കൂടിയാട്ടം' എന്നായി. കൂത്തും കൂടിയാട്ടവും കേരളത്തിലെ ഹിന്ദുസമുദായത്തെ തലമുറ തലമുറയായി വിനോദിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്നു. ഇന്നത്തെപ്പോലെ സിനിമയും പള്ളിക്കൂടങ്ങളും ഇല്ലാതിരുന്ന പഴയ കാലത്തു്, സാമാന്യജനങ്ങരക്കു മനോവികാസവും ഉല്ലാസവും കൊടുത്തുവന്നതു് ഈ ചാക്യാർ കൂത്തുംകൂടിയാട്ടവും ആയിരുന്നു.

**കഥകളി**

ചാക്യാർകൂത്തും കൂടിയാട്ടവും പോലെ കേരളത്തിൽ മാത്രം കാണുന്ന വേറൊരു സാഹിത്യ വിനോദമത്രേ കഥകളി. ഇതിൻെറ ഉല്പത്തിയെപ്പററി ഒരു കഥയുണ്ട്.

എ. ഡി. പതിനേഴാം നൂററാണ്ടിൽ, കോഴിക്കോട്ട്, മാനവേദൻ ശക്തൻ തമ്പുരാൻ എന്ന പേരിൽ ഒരു സാമൂതിരി വാണിരുന്നു. ശ്രീകൃഷ്ണഭക്തനായിരുന്ന ഇദ്ദേഹം കൃഷ്ണനാട്ടം എന്ന പേരിൽ സംസ്കൃതഭാഷയിൽ,എട്ടുദിവസം ദീർഘിപ്പിക്കുന്ന ഒരാട്ടം രചിച്ചു സ്വന്തം കോവിലകത്തു അഭിനയിപ്പിച്ചുവന്നു. ഇതിൻെറ പ്രചാരം വടക്കൻ കോട്ടയത്തു മാത്രമായിരുന്നു.

അങ്ങനെയിരിക്കെ തെക്കൻകേരളത്തിലുള്ള കൊട്ടാരക്കരത്തമ്പുരാന്, ആ ആട്ടക്കാരെ തൻെറ രാജ്യത്തു വരുത്തി കൃഷ്ണനാട്ടം നടത്തണമെന്ന് ഒരു മോഹം തോന്നി. ഇക്കാര്യം മാനവേദൻ ശക്തൻതമ്പുരാനെ അറിയിച്ചതിൽ അദ്ദേഹം അതു തെല്ലും കൂട്ടാക്കിയില്ല. ആകയാൽ വലിയൊരു പണ്ഡിതനും കവിയും കൂടി ആയിരുന്ന കൊട്ടാരക്കരത്തമ്പുരാൻ, സ്വന്തമായി രാമനാട്ടം എന്ന പേരിൽ മലയാളഭാഷ ഉപയോഗിച്ച് ഒരു ആട്ടക്കഥയുണ്ടാക്കി.

കൊട്ടാരക്കരത്തമ്പുരാൻ ഇങ്ങനെ തുടങ്ങിയ ആട്ടക്കഥകൾ വളരെ വേഗത്തിൽ നാടൊട്ടുക്കു പ്രചരിച്ചു. ക്ഷേത്രങ്ങളിൽ ഉത്സവം നടക്കുന്ന അവസരങ്ങളിലും, രാജകുടുംബത്തിലും ധനികന്മാരുടെ ഗൃഹങ്ങളിലും വിവാഹം ആഘോഷിക്കുന്ന വേളകളിലും, ആട്ടക്കഥ നടത്തുക ഒരു പതിവായിത്തീർന്നു. തെക്കൻ ദിക്കുകളിൽനിന്നും അതു വളരെ വേഗത്തിൽ വടക്കോട്ടു പ്രചരിച്ചു. വെട്ടത്തുനാട്ടിലെയും വടക്കൻകോ

ട്ടയത്തെയും തമ്പുരാക്കന്മാർ, അനേകം ആട്ടക്കഥകഠം രചിച്ചു. തിരുവിതാംകൂർ രാജവംശത്തിലെ കാർത്തി കതിരുനാഠം ധർമ്മരാജാവും വലിയ ഒരു കഥകളിക്കാരനായിരുന്നു. ഒട്ടുവളരെ കഥകളികഠം അദ്ദേഹം തന്നെ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനന്തരവനായ അശ്വതിതിരുനാഠം തമ്പുരാനും അനേകം കഥകഠം രചിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ നാട്ടുവാഴികളിൽ നിന്നും ഇത്രത്തോളം പ്രോത്സാഹനം കിട്ടിയിട്ടുള്ള മററു സാഹിത്യവിനോദങ്ങളില്ല.

---

കാഴ്ചക്കാർക്കും ആട്ടക്കഥകഠം ചാക്യാർകൂത്തിനേക്കാഠം രസകരമായി തോന്നി. ചാക്യാർകൂത്തിൽ അഭിനയക്കാർ ചുരുക്കമേ ഉള്ളു. ആട്ടക്കഥയിലാകട്ടെ അഭിനയക്കാർ പലരാണു്. അവരെല്ലാം മുഖങ്ങളിൽ ചായം ഉപയോഗിച്ചു് ചുട്ടികുത്തു നടത്തിയിരുന്നു. നവരസങ്ങളുപയോഗിച്ചുള്ള അഭിനയവും ജനങ്ങളെ വളരെ രസിപ്പിച്ചിരുന്നു. അവയിലെ കഥാവസ്തുവാകട്ടെ, കാഴ്ചക്കാർക്കു് എത്ര കണ്ടാലും മതിയാവാത്ത പുരാണകഥകളുമായിരുന്നു. ക്ഷേത്രങ്ങളിൽ കേളികൊട്ടുകേട്ടാൽ മലയാളികഠക്കു പിന്നെ കഥകളി കാണാതെ തരമില്ലായിരുന്നു. 'കഥയറിയാതെ ആട്ടം കാണുക' എന്നൊരു ചൊല്ലുണ്ടല്ലോ. കഥാവസ്തു അറിയാവുന്നവർക്കു മാത്രമേ കഥകളി രസിക്കുകയുള്ളു. അതിനൊരു കാരണമുണ്ടു്. കഥകളി അഭിനയിക്കുന്ന നടന്മാർക്കു വേഷവും ആംഗ്യവുമേ ഉള്ളു. അവർക്കു പറയുവാനുള്ള കാര്യങ്ങഠം പിൻപാട്ടുകാരാണു് പാടുന്നതു്. അതും അത്ര ലളിതമല്ലാത്ത ഭാഷയിൽ. അതൊക്കെക്കൊണ്ടു് അടുത്തകാലങ്ങളിൽ കഥകളിയുടെ പണ്ടത്തെ പ്രചാരം തെല്ലു കുറഞ്ഞിട്ടുണ്ടു്. എങ്കിലും പതിനെട്ടും

പത്തൊൻപതും നൂററാണ്ടുകളിൽ കഥകളിയായിരുന്നു കേരളത്തിലെ പ്രധാന സാഹിത്യവിനോദം.


കേരളത്തിലെ ഹിന്ദുജനതയുടെ മതബോധത്തെ അതു പ്രത്യേകം പരിപോഷിപ്പിച്ചുവന്നു. കൂടാതെ അവ കേരളീയർക്കു മൊത്തത്തിൽ മനസ്സിനു വിനോദവും അറിവും സാഹിത്യവാസനയും പ്രദാനം ചെയ്തു.

കൂടാതെയും കേരളദേശം കത്തഴിഞ്ഞ പുസ്തകം പോലെ ഛിന്നഭിന്നമായിരുന്ന ഒരു കാലത്തു് ആട്ടക്കഥകളായിരുന്നു മലയാളികളെ യോജിപ്പിച്ചിരുന്ന പ്രധാന ബന്ധം.

**മുറജപം.**

പതിനെട്ടാം നൂററാണ്ടിൽ തിരുവിതാംകൂറിനെ ഭരിച്ചിരുന്ന അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിനെപ്പററി നാം മുൻപു പഠിച്ചിട്ടുണ്ടല്ലോ. അദ്ദേഹം അനേകം യുദ്ധങ്ങൾ ചെയ്താണു കൊല്ലംമുതൽ കൊച്ചിരാജ്യം വരെയുള്ള ദേശങ്ങൾ പിടിച്ചടക്കിയതു്. അതിൽ അനേകം ജനങ്ങൾ മരിക്കേണ്ടതായും വന്നു. വേറെ പലരുടെയും സമ്പാദ്യങ്ങൾ നശിക്കേണ്ടതായും വന്നു. ഇതിനെല്ലാം പരിഹാരമായി ചില സൽക്കർമ്മങ്ങൾ ചെയ്യണമെന്നു് അദ്ദേഹം തീർച്ചചെയ്തു. അതിലൊന്നാണു് ആറു കൊല്ലത്തിലൊരിക്കൽ തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നടത്തിവരുന്ന മുറജപം. ആദ്യത്തെ മുറജപം ആഘോഷിക്കപ്പെട്ടതു 1750—ാമാണ്ടായിരുന്നു.

മുറജപം 56 ദിവസത്തേക്കു നീണ്ടുനില്ക്കുന്നു. അവസാനദിവസത്തിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ വലിയൊരു ദീപക്കാഴ്ച നടത്തുന്നു. അതിനു ലക്ഷദീപം എന്നാണു പേരു പറയുന്നതു്.



തിരുവനന്തപുരത്തെ സുപ്രസിദ്ധമായ ശ്രീപത്മനാഭസ്വാമിക്ഷേത്രം

മുറജപോൽസവത്തിൻെറ ചടങ്ങുകൾ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതാണു്. കാത്തികമാസം അഞ്ചാം തീയതിയിലാണു് മുറജപത്തിൻെറ ആരംഭം. അതിനു് ഏതാനും നാളുകൾ മുൻപേ ക്ഷണക്കത്തുകൾ അയച്ചു തുടങ്ങും. മുറജപത്തിനു മേൽനോട്ടം വഹിക്കേണ്ടതു തൃശ്ശിവപേരൂരും തിരുനാവായിലുമുള്ള രണ്ടു 'വാദ്ധ്യാ'ന്മാരാണു്. അവരാണു് കേരളത്തിലെ നമ്പൂതിരി സമുദായത്തിൻെറ തലവന്മാർ, അഴവാഞ്ചേരി തമ്പ്രാക്കൾക്കും ആറു വൈദികന്മാർക്കും, തെക്കേടത്തു ഭട്ടതിരിക്കും, ഇങ്ങനെയുള്ള ക്ഷണക്കത്തുകൾ പ്രത്യേകം അയച്ചു വരുന്നു. പ്രധാന തന്ത്രിയായ തരണനല്ലൂർ നമ്പൂതിരിക്കും പ്രത്യേക ക്ഷണമുണ്ടു്. സകല മലയാള ബ്രാഹ്മണർക്കും മഹാരാജാവിൻെറസ്വാഗതവുമുണ്ടു്. എല്ലാവർക്കും ദിനംപ്രതി, സർക്കാർ ചെലവിൽ ഭക്ഷണ സൗകര്യാദികൾ ഉണ്ടാക്കിക്കൊടുത്തുവരുന്നു.കൂടാതെ ലക്ഷദ്വീപം കഴിഞ്ഞാലുടൻ മുറജപത്തിൽ പങ്കെടുത്തിട്ടുള്ള 'വാദ്ധ്യാ'ന്മാർക്കും 'വൈദിക'ന്മാർക്കും എല്ലാം മഹാരാജാവുതന്നെ സർവാണി എന്നപേരിൽ സമ്മാനവും പണവും വിതിച്ചുകൊടുക്കുന്നു. അഴവാഞ്ചേരി തമ്പ്രാക്കളെ മാത്രം മഹാരാജാവു നേരിട്ടു സന്ദർശിക്കും. സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള പൂജാപാത്രങ്ങളും രണ്ടായിരം പണവും അദ്ദേഹത്തിനു മഹാരാജാവു സമ്മാനിക്കുകയാണു പതിവു്.

ഈമുറജപമഹോത്സവത്തിനു ദേശീയമായ കരുപ്രാധാന്യം കൂടിയുണ്ടു്.ഇതിലേക്കു തിരുവിതാംകൂറിനു വെളിയിൽ നിന്നും അനേകം നമ്പൂതിരിമാർ വന്നുചേരുന്നുണ്ടല്ലോ. ആറാം കൊല്ലം തോറുമുള്ള ഈ സമ്മേളനം,· ഹൈന്ദവനേതാക്കന്മാരുടെ ഐക്യത്തെ പുലർത്തിവരുന്നു. ഇതു കൂടാതെ കൂടക്കൂടെ ഇ

ങ്ങളെ സൽക്കരിക്കുന്ന രാജവംശത്തോടു ക്ഷണിക്കപ്പെട്ടവർക്കു സഹജമായി ഒരു ആദരവും ഉത്ഭവിക്കുന്നു.

**കൊങ്ങൻപട.**

ഹിന്ദുക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ ഭാഗമായി പടയണികൾ നടത്തുന്ന പതിവു കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ട്. അതിന്റെ പിന്നിൽ ഒരു ചരിത്രവും കൂടി ഉണ്ടായിരിക്കുക സാധാരണമാണു്. അതിലൊന്നാണു ചിററൂർ ക്ഷേത്രത്തിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന കൊങ്ങൻപട. ഈ ചടങ്ങിന്റെ ഉല്പത്തിയെപ്പററി 4-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു നോക്കുക.

**അത്തച്ചമയമഹോത്സവം.**

മഹാബലി ചക്രവർത്തിയുടെ തലസ്ഥാനം കൊച്ചിരാജ്യത്തിലുള്ള തൃക്കാക്കര എന്ന സ്ഥലത്തായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. അവിടെ മഹാവിഷ്ണുവിന്റെ അവതാരമായ വാമനമൂർത്തിയുടെ പ്രതിഷ്ഠയുള്ള ഒരു പുരാതനക്ഷേത്രവും, മററനേക ചരിത്രസ്മാരകങ്ങളും ഇന്നും കാണാം. ഈ ക്ഷേത്രത്തിൽ ആണ്ടുതോറും ചിങ്ങമാസത്തിലെ തിരുവോണം സംബന്ധിച്ചു് ഒരുൽസവം നടക്കുന്നു. ഒരു മാസം മുൻകൂട്ടിയാണു ഉൽസവത്തിന്റെ കൊടിയേററം. പ്രധാന ഉൽസവം നടക്കുന്നതു് ഒടുവിലത്തെ പത്തു ദിവസങ്ങളിലാണു്. അതിൽ സംബന്ധിക്കുവാൻ കേരളത്തിലെ രാജാക്കന്മാരെല്ലാവരും കാലേകൂട്ടി വന്നുചേരണമെന്നായിരുന്നു മാമൂൽ. അതനുസരിച്ചാണു കൊച്ചിരാജാക്കന്മാർ അത്തച്ചമയം ഒരുൽസവമായി ആണ്ടുതോറും ആഘോഷിച്ചുവന്നതു്. കൊച്ചി രാജാക്കന്മാർ പുരാതനകാലം

മുതൽ ആണ്ടുതോറും അതു ഒരു ദേശീയ മഹോൽസവ മായി ആഘോഷിച്ചുവന്നിരുന്നു.

അന്നത്തെ ഒരു പ്രധാന ചടങ്ങു കൊച്ചി രാജാവു തൻെറ സർവ്വാഭരണങ്ങളും ധരിച്ചു്, അകമ്പടിയോടും വാദ്യമേളങ്ങളോടും കൂടി കനകപ്പല്ലക്കിൽ എഴുന്നെള്ളു ന്നതായിരുന്നു. ഈ എഴുന്നള്ളത്തു സാധാരണ നട ത്തപ്പെട്ടിരുന്നതു, തൃപ്പൂണിത്തുറ കോട്ടമതിൽക്കകത്തു വെച്ചായിരുന്നു. പക്ഷേ, തൃശ്ശിവപേരൂർ വച്ചും ഇരി ഞ്ഞാലക്കുട വച്ചും അതു ചിലപ്പോഴെല്ലാം നടത്താറു ണ്ടായിരുന്നു.

ചിങ്ങമാസത്തിലെ അത്തം നാളിനു രണ്ടു ദിവ സം മുൻകൂട്ടിത്തന്നെ, കൊച്ചി രാജധാനി നാനാവിധ ത്തിലുള്ള വിചിത്രപ്പണികളാൽ അലങ്കരിക്കപ്പെടും. അപ്പോഴേക്കു കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും അനേകലക്ഷം ജനങ്ങൾ ഉൽസവം കാണുന്നതി നായി വന്നുകൂടും. അപ്പോൾ മുതൽ തൃപ്പൂണിത്തുറപ്പ ട്ടണവും പരിസരങ്ങളും ഒരു മനുഷ്യമഹാസമുദ്രമായി ത്തീരും. പല തരം കച്ചവടസാധനങ്ങളുമായി അനേ കം കച്ചവടക്കാരും അവിടെ പ്രത്യക്ഷപ്പെടുക പതിവാ യിരുന്നു.

അത്തംനാൾ പുലർകാലേ എട്ടുമണിക്കു മുൻപായി കൊച്ചിമഹാരാജാവു ശ്രീപൂർണ്ണത്രയീശാലയത്തിൽ എഴുന്നള്ളി സ്വാമിദർശനം നടത്തും. ഒൻപതു മണി ക്കു മുൻപായി ഘോഷയാത്രയിൽ ചേരുന്നതിനുള്ള ആ ളുകളെല്ലാം കൊട്ടാരത്തിൽ ഹാജരായിരിക്കും. കൃത്യം ഒൻപതര മണിക്കു ഘോഷയാത്ര ആരംഭിക്കുകയായി. കൊച്ചിൻപതാക, നെററിപ്പട്ടം ഇവ വഹിച്ചുള്ളകരി വരന്മാർ ആദ്യം നടക്കും. പിന്നീടു നായർ പട്ടാളം,

കുതിരപ്പട്ടാളം, പീലിക്കാരന്മാർ, പഞ്ചവാദ്യം, വാളൂരിപ്പിടിച്ച അവകാശികൾ മുതലായവർ അണിനിരക്കും, അതിനെത്തുടർന്നു ശുഭമുഹൂർത്തത്തിൽ മഹാരാജാവു തന്റെ രത്നാഭരണങ്ങളെല്ലാം ചാർത്തി, കനകപ്പല്ലക്കിൽ എഴുന്നള്ളിയിരിക്കും. അതിന്റെ പിറകിലായി വാളൂരിപ്പിടിച്ച് ഇളയതമ്പുരാൻ തുടങ്ങിയവരും പ്രമുഖരായ ഉദ്യോഗസ്ഥന്മാരും നിൽക്കും. അപ്പോഴേക്കു ഘോഷയാത്ര ആരംഭിക്കുകയായി. പീരങ്കികളുടെ മുഴക്കവും, ബാൻറ്, പഞ്ചവാദ്യം ഇവയുടെ സ്വരവും ജനങ്ങളുടെ ആർപ്പുവിളികളും, ഇതോടുകൂടി ആരംഭിക്കുന്നു. ഒരു മണിക്കൂർ കഴിയുമ്പോൾ ഈ ഘോഷയാത്ര ഡർബാർ ഹാളിൽ എത്തുന്നു. പിന്നീടു തിരുമേനി പ്രധാന ക്ഷേത്രങ്ങളിൽ വഴിപാടു നടത്തുകയും രാജകുടുംബാംഗങ്ങൾക്കും പ്രധാന ഉദ്യോഗസ്ഥന്മാർക്കും 'പുത്തൻ കൊടുക്കൽ' നടത്തുകയുമായി. അതു കഴിഞ്ഞാൽ തിരിച്ചെഴുന്നള്ളത്താണ്. ഇതിനെത്തുടർന്നു വൈകുന്നേരം അനേകായിരം സാധുക്കൾക്കു പതിവിൻപടിയുള്ള 'പുത്തൻകൊടുക്ക'ലും ഉണ്ടായിരിക്കും. ഇപ്രകാരമായിരുന്നു 1949—നു മുൻപു വളരെ കാലത്തേക്കു കൊച്ചിത്തമ്പുരാക്കന്മാർ അത്തച്ചമയം ആഘോഷിച്ചുവന്നതു്.

**കേരളത്തിലെ കളരികൾ.**

ബ്രിട്ടീഷുകാരുടെ ശക്തി പ്രബലപ്പെടുന്നതിനു മുൻപു കേരളത്തിൽ അനേകം ചെറിയ ചെറിയ രാജാക്കന്മാരും, നാടുവാഴികളും, ദേശവാസികളും മാടമ്പിമാരും ഉണ്ടായിരുന്നു. രാജ്യത്തിൽ ക്രമവും സമാധാനവും പാലിക്കുവാൻ ഇന്നത്തെപ്പോലെ സർക്കാർ വകയായി പോലീസോ റിസർവ്വ പട്ടാളമോ ഉണ്ടായിരുന്നില്ല. അഥവാ രാജകീയസേനകളെ വേഗത്തിൽ

കൊണ്ടുപോയി സമാധാനം പാലിക്കുവാൻ തക്കവിധത്തിയുള്ള റോഡുകളും ഗതിവേഗമുള്ള വാഹനങ്ങളും അന്നില്ലായിരുന്നു. ആകയാൽ ഓരോ പുരുഷനും യുദ്ധമുറകൾ ശീലിച്ചു തന്നത്താൻ രക്ഷിക്കേണ്ട ആവശ്യം നേരിട്ടിരുന്നു. ആ ഉദ്ദേശത്തിനായി കരകൾ തോറും കളരികൾ സ്ഥാപിക്കപ്പെട്ടിരുന്നു.

കളരികളിൽ കായികാഭ്യാസം നടത്തിയിരുന്നആശാന്മാർക്കു 'കുറുപ്പു്' 'പണിക്കർ' എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകളുണ്ടായിരുന്നു. നായന്മാരും നസ്രാണികളും ഈഴവരും ഇങ്ങനെ കളരികൾ നടത്തുകയും, കായികാഭ്യാസങ്ങൾ ശീലിക്കുകയും, പണിക്കർസ്ഥാനം വഹിക്കുകയും, ചെയ്തിരുന്നതായി ലക്ഷ്യങ്ങളുണ്ടു്. മറവർഗ്ഗക്കാരും ഈ പതിവു നടത്തി മെയ്‌വഴക്കം വരുത്തുകയും, കായികാഭ്യാസങ്ങൾ ശീലിക്കുകയും ചെയ്തിരിക്കണം. അല്ലാതെ അക്കാലത്തു ജീവിതം തന്നെ സാദ്ധ്യമല്ലായിരുന്നു.

ഏഴു വയസ്സു പ്രായമാകുമ്പോൾ കായികപരിശീലനം ആരംഭിക്കുകയായിരുന്നു പതിവു്. രോഗമില്ലാത്ത ശിശുക്കളെല്ലാം ഈ പ്രായമാകുമ്പോൾ കളരികളിൽ പോയി കച്ചകെട്ടണമെന്നുള്ളതു നാട്ടുനടപ്പായിരുന്നു. ആദ്യമായി ചെയ്യേണ്ടിയിരുന്നതു, ദേഹമാസകലം എണ്ണ തേച്ചു്, ഓരോ കായികാഭ്യാസങ്ങൾ ശീലിക്കുകയായിരുന്നു. ശരീരത്തിനു നല്ല അയവും മയവും ഉണ്ടാകുന്നതിനായിരുന്നു ഈ പ്രയോഗം. അതു കഴിഞ്ഞാൽ ആശാന്മാർ വിദ്യാർത്ഥികളെ ചവിട്ടിത്തിരുമ്മു നടത്തും. അതിനായി വിദ്യാർത്ഥികൾ ദേഹത്തിൽ എണ്ണയും തേച്ചു്, ഒരു പുൽപ്പായിൽ കമഴ്ന്നു കിടക്കണം. അപ്പോൾ കളരി ആശാന്മാർ, മുകളിൽ തൂക്കിയിട്ടുള്ള കയറിൽ പിടിച്ചുകൊണ്ടു, ശിഷ്യന്മാരുടെ ശ

രീരത്തിൽ കാലുകൊണ്ടു മൃദുവായി ചവുട്ടിത്തിരുമ്മുകയായി. ഇങ്ങനെ ചവുട്ടിത്തിരുമ്മു നടത്തുന്ന ആശാനു നല്ല ദേഹബലവും, മർമ്മങ്ങളെപ്പററിയുള്ള അറിവും ശ്വാസം പിടിച്ചുനിറുത്തുവാനുള്ള ശീലവും ഉണ്ടായിരിക്കണം.

കളരിയാശാന്മാർ പിന്നീടു ശിഷ്യന്മാരെ ഓരോ പയററുകൾ പഠിപ്പിക്കുവാൻ തുടങ്ങും. അവയ്ക്കു മൂന്നു വിഭാഗങ്ങളുണ്ടായിരുന്നു. വെറും കൈപ്രയോഗം, കോലുകയററം, ആയുധാഭ്യാസം എന്നിവയായിരുന്നു അവയുടെ പേരുകൾ. ഇവയിൽ ഓരോന്നിലും 'അടവു'കളും 'തടവു'കളും ഉണ്ടായിരുന്നു. കൈയേററം ചെയ്യുന്ന ആൾ ചെയ്യുന്ന പ്രയോഗങ്ങളെ 'അടവുക'ളെന്നും, അവയ്ക്കുള്ള മറുകൈകളെ 'തടവുക'ളെന്നും വിളിച്ചിരുന്നു. വെറും കൈപ്രയോഗത്തിൽ രണ്ടു പേർ തമ്മിൽ ആയുധങ്ങളോ വടികളോ കൂടാതെ പോരാട്ടം നടത്തുന്നു. കോലുകയററത്തിൽ കോലും വടിയും കൊണ്ടുള്ള അടവും തടവും ആണു നടക്കുന്നതു്. എത്ര നേരം പോരാടിയാലും പരസ്പരം ദേഹത്തിൽ തല്ലേൽക്കാതിരിക്കുന്നതാണു് ഈ പയററിൽ മെച്ചം. ആയുധാഭ്യാസത്തിൽ വാൾ, കട്ടത്തില, പൊന്തി ഈ ആയുധങ്ങൾ കൊണ്ടുള്ള പ്രയോഗങ്ങളാണു ഉണ്ടായിരുന്നതു്.

പന്ത്രണ്ടു കൊല്ലത്തോളം നിരന്തരം കളരിപ്പയററുകൾ ശീലിക്കുന്ന ശിഷ്യന്മാരാണു സമർത്ഥന്മാരായി പരിഗണിക്കപ്പെട്ടിരുന്നതു്.

പ്രാചീനകേരളത്തിലെ വീരസിംഹങ്ങളായിരുന്ന തച്ചോളിൽ ഒതേനനും ആരോമൽച്ചേകവരും, കോമൻ നായരും കളരിപ്പയററിൽ അതിസമർത്ഥരായിരുന്നുവെന്നു വടക്കൻ പാട്ടുകളിൽ കാണുന്നു. ചെ

മ്പകശേരിരാജ്യത്തു കളരിപ്പയററുകഠം ശീലിപ്പിക്കുന്ന തിന്നു വേണ്ടി, ദ്രോണമ്പള്ളി നായ്ക്കൻ എന്നൊരാഠംക്കു ഒരു ഭവനവും അനേകം വസ്തുക്കളും ദേവനാരായണൻ എന്ന രാജാവു കൊടുത്തിരുന്നു എന്നു കാണുന്നുണ്ടു്. കേരളത്തിലെ നസ്രാണികളും നായന്മാരോടൊപ്പം കളരിപ്പയററിൽ സമത്ഥരായിരുന്നുവെന്നും, മദ്ധ്യകേരളത്തിലെ നാടുവാഴികളും പോർട്ടുഗീസുകാരും അവരെ തങ്ങളുടെ സഹായികളായി കരുതിയിരുന്നുവെന്നും, പല ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.

---

# അദ്ധ്യായം 16

---

## കേരളസംസ്ക്കാരം

### അതിന്റെ പ്രത്യേകതകഠം

പല കാര്യങ്ങളിലും കേരളസംസ്ക്കാരത്തിന്നു ചില പ്രത്യേകതകളുണ്ടു്. ഉദാഹരണമായി നമ്മുടെ രാജ്യത്തുള്ള വീടുകളുടെ നിമ്മാണരീതി അടുത്ത ദേശമായ തമിഴ്നാട്ടിലെപ്പോലെ അല്ല. അതുപോലെ തന്നെ കവിതകളിലും, രാജ്യനിയമങ്ങളിലും, ജനങ്ങളുടെ വേഷത്തിലും, ഭാഷയിലും, ഭക്ഷണത്തിലും, ആചാരങ്ങളിലും എല്ലാം, കേരളീയർ അന്യദേശക്കാരിൽ നിന്നു വ്യത്യസ്തരാണു്. ഈ പ്രത്യേകതകഠം എങ്ങനെ ഉണ്ടായി? അതു തലമുറതലമുറയായി ഈ രാജ്യത്തു നടന്നിട്ടുള്ള അനേകസംഭവങ്ങളുടെ ഫലമത്രേ. അതു മാററുക അത്ര എളുപ്പമല്ല. ഇങ്ങനെയുള്ള ദേശീയ ലക്ഷണങ്ങളെ അത്രേ സംസ്ക്കാരമെന്നു പറയുന്ന

തു്. അധിക പങ്കു് കേരളീയരുടെയുംമനഃസ്ഥിതിയെ അത്രേ അതു കാണിക്കുന്നതു്.

**മരുമക്കത്തായം.**

ഓരോ കുടുംബത്തിലും അച്ഛനും അമ്മയും ആണല്ലോ കുട്ടികളെ സംരക്ഷിച്ചു വളർത്തിപ്പോരുന്നതു്. അച്ഛൻ പ്രയത്നിച്ചു ധനമുണ്ടാക്കുകയും, അതുകൊണ്ടു അമ്മ കുടുംബത്തെ പോററുകയുമാണല്ലോ സാധാരണ ചെയ്തുവരുന്നതു്. അച്ഛന്റെ കാലശേഷം അദ്ദേഹത്തിന്റെ സ്വത്തു കുടുംബത്തിലെ അംഗങ്ങൾ ഭാഗിച്ചെടുക്കുന്നു. ഈ ദായക്രമത്തിനു മക്കത്തായം എന്നു പേർ. അടുത്ത കാലത്തു പാസ്സാക്കിയിട്ടുള്ള രാജ്യനിയമപ്രകാരം, കേരളത്തിലെ സകല വർഗ്ഗക്കാരും ഇപ്പോഴേക്കു മക്കത്തായം സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ പുരാതന കാലംതൊട്ടു വേറൊരു ദായക്രമമാണു കേരളത്തിൽ നിലവിലിരുന്നതു്. അതിന്റെ പേരു്, മരുമക്കത്തായം എന്നാണു്.

മരുമക്കത്തായക്രമപ്രകാരം, കുടുംബത്തിലെ അംഗങ്ങളെ സംരക്ഷിക്കേണ്ട ചുമതല അച്ഛനല്ല, അമ്മാവനാണു്, അമ്മാവനാണു കുടുംബത്തിലെ കാരണവർ. ആ ക്രമപ്രകാരം വിവാഹം ചെയ്ത സഹോദരികൾ സ്വന്തം വീടു വിട്ടു ഭർത്താക്കന്മാരുടെ ഗൃഹങ്ങളിലേക്കു പോകുക പതിവില്ലായിരുന്നു സ്ത്രീകൾക്കായിരുന്നു കുടുംബത്തിന്റെ അവകാശം. ഒരു കുടുംബത്തിൽ പല സ്ത്രീസന്താനങ്ങളുണ്ടായാൽ അവരെല്ലാം ആ കുടുംബത്തിൽ കൂട്ടായി താമസിക്കുകയാണു പതിവു്. കുടുംബസ്വത്തു പങ്കിടുകയില്ലായിരുന്നു. കേരളത്തിലെ രാജകുടുംബങ്ങളും, നായന്മാരും, ഈഴവരും പഴയ കാലംമുതൽ മരുമക്കത്തായം അനുസരിച്ചു ജീവിച്ചുപോന്നു. അടുത്ത കാലത്തു നായന്മാരും, ഈഴവരും മക്കത്തായം സ്വീക

രിച്ചിട്ടുണ്ടു്. എന്നാൽ രാജകുടുംബങ്ങളിൽ ഇന്നും മരുമക്കത്തായമാണു നിലവിലിരിക്കുന്നതു്.

## സ്ത്രീസ്വാതന്ത്ര്യം.

മരുമക്കത്തായക്രമത്തിൻെറ ഒരു പ്രധാനഫലമാണു സ്ത്രീസ്വാതന്ത്ര്യം. മരുമക്കത്തായപ്രകാരം കുടുംബത്തിൻെറ അവകാശികൾ സ്ത്രീകളത്രേ മക്കത്തായപ്രകാരം പുരുഷന്മാർക്കാണല്ലോ കുടുംബസ്വത്തു ഭാഗിച്ചുകിട്ടുന്നതു്. ആകയാൽ ആ ക്രമത്തിൽ സ്ത്രീകൾക്കു് അത്രത്തോളം സ്വാതന്ത്ര്യം ഇല്ലായിരുന്നു. പക്ഷേ, ഇതൊക്കെ പണ്ടത്തെ കഥയാണു്. ഇപ്പോൾ കേരളീയർ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും വളരെ അധികം മുൻപിട്ടു നിൽക്കുന്നു. മക്കത്തായികളും മരുമക്കത്തായികളും, ന്യായമായ സ്വാതന്ത്ര്യം, അവരുടെ അമ്മമാർക്കും, സഹോദരികൾക്കും, പെൺമക്കൾക്കും അനുവദിച്ചുവരുന്നു. ഇക്കാര്യത്തിൽ ജാതിയോ, മതമോ, വർഗ്ഗമോ കേരളത്തിലില്ലതന്നെ.

## സമുദായമൈത്രി

കേരളത്തിൽ പല സമുദായങ്ങൾ കൂടി കഴിയുന്നുണ്ടു്. ഭൂലോകത്തുള്ള സകല വർഗ്ഗക്കാരും, വർണ്ണക്കാരും, മതക്കാരും ഈ ഭൂവിഭാഗത്തിലുണ്ടെന്നു പറഞ്ഞാൽ വലിയ തെററില്ല. മലയാളികളും, തമിഴരും, കൊങ്ങിണികളും ഇവിടെയുണ്ടു്. ആര്യവംശജന്മാരായ നമ്പൂതിരിമാരും, ദ്രാവിഡവർഗ്ഗക്കാരും, സാംബവർ, ചേരമർ, മലവർഗ്ഗക്കാർ തുടങ്ങിയ ആദിമവർഗ്ഗക്കാരും, ഈഴത്തു നാട്ടിൽ നിന്നും വന്നവരും ഇവിടെയുണ്ടു്. പ്രാചീനകാലം മുതൽ ഇവിടെ കുടിയേറിയവരാണു യഹൂദന്മാർ. ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം ഇവയുടെ അനുയായികളും ഇവിടെയുണ്ടു്.

അവരെല്ലാം ഈ നാട്ടിൽ വിഭിന്നസമുദായങ്ങളായിട്ടാണു കഴിഞ്ഞുകൂടുന്നതു്. അവരുടെയെല്ലാം പൊതുവായ ജന്മഭൂമിയാണു കേരളം. അവർക്കു വേറെ മാതൃഭൂമിയില്ല. ഭിന്നവർഗ്ഗക്കാരായ ഇവരെല്ലാം ഏകോദര സഹോദരങ്ങളായി കഴിഞ്ഞുകൂടുന്നു. ഇങ്ങനെയുള്ള മൈത്രി മററു ദേശങ്ങളിൽ അപൂർവ്വമത്രേ.

അരുതരുതു വിരോധം, ഭിന്നവർഗ്ഗങ്ങളെല്ലാം
ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ.

എന്നു് കേരളപാണിനി എന്നു പ്രസിദ്ധനായ രാജരാജവർമ്മ കോയിത്തമ്പുരാൻ പാടിയിട്ടുണ്ടു്. ഈ സ്വരം സാക്ഷാൽ ആദികാലം മുതൽ കേരളരാജാക്കന്മാർ പാടിയിട്ടുള്ള ഒരു പല്ലവി മാത്രമാണു്. ഈ സമുദായമൈത്രിയത്രേ കേരളസംസ്കാരത്തിന്റെ മാഹാത്മ്യത്തിനു കാരണം.

## ശുചിത്വം

കേരളീയർ ശുചിത്വം പാലിക്കുന്നതിൽ വളരെ ശ്രദ്ധയുള്ളവരാണു്. ഈ വിഷയത്തിൽ ജപ്പാൻകാരും കേരളീയരും തുല്യരാണെന്നു ലോകം സമ്മതിക്കുന്നു. ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും ദേഹശുദ്ധി വരുത്താത്ത കേരളീയർ ചുരുക്കമത്രേ. നാം സാധാരണ വെള്ളവസ്ത്രമാണല്ലോ ധരിക്കുന്നതു്. അതിൽ അല്പം അഴുക്കു പററിയാൽ അതു തെളിഞ്ഞുകാണും. ആകയാൽ നാം വസ്ത്രധാരണത്തിലും ശുദ്ധി പാലിച്ചുവരുന്നു. ഇങ്ങനെ നാം ശുചിത്വം പാലിക്കുന്നതുകാരണത്താൽ പല രോഗങ്ങളും കേരളീയരെ ബാധിക്കാറില്ല. ദേഹശുദ്ധി പാലിക്കുന്നവർക്കു മനഃശുദ്ധ[illegible]
സാമാന്യമായി ഉണ്ടാകും. കേരളത്തെ [illegible] യും
സന്ദർശിച്ചിട്ടുള്ള ഒരു ഭൂലോക[illegible] ല പ്രാവശ്യം
[illegible] ന്യനാണല്ലോ മഹാ

ത്മാഗാന്ധി. അദ്ദേഹം കേരളീയരുടെ ശുചിത്വത്തെ പലപ്പോഴും ആത്മാർത്ഥമായി പ്രശംസിച്ചിട്ടുണ്ട്. ദേഹശുദ്ധിയിലും മനഃശുദ്ധിയിലും നമുക്കുള്ള മേന്മ നാം ഒരിക്കലും കൈവെടിയരുത്.

**കലാബോധം:--**

കേരളീയരാണ് ഇൻഡ്യാമഹാരാജ്യത്തിൽ അക്ഷരാഭ്യാസത്തിൽ മുൻപിട്ടുനിൽക്കുന്നത്. സാമാന്യവിദ്യാഭ്യാസം ഇത്ര അധികം മററു സംസ്ഥാനങ്ങളിൽ പ്രചരിച്ചിട്ടില്ല. ദാരിദ്ര്യവും മററു രാജ്യങ്ങളിലെപ്പോലെ നമ്മുടെ രാജ്യത്തില്ല. അതിനാൽ ജനങ്ങൾ, സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, നൃത്തം, കൊത്തുപണി, ആലയനിർമ്മാണം മുതലായ കലാവിദ്യകളിൽ അഭിരുചിയുള്ളവരാണ്. മലയാളസാഹിത്യം വളരെ വിപുലവും സമ്പന്നവുമാണ്. ചിത്രമെഴുത്തിൽ പ്രസിദ്ധരായി പലരും ഈ നാട്ടിലുണ്ടായിട്ടുണ്ട്. ദന്തം, മരം, ശില മുതലായവയിലുള്ള കൊത്തുപണി കേരളത്തിൽ സമൃദ്ധിയാണ്. ഈ നാട്ടിനു പ്രത്യേകമായി ഒരു ആലയനിർമ്മാണരീതി തന്നെയുണ്ട്. ആട്ടക്കഥ, തുള്ളൽക്കഥ മുതലായവയിൽ സാഹിത്യവും നൃത്തവും തമ്മിൽ സംയോജിക്കപ്പെട്ടു കാണുന്നു. നമ്മുടെ കലാവിദ്യകൾ ലോകത്തിലെവിടെയും പ്രസിദ്ധമത്രേ. ആകയാൽ കലാബോധവും കേരളസംസ്കാരത്തിൽ സ്ഫുരിച്ചുനിൽക്കുന്ന ഒരു ഘടകമത്രേ.

ഉദിച്ചുയർന്നുവരുന്ന സ്വതന്ത്രഭാരതത്തിന്, സംസ്കാരസമ്പന്നമായ കേരളദേശം, ഒരു തൊട്ടുകുറിയായി വിലസിക്കൊണ്ടിരിക്കുന്നു.


# അദ്ധ്യായം 18.

## തിരുവിതാംകൂർ–കൊച്ചി സംയോജനം

1949 ജൂലൈ മാസം 1–ാം തിയതിയാണു തിരുവിതാംകൂറും കൊച്ചിയും സംയോജിക്കപ്പെട്ടതു്. പഞ്ചസാരയും പാലും ഒരുമിച്ചു ചേർന്നതുപോലെയാണു് ഈ സംയോജനം എന്നു വള്ളത്തോൾ മഹാകവി പറഞ്ഞിരിക്കുന്നു. ഇതെത്രയോ പരമാർത്ഥമാണു്! കേരളദേശം ഒന്നു് കേരളഭാഷ ഒന്നു്; കേരള സംസ്ക്കാരം ഒന്നു്. ഈ സ്ഥിതിക്കു കേരളത്തിൽ ഒരു ഗവണ്മെൻറും ഉണ്ടാകുന്നതാണു് നല്ലതു്. പക്ഷേ കേരളദേശം മുഴുവൻ ഒന്നാകുന്നതിനു് ഇനിയും കാലമായിട്ടില്ല. അതിനാൽ അതിൻെറ പ്രധാന ഭാഗങ്ങളായ തിരുവിതാംകൂറും കൊച്ചിയും മാത്രമാണു്, മേൽപ്പറഞ്ഞ രീതിയിൽ ഇപ്പോൾ യോജിപ്പിച്ചു കഴിഞ്ഞിട്ടുള്ളതു്. സ്വാതന്ത്ര്യഭാരതത്തിലെ നേതാക്കന്മാരായ നെഹ്റുവിൻെറയും, പട്ടേലിൻെറയും ആഗ്രഹമനുസരിച്ചാണു് ഈ പദ്ധതി സ്വീകരിച്ചതു്.

2. രാജവാഴ്ച

ഈ പദ്ധതി സ്വീകരിച്ചതോടുകൂടി കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വമനസ്സാലെ രാജ്യഭാരം ഉപേക്ഷിച്ചു. തിരുവിതാംകൂർ മഹാരാജാവു സംയുക്തരാജ്യത്തിലെ രാജപ്രമുഖൻ എന്നുള്ള പദവി സ്വീകരിക്കുകയും ചെയ്തു. മററു സംസ്ഥാനങ്ങളിൽ ഗവർണ്ണർമാർക്കുള്ള സ്ഥാനമാണു നമ്മുടെ നാട്ടിൽ രാജപ്രമുഖനുള്ളതു്.



രാജപ്രമുഖൻ തിരുമേനി



[illegible]

**ഭരണകൂടം**

സംയോജനത്തിന്റെ ഫലമായി, മുൻപുണ്ടായിരുന്ന രണ്ടു ഭരണകൂടങ്ങൾ ഒന്നിൽ ലയിക്കുകയുണ്ടായി. രണ്ടു ഹൈക്കോടതികൾക്കു പകരം ഇപ്പോൾ ഒരു ഹൈക്കോടതി മാത്രമാണുള്ളത്. അതിന്റെ സ്ഥാനം എറണാകുളത്തുമാണു്. മന്ത്രിമാരും, സെക്രട്ടറിയോറും, വകുപ്പുകളുടെ അദ്ധ്യക്ഷന്മാരും തിരുവനന്തപുരത്തു താമസിച്ചു ഭരണം നടത്തുന്നു. സംയോജിപ്പിക്കപ്പെട്ട നിയമസഭ സമ്മേളിക്കുന്നതും തിരുവനന്തപുരത്തു തന്നെ. ഇങ്ങനെ രണ്ടു രാജ്യങ്ങളിലെയും ഭരണകൂടവും ഭരണവകുപ്പുകളും ഒന്നായതുമൂലം, ഭരണച്ചെലവു വളരെ കുറയുന്നതിനിടയായി.

**ഡിസ്ത്രിക്ട് വിഭജനം.**

സംയുക്തമായ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഇപ്പോൾ നാലു ഡിസ്ത്രിക്ടുകളായി വിഭജിച്ചിരിക്കുന്നു. അവയുടെ പേരു യഥാക്രമം തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശിവപേരൂർ എന്നിവയത്രേ. ആദ്യത്തെ രണ്ടു ഡിസ്ത്രിക്ടുകൾ പഴയ തിരുവിതാംകൂറിലേതു തന്നെ. നാലാമത്തെ തൃശ്ശിവപേരൂർ ഡിസ്ത്രിക്ടിൽ പഴയ കൊച്ചിരാജ്യത്തിനു പുറമേ, കോട്ടയം ഡിസ്ത്രിക്ടിലെ കുന്നത്തുനാടും, പറവൂരും താലൂക്കുകൾ കൂടി ഉൾപ്പെടുന്നു.

5. ചൗക്കകളുടെ നീക്കം.

തിരുവിതാംകൂറും കൊച്ചിയും രണ്ടു സർക്കാരിന്റെ ഭരണത്തിലായിരുന്ന സമയത്തു്, അതിർത്തിപ്രദേശങ്ങളിൽ ചൗക്കകളുണ്ടായിരുന്നു. ഈ ചൗക്കകളിൽ കൂടി പുകയില, കറുപ്പു്, കഞ്ചാവു്, മദ്യം, നെല്ലു്, അരി ഇവ കടത്തിക്കൊണ്ടു പോകുന്നതിനു

സ്വാതന്ത്ര്യമില്ലായിരുന്നു. തന്മൂലം ഗതാഗതത്തിനും, കച്ചവടത്തിനും വളരെ വിഘ്നം സംഭവിച്ചിരുന്നു. സംയോജനത്തോടു കൂടി ഈ ചൗക്കകഠം നിറുത്തലാക്കപ്പെട്ടു. ഈ പരിഷ്ക്കാരം മൂലം സർക്കാരിനു വലിയ നഷ്ടമുണ്ടായി. എങ്കിലും ജനങ്ങഠംക്കുണ്ടായ ആദായവും സൗകര്യവും വളരെ കൂടുതലായിരുന്നു.

## 6. അഞ്ചൽതപാൽ സംയോജനം.

തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചതോടു കൂടി കത്തുകഠം തിരുവനന്തപുരത്തു നിന്നും കൊച്ചിയുടെ പ്രധാന ഭാഗങ്ങളിലേക്കു വേഗത്തിൽ എത്തിക്കേണ്ട ആവശ്യം നേരിട്ടു. ആകയാൽ ഒരു ദിവസം കൊണ്ടു് തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിൽ എഴുത്തുകഠം കിട്ടുവാൻ വേണ്ട ഏർപ്പാടുകഠം ഉടനെ ചെയ്തു. ഒരു കൊല്ലത്തിനകം അഞ്ചലും തപാലും സംയോജിപ്പിക്കുകയും ചെയ്തു.


## 7. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ഏകീകരണം.

സംയോജനത്തോടു കൂടി വിദ്യാഭ്യാസപരമായ പല മാററങ്ങളും വേണ്ടിവന്നു. രണ്ടു സംസ്ഥാനങ്ങളിലെയും പാഠ്യപുസ്തകങ്ങളും പാഠ്യപദ്ധതിയും മുൻപു് വെവ്വേറെ ആയിരുന്നു. അവയെ പരിഷ്ക്കരിച്ചു്, ഒരുപോലെ ആക്കേണ്ട ആവശ്യം നേരിട്ടു. അതും ഇപ്പോഴേക്കു മിക്കവാറും പൂർത്തിയായിട്ടുണ്ടു്.

തിരുവിതാംകൂർ സർവ്വകലാശാല എന്ന പേരിലാണു നമ്മുടെ സർവ്വകലാശാല ഇപ്പോഴും അറിയപ്പെടുന്നതു്. എങ്കിലും അതിൽ കൊച്ചിയിലെ സർക്കാർ കോളജ്ജുകഠം കൂടി ചേർന്നിട്ടുണ്ടു്. അതിൻെറ നിയമങ്ങഠം ഇപ്പോഠം പരിഷ്ക്കരിച്ചുവരികയാണു്.



തിരുവനന്തപുരത്തെ മനോഹരമായ ഹജ്ജൂർ കച്ചേരി



യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

അപ്പോഴേക്കു് ഈ സംസ്ഥാനത്തിലുള്ള സർവ്വ കോളജു കളും അതിലെ അംഗങ്ങളായിത്തീരും.

### 8. രാജ്യനിയമങ്ങളുടെ ഏകീകരണം.

മുൻകാലങ്ങളിൽ തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജ്യനിയമങ്ങൾ വ്യത്യസ്തമായിരുന്നു. ഇപ്പോൾ അവയെല്ലാം ഒന്നായി വരുന്നു. ഇതു നീതിന്യായവകുപ്പിന്റെ ഭരണത്തിനു് അത്യാവശ്യമാണല്ലോ.

### 9. കേന്ദ്രഗവണ്മെൻറുമായുള്ള ബന്ധം

1950 ഏപ്രിൽമാസം 1-ാം തീയതി കേന്ദ്രഗവണ്മെൻറും നമ്മുടെ ഗവണ്മെൻറുമായുള്ള സാമ്പത്തിക സംയോജനം നടപ്പിൽ വന്നു. അതിന്റെ ഫലമായി തപാൽ, കടൽച്ചുങ്കം, നാണയനിർമ്മാണം, അക്കൌണ്ട്സ്, പ്രക്ഷേപണം, ആദായനികുതി, കേന്ദ്രഎക്സൈസ്, ടെലിഫോൺ ഇവയുടെ ഭരണം കേന്ദ്രം ഏറെറടുത്തു. അവയിൽനിന്നുള്ള വരവിനും ചെലവിനും നമുക്കർഹതയില്ല. വിദേശത്തുനിന്നും വരുത്തുന്ന ധാന്യങ്ങളുടെ നഷ്ടത്തിലൊരംശം കേന്ദ്രത്തിൽനിന്നും നമുക്കു തരുന്നതുമായിരിക്കും.

മേൽപ്പറഞ്ഞ വിധത്തിലുള്ള ക്രമീകരണമാണു് സംയോജനംമൂലം നമ്മുടെ രാജ്യത്തിനു കിട്ടിയിട്ടുള്ളതു്. ഐകമത്യം കൊണ്ടുള്ള ഗുണവും ബലവും നമുക്കു ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. അതിൽ നമുക്കു സന്തോഷിക്കാം.

# അദ്ധ്യായം 19

## കേരളത്തിന്റെ ഭാവി

### ഐക്യകേരളം

1. നമ്മുടെ ദേശം വിശാലകേരളമാണു്. തിരുവിതാംകൂർ കൊച്ചി സംസ്ഥാനം അതിന്റെ തെക്കെ ഭാഗം മാത്രമാണു്. അതിനു വടക്കായി കിടക്കുന്ന മലബാർ ജില്ലയും കേരളദേശത്തിൽ പെട്ടതത്രെ. അതു കൂടി ചേർക്കുന്ന പക്ഷം കന്യാകുമാരി മുനമ്പു മുതൽ കാഞ്ഞിരോട്ട (കാസർകോട്ട) നദിവരെയുള്ള ദേശമത്രയും ഒരു ഭരണത്തിൽ വന്നുചേരും. അപ്പോഠം കേരളദേശം മുഴവൻ ഇൻഡ്യായൂണിയനിലെ ഒരു പ്രധാനപ്രവിശ്യ ആയിത്തീരും. ആ ആദർശമാണു മലയാളികളുടെ മനോരാജ്യത്തിൽ ഇപ്പോഠം കുടികൊള്ളുന്നതു്.

2. അതിനുള്ള സാദ്ധ്യതകഠം പലതാണു്. ആദ്യമായി ഇവിടെ എടുത്തു പറയുവാനുള്ളതു കേരളഭൂമി മുഴവൻ ഒരു പ്രകൃതിവിഭാഗമായി കിടക്കുന്ന എന്നുള്ളതാണു്. പടിഞ്ഞാറും തെക്കും അറബിക്കടലും, കിഴക്കു സഹ്യാദ്രിയും മൂലം ഇതു വേർതിരിക്കപ്പെട്ടു കിടക്കുന്നു. വടക്കെ അതിരു കർണ്ണാടക ജില്ലയത്രെ. ഇവിടത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും വിളവുകളും തുല്യമായതുകൊണ്ടു ഇവിടം ഒരു പ്രത്യേക ഭരണത്തിനു തുലോം യോജിച്ചതാണു്.

3. ഐക്യകേരളം സ്ഥാപിക്കുവാനുള്ള മറെറാരു സാദ്ധ്യത ഈ പ്രദേശത്തിലെ പൊതുഭാഷയിലും സംസ്കാരത്തിലും കാണാം. ഈ പ്രദേശത്തിൽ തമിഴ

സംസാരിക്കുന്ന ഏതാനും ജനങ്ങളുണ്ട്. അവരുടെ ഭാഷ നമ്മുടെ അയൽപ്രദേശമായ തമിഴ്നാട്ടിലെ ഭാഷയത്രെ. മലയാളികളും തമിഴരും ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ സഹപൗരന്മാരാണ്. അവരുടെ ഭാഷയെ നാമും, നമ്മുടെ ഭാഷയെ അവരും ബഹുമാനിക്കുകയും അഭ്യസിക്കുകയും വേണം. പക്ഷെ കേരളദേശത്തിലെ മഹാഭൂരിപക്ഷമാളുകൾ മലയാളമാണു ഉപയോഗിക്കുന്നതു്. നമ്മുടെ ഭക്ഷണരീതിയും, ആചാരങ്ങളും രാജ്യനിയമങ്ങളും, വസ്ത്രധാരണവും, കലകളും, ശാസ്ത്രങ്ങളുമെല്ലാം ഒന്നാണ്. ആകയാൽ നാമെല്ലാവരും ഒരു പ്രവിശ്യയായിത്തീരുകയാണു ഭംഗി. മതങ്ങൾ പലതുണ്ടെങ്കിലും സമുദായ വിഭാഗങ്ങൾ കേരളമൊട്ടുക്കു ഒന്നാണ്. നായർ സമാജങ്ങളും ക്രിസ്ത്യൻ കോൺഗ്രസ്സുകളും എസ്. എൻ ഡി. പി. യോഗവും എല്ലാം കേരളത്തെ മൊത്തത്തിൽ പരാമർശിക്കുന്നു. അതാണു കേരളസമുദായങ്ങളുടെ ആദർശം. ഈ മഹത്തായ ആദർശം രാജ്യഭരണത്തിലും പ്രത്യക്ഷമാകുന്നതാണ് ഉത്തമം.

4. ഇപ്രകാരം കേരളത്തിൽ ഒരൊററ ഭരണകൂടം ഉണ്ടാകുന്ന പക്ഷം അതു മൂലം വടക്കൻ കേരളത്തിനു വളരെ അഭിവൃദ്ധിയുണ്ടാകും. ഇപ്പോഴത്തെ മലബാർ ഡിസ്ട്രിക്ട് മദ്രാസ് സംസ്ഥാനത്തിന്റെ ഒരു വിഭാഗമാണ്. ആ സംസ്ഥാനത്തിൽ മലയാളികൾ ചുരുക്കവും തമിഴരും തെലുങ്കരും അധികവുമാണ്. ആകയാൽ മലബാർ ജില്ലയുടെ അഭിവൃദ്ധിക്കു വേണ്ടി വേണ്ടതു പോലെ ആ ഗവണ്മെന്റു ശ്രദ്ധിക്കുവാനിടയില്ല. എന്നാൽ ഭൂരിപക്ഷം മലയാളികളുള്ള ഒരു കേരളസംസ്ഥാനം, ഉണ്ടാകുന്നപക്ഷം, അതിന്റെ എല്ലാ ആവശ്യങ്ങളെയും ആ പൊതുഗവർമ്മെന്റു നിറവേ

റുന്നതായിരിക്കും. അപ്പോൾ ഉത്തരകേരളത്തിൽ, കൃഷിയും കച്ചവടവും വ്യവസായവും വിദ്യാഭ്യാസവും ഗതാഗതവും പൂർവാധികം വർദ്ധമാനമാകുന്നതാണ്.

5. വടക്കൻ കേരളത്തിനെന്നപോലെ തന്നെ തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങൾക്കും കേരളത്തിന്റെ ഐക്യം വളരെ പ്രയോജനപ്പെടും. ഭൂലോകത്തിലുള്ളതിലേക്കും ജനബാഹുല്യമുള്ള ഒരു പ്രദേശമാണ് തിരുവിതാംകൂർ കൊച്ചി സംസ്ഥാനം. ഇവിടത്തെ ജനങ്ങളിൽ അധിക പങ്കം കർഷകരാണ്. കൃഷിചെയ്യുവാൻ അത്യാവശ്യമായി വേണ്ടതു തരിശായി കിടക്കുന്ന ഭൂമിയാണ്. ദക്ഷിണകേരളത്തിലെ കർഷകർ ഭൂമിയില്ലാതെ വലയുമ്പോൾ ഉത്തര കേരളത്തിൽ കൃഷിക്കു പററിയ ഭൂമി വെറുതെ കിടക്കുകയാണു ചെയ്യുന്നതു്. ഈ രണ്ടു ഭാഗങ്ങളും ഒന്നായിട്ടാണു ഭരിക്കപ്പെടുന്നതെങ്കിൽ, സർക്കാരിന്റെ പ്രോൽസാഹനം മൂലം ഭൂമിയില്ലാതെ വലയുന്ന കർഷകരെ വടക്കോട്ടാകർഷിക്കുന്നതിനു സാധിക്കും. അതു മൂലം രാജ്യത്തെ ക്ഷാമവും ദാരിദ്ര്യവും തടയുന്നതിനു സാധിക്കും.

സ്വാതന്ത്ര്യഭാരതം ഉദിച്ചുയർന്നു വരുന്നതോടു കൂടി കേരളത്തിന്റെസംപൂർണ്ണമായ സംയോജനവും ഉണ്ടാകുമെന്നാണു പ്രതീക്ഷ. അങ്ങനെ ഭവിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

" കേരളദേശം നമ്മുടെ ദേശം"

---

*Printed at The Malayala Manorama Press, Kottayam.*

# പൗരധർമ്മം

## അദ്ധ്യായം 1.

### (ഒന്നാം ഫാറത്തിലേക്ക്)

### കുടുംബം

ഈ സ്കൂളിൽ പല കുട്ടികൾ പഠിക്കുന്നുണ്ടല്ലോ. ഇവരെല്ലാം അടുത്തുള്ള ഓരോ വീടുകളിൽനിന്നും ഇവിടെ വന്നു പഠിക്കുന്നവരാണ്. ഓരോ വീട്ടിലും കുട്ടികളും അവരുടെ മാതാപിതാക്കന്മാരും ഒരുമിച്ചു വസിക്കുന്നു. മാതാപിതാക്കന്മാർ കുട്ടികളെ അത്യന്തം സ്നേഹിക്കുന്നു. അവർ തങ്ങളുടെ മക്കൾക്കു വേണ്ടിയാണു രാപകലില്ലാതെ ബുദ്ധിമുട്ടി വേലചെയ്യുന്നതു്. കുട്ടികളാകട്ടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

ഒരു നല്ല കുടുംബത്തിലെ ദിനചര്യകൾ നിങ്ങൾ ആലോചിച്ചു നോക്കുക. നേരം പ്രഭാതമാകുമ്പോൾ കുടുംബത്തിലെ അംഗങ്ങളെല്ലാം ഉണരുകയും ഈശ്വരനെ ഭജിക്കുകയും ചെയ്യുന്നു. ഓരോ അംഗവും ശരീരശുദ്ധി ചെയ്ത ശേഷം ആഹാരം കഴിക്കുന്നു. ആഹാരം പാകംചെയ്യുന്ന ജോലി അമ്മയുടെ പ്രത്യേക ചുമതലയാണ്. ആഹാരം കഴിഞ്ഞ ശേഷം അച്ഛൻ കൃഷിയോ, കച്ചവടമോ, ഉദ്യോഗമോ വ്യവസായമോ, നടത്തുന്നതിനുള്ള ശ്രമമായി. കുടുംബത്തെ പോററുന്നതിനാണ് അദ്ദേഹം ജോലിചെയ്യുന്നതു്. കുട്ടികളാണെങ്കിൽ കളിക്കുകയോ പഠിക്കുകയോ ചെയ്യും. ഇവിടെ ഒരുത്തർക്കും തൻകാര്യമില്ല. ഓരോരുത്തരും ഓരോ ജോലിചെയ്യുന്നതു കുടുംബത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനാണ്.

ഈ സ്കൂൾ ഇരിക്കുന്ന പ്രദേശത്തു് ഇങ്ങനെയുള്ള അസംഖ്യം കുടുംബങ്ങൾ താമസിക്കുന്നുണ്ടു്. നമ്മുടെ ഈ കേരളദേശത്തു് അനേകായിരം വിദ്യാലയങ്ങൾ ഉള്ളതായി നിങ്ങൾക്കറിയാം. ആ വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്നഓരോ പ്രദേശത്തിലും ഇങ്ങനെ അനേകായിരം വീടുകൾ വീതമുണ്ടു്. ഈ വീടുകളിലെല്ലാം ഓരോ കുടുംബങ്ങൾ വസിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇങ്ങനെയുള്ള അനേകം കുടുംബങ്ങൾ ചേർന്നാണു കേരള സമുദായം ഉണ്ടായിട്ടുള്ളതു്. ആകയാൽ കുടുംബം എന്നതു സമുദായത്തിലെ X ഏകകം ആണെന്നു പറയാം.

ലോകത്തിലെ ജീവികളിൽ പലതും സമൂഹംചേർന്നു ജീവിക്കുവാൻ താല്പര്യപ്പെടുന്നു. എറുമ്പുകൾ, തേനീച്ചകൾ, ആടുമാടുകൾ ഇവ സാമൂഹ്യജീവിതത്തിൽ തല്പരരാണു്. എന്നാൽ പട്ടി, പുലി, സർപ്പം ഇവ തമ്മിൽ കൂടിയാൽ ശത്രുത തുടങ്ങും. മനുഷ്യർ പ്രകൃത്യാ സാമൂഹ്യജീവിതത്തെ അഭിലഷിക്കുന്നവരാണു്. അവർക്കെല്ലാം സാമൂഹ്യജീവിതത്തിനു വേണ്ട പരിശീലനങ്ങൾ ആദ്യമായി ലഭിക്കുന്നതു് അവരവരുടെ കുടുംബങ്ങളിൽ നിന്നാണു്. വീട്ടിൽ ശരിയായി വളരുന്നവർ നാട്ടിലും ശരിയായി പ്രവർത്തിച്ചുകൊള്ളും.

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം

എന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.

ഒരു നല്ല കുടുംബത്തിൽ വളരുന്ന സന്താനങ്ങൾ എപ്പോഴും മാതാപിതാക്കന്മാരെ അനുസരിക്കും. കുട്ടികളായിരിക്കുമ്പോൾ മാതാപിതാക്കന്മാരുടെ ആജ്ഞയെ അനുസരിക്കുന്നവർ പ്രായമാകുമ്പോൾ രാജ്യത്തിലുള്ള നിയമങ്ങളെയും അനുസരിച്ചുകൊള്ളും. അതുപോലെതന്നെ ചെറുപ്പമായിരിക്കുമ്പോൾ മാതാപിതാക്കന്മാരുടെ വാക്കു കേട്ടു കുടുംബകാര്യങ്ങളിൽ സഹകരിക്കുന്ന കുട്ടികൾ, പ്രായമാകുമ്പോൾ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി, നേതാക്കന്മാരോടു യോജിച്ചു, പ്രവർത്തിക്കാതെ ഇരിക്കുമോ? അതുപോലെ തന്നെ മാതാപിതാക്കന്മാർക്കോ, സഹോദരങ്ങൾക്കോ വല്ല രോഗവും വന്നാൽ, നല്ല കുട്ടികൾ അവരുടെ രോഗശാന്തിക്കു വേണ്ടി എന്തു ബുദ്ധിമുട്ടുകളും സഹി

X ഏകകം. Unit

ക്കുകയില്ലേ? ഇങ്ങനെ കുടുംബമദ്ധ്യേ പരിശീലിക്കുന്ന ത്യാഗബുദ്ധിയാണു്, പിന്നീടു മഹാന്മാർ സമുദായജീവിതത്തിൽ കാണിക്കുന്നതു്. നിങ്ങളുടെ മാതാപിതാക്കളും അമ്മാവന്മാരും ജ്യേഷ്ഠസഹോദരങ്ങളും നിങ്ങളുടെ നന്മയ്ക്കുവേണ്ടി അനുഭവിച്ചിട്ടുള്ള ത്യാഗങ്ങൾ നിങ്ങൾക്കു മറക്കുവാൻ സാധിക്കുമോ? ഈ ഓർമ്മകൾ നിലനിൽക്കുന്നതുമൂലമാണു നിങ്ങളുടെ കുടുംബങ്ങളെപ്പററിയുള്ള സ്നേഹം എപ്പോഴും നിങ്ങളിൽ നിലനിൽക്കുന്നതു്. സ്വന്തം കുടുംബത്തെ സ്നേഹിക്കുന്നവൻ സ്വന്തം ദേശത്തെ സ്നേഹിക്കാതിരിക്കുമോ? സാക്ഷാൽ നാടിനെ സ്നേഹിക്കണമെങ്കിൽ ഒരുവൻ ആദ്യമായി വീടിനെ സ്നേഹിച്ചേ തീരൂ.

ഒരു കുടുംബത്തിൽ ഐശ്വര്യമുണ്ടാകണമെങ്കിൽ അതിലെ അംഗങ്ങളെല്ലാം പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യണം. അവർ തമ്മിൽ പിണങ്ങുകയോ കലഹിക്കുകയോ ചെയ്താൽ അവരടങ്ങിയ കുടുംബം ക്ഷയിക്കും. കുടുംബം ക്ഷയിച്ചാൽ അതിലെ അംഗങ്ങളും ക്ഷയിച്ചുപോകുമല്ലോ.

അതുപോലെ തന്നെ ഒരു കുടുംബത്തിലെ അംഗങ്ങൾക്കെല്ലാം വേണ്ട വേറൊരു ഗുണമാണു ശുചിത്വം. ഒരു കുടുംബത്തിലെ അംഗങ്ങളെല്ലാം ദിവസവും കുളിക്കുകയും, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുകയും, ശുചിയായി പെരുമാറുകയും ചെയ്യണം. അവർ സമയം തെററാതെ തങ്ങളുടെ ദിനകൃത്യങ്ങൾ ആചരിക്കുകയും ചെയ്യു എന്നു വരട്ടെ. അപ്പോൾ ആ വീട്ടിൽ ആരോഗ്യവും ഐശ്വര്യവും ക്രമേണ വർദ്ധിച്ചു തന്നെ വരും.

ഒരു കുടുംബം സാക്ഷാൽ മനുഷ്യശരീരത്തിനു തുല്യമാണു്. കുടുംബത്തിലെ ഓരോ അംഗവും, ശരീരത്തിലെ ഓരോ അവയവത്തിനു തുല്യമാണു്. തല ചിന്തിക്കുന്നതും, കാൽ നടക്കുന്നതും, കൈ വേല ചെയ്യുന്നതും എന്തിനാണു? അതു തീർച്ചയായും വയററിനു തീററികൊടുക്കുവാനാണെന്നു നിങ്ങൾക്കറിയാം. “വയററിനു തീററികൊടുക്കുവാൻ ഞാൻ ഇനി യാതൊരു ജോലിയും ചെയ്കയില്ല” എന്നു കൈയോ, കാലോ, തലയോ ശഠിക്കുമോ? അഥവാ അങ്ങനെ ശഠിക്കുന്ന പക്ഷം അതുമൂലം സംഭവിക്കുന്ന ക്ഷീണം കൈയ്ക്കും കാ

ലിനും തലയ്ക്കും തന്നെയല്ലേ? അതുപോലെ തന്നെയാണു കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും നില. അവർ തമ്മിൽ സമ്പൂർണ്ണമായ ഐകമത്യവും സഹകരണവും സ്നേഹവും ഉണ്ടായിരിക്കണം. മക്കൾക്കു വേണ്ടിയത്രേ മാതാപിതാക്കന്മാർ കഷ്ടപ്പെട്ടു വേലചെയ്യുന്നതു്. ആയതിനാൽ എല്ലാ കുട്ടികളും മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. അങ്ങനെ പരിശീലിച്ചാൽ ഭാവിയിൽ അവർ ഉത്തമ പൗരന്മാരായിത്തീരും.

### ചോദ്യങ്ങൾ

വിട്ടുപോയ പദങ്ങൾ പറയുക.

1. ഒരു—ൽ അച്ഛനും അമ്മയും മക്കളും ഒരുമിച്ചു വസിക്കുന്നു.
2. അനേകം കുടുംബങ്ങൾ ചേർന്നു—ഉണ്ടാകുന്നു.
3. കുടുംബം സമുദായത്തിന്റെ——ആകുന്നു.
4. കുടുംബത്തിൽ നിന്നും നല്ല കുട്ടികൾക്കു ലഭിക്കുന്ന ഗുണങ്ങൾ——ഇവയാകുന്നു.

## അദ്ധ്യായം 2

# പൗരന്മാരും അവരുടെ അവകാശങ്ങളും

ഓരോ കുടുംബത്തിലെയും നല്ല കുട്ടികൾ വളർന്നുവരുമ്പോൾ അവർ നല്ല പൗരന്മാരായിത്തീരുമെന്നു നാം മുൻപാഠത്തിൽ വായിച്ചു. മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കു വേണ്ടതെല്ലാം കൊടുത്തു് അവരെ നല്ല കുട്ടികളായി വളർത്തുകയാണല്ലോ ചെയ്യുന്നതു്. അതുപോലെ പൗരന്മാർക്കു വേണ്ട സൗകര്യങ്ങളെല്ലാം ഉണ്ടാക്കിക്കൊടുത്തു്, അവരെ ശരിയായി സംരക്ഷിക്കുന്നതു സർക്കാരാണു്.

സർക്കാരിന്റെ പ്രധാന ചുമതല പൗരന്മാരുടെ ജീവനെ രക്ഷിക്കുകയാകുന്നു. അടിപിടി, അക്രമം, കൊലപാതകം എന്നിവ മൂലമാണല്ലോ പൗരന്മാർക്കു ജീവഹാനി ഉണ്ടാകുന്നതു്. ആകയാൽ ഇവയെ തടയുന്നതിനു വേണ്ട മുൻകരു

തല്യകൾ സർക്കാരിൽനിന്നും ചെയ്തുകൊടുക്കുന്നു. പോലീസ് വകുപ്പ് നീതിന്യായവകുപ്പ് ഇവയുടെ പ്രത്യേക ചുമതല പൗരന്മാരുടെ ജീവനെ സംരക്ഷിക്കുകയാണ്. ഇങ്ങനെയുള്ള രക്ഷ കിട്ടുവാൻ ഓരോ പൗരനും അവകാശമുള്ളതത്രേ.

സർക്കാരിന്റെ രണ്ടാമത്തെ ചുമതല, പൗരന്മാരുടെ സമ്പാദ്യങ്ങളെ കാത്തുരക്ഷിക്കുകയാണ്. ഓരോ പൗരനും പ്രയത്നിച്ചുണ്ടാക്കുന്ന ധനമാണ് അവന്റെ സമ്പാദ്യം. അതു മറ്റുള്ളവർ അപഹരിക്കുവാൻ പാടുള്ളതല്ല. അല്ലാത്തപക്ഷം പ്രയത്നിക്കുവാൻ ആളുണ്ടാകയില്ല. ആകയാൽ മറ്റുള്ളവരുടെ വസ്തുവകകൾ മോഷ്ടിക്കുകയോ അപഹരിക്കുകയോ ചെയ്യുന്നവരെ സർക്കാരിൽനിന്നും കണ്ടുപിടിച്ചു ശിക്ഷിക്കുന്നു. ഇങ്ങനെ സ്വന്തം സമ്പാദ്യങ്ങളെ അനുഭവിക്കുന്നതിനുള്ള അധികാരം ഓരോ പൗരനും സ്വതേ ഉള്ളതാണ്.

സർക്കാരിനു മൂന്നാമതൊരു ചുമതലകൂടിയുണ്ട്. അതു പൗരന്മാർക്കു അറിവുണ്ടാക്കിക്കൊടുക്കുകയത്രേ. കുട്ടികൾ പള്ളിക്കൂടങ്ങളിൽ വിദ്യ അഭ്യസിക്കുകയാണല്ലോ. പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ, ഹൈസ്കൂൾ, കോളേജ് എന്നിങ്ങനെ പല വിധത്തിലുള്ള വിദ്യാലയങ്ങളുണ്ട്. അവയുടെ എല്ലാം ഉദ്ദേശ്യം പൗരന്മാർക്കു വേണ്ടത്ര അറിവുണ്ടാക്കിക്കൊടുക്കുകയത്രേ. പ്രായപൂർത്തി വന്നിട്ടുള്ള പൗരന്മാരുടെ അറിവു വർദ്ധിക്കുന്നതിനും സർക്കാരിൽനിന്നും ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രായപൂർത്തി ആയിട്ടും അക്ഷരജ്ഞാനം കിട്ടാത്തവരായി വളരെ ആളുകൾ ഇൻഡ്യയിലുണ്ട്. അവർക്കു വേണ്ടി വയസ്കജനവിദ്യാഭ്യാസം നടത്തിവരുന്നുണ്ട്. വിദ്യാഭ്യാസത്തിനു വേണ്ട സൗകര്യം ലഭിക്കുവാൻ ഓരോ പൗരനും അവകാശമുള്ളവനാണ്.

സർക്കാരിനു നാലാമതൊരു ചുമതലയുണ്ട്. അതു് എല്ലാ പൗരന്മാർക്കും ഉന്നതി പ്രാപിക്കുവാൻ തുല്യമായ സന്ദർഭം കൊടുക്കണം എന്നുള്ളതാണ്. ഓരോ രാജ്യത്തിലും ധനവാന്മാരും ദരിദ്രരുമുണ്ട്. അജ്ഞന്മാരും വിജ്ഞന്മാരും ഉണ്ട്. അവരുടെ പരിശ്രമത്തിന്റെ ഏറ്റക്കുറവു മൂലമായിരിക്കാം, ഈ വക വ്യത്യാസമുണ്ടായിട്ടുള്ളതു്. വേലയുടെ തോതനുസരിച്ചു പ്രതിഫലം കൂടുകയും കുറയുകയും ചെയ്യേണ്ടതാണല്ലോ. പക്ഷേ ചിലപ്പോൾ ഇങ്ങനെയുള്ള വ്യത്യാസങ്ങൾ

ഉണ്ടാകുന്നതു വേലചെയ്യുവാനും പഠിക്കുവാനും സന്ദർഭം കിട്ടാത്തതുകൊണ്ടാവാം. ആകയാൽ ദരിദ്ര വിദ്യാർത്ഥികൾക്കു സൗജന്യമായി വിദ്യാഭ്യാസം ലഭിക്കുവാൻ അവകാശമുണ്ട്. അതുപോലെതന്നെ വേല കിട്ടാതെ വലയുന്നവർക്കു വേല ലഭിക്കുവാനും അവകാശമുണ്ട്. സർക്കാരിൽ നിന്നും ആവശ്യ സൗകര്യങ്ങൾ അവർക്കു ചെയ്തുകൊടുക്കേണ്ടതത്രേ. ഈ അവകാശങ്ങൾ എല്ലാവർക്കും ലഭിച്ചാൽ സർക്കാരുദ്യോഗങ്ങൾ വഹിക്കുന്നതിനും മറ്റും, പരിശ്രമം ചെയ്യുന്ന എല്ലാ ആളുകൾക്കും സാധിക്കുന്നതാണ്.

ഒരു രാജ്യത്തിൽ പല മതക്കാരുണ്ട്. ഈ രാജ്യത്തിലാണെങ്കിൽ ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ജൈനന്മാർ, ബുദ്ധമതക്കാർ, യഹൂദന്മാർ മുതലായവരെല്ലാം ഉണ്ട്. അവരവരുടെ മതങ്ങൾ ഇഷ്ടംപോലെ ആചരിക്കുവാൻ അവരവർക്കു അവകാശമുള്ളതാകുന്നു. സർക്കാരിനു് അവരെ പ്രോത്സാഹിപ്പിക്കുവാനല്ലാതെ തടയുവാൻ അധികാരമില്ല. അതുപോലെതന്നെ എല്ലാവർക്കും അവരവരുടെ ന്യായമായ അഭിപ്രായങ്ങൾ തുറന്നുപറയുവാനും അവകാശമുള്ളതാകുന്നു. വർത്തമാനപത്രങ്ങൾ വഴിയായും പൊതുയോഗങ്ങൾ വഴിയായും ആർക്കും ഈ അവകാശം പാലിക്കാവുന്നതാണ്. ഇവയെല്ലാമാണ് ഒരു പൗരന്റെ അവകാശങ്ങൾ.

## ചോദ്യങ്ങൾ

വിട്ടുപോയ പദങ്ങൾ കൂട്ടിച്ചേർക്കുക.

1. സർക്കാർ പൗരന്മാരുടെ—രക്ഷിക്കുന്നു.
2. സർക്കാർ പൗരന്മാരുടെ വസ്തുവകകളെ—
3. സർക്കാർ പൗരന്മാർക്കു പള്ളിക്കൂടങ്ങൾവഴി—നൽകുന്നു.
4. സർക്കാർ പൗരന്മാർക്കു് ഉന്നതിപ്രാപിക്കുവാൻ— കൊടുക്കണം.
5. സർക്കാർ പൗരന്മാർക്കു മതങ്ങൾ—, അഭിപ്രായങ്ങൾ —സ്വാതന്ത്ര്യം കൊടുക്കണം.
6. മേൽപ്പറഞ്ഞവ പൗരന്മാരുടെ—ആണ്.

# അദ്ധ്യായം 3

## പൗരന്മാരുടെ കടമകൾ

പൗരന്മാരുടെ അവകാശങ്ങളെപ്പറ്റിയാണു് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചതു്. ഓരോ പൗരന്റെയും ജീവനെയും സമ്പാദ്യത്തെയും രക്ഷിക്കുന്നതു സർക്കാരാണെന്നു നാം കണ്ടുവല്ലോ. അതുപോലെതന്നെ ഓരോ പൗരനും വേണ്ട വിദ്യാഭ്യാസത്തിനും മറ്റു ജീവിത സൗകര്യങ്ങൾക്കും ആവശ്യമായ കാര്യങ്ങൾ ഒരുക്കുന്നതും സർക്കാരാണു്. ഒരു കുടുംബത്തിനു വേണ്ട സൗകര്യങ്ങൾ രക്ഷകർത്താവു് ഒരുക്കുന്നതുപോലെയാണു് സർക്കാരിൽനിന്നും പൗരന്മാരുടെ അവകാശങ്ങളെ കാത്തുരക്ഷിക്കുന്നതു്. ആകയാൽ ഓരോ പൗരനും സർക്കാരിന്റെ നേരെ ചില കടമകളുണ്ടു്.

ഇങ്ങനെയുള്ള കടമകളിൽ പ്രധാനമായിട്ടുള്ളതു് രാജ്യത്തെ നിയമങ്ങൾ പാലിക്കുകയത്രേ. ഒരു കുടുംബത്തിലെ കുട്ടികൾ മാതാപിതാക്കന്മാരെ അനുസരിക്കണമല്ലോ. അതുപോലെ ഒരു രാജ്യത്തിലെ പൗരന്മാരെല്ലാം രാജ്യനിയമങ്ങളെ അനുസരിക്കണം. മോഷണം, കൊലപാതകം, അടിപിടി, പരല്ലംഘനം ഇവയൊന്നും ചെയ്യരുതെന്നാണു രാജ്യനിയമം. ഈ നിയമങ്ങൾ എല്ലാവരും അനുസരിക്കണം. അല്ലെങ്കിൽ ജനങ്ങളുടെ ജീവനും സമ്പാദ്യവും നഷ്ടപ്പെടുമല്ലോ.

പൗരന്മാർക്കുള്ള മറ്റൊരു കടമ, ശത്രുക്കളിൽനിന്നു സ്വന്തരാജ്യത്തെ രക്ഷിക്കുകയത്രേ. വിദേശത്തുനിന്നു ബലവാന്മാരായ ശത്രുക്കൾ വന്നാൽ, അവർ നമ്മുടെ നാട്ടിലെ ജനങ്ങളെ ഉപദ്രവിക്കുകയും, കൊല്ലുകയും നമ്മുടെ നിലങ്ങളും പുരയിടങ്ങളും പിടിച്ചെടുക്കുകയും, കൊള്ളയിടുകയും ചെയ്യും. അപ്പോൾ നമ്മുടെ ജീവനും സമ്പാദ്യങ്ങളും നഷ്ടപ്പെടുകയും ചെയ്യും. നാം ഇതനുവദിക്കരുതു്. ആകയാൽ ശത്രുക്കളെ എതിർക്കുന്നതിനും രാജ്യത്തെ സംരക്ഷിക്കുന്നതിനും നമുക്കു കടമയുണ്ടു്.

എന്നാൽ പടയും കൊള്ളയും ഇല്ലാത്ത കാലങ്ങളിലും പൗരന്മാർക്കു ചില ചുമതലകളുണ്ടു്. രാജ്യത്തിന്റെ രക്ഷയ്ക്കും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി സമാധാനകാലത്തും നാം പ്രവർത്തിക്കേണ്ടതാണു്. പോലീസ് വകുപ്പിലെ ഉ

ദ്യോഗസ്ഥന്മാർ സമാധാനം പാലിക്കുന്നു. റവന്യൂ വകുപ്പിലെ
ഉദ്യോഗസ്ഥന്മാർ കരംപിരിച്ചു സർക്കാർ ഖജനാവിൽ അട-
യ്ക്കുന്നു. വിദ്യാഭ്യാസവകുപ്പിലെ ജോലിക്കാർ കുട്ടികളെ എ-
ഴുതുവാനും വായിക്കുവാനും കണക്കുകൂട്ടുവാനും പഠിപ്പിക്കുന്നു.
മെഡിക്കൽ വകുപ്പിലെ അംഗങ്ങളാകട്ടെ, ജനങ്ങളുടെ രോഗ-
ങ്ങൾ പൊറുപ്പിക്കുകയും ആരോഗ്യം രക്ഷിക്കുകയും ചെയ്യു-
ന്നു. ഇതെല്ലാം അറിവും പ്രാപ്തിയുമുള്ള പൗരന്മാരുടെ കട-
മകളത്രേ.

മേൽപ്പറഞ്ഞ ജോലികൾക്കെല്ലാം ശമ്പളം ഉള്ളതാണ്.
എന്നാൽ ആ ഉദ്യോഗങ്ങൾ എല്ലാ പൗരനും കിട്ടിയെന്നു വരി-
കയില്ല. പണം മോഹിക്കാതെ തന്നെ പൊതുജനങ്ങൾക്ക്
ഉപകാരം ചെയ്യുവാൻ തയ്യാറുള്ള ആളുകൾ ധാരാളം ഉ-
ണ്ടാകണം. അവർ സ്വമനസ്സാലെ പൊതുജനങ്ങളെ സേവി-
ക്കുന്നവരാണ്. വേലചെയ്യുവാൻ നിവൃത്തിയില്ലാത്ത രോ-
ഗികളെയും നാഥനില്ലാത്ത ശിശുക്കളെയും വൃദ്ധന്മാരെയും
അവർ പാലിക്കുന്നു. അറിവില്ലാത്തവർക്കുവേണ്ടി വേറെ ചി-
ലർ സൗജന്യമായി വിദ്യാഭ്യാസം നൽകുന്നു. വളരെ സമർത്ഥ-
രായ ചില ഡോക്ടറന്മാർ ആശുപത്രികളുണ്ടാക്കി ധർമ്മമായി
ചികിത്സ നടത്തുന്നുണ്ട്. ഈ വക പ്രവർത്തനങ്ങൾ മഹാ-
മനസ്കരായ പൗരന്മാർ സ്വയം ഏറ്റെടുക്കുന്ന ചുമതലകളാ-
ണ്. അവരുടെ ഉദ്ദേശ്യം മഹത്തായ സേവനമാണ്. അതു-
ല്യം വിലയേറിയ ഒരു പൗരധർമ്മമാണ്.

ഇങ്ങനെയുള്ള സേവനം വിദ്യാലയങ്ങളിൽ തുടങ്ങുന്നു.
സ്കൗട്ടുപ്രസ്ഥാനം മൂലമാണ് നമ്മുടെ വിദ്യാലയങ്ങളിലെ
ആൺകുട്ടികൾ ഇതു ശീലിക്കുന്നത്. പെൺകുട്ടികൾക്കു വേ-
ണ്ടിയുള്ള സേവനപ്രസ്ഥാനത്തിനു ഗൈഡ് പ്രസ്ഥാനമെന്നു
പറയുന്നു. ഈ പ്രസ്ഥാനത്തിൽ പെട്ടവർ സ്വീകരിക്കേണ്ട പ-
ത്തു വ്രതങ്ങൾ, നെറിവ്, അനുസരണം, പരോപകാരബുദ്ധി,
സമസൃഷ്ടിസ്നേഹം, മര്യാദ, മിതവ്യയം, സന്തുഷ്ടി, സ-
ഹോദര്യം, നിർമ്മലത എന്നി സുകൃതങ്ങളാണ്. ഇവയെ
അവർ പരിശീലിക്കണം. 'ധർമ്മംചര: സത്യംവദ" ഇവയാ-
ണ് അവരുടെ മുദ്രാവാക്യങ്ങൾ.

ബോയിസ്കൗട്ടുകളുടെയും ഗേൾ ഗൈഡുകളുടെയും ബാഹ്യ-
ലക്ഷണം, അവരുടെ യൂണിഫോറം, അഥവാ പ്രത്യേക വ-

സ്ത്രധാരണരീതിയത്രെ. ആൺകുട്ടികൾ സാധാരണ കാക്കി നിക്കറും ബൽറ്റും ഷർട്ടും സ്കാർഫും (ഉറുമാലയും) ധരിക്കുന്നു. പെൺകുട്ടികൾ ധരിക്കുന്നതു നീലനിറത്തിലുള്ള ജായ്ക്കറ്റുകളത്രെ. ഈ പ്രത്യേക വസ്ത്രധാരണരീതി മൂലം കുട്ടികൾ അവരുടെ വ്രതങ്ങളെ നിറവേറ്റുന്നതിനുള്ള സന്നദ്ധതയാണു പ്രകടിപ്പിക്കുന്നതു്. നീചവും നിന്ദ്യവും ആയിട്ടുള്ള യാതൊന്നും ചെയ്യുവാൻ ഒരു യഥാർത്ഥസ്കൗട്ടിനോ ഗൈഡിനോ സാധിക്കുന്നതല്ല.

കുട്ടികൾ ഇങ്ങനെ പരിശീലിക്കുന്ന സേവന സന്നദ്ധത പ്രായപൂർത്തി ആകുമ്പോൾ അവർ പല സംഘടനകൾ വഴി പ്രയോഗിച്ചു വരുന്നു. അവയിൽ ചിലവയെപ്പറ്റി നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടു്. അവയിൽ ഒന്നാണു ചെംകുരിശു സംഘം (Red Cross Society) എന്നു പറയുന്നതു്. അതിലെ അംഗങ്ങൾ ചുവപ്പുനിറത്തിലുള്ള ഒരു കുരിശു ധരിക്കുന്നു. അവരുടെ ഉദ്ദേശ്യം യുദ്ധത്തിൽ മുറിവേൽക്കുന്നവർക്കു വേണ്ട ശുശ്രൂഷകൾ ചെയ്യുകയാണു്. അവർ വെടിയുണ്ടയെ ഭയപ്പെടുന്നില്ല. അവർ ശത്രുക്കളേയും മിത്രങ്ങളേയും ഒന്നുപോലെ പരിചരിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു. അവർ സ്വന്തം ജീവനെ കരുതാതെയാണു് അന്യരുടെ ജീവനെ രക്ഷിക്കുന്നതു്. അതാണു പരമമായ പൌരധർമ്മം.

## ചോദ്യങ്ങൾ

1. പൌരന്മാരുടെ ചില കടമകൾ പറയുക.
2. നിയമങ്ങൾ പാലിക്കുക, രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുക, ഇവ ചെയ്യേണ്ട ആവശ്യം പറയുക.
3. വിദ്യാർത്ഥികൾക്കു ചെയ്യാവുന്ന ചില സേവനപ്രസ്ഥാനങ്ങളുടെ പേരു പറയുക.
4. ചെംകുരിശുസംഘം എന്നാൽ എന്തു?

# അദ്ധ്യായം 4

## ഗ്രാമങ്ങളും ഗ്രാമസമുദായങ്ങളും

നാം ഇൻഡ്യാ മഹാരാജ്യത്തിലെ പൗരന്മാരാണല്ലോ. ഭൂലോകത്തിലെ വിസ്താരമേറിയ മഹാരാജ്യങ്ങളിൽ ഒന്നാണു് ഇൻഡ്യ. ഈ മഹാരാജ്യത്തിൽ ഏഴുലക്ഷം ഗ്രാമങ്ങളുണ്ടു്. ഈ ഏഴുലക്ഷം ഗ്രാമങ്ങളിലായി 32 കോടി ജനങ്ങൾ ഓരോ കുടുംബങ്ങളിലായി വസിക്കുന്നു. ഇൻഡ്യയിൽ 1575 പട്ടണങ്ങൾ മാത്രമേയുള്ളു. അവയിലെല്ലാം കൂടി എട്ടുകോടി ജനങ്ങൾ മാത്രമാണുള്ളതു്. ഇതിൽ നിന്നും നാം ഗ്രഹിക്കേണ്ടതു് ഇൻഡ്യയിലെ ജനങ്ങളിൽ വളരെ അധികം പങ്കും ഗ്രാമവാസികളാണെന്നാണു്.

നമ്മുടെ കേരളദേശത്തിലുള്ള ഓരോ കരയും ഓരോ ഗ്രാമമാണെന്നു പറയാം. ഒരു കരയിൽ അനേകം കുടുംബങ്ങൾ വീടുവെച്ചു താമസിക്കുന്നു. ഓരോ കുടുംബത്തിലും ശരാശരി അഞ്ചാളുകളെങ്കിലും ഉണ്ടായിരിക്കുമെന്നാണു വയ്പു്. കുടുംബാംഗങ്ങൾക്കു വിശ്രമിക്കുന്നതിനും സാമൂഹ്യചടങ്ങുകൾ നിർവഹിക്കുന്നതിനുമായി ഒരു ഭവനവും, അതിനു ചുററിലും ഒരു പുരയിടവും, വിളഭൂമികളും ഉണ്ടായിരിക്കുക പതിവാണു്. ധനികന്മാരുടെയും ദരിദ്രന്മാരുടെയും ഭവനങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ധനികന്മാർക്കു ധാരാളം വിളഭൂമികളും വിസ്തൃതമേറിയ പുരയിടങ്ങളും വിപുലവും മനോഹരവുമായ വാസസ്ഥലങ്ങളും ഉണ്ടായിരിക്കും. ദരിദ്രന്മാർക്കാകട്ടെ ചെററക്കുടിലുകളും ഇടുങ്ങിയ പുരയിടങ്ങളുമേ ഉണ്ടായിരിക്കയുള്ളു.

ഗ്രാമസമുദായത്തിലെ പ്രധാന തൊഴിൽ കൃഷിയത്രെ. ഇൻഡ്യയിലെ 90 ശതമാനം ഗ്രാമവാസികളും കൃഷി ചെയ്തു കാലം കഴിക്കുന്നവരത്രെ. നിങ്ങൾ വസിക്കുന്നതു് ഒരു ഗ്രാമത്തിലാണെങ്കിൽ അവിടെ നടക്കുന്ന കൃഷി ഏതെല്ലാമെന്നു പറയുക. ഗ്രാമവാസികൾ കൃഷിചെയ്തുണ്ടാക്കുന്ന നെല്ലും, മരച്ചീനിയും, നാളികേരവും, കുരുമുളകും, ചുക്കും, കരിമ്പും, പച്ചക്കറിസാധനങ്ങളും അവർ സ്വന്തമായി ഉപയോഗിക്കുകയും, ബാക്കിയുള്ളവ കൈമാററം ചെയ്തു പണമാക്കുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന പണം കൊടുത്തു് അവർ വിദേശങ്ങളിൽനിന്നും ഭക്ഷ്യപദാർത്ഥങ്ങളും മററും വാങ്ങി സുഖമായി

കാലയാപനം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ ഗ്രാമങ്ങളിൽ കൃഷിക്കാരുടെ തുക ഇപ്പോൾ വേണ്ടതിൽ കൂടുതലാണ്. കൊല്ലൻ, ആശാരി, തട്ടാൻ, മൂശാരി, വസ്ത്രവ്യവസായി, ചെരുപ്പുകുത്തി, ക്ഷൗരകൻ, അലക്കുകാരൻ, ശില്പി മുതലായ വിവിധ തൊഴിൽക്കാർ ആദ്യകാലം മുതൽക്കേ ഇൻഡ്യൻ ഗ്രാമങ്ങളിൽ വസിച്ചു വന്നിട്ടുള്ളതാണ്. തൊഴിലുകൾ ഒന്നും നിഷിദ്ധമായിട്ടുള്ളതല്ല. ഓരോ തൊഴിൽക്കാരന്റെയും സേവനവും സഹകരണവും ഇതര ഗ്രാമവാസികൾക്കാവശ്യമാണ്. ഓരോരുത്തൻ ചെയ്യുന്ന സേവനത്തിന്റെ ന്യായമായ പ്രതിഫലം മുഴുവൻ, മറ്റുള്ളവർ അവനു കൊടുക്കുമ്പോൾ ഒരു ഗ്രാമത്തിൽ സമൃദ്ധിയും ഐശ്വര്യവും ഉണ്ടാകുന്നു. അങ്ങനെയുള്ള ഗ്രാമങ്ങൾക്കു ബാഹ്യലോകത്തെ ആശ്രയിക്കേണ്ട ആവശ്യമില്ലായിരിക്കും. അവർ സ്വയം പര്യാപ്തരാണെന്നു പറയാം.

ഒന്നു രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ഇൻഡ്യൻ ഗ്രാമങ്ങളുടെ സ്ഥിതി അങ്ങനെ തന്നെ ആയിരുന്നു. ഒരു ഗ്രാമത്തിലെ കർഷകർക്കു വേണ്ട ഗൃഹസാമാനങ്ങളും കൃഷി ആയുധങ്ങളും ആ ഗ്രാമത്തിലെ മരയാശാരിയും കൊല്ലനും കൂടി നിർമ്മിച്ചു കൊടുക്കുക പതിവായിരുന്നു. നൂൽ നൂറ്റു തുണി നെയ്തുകൊടുക്കുവാൻ ആ ഗ്രാമത്തിൽതന്നെ ചാലിയനുണ്ടായിരുന്നു. ആഭരണം പണിയുന്നതിനു്, ആ ഗ്രാമത്തിലെ ലോഹവേലക്കാരനും തുണി അലക്കുന്നതിനു്, സ്വദേശിയായ വെളുത്തേടനും, ക്ഷൗരകനും മാത്രമേ ആകാവൂ എന്നായിരുന്നു മാമൂൽ. ബ്രിട്ടീഷ് ഭരണകാലത്താണ് ഈ സ്ഥിതിക്കു വ്യത്യാസം വന്നതു്. അതിനു പല കാരണങ്ങളും ഉണ്ടായിരുന്നു. അവയിലൊന്നു ബ്രിട്ടീഷ് ഭരണത്തോടുകൂടി ഇൻഡ്യയിൽ നെടുനീളം തീവണ്ടിപ്പാതയും പബ്ലിക്ക് റോഡുകളും നീട്ടിയതാണ്. അപ്പോൾ ആ വികപ്പുലുകൾ വഴി ചെന്നുചേർന്ന വിദേശച്ചരക്കുകൾ ചുങ്ങിയ വിലയ്ക്കു നമ്മുടെ ഗ്രാമങ്ങളിൽ ചെന്നുചേർന്നു. അതോടുകൂടി നാട്ടിലെ തൊഴിൽക്കാർ തങ്ങളുടെ ജോലി ഉപേക്ഷിച്ചു. അവർ ദരിദ്രരായ കൃഷിത്തൊഴിലാളികളായിത്തീർന്നു. അതോടുകൂടെ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയും നശിച്ചു. പഴയ സ്ഥിതികൾ അതേപടി ഇനി ഒരിക്കലും തിരിച്ചു വരികയില്ല. എന്നുവരികിലും ഇൻഡ്യയിലെ ഗ്രാമവാസികളുടെ സാമൂഹ്യജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി

ഇപ്പോൾ നമ്മുടെ നേതാക്കന്മാർ പരിശ്രമിച്ചുകൊണ്ടിരിക്കയാണ്. ഗ്രാമോദ്ധാരണം എന്ന പേരിലാണ് ആ പരിശ്രമങ്ങൾ അറിയപ്പെടുന്നത്.

### ചോദ്യങ്ങൾ

1. ഇൻഡ്യയിൽ എത്ര ഗ്രാമങ്ങളുണ്ട്.
2. എത്ര പട്ടണങ്ങളുണ്ട്.
3. ഗ്രാമത്തിലെ തൊഴിലുകൾ എന്തെല്ലാം?
4. സ്വയംപര്യാപ്തത എന്നാലെന്ത്? അത് എങ്ങനെ നശിച്ചു.

# അദ്ധ്യായം 5.

## പകുതികളും അവയുടെ ഭരണവും

ഇൻഡ്യാമഹാരാജ്യത്തിൽ 7 ലക്ഷം ഗ്രാമങ്ങളുണ്ടെന്നു നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേരളദേശത്തിലെ കരകളെല്ലാം ഈ വിധത്തിലുള്ള ചെറു ഗ്രാമങ്ങളാണ്. ഓരോ ചെറുഗ്രാമവും ഭരിക്കുന്നതിനു ഓരോ പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ അതുമൂലം സർക്കാരിനു അനാവശ്യച്ചെലവുണ്ടാകുമെന്നു തോന്നി. അതുകൊണ്ടു പല കരകൾ ഉൾപ്പെടുത്തി "പ്രവൃത്തികൾ" അഥവാ "പകുതികൾ" പണ്ടേക്കാലം മുതൽ ഇവിടെ രൂപവൽക്കരിച്ചിട്ടുണ്ട്. പല പകുതികൾ ചേർന്നാൽ ഒരു താലൂക്കാകും. പകുതികൾതോറും പകുതിക്കച്ചേരികളുമുണ്ട്. ഈ കച്ചേരിയിലെ പ്രധാന ഉദ്യോഗസ്ഥന്റെ പാർവത്യകാരൻ അഥവാ അധികാരി എന്നാണു പേര്. പകുതിഭരണത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു വേണ്ടി ഒന്നോ രണ്ടോ അക്കൗണ്ടന്മാരും ശിപായി (മാസപ്പടി) മാരും ഉണ്ടായിരിക്കും. പകുതിക്കച്ചേരികൾ മുഖേനയാണ് ഗ്രാമങ്ങളുടെ ഭരണം സർക്കാരിൽനിന്നും ഇപ്പോൾ നടത്തിക്കൊണ്ടുപോരുന്നത്.

പകുതിക്കച്ചേരിയിലെ പ്രധാന ജോലി ഭൂനികുതി

പിരിക്കുകയാണു്. ഗ്രാമവാസികളിൽ പലർക്കും സ്വന്തമായി അല്ലെങ്കിലും ഭൂസ്വത്തുണ്ടായിരിക്കും. അതിന്റെ ആദായത്തിൽ ഒരംശം സർക്കാരിനു കൊടുക്കേണ്ടിയിരിക്കുന്നു. ഓരോ പൗരനും സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങൾക്കു പകരമായിട്ടാണു് അവർ ഇങ്ങനെ കരംകൊടുക്കേണ്ടതു്. ഈ തുകകൾ ഓരോ പൗരനും ആണ്ടുവട്ടത്തിൽ ഒന്നോ രണ്ടോ തവണയായി പകുതിക്കച്ചേരിയിൽ എത്തിച്ചു രസീതു വാങ്ങിക്കൊള്ളേണ്ടതാണു്. അപ്രകാരം ചെയ്യാത്ത പക്ഷം ആ വസ്തു ഉടമസ്ഥനിൽനിന്നും ഈ തുക വസൂൽ ചെയ്യുന്നതിനു സർക്കാരിനധികാരമുണ്ടു്. അവർ അങ്ങനെ ഈടാക്കുകയും ചെയ്യും. അപ്രകാരം പിരിഞ്ഞുകിട്ടുന്ന പണം മാസാവസാനത്തിൽ പാർവത്യകാരന്മാർ താലൂക്കു കച്ചേരിയിൽ കൊണ്ടുപോയി തഹശീൽദാരന്മാരെ ഏല്പിച്ചുകൊടുക്കണം. അദ്ദേഹമത്രെ താലൂക്കു കച്ചേരിയിലെ പ്രധാന ഉദ്യോഗസ്ഥൻ. ഇങ്ങനെ ലഭിക്കുന്ന പണമത്രയും തഹശീൽദാരന്മാർ സർക്കാർ ഖജനാവുകളിൽ സൂക്ഷിക്കുകയും അവിടെനിന്നും മേലാവിലെ നിർദ്ദേശമനുസരിച്ചു പൊതുഗുണത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു.

ജനങ്ങൾ ഇങ്ങനെ കരമായി സർക്കാരിൽ ഏല്പിക്കുന്ന പണമാണു, പിന്നീടു റോഡുകൾ നന്നാക്കുന്നതിനും, ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനും, പള്ളിക്കൂടങ്ങൾ നടത്തുന്നതിനും, ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതിനും മററും ഉപയോഗിക്കുന്നതു്. സൂര്യന്റെ ചൂടേററു ജലാശയങ്ങളിലെ വെള്ളം ആവിയായി മേല്പോട്ടുയരുന്നു. എങ്കിലും ആ ജലം ആകാശത്തിൽ കെട്ടിനിൽക്കാതെ വീണ്ടും ഭൂമുഖത്തു തന്നെ മഴയായി വീഴുന്നു. അതുപോലെ തന്നെയാണു നാം കൊടുക്കുന്ന കരത്തിന്റേയും കഥ. അതു വീണ്ടും പൗരന്മാരുടെ ആവശ്യങ്ങൾക്കുവേണ്ടി തന്നെ സർക്കാരിൽനിന്നു ചെലവു ചെയ്യുന്നു. അതിനാൽ പകുതിക്കച്ചേരികളിൽ ഭൂനികുതി കൊടുക്കുന്നതു നമുക്കുതന്നെ പ്രയോജനകരമത്രെ.

പകുതിക്കച്ചേരികളിൽ നിന്നും വേറെ ചില ജോലികൾ കൂടി നിർവഹിച്ചുവരുന്നു. അവയിൽ ഒന്നു് ആ ഗ്രാമപ്രദേശത്തെ ജനനമരണക്കണക്കുകൾ സൂക്ഷിക്കുകയാണു്. ഈ കുടുംബസംഭവങ്ങൾ യഥാസമയം പകുതിക്കച്ചേരികളിൽ അറിയിക്കു

വാനുള്ള ചുമതല അതതു കുടുംബത്തിലെ തലവന്മാർക്കാണുള്ളതു്. ഈ നിയമം ലംഘിക്കുന്നവർക്കു് സാമാന്യം കഠിനമായ ശിക്ഷയുണ്ടാകാം. ഓരോ പൗരനേയും സംബന്ധിച്ച റിക്കാർഡുകൾ സൂക്ഷിക്കേണ്ടതു സർക്കാരിന്റെ ഒരു ചുമതലയും ആവശ്യവുമാണു്. ഒരു പൗരന്റെ വയസ്സിനെ സംബന്ധിച്ചു തർക്കമുണ്ടായാൽ പകുതിക്കച്ചേരിയിലെ ജനനക്കണക്കു പരിശോധിച്ചാൽ അതിനു പരിഹാരമുണ്ടാകുമല്ലോ. അതുപോലെതന്നെ ഒരു പൗരന്റെ മരണം സംബന്ധിച്ചു വിശ്വാസയോഗ്യമായ ഒരു രേഖ വേണമെന്നുണ്ടായിരുന്നാൽ അതിനും പകുതിക്കച്ചേരിയിലെ മരണരജിസ്റ്ററിന്റെ പകർപ്പെടുത്താൽ മതിയാകുന്നതാണു്.

ഭക്ഷ്യക്ഷാമം പിടിപെട്ടിരിക്കുന്ന ഈ കാലങ്ങളിൽ ഓരോ കുടുംബത്തിലും എത്ര എത്ര ആളുകൾ ജീവിച്ചിരിപ്പുണ്ടെന്നു കണക്കു കൊടുക്കേണ്ട ചുമതല പകുതിക്കച്ചേരിയിലെ ഉദ്യോഗസ്ഥനാണു്. അങ്ങനെയുള്ള കണക്കുകൾ തയ്യാറാക്കുന്നതിനു് മേല്പറഞ്ഞ ജനനമരണ രജിസ്റ്റർ വളരെ ഉപയോഗപ്പെടും.

ഗ്രാമങ്ങളിലുള്ള ഓരോ കുടുംബത്തിനും വേണ്ട ഭക്ഷ്യസാധനങ്ങളുടെ അളവു ക്ലിപ്തപ്പെടുത്തി റേഷൻകാർഡുകൾ ഒപ്പിട്ടു കൊടുക്കേണ്ട ജോലിയും പകുതി ഉദ്യോഗസ്ഥനുള്ളതാണു്. ഈ കൃത്യം നിർവഹിക്കുന്നതിനും പകുതിക്കച്ചേരിയിൽ സൂക്ഷിക്കുന്ന ജനനമരണരജിസ്റ്റർ വളരെ പ്രയോജനപ്പെടുമല്ലോ.

## ചോദ്യങ്ങൾ

1. "പകുതി" അഥവാ "പ്രവൃത്തി" എങ്ങനെ രൂപവൽക്കരിച്ചതാണു്?
2. പകുതിക്കച്ചേരിയിലെ ഉദ്യോഗസ്ഥന്മാർ ആരെല്ലാം?
3. അവർ പിരിക്കുന്ന ഭൂനികുതി എവിടെ ഏല്പിക്കുന്നു?
4. അതു വീണ്ടും നമുക്കു കിട്ടുന്നതെങ്ങനെ?
5. കരം കൊടുക്കേണ്ട ആവശ്യകത എന്തു്?
6. ജനനമരണരജിസ്റ്റർ എന്നാലെന്തു്?
7. അതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

# അദ്ധ്യായം 6.

## ഗ്രാമോദ്ധാരണം

ജനങ്ങളിൽനിന്നും ഭൂനികുതി ഈടാക്കുന്നതിനും, ജനനമരണക്കണക്കുകൾ സൂക്ഷിക്കുന്നതിനും, സർക്കാരിൽനിന്നു പകുതിക്കച്ചേരികൾ വഴി ചെയ്തുവരുന്ന നടപടികളെപ്പററിയാണല്ലോ മുൻപു നാം പഠിച്ചതു്. പക്ഷെ ഇതിൽ കൂടുതലായി ഗ്രാമീണരുടെ അഭിവൃദ്ധിക്കുവേണ്ടി പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. അതിനു വേണ്ടിയുള്ള പല നടപടികൾ ഇപ്പോൾ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഗ്രാമോദ്ധാരണത്തിനായി ഒരു പ്രത്യേക വകുപ്പു തിരുവിതാംകൂർ—കൊച്ചി രാജ്യത്തിലും ഈയിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇതുവരെ അതിന്റെ പ്രവർത്തനങ്ങൾ എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കിയിട്ടില്ല. കാലാന്തരത്തിൽ അതു പൂർത്തിയാകുമെന്നു നമുക്കു വിശ്വസിക്കാവുന്നതാണു്.

ഗ്രാമോദ്ധാരണവകുപ്പുമൂലം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ചില നടപടികൾ താഴെ വിവരിക്കുന്നു.

1. പൊതുജനവിദ്യാഭ്യാസം മൂലമാണു ഗ്രാമവാസികളുടെ നാനാമുഖമായ അഭിവൃദ്ധി നടപ്പിലാക്കേണ്ടതു്. ആകയാൽ ഓരോ ഗ്രാമത്തിലെയും ആവശ്യാനുസരണം വിവിധ ശ്രേണിയിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണു്. ഇതിൽ പ്രൈമറിവിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമായി നടത്തേണ്ടിയിരിക്കുന്നു.

2. ഗ്രാമങ്ങളുടെ നാനാവിധമായ അഭിവൃദ്ധിക്കു ഗതാഗതമാർഗ്ഗങ്ങളായ റോഡുകൾ, തോടുകൾ, പാലങ്ങൾ, കടത്തുകൾ ഇവ കൂടുതലായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ആവശ്യമായ ഒരു സംഗതിയാണു ജലസേചനം. പദ്ധതികൾ ഏർപ്പെടുത്തി കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതുമാണ്.

3. മാതൃകാ കൃഷിത്തോട്ടങ്ങൾമൂലം പരിഷ്കൃത കൃഷിസമ്പ്രദായങ്ങൾ ജനങ്ങളെ മനസ്സിലാക്കികൊടുക്കുന്നതും, നല്ല ഇനം വിത്തുകൾ പ്രചരിപ്പിക്കുന്നതും, പരിഷ്കൃത കൃഷിയായുധങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പ്രചരിപ്പിക്കുന്നതും, വില കുറഞ്ഞതും ഫലപ്രദവുമായ വളങ്ങൾ ഉണ്ടാക്കുന്ന വിധങ്ങൾ

ജനങ്ങളെ മനസ്സിലാക്കുന്നതും ഗ്രാമവാസികളുടെ അഭിവൃദ്ധിക്കു വളരെ പററിയതാണു്.

4. കന്നുകാലികളെ ശാസ്ത്രീയമായി വളർത്തുന്നതിനും ഇണ ചേർക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഇന്നു നമ്മുടെ ഗ്രാമങ്ങളിൽ ഇല്ല. നല്ലയിനം വിത്തുകാളകളെ ഓരോ ഗ്രാമത്തിൽ പരിപാലിച്ചുകൊണ്ടു പോകുന്നപക്ഷം നമ്മുടെ നാട്ടിലെ കന്നുകാലികളുടെ ഇനവും ഗുണവും നന്നാകുന്നതിനും തന്മൂലം ക്ഷീരവ്യവസായം അഭിവൃദ്ധി പ്രാപിക്കുന്നതിനും പൊതുജനാരോഗ്യം കൂടുതൽ നന്നാകുന്നതിനും ഇടയുള്ളതാണു്.

5. പ്രസവശുശ്രൂഷയ്ക്കും ബാലചികിൽസയ്ക്കും ഇതര രോഗനിവാരണങ്ങൾക്കും വേണ്ടിയുള്ള ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും ഗ്രാമപ്രദേശങ്ങളിൽ ഇപ്പോൾ വേണ്ടിടത്തോളമില്ല. അങ്ങനെയുള്ള സൗകര്യങ്ങൾക്കുവേണ്ടി ഗ്രാമവാസികൾ പലപ്പോഴും അടുത്തുള്ള പട്ടണങ്ങളിലേക്കു യാത്രചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതു് അധികച്ചെലവിനു കാരണമാകയാലും പാവപ്പെട്ടവർക്കു് അതു സാദ്ധ്യമല്ലാത്തതുകൊണ്ടും, ഇപ്പോൾ ഗ്രാമവാസികൾ വളരെ കഷ്ടതകൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നതു്. ഇതിനു പരിഹാരമുണ്ടാകത്തക്കവിധത്തിൽ എല്ലാ ഗ്രാമങ്ങളിലും ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

6. പല ഗ്രാമങ്ങളിലും ശുദ്ധജലം കിട്ടാതിരിക്കുന്നതുകൊണ്ടു പൊതുച്ചെലവിൽ കുളങ്ങളും കിണറുകളും കുഴിപ്പിച്ചിടുകയും അവയെ ശുചിയായി സൂക്ഷിക്കുന്നതിനു വേണ്ട ചട്ടംകെട്ടുകൾ ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു.

7.വിദ്യാഭ്യാസം പ്രായംചെന്നവരുടെ ഇടയിൽപോലും പ്രചരിപ്പിക്കുക എന്ന പരിപാടി ഇന്നു പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിലവിലിരിക്കുന്നു. സ്വതന്ത്രഭാരതത്തിലും ഈ പദ്ധതി നടപ്പിലാക്കുവാൻ നമ്മുടെ നേതാക്കന്മാർ ആലോചിച്ചുവരുന്നുണ്ടു്. ഈ പദ്ധതിക്കു വയോജനവിദ്യാഭ്യാസമെന്നാണു പേരു്. അക്ഷരജ്ഞാനമില്ലാത്ത വയോജനങ്ങൾ നമ്മുടെ ഗ്രാമങ്ങളിലും ഉണ്ടു്. അവരുടെ ആവശ്യത്തിനുവേണ്ടി നിശാപാഠശാലകൾ ഏർപ്പെടുത്തുന്നതും, ഗ്രാമോദ്ധാരണപദ്ധതിയിൽ ഉൾപ്പെടുന്നതത്രേ.

8. തിരുവിതാംകൂർ-കൊച്ചി രാജ്യമാണു് ഇന്ത്യയിൽ

ഗ്രാമീണരുടെ അക്ഷരജ്ഞാനത്തിൽ ഉയർന്നുനിൽക്കുന്നു്. എങ്കിലും ഈ അക്ഷരജ്ഞാനം ഉപയോഗിച്ചു നമ്മുടെ ഗ്രാമവാസികൾ പത്രങ്ങളും ഗ്രന്ഥങ്ങളും വായിക്കാതിരിക്കുന്നതുമൂലം പലരുടെയും അക്ഷരജ്ഞാനം നഷ്ടീഭവിച്ചുപോകുന്നു. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടി ഗ്രാമങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു.

9. മേൽപ്പറഞ്ഞ പല പരിഷ്കാരങ്ങളും ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനു് ഓരോ ഗ്രാമത്തിലും തപാലാപ്പീസുകൾ ഉണ്ടായിരിക്കേണ്ടതാണു്. അന്നന്നത്തെ വ്യാപാരനിലവാരം അറിയുന്നപക്ഷം കർഷകർ കൃഷിചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ആദായകരമായി വിറ്റഴിക്കുന്നതു സാധിക്കുന്നതാണു്. ആകയാൽ ഗ്രാമീണകേന്ദ്രങ്ങളിൽ റേഡിയോ പ്രക്ഷേപണങ്ങൾ, ടെലഫോൺ ബന്ധങ്ങൾ, ഇവയും സൗകര്യപ്പെടുത്തി കൊടുക്കേണ്ടതാണു്. തന്മൂലം ഗ്രാമീണർക്കു സാമ്പത്തികമായും സാംസ്കാരികമായും പല പല നേട്ടങ്ങൾ ലഭിക്കുന്നതാണു്.

10. ഗ്രാമങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കു സഹകരണസംഘങ്ങൾ ശരിയായി നടത്തിയാൽ വളരെ പ്രയോജനമുണ്ടാകും. കൃഷികൊണ്ടു മാത്രം ഒരു ഗ്രാമത്തിലെ ജനങ്ങൾ ഐശ്വര്യം പ്രാപിക്കുകയില്ല. അവർക്കു വിശ്രമാവസരങ്ങളിൽ ചെയ്യാവുന്ന പല ഉപ തൊഴിലുകൾകൂടി വേണം. അതിനു കുറഞ്ഞ പലിശയ്ക്കു പണം കിട്ടേണ്ടിയിരിക്കുന്നു. ഇതിനു പറ്റിയ ഒരു സംഘടനയത്രേ സഹകരണസംഘം. അവയുടെ പ്രവർത്തനം ഇപ്പോൾ നമ്മുടെ ഗ്രാമങ്ങളിൽ അഭിവൃദ്ധി പ്രാപിക്കാതിരിക്കുന്നതു് അംഗങ്ങളുടെ സഹകരണബോധമില്ലായ്മമൂലമത്രേ. ഈ ന്യൂനതയെ പരിഹരിച്ചു ഗ്രാമീണരെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ശരിയായ മേൽനോട്ടത്തിൽ സഹകരണസംഘങ്ങൾ നടത്തുന്നപക്ഷം, അതു ഗ്രാമോദ്ധാരണത്തിനു് ഉചിതം പറ്റിയ മാർഗ്ഗമത്രേ.

മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു ഗ്രാമങ്ങളിൽ വസിക്കുന്ന പൌരന്മാരുടെ ആത്മാർത്ഥമായ സഹകരണമുണ്ടായിരിക്കേണ്ടതാണു്. ഇങ്ങനെയുള്ള പൌരസഹകരണം കൂടാതെ സർക്കാരിനു നേരിട്ടു പലതും പ്രവർത്തിക്കുവാൻ സാധിക്കുന്നതല്ല. ആകയാൽ ഗ്രാമങ്ങൾതോറും പഞ്ചായത്തുകൾ എന്നു വിളിക്കപ്പെടുന്ന ഗ്രാമീണ ഭരണസമിതികൾ സ്ഥാ

പിക്കണം. ഈ സമിതികളെ പൊതുജനങ്ങൾ തെരഞ്ഞെടുക്കുന്നതായിരുന്നാൽ നന്നു്. അവർ മേല്പറഞ്ഞ ഗ്രാമോദ്ധാരണ പരിപാടികൾ സർക്കാർ നിയന്ത്രണത്തിൽ നടത്തണം. അതിനുള്ള ചെലവുകൾക്കുവേണ്ടി പ്രാദേശിക നികുതികൾ ഏർപ്പെടുത്തണം. ഗവൺമെൻറിൽനിന്നും ന്യായമായ കാര്യങ്ങൾക്കു് ഉദാരമായ ധനസഹായം ലഭിക്കേണ്ടതും ആവശ്യമത്രെ.

## ചോദ്യങ്ങൾ

1. ഗ്രാമങ്ങളെ ഉദ്ധരിക്കുവാനുള്ള 10 മാർഗ്ഗങ്ങൾ പറയുക.

2. പഞ്ചായത്തു് എന്നാൽ എന്തു്?

3. ഗ്രാമോദ്ധാരണത്തിനുള്ള ചെലവുകൾ ആരു് എങ്ങനെ വഹിക്കണം?

# അദ്ധ്യായം 7

## നഗരങ്ങളും നഗരഭരണവും

ഇൻഡ്യാമഹാരാജ്യത്തിൽ 2575 പട്ടണങ്ങളുണ്ടു്. അവയിൽ ചിലതു വളരെ വിപുലവും ധാരാളം ജനങ്ങൾ തിങ്ങിപ്പാർക്കുന്നവയും ആണു്. കൽക്കത്ത, ബോംബെ മദ്രാസ് ഇവയാണു് അവയിൽ പ്രധാനപ്പെട്ടവ. ഒരു ലക്ഷമോ അതിലധികമോ ആളുകൾ വസിക്കുന്ന നഗരത്തെ സിററി എന്നും, അയ്യായിരമോ അതിലധികമോ ആളുകൾ വസിക്കുന്ന നഗരത്തെ ടൗൺ എന്നും വിളിച്ചുവരുന്നു. തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം ഒരു സിററിയാണു്. തൃശ്ശൂർ, ഒല്ലൂർ, എറണാകുളം, കൊച്ചി, ആലുവാ, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ലാ, കൊല്ലം, നാഗർകോവിൽ, ആലപ്പുഴ മുതലായവ ടൗൺ വിഭാഗത്തിൽ പെടുന്നു. സിററികളുടെ ഭരണം നടത്തുന്ന സഭകൾക്കു കോർപ്പറേഷൻ എന്നും ടൗണുകളുടെ ഭരണം നടത്തുന്ന സഭകൾക്കു മുനിസിപ്പാലിററി എന്നും പേരു പറയുന്നു.

നഗരങ്ങൾ എണ്ണത്തിൽ കുറവാണു്. എങ്കിലും അവയ്ക്കു രാജ്യത്തിൽ വളരെ പ്രാധാന്യമുണ്ടു്. അവയിൽ ധാരാളം കോളേജുകൾ, ഹൈസ്കൂളുകൾ, മിഡിൽ സ്കൂളുകൾ, പ്രൈമറിസ്കൂളുകൾ. ആശുപത്രികൾ, വൻതരം പീടികകൾ, നീതിന്യായക്കോടതികൾ, പോലീസ് താവളങ്ങൾ, വ്യവസായശാലകൾ, സിനിമാ കൊട്ടകകൾ, നാടകശാലകൾ, ഹോട്ടലുകൾ, പൊതുവിഹാരരംഗങ്ങൾ, ഉദ്യാനങ്ങൾ, മുതലായവയും, മനോഹരമായ സർക്കാർ മന്ദിരങ്ങളും, വിസ്തൃതമേറിയ തെരുവീഥികളും, ഗതാഗതസൗകര്യങ്ങളും കാണുന്നു. ഈ നഗരങ്ങളാണു് ഇൻഡ്യയിലെ 40 കോടി ജനങ്ങൾക്കു ഭക്ഷണപരമായും സംസ്കാരപരമായും ഉള്ള നേതൃത്വം നൽകുന്നതു്. വിദേശങ്ങളിൽനിന്നും കപ്പലുകളും തീവണ്ടികളും വിമാനങ്ങളും വന്നടുക്കുന്നതിനുള്ള സൗകര്യങ്ങളും വൻപിച്ച നഗരങ്ങളിലുണ്ടായിരിക്കും. വൻ പട്ടണങ്ങളും ചെറു നഗരങ്ങളുമായി ഗതാഗതബന്ധങ്ങളുണ്ടു്. അതു കൂടാതെ തപാൽ, കമ്പി ടെലഫോൺ മുതലായ ആശയവിനിമയ മാർഗ്ഗങ്ങൾമൂലം,

ലോകത്തിലെ നഗരങ്ങളെല്ലാം തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഗ്രാമങ്ങളിൽ ഈ വക സൌകര്യങ്ങൾ അപൂർവ്വമായിട്ടേ ഉള്ളൂ. അതാണു നഗരങ്ങളുടെ പ്രാധാന്യത്തിന്റെ കാരണം.

ഭരണസൌകര്യത്തിനുവേണ്ടി നഗരങ്ങളെ പല വാർഡുകൾ അഥവാ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ വാർഡിൽനിന്നും ഒന്നോ അതിലധികമോ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. പ്രായപൂർത്തിയായ എല്ലാ നഗരവാസികൾക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാം. ഈ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും, സർക്കാരിൽനിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുംകൂടി, ഒരു പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും തെരഞ്ഞെടുക്കുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടായിരിക്കും നഗരസഭ കൂടുമ്പോൾ അദ്ധ്യക്ഷത വഹിക്കുന്നതു്. അദ്ദേഹം ഹാജരില്ലാത്ത അവസരങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതു് വൈസ് പ്രസിഡണ്ടു്.

നഗരസഭ ക്ലിപ്തകാലങ്ങളിൽ മാത്രമേ കൂടുകയുള്ളൂ. സഭാംഗങ്ങൾ സ്വന്തമായി വേറെ പല ജോലികളും ഉള്ളവരാണു്. ആകയാൽ നഗരസഭയുടെ നിർദ്ദേശമനുസരിച്ചുള്ള ജോലികൾ നിർവഹിക്കുന്നതിനുവേണ്ടി ഓരോ മുനിസിപ്പൽ നഗരത്തിലേക്കും സർക്കാരിൽനിന്നും ഓരോ മുനിസിപ്പൽ കമ്മീഷണരെ നിയമിച്ചുവരുന്നു. ഈ ഉദ്യോഗസ്ഥനാണു നഗരസഭയുടെ നിർദ്ദേശങ്ങളെ നടപ്പിലാക്കുന്നതു്.

നഗരവാസികളുടെ നാനാവിധമായ സൌകര്യങ്ങൾ അപ്പഴപ്പോഴത്തെ ആവശ്യമനുസരിച്ചു നടത്തിക്കൊടുക്കുകയാണു നഗരസഭയുടെ ജോലി. അവയിൽ ചിലവയെ താഴെ കുറിക്കാം.

1) പട്ടണത്തിനുള്ളിൽ മലിനജലം കെട്ടിക്കിടക്കുന്നതു മൂലം പല രോഗങ്ങളുമുണ്ടാകും. അതിനാൽ അതിനു് ഒഴിവുണ്ടാക്കിക്കൊടുക്കണം. ഓടകൾ, ചാലുകൾ ഇവയെ കെട്ടുകയും കേടുവരാതെ സൂക്ഷിക്കുകയും ചെയ്യണം.

2) പല പട്ടണങ്ങളിലും ശുദ്ധജലം വേണ്ടിടത്തോളം കിട്ടുന്നില്ല. അതിനാൽ ശുദ്ധജലം ഓരോ വീട്ടിലേക്കും കുഴൽ വഴി വിതരണം ചെയ്യണം.

3) ചില പട്ടണങ്ങളുടെ അടുത്തു ചതുപ്പുനിലങ്ങളുണ്ടായിരിക്കും. അവമൂലം രോഗാണുക്കൾ പട്ടണത്തിൽ വ്യാപിക്കാനിടയുണ്ട്. അതിനാൽ അവയെ നികത്തണം.

4) ആസ്പത്രികളും ആതുരശാലകളും ഏർപ്പെടുത്തി രോഗികളെ ചികിത്സിക്കുകയും നിസ്സഹായരായ പാവങ്ങളെ രക്ഷിക്കുകയും ചെയ്യണം.

5) പട്ടണങ്ങളിൽ മസൂരി, വിഷൂചിക, പ്ലേഗ് ടൈഫോയിഡ് പനി മുതലായ പകർച്ചവ്യാധികൾ വ്യാപിക്കാതെ ഥരിക്കുന്നതിനുവേണ്ടി കുത്തിവയ്പു നടത്തണം.

6) പബ്ലിക്ക് കക്കൂസുകൾ, മൂത്രപ്പുരകൾ ഇവ ധാരാളമായി കെട്ടിയുണ്ടാക്കണം. അവയെ എപ്പോഴും വൃത്തിയായി സൂക്ഷിക്കുകയും വേണം.

7) ശവശരീരങ്ങൾ മറവുചെയ്യുന്നതിനു വേണ്ട സ്ഥല സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കണം.

8) പട്ടണത്തിൽ അഗ്നിബാധ ഉണ്ടായാൽ ഉടനെ ശമിപ്പിക്കുന്നതിനു വേണ്ട യന്ത്രസാമഗ്രികൾ തയ്യാർചെയ്തു വച്ചിരിക്കണം.

9) നഗരങ്ങളിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം വിളക്കുകൾ വയ്ക്കണം.

10) നഗരത്തിനുള്ളിൽ പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ട സൗകര്യങ്ങളില്ലെങ്കിൽ അതിനു പരിഹാരമുണ്ടാക്കണം.

11) നഗരത്തിനുള്ളിൽ ഗ്രന്ഥശാലകൾ, വായനശാല

കൾ, ഉദ്യാനങ്ങൾ, പൊതുവിഹാരസ്ഥലങ്ങൾ, സംഗീതശാലകൾ ഇവ ഏർപ്പെടുത്തണം.

12) ജനനമരണക്കണക്കുകൾ സൂക്ഷിക്കണം.

13) നഗരങ്ങൾക്കുള്ളിലുള്ള ഗതാഗതമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കണം.

14) മേല്പറഞ്ഞ ഇനങ്ങൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വകയ്ക്കും വേണ്ട പണം ജനങ്ങളിൽനിന്നും നികുതിയായി പിരിച്ചെടുക്കണം.

നഗരസഭ ഒരു സ്വയംഭരണസ്ഥാപനമാണ്. അതിലെ പ്രവർത്തനങ്ങൾ അധികവും ഒരു പ്രത്യേക നഗരത്തിലെ പൗരന്മാരുടെ ഹിതത്തെ അനുസരിച്ചായിരിക്കണമെന്നുണ്ട്. പക്ഷെ ചില കാര്യങ്ങളിൽ അവയ്ക്കു സർക്കാരിന്റെ സമ്മതംകൂടി വേണ്ടതാണ്. അല്ലെങ്കിൽ നാട്ടിന്റെ പൊതുതാല്പര്യങ്ങൾക്കു വിരോധമായി തീർന്നേക്കാം. ആകയാൽ മുനിസിപ്പൽ ഭരണം തൃപ്തികരമല്ലെന്നു കാണുന്നപക്ഷം സർക്കാരിന്ന് അതിൽ ഇടപെടുന്നതിനുള്ള അധികാരവും അവകാശവും ഉള്ളതാകുന്നു.

രാജ്യാതിർത്തിയിലുള്ള നഗരങ്ങളെ സുന്ദരവും മനോഹരവും ആക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇന്നു സകല ഗവണ്മെന്റുകളും ചെയ്തുവരുന്നുണ്ട്. തെരുവീഥികളെ വിസ്താരപ്പെടുത്തുന്നതിനും സിമന്റുകൊണ്ടോ താറുകൊണ്ടോ തറനിരപ്പാക്കി ബലപ്പെടുത്തുന്നതിനും ഉള്ള പദ്ധതികൾ പലയിടങ്ങളിലും സ്വീകരിച്ചുവരുന്നു. ഉദ്യാനങ്ങൾ, വിഹാരരംഗങ്ങൾ, റേഡിയോ പ്രക്ഷേപണസൗകര്യങ്ങൾ ഇവയെല്ലാം ഇപ്പോൾ പട്ടണങ്ങളിൽ ഏർപ്പെടുത്തിവരുന്നുണ്ട്.

ധാരാളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണല്ലോ

നഗരങ്ങൾ. അതിനാൽ ഇവിടങ്ങളിൽ ധാരാളം പൊതുസ്ഥാപനങ്ങളുണ്ടാവാം. അവയിൽ പലതിന്റേയും പേരുകൾ കഴിഞ്ഞ അദ്ധ്യായത്തിൽ നാം വിവരിച്ചുകഴിഞ്ഞു. ഇക്കാലത്തു വളരെ പ്രാധാന്യമർഹിക്കുന്ന വേറൊരു സ്ഥാപനമത്രെ യാചകമന്ദിരം. നമ്മുടെ രാജ്യത്തിൽ പിച്ചതെണ്ടി അലഞ്ഞുനടക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അതു വളരെ നിർഭാഗ്യകരമത്രെ. ശരീരബലമുള്ളവർ വേലചെയ്തു കാലക്ഷേപം നടത്തണം. വേല ചെയ്യിക്കുവാൻ ആളില്ലെങ്കിൽ സർക്കാരിൽനിന്നോ മുനിസിപ്പാലിറ്റികളിൽനിന്നോ അവർക്കു വേലയുണ്ടാക്കിക്കൊടുക്കണം. വയസ്സോ രോഗമോ മൂലം അവർക്കു വേലചെയ്വാൻ പാടില്ലെങ്കിൽ സർക്കാർ സഹായത്തോടുകൂടി പൊതുജനങ്ങൾ അവരെ പരിപാലിക്കുകതന്നെ വേണം. അതിനു വേണ്ടിയുള്ള യാചകകേന്ദ്രങ്ങളും ആതുരശാലകളും നമ്മുടെ നഗരങ്ങളോടനുബന്ധിച്ചു നടത്തേണ്ടിയിരിക്കുന്നു. അതു നഗരവാസികളുടെ ആരോഗ്യപരിപാലനത്തിനും സന്മാർഗ്ഗവർദ്ധനവിനും അത്യാവശ്യവും ആണ്.

ദരിദ്രന്മാരും അറിവില്ലാത്തവരും ആയ ആളുകൾ താമസിക്കുന്ന വൃത്തികെട്ട ചേരികൾ ഇന്നു പല നഗരങ്ങളിലും കാണുന്നുണ്ട്. അവയെ ശുചിയാക്കി സൂക്ഷിക്കുവാൻ നഗരസഭകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവിടെ പകർച്ചവ്യാധികൾ ഉത്ഭവിക്കുകയും പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിക്കുകയും ചെയ്യും.

ഇതുപോലെതന്നെ വളരെ വൃത്തികേടുകൾ നിറഞ്ഞ സ്ഥലങ്ങളാണു നമ്മുടെ നഗരത്തിലെ മാർക്കറ്റുകൾ, അഥവാ ചന്തസ്ഥലങ്ങൾ. പല സ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറി സാധനങ്ങളുടെയും മൽസ്യമാംസാദികളുടെയും ഉച്ഛിഷ്ടങ്ങൾ ഇവിടെ കുന്നുകുന്നായി കൂടി ദുർഗന്ധം പുറപ്പെടുവിക്കുന്നു. ഈ വക വൃത്തികേടുകളെ അപ്പഴപ്പോൾ മാറ്റിക്കൊക്കുവാൻ മുനിസിപ്പാലിറ്റികൾ ശ്രദ്ധിക്കണം.

## ചോദ്യങ്ങൾ

1. മുനിസിപ്പാലിററികൾ എന്നാൽ എന്തു്? അവയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന വിധം വിവരിക്കുക.

2. നഗരസഭയുടെ ജോലികളെ വിവരിക്കുക.

3. യാചകപ്രശ്നം, വൃത്തികെട്ട ചേരികൾ, മാർക്കററുകൾ ഇവ സംബന്ധിച്ചു മുനിസിപ്പാലിററികൾ എന്തൊക്കെ ചെയ്യണം?

RUL ISLAM HIGH SCHOOL
1747
Date 19-7-52
ERNAKULAM.